KOTTAYAM PUBLIC LIBRARY

Call No. M95 Acc. No. 51288

Author [illegible]

Title [illegible]

1298

# ടാഗോർ കണ്ട ഇന്ത്യ

KOTTAYAM PUBLIC LIBRARY
KOTTAYAM

(Malayalam)

# Tagore Kanda India

Studies

Translated by
**PUTHEZHATHU RAMA MENON**

First Published October 1925
Reprinted June 1953, December 1956, January 1964

Printed at
Bhagyodayam Press, Pulikkeezhu

Price Rs. 2.50

Copyright
**Sahitya Pravarthaka C. S. Ltd.**

Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOK STALL
**Kottayam Kerala State India**

# ടാഗോർ കണ്ട ഇന്ത്യ

KOTTAYAM PUBLIC LIBRARY
51288
KOTTAYAM.

വിവർത്തനം

**പുത്തേഴത്തു രാമമേനോൻ**

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണസംഘം**

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 2.50

## പുത്തേഴത്തു രാമമേനോൻെറ

## കൃതികഠം

51288
M954
Ram-T

| | |
|---|---|
| പരിഹാസത്തിലൂടെ | (വിനോദലേഖനങ്ങൾ) |
| കാമൂഫ്ളാഷ് | ,, |
| നേരമ്പോക്കു് | ,, |
| അട്ടത്തുൺ | ,, |
| ദാമോദരൻനായരുടെ ഡയറി | ,, |
| ചവററുകൊട്ട | ,, |
| എണ്ണക്കുടം | ,, |
| വിദ്യുജ്ജിഹ്വൻെറ വിളയാട്ടം | ,, |
| മുളിപ്പൂവും മത്താപ്പും | ,, |
| സാഹിത്യാഭിരുചി | (ലേഖനങ്ങൾ) |
| ഹാസസാഹിത്യം | ,, |
| പുസ്തകപൂജ | ,, |
| വീക്ഷണവിലാസം | ,, |
| അവിയൽ | ,, |
| അറിവുള്ള അജ്ഞാനികൾ | ,, |
| കേരളത്തിൽ | ,, |
| വിദ്യാത്ഥികളോട്ട് | ,, |
| ഉപന്യാസചന്ദ്രിക | ,, |
| ടാഗോർ കണ്ട ഇന്ത്യ | ,, |
| സുവൎണ്ണഹാരം | ,, |
| മദ്യവൎജ്ജനം | ,, |
| ചതുരദ്ധ്യായി | (നോവൽ) |
| പരിത്യക്താ | ,, |
| ടാഗോർകഥകൾ | (കഥകൾ) |
| ഷേക്സ്പിയർ ട്രാജഡീസ് | ,, |
| ഹനുമാനും വിഭീഷണനും | (പുരാണകഥ) |
| ബാലിയും സുഗ്രീവനും | ,, |
| വാല്മീകിയും ശിഷ്യന്മാരും | ,, |
| മൺമറഞ്ഞവർ | (ജീവചരിത്രങ്ങൾ) |
| ശക്തൻതമ്പുരാൻ | (ജീവചരിത്രം) |
| കാഴ്ചപ്പാട്ടുകൾ | (ആത്മകഥ) |
| കുട്ടികളേ, നിങ്ങൾ ഈ ആളെ അറിയുമോ? | (ബാലസാഹിത്യം) |
| ക്ഷേത്രപ്രവേശനം | |
| എൻെറ ശബരിമലയാത്ര | |

S1564    B435    103/63–64    4–1500

ഒന്നാം പതിപ്പിൻെറ

# പ്രസ്താവന

ഞാൻ അപ്പഴപ്പോഴായി ഓരോ മാസികകളിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള പന്ത്രണ്ടു ലേഖനങ്ങൾ കൂട്ടിച്ചേർത്തതാണു് 'ടാഗോർ കണ്ട ഇന്ത്യ' എന്ന ഈ പുസ്തകം. എന്റെ 'ടാഗോർ കഥകൾ—ഒന്നാംഭാഗം' പ്രസിദ്ധപ്പെടുത്തിയകാലത്തു് ആ പുസ്തകം സദയം നിരൂപണം ചെയ്ത ചില വിമർശകന്മാർ, "ടാഗോറിൻെറ ചെറുകഥകളേക്കാൾ മലയാളസാഹിത്യത്തിന്നു വില കൂട്ടുന്നതു ടാഗോർപ്രബന്ധങ്ങളായിരിക്കു"മെന്നു പ്രസ്താവിക്കുകയുണ്ടായി. അന്നുമുതല്ക്കാണു് ടാഗോർപ്രബന്ധങ്ങളിൽ ഞാൻ കൈവെച്ചുതുടങ്ങിയതു്. ആ ചെറുകഥകളുടെ രണ്ടാംഭാഗം പുറത്തിറക്കിയ കാലത്തുതന്നെ 'ടാഗോർ കണ്ട ഇന്ത്യ'യെക്കുറിച്ചു പരസ്യം ചെയ്തിരുന്നു. എന്നാൽ അവിചാരിതങ്ങളായ ചില പ്രതിബന്ധങ്ങൾ നിമിത്തം ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണകാര്യം നിറവേററുവാൻ എനിക്കു് ഇതിന്നുമുമ്പു സാധിച്ചില്ല.

ഡാക്ടർ ടാഗോറിനെയോ അദ്ദേഹത്തിൻെറ കൃതികളേയോ മലയാളവായനക്കാൎക്കു പ്രത്യേകം പരിചയപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മലയാളസാഹിത്യവീരന്മാരിൽ പലരും ആ ലോകമഹാകവിയുടെ അമൂല്യങ്ങളായ കൃതിതല്ലജങ്ങളെ മലയാളഭാഷയിലേക്കു തർജ്ജമ ചെയ്തു പ്രചാരപ്പെടുത്തീട്ടുണ്ടു്. അദ്ദേഹത്തിൻെറ ഒരു ജീവചരിത്രസംക്ഷേപവും കൃതികളുടെ ഒരു സാമാന്യനിരൂപണവും എൻെറ 'ടാഗോർകഥകൾ' ഒന്നും രണ്ടും ഭാഗങ്ങളിൽ യഥാശക്തി ഞാനും എഴുതിച്ചേർത്തിട്ടുണ്ടു്. അദ്ദേഹത്തിൻെറ പ്രബന്ധങ്ങളെക്കുറിച്ചുകൂടി സമഷ്ടിയായി ഒരു നിരൂപണം എഴുതേണമെന്നുണ്ടായിരുന്ന എൻെറ ആഗ്രഹത്തെ ഇനിയൊരവസരത്തിലേക്കു നിൎത്തിവെക്കേണ്ടിവന്നിരിക്കുന്നു.

ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്ന എല്ലാ ലേഖനങ്ങളിലും ഇന്ത്യയുടെ പൗരാണികപരിഷ്കാരത്തേയും, ആധുനികാ

വസ്ഥയേയും, ഭാവിശ്രേയസ്സിനേയും കുറിച്ചു് ആ അനുഗ്രഹീതപുരുഷനുള്ള അനഘങ്ങളായ അഭിപ്രായങ്ങൾ ഏററക്കുറെ സ്പഷ്ടമായി പ്രകാശിച്ചുകാണാവുന്നതാണു്. അതുകൊണ്ടാണു് ഈ പുസ്തകത്തിനു 'ടാഗോർ കണ്ട ഇന്ത്യ' എന്നു നാമകരണം ചെയ്തതു്. ടാഗോറിൻെറ ദിവ്യദൃഷ്ടികളിൽക്കൂടി ഇന്ത്യയെ വീക്ഷിക്കുന്നതിനു് ഈ ഗ്രന്ഥംമൂലം എൻെറ മാന്യവായനക്കാൎക്കു സാധിക്കുമെന്നും ദിവ്യമായ ആ കാഴ്ച മനോഹരവും ഫലപ്രദവും ആയിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

ഈ പ്രബന്ധങ്ങൾ ഒന്നും ശരിയായ തൎജ്ജമകളാണെന്നു പറഞ്ഞുകൂടാ. യഥാൎത്ഥത്തിൽ, ഒരു അനുപദതൎജ്ജമയ്ക്കു് എന്നെക്കൊണ്ടു സാധിക്കുമെന്നും തോന്നുന്നില്ല. എന്നാൽ ആ ലേഖനങ്ങളിലെ സ്ഥായിയായ രസത്തേയും, സാരമായ അഭിപ്രായഗതിയേയും, അസാധാരണമായ പ്രയോഗചാതുരികളേയും ഞാൻ കഴിയുന്നതും കളയാതെപിടിക്കുകയും, വേണ്ടിടത്തോളം പ്രസ്പഷ്ടമാക്കുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടെന്നാണു് എന്റെ അഭിമാനം. ആ മഹാനുഭാവനോടു് എനിക്കുള്ള അകൈതവവും അഗാധവുമായ ഭക്തിബഹുമാനങ്ങളും, മലയാളഭാഷയോടു് എനിക്കുള്ള സ്നേഹവാത്സല്യങ്ങളും മാത്രമാകുന്നു അപണ്ഡിതനും കൃത്യാന്തരപരതന്ത്രനും ആയ എന്നെ ഇപ്രകാരം ഒരു ഗ്രന്ഥകൎത്താവാക്കിത്തീൎത്തതു്. മൂലകവിയുടെ ഗുണപൗഷ്കല്യത്തെ ഓൎത്തു് ഉദാരമതികളായ വായനക്കാർ എൻെറ വീഴ്ചകളെ സദയം ക്ഷമിക്കുമെന്നു ഞാൻ ആശിക്കുന്നു. ഈ ഗ്രന്ഥത്തിനു മാന്യവായനക്കാരിൽനിന്നു സിദ്ധിക്കുന്ന പ്രോത്സാഹനം അനുസരിച്ചു്, ഇതിന്നു് ഒരു രണ്ടാം ഭാഗം കൂടി തയ്യാറാക്കണമെന്നുള്ള എൻെറ അഭിലാഷത്തെ, ഞാൻ അചിരേണ നിറവേററിക്കൊള്ളാവുന്നതാണു്.

തൃശ്ശിവപേരൂർ
23-2-1101

പരിഭാഷകൻ

# വിഷയവിവരം


ഹൈന്ദവപരിഷ്ക്കാരത്തിൻെറ
ഉൽപ്പത്തിസ്ഥാനം 9

വാല്മീകിരാമായണം 33

അശക്തിയുടെ അടിസ്ഥാനം 44

നമ്മുടെ കത്തവ്യം 65

യൂറോപ്പും ഇന്ത്യയും 85

വർഗ്ഗീയമത്സരം 104

ഇന്ത്യൻവിദ്യാത്ഥികളും പാശ്ചാത്യ
ഗുരുനാഥന്മാരും 120

സ്ത്രീകളുടെ സ്ഥാനം 148

ഹൈന്ദവസമുദായഹൃദയം 158

സ്വാതന്ത്ര്യസാരം 167

ഇന്ത്യാചരിത്രതത്വം 180

ഇന്നത്തെ രാഷ്ട്രീയജീവിതം 208

# ഹൈന്ദവപരിഷ്കാരത്തിന്റെ ഉല്പത്തിസ്ഥാനം

## I

ആധുനിക പരിഷ്കാരം മുഖ്യമായും നഗരങ്ങളെസ്സംബന്ധിച്ചതാകുന്നു. ആ പരിഷ്കാരത്തിലെ ഉത്തമാംശങ്ങൾ എല്ലാം അവിടങ്ങളിലാണു കാണപ്പെടുന്നതു്.

അപ്രകാരമല്ലാതെ, അന്യായമായ ഒരു സ്ഥിതിയെക്കുറിച്ചു് ആലോചിക്കുന്നതിനുകൂടി പ്രയാസമായിരിക്കുന്നു. അസംഖ്യം ജനങ്ങൾ കൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന വിവിധങ്ങളായ ബുദ്ധിവിശേഷങ്ങളുടെ സംഘട്ടനം—കൂട്ടിമുട്ടൽ—മനസ്സിനെ എപ്പോഴും ജാഗ്രദവസ്ഥയിൽ നിർത്തുന്നു. നാനാഭാഗങ്ങളിൽനിന്നും അനവരതം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിഭിന്നങ്ങളായ വിപ്ലവങ്ങൾ മാനുഷികശക്തികളെ സദാ ചലിപ്പിച്ചുംകൊണ്ടിരിക്കുന്നു.

വികാരങ്ങൾക്കും, ശക്തികൾക്കും ഉണർച്ച സിദ്ധിച്ചവനായ മനുഷ്യൻ, സ്വാഭാവികമായിത്തന്നെ അവയെ ഫലപ്രദമായ വിധത്തിൽ പ്രയോഗിക്കുന്നതിനുള്ള രംഗത്തെ അന്വേഷിച്ചു പുറപ്പെടുന്നു. എന്നാൽ അതിന്നു പററിയ സ്ഥലം എവിടെയാണു് ഉള്ളതു്; അതു് ഏതാണു്? ആ രംഗം, അനേകം ജനങ്ങളുടെ നാനാമുഖങ്ങളായ പ്രയത്നങ്ങൾ വിവിധങ്ങളായ നിർമ്മാണചാതുരികളിൽ എപ്പോഴും ഏർപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥലമാണു്. ആ രംഗം "നഗരം" തന്നെയാണു്.

പ്രാഥമികമനുഷ്യർ അവരുടെ ഒന്നാമത്തെ നഗരം നിർമ്മിച്ചു് അതിന്നകത്തു തിക്കിത്തിരക്കി കൂടിയതു് അവിടത്തെ

നാഗരികത്വം കണ്ടു ഭ്രമിച്ചിട്ടല്ലെന്നു തീർച്ചയാണ്. മിക്ക സംഗതിയിലും അവർ അപ്രകാരം ചെയ്തതു കേവലം സ്വരക്ഷയ്ക്കുവേണ്ടിയാണ്. ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്ന് അവരവരെ രക്ഷിക്കുന്നതിന് സൌകര്യവും എളുപ്പവും ഉണ്ടാകത്തക്കവണ്ണം ഉറപ്പുള്ള ഒരു സ്ഥലത്ത് ഒന്നിച്ചുകൂടുന്നതു് അത്യാവശ്യമായി തോന്നിയതുകൊണ്ടാണു മനുഷ്യർ ആദ്യകാലങ്ങളിൽ നഗരങ്ങൾ നിർമ്മിച്ചതു്. ഉത്ഭവത്തിനുള്ള കാരണം എന്തുതന്നെ ആയിരുന്നാലും, വളരെ ജനങ്ങൾ ഒരു കാലത്തു് ഒരു സ്ഥലത്തുതന്നെ ഒന്നിച്ചുചേരുവാൻ സംഗതിയായപ്പോൾ അവരിൽ ഓരോരുത്തരുടേയും വ്യത്യസ്തങ്ങളായ ആഗ്രഹങ്ങളും ആശയങ്ങളും കൂടിച്ചേർന്നു നൂതനവും, സാർവ്വത്രികവും ആയ ഒരു സ്വഭാവത്തെ കൈക്കൊള്ളുകയും, അതിൽനിന്നു ക്രമേണ "നാഗരികത്വം" താനേ ഉളവായി വളരുകയും ചെയ്തു.

എന്നാൽ, ഇന്ത്യയിലെ സ്ഥിതി അത്യന്തം അത്ഭുതകരമാകുന്നു. ഹൈന്ദവ പരിഷ്കാരത്തിന്റെ ഉല്പത്തിസ്ഥാനം നഗരമല്ല. അതിന്റെ തുടക്കം വനാന്തരത്തിൽനിന്നാകുന്നു. തിക്കിത്തിരക്കി താമസിക്കുന്നവരായ ജനങ്ങളുടെ പരസ്പരസമ്പർക്കം ലേശമില്ലാത്ത സ്ഥലത്താണു ഹൈന്ദവപരിഷ്കാരത്തിന്റെ സ്മരണീയമായ ആദ്യഘട്ടം കഴിഞ്ഞിട്ടുള്ളതു്. അവിടം വൃക്ഷങ്ങൾ, ലതകൾ, നദികൾ, എന്നിവയുടെ സജീവസമ്പർക്കത്തിന്നു വേണ്ടുന്ന സകല സൗകര്യങ്ങൾക്കും സമ്പൂർണ്ണമായ ഒരു സ്ഥലമായിരുന്നു. അവിടെ മനുഷ്യരും വിസ്തൃതമായ അന്തരീക്ഷവും അല്ലാതെ തിക്കും തിരക്കും ബഹളവും ഉണ്ടായിരുന്നില്ല. എന്നാൽ നിസ്സീമമായ ആ വനമദ്ധ്യം ഹൈന്ദവഹൃദയത്തെ ചലനരഹിതമാക്കിത്തീർത്തില്ല; നേരേമറിച്ചു് ആ സ്ഥിതിവിശേഷം, ഇന്ത്യയുടെ ആത്മബോധത്തിന്നു് ഒരു പ്രത്യേക കാന്തി ഉണ്ടാക്കുകയാണു ചെയ്തതു്. ലോകത്തിൽ മറെറാരേടത്തും ഈദൃശമായ ഒരു സംഭവം ഉണ്ടായിട്ടില്ല.

...AYAM PUBLIC LIBRARY KOTTAYAM

അന്യരാജ്യങ്ങളിൽ വനമദ്ധ്യത്തിൽ കഴിച്ചുകൂട്ടുന്നതിന്നു നിർബ്ബന്ധിതരായ ജനങ്ങൾ കാലാന്തരത്തിൽ മൃഗപ്രായന്മാരായിത്തീരുന്നതാണു നാം കാണുന്നതു്. അവർ ഒന്നുകിൽ പുലികളെപ്പോലെ ക്രൂരന്മാരോ, അല്ലെങ്കിൽ മാനുകളെപ്പോലെ വിഡ്ഢികളോ ആയിത്തീരുന്നു.

എന്നാൽ പൌരാണികേന്ത്യയിൽ മാത്രം വനാന്തരത്തിലെ ഏകാന്തത മനുഷ്യരുടെ മനസ്സിനെ കീഴടക്കീട്ടില്ല. നേരേമറിച്ച്, അതു് ആ മനസ്സിന്നു് എന്തെന്നില്ലാത്ത ഒരു ചൈതന്യത്തെ പ്രദാനം ചെയ്കയും, അരണ്യഗർഭത്തിൽനിന്നു് ഉത്ഭവിച്ചതായ ഹൈന്ദവപരിഷ്കാരപ്രവാഹം ഇന്ത്യാരാജ്യത്തെ മുഴുവനും സ്പർശിച്ചു ഫലപുഷ്ടിയുള്ളതാക്കിത്തീർക്കുവാൻ എടയാക്കിത്തീർക്കുകയും ചെയ്തു. ആ പ്രവാഹം ഇന്നും നിർബ്ബാധമായി തുടർന്നുകൊണ്ടിരിക്കുന്നു!

ആരണ്യകന്മാരായ പുണ്യാത്മാക്കളുടെ ഭക്തിവിശ്വാസത്തിൽനിന്നു് ഇന്ത്യക്കു സിദ്ധിച്ചതായ ആ "പരിഷ്കാരശക്തി" ബാഹ്യങ്ങളായ ഏതെങ്കിലും സംഘട്ടനങ്ങളിൽനിന്നു് ഉത്ഭവിച്ചതോ, വിവിധങ്ങളായ ആവശ്യങ്ങളുടെ പരസ്പരമത്സരങ്ങളിൽനിന്നു വളർന്നുവന്നതോ അല്ല. തന്നിമിത്തം ആ ശക്തി ബാഹ്യങ്ങളായ വസ്തുസ്ഥിതികളെയല്ല പ്രധാനമായി നിർദ്ദേശിച്ചിട്ടുള്ളതു്. ആ "പരിഷ്കാരം" അതിന്റെ അപാരമായ "സമാധിശക്തി"യാൽ പ്രപഞ്ചത്തിന്റെ അഗാധതയേയും, നിബിഡതയേയും ആരാഞ്ഞറിഞ്ഞിരിക്കുന്നു; അതു പ്രകൃതിക്കും, മനുഷ്യാത്മാവിന്നും തമ്മിലുള്ള ഐക്യത്തെ പ്രസ്പഷ്ടമാക്കിയിരിക്കുന്നു. അതുകൊണ്ടു ഹൈന്ദവപരിഷ്കാരം പ്രധാനമായി ഐഹികങ്ങളായ ശ്രേയസ്സുകളിൽ അല്ല പ്രത്യക്ഷപ്പെട്ടു കാണുന്നതു്. ആ പരിഷ്കാരത്തിന്റെ നായകന്മാരെല്ലാം അദ്ധ്വാനഗന്മാരും, ഏകാന്തവാസികളും ആയ ഋഷീശ്വരന്മാരായിരുന്നു.

കടലോരങ്ങൾ അവയുടെ പരിസരങ്ങളിൽ ഉള്ള ജനങ്ങൾക്കു വ്യാപാരാഭിവൃദ്ധിയെ പ്രദാനം ചെയ്തു. അരണ്യമാതാവിൻെറ അല്പമായ സ്തന്യത്തെ മാത്രം ആശ്രയിച്ചു വിശപ്പടക്കിക്കൊണ്ടിരുന്ന രാജ്യമാകട്ടെ, ലോകത്തെ മുഴുവൻ ജയിക്കുന്നതിനു പ്രാപ്തിയുള്ളതായിത്തീൎന്നു. ഇപ്രകാരം, ഓരോ പ്രത്യേകസംഗതികളും, കാരണങ്ങളും മാനുഷികശക്തികളെ ഓരോ കാലങ്ങളിൽ ഓരോ പ്രത്യേകമാൎഗ്ഗങ്ങളിൽകൂടി പ്രവൎത്തിപ്പിച്ചിട്ടുണ്ടു്.

ഉത്തരേന്ത്യയിലെ വനഭാഗങ്ങൾ നമ്മുടെ രാജ്യത്തിനു പ്രത്യേകമായ ഒരു സമ്പ്രദായമായിത്തീൎന്നു. ബുദ്ധിഗോചരമല്ലാത്ത പ്രപഞ്ചതത്വത്തിൻെറ അടിസ്ഥാനങ്ങളെ ആരാഞ്ഞറിയുന്നതിനു ഹൈന്ദവബുദ്ധിയെ ആ വനപ്രദേശങ്ങൾ അതുവഴിക്കു തിരിച്ചുവിട്ടു. വിസ്തൃതമായ ആ മഹാസാഗരത്തിൽ,—മറഞ്ഞുകിടക്കുന്ന ആ പ്രപഞ്ചമായയിൽ,—അതിദൂരത്തുള്ള ദ്വീപാന്തരങ്ങളിൽനിന്നു പുരാണേന്ത്യയുടെ പ്രതിഭാവിലാസത്താൽ ശേഖരിക്കപ്പെട്ടതായ അമൂല്യസമ്പത്തിൻെറ ആവശ്യകതയെ സകല മനുഷ്യരും യഥാകാലം സമ്മതിക്കേണ്ടിവരുമെന്നതിനു സംശയമില്ല. കാട്ടുമരങ്ങളുടെ മദ്ധ്യത്തിൽ അചഞ്ചലമായ സമാധിയോടുകൂടി ഉൽകൃഷ്ടജീവിതത്തെ നയിച്ചിരുന്ന ഇന്ത്യയിലെ ഋഷിപ്രവരന്മാർ,—രാപ്പകൽ ഭേദംകൂടാതേയും, ഋതുക്കളുടെ വ്യത്യാസങ്ങൾ കൂടാതേയും പ്രകൃതിയുടെ ജീവിതഗതിയെ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടിരുന്ന വനവൃക്ഷങ്ങളുടെ ഇടയിൽ ധ്യാനൈകതല്പരന്മാരായി താമസിച്ചിരുന്ന ആ ഭക്തശിരോമണികൾ,—അവരുടെ ചുററും ആസ്വാദ്യകരമായ ഒരു അസ്ഫുടപ്രഭാവവിലാസത്തെ ശരിയായിക്കണ്ടറിഞ്ഞു. അതുകൊണ്ടാണു് അവൎക്ക് "സൎവ്വം ബ്രഹ്മമയം" എന്ന അനശ്വരതത്വത്തെ ആസ്വദിച്ചു പ്രസിദ്ധപ്പെടുത്തുവാൻ നിഷ്പ്രയാസം സാധിച്ചതു്. ജീവജാലങ്ങളിലെല്ലാം കാണുന്ന ചൈതന്യം പരമാത്മാവിൻെറ വിശിഷ്ടാംശമാ

ണെന്നും, അതുതന്നെയാണു മനുഷ്യരുടെ ആത്മാവും എന്നും അവർക്കനുഭവപ്പെട്ടു. അവർ സ്വനിർമ്മിതങ്ങളായ ഇരുമ്പുകൂട്ടുകളിലോ, കല്ലറകളിലോ തങ്ങളെത്തന്നെ ഇട്ടടച്ചില്ല. അവർ അധിവസിച്ചിരുന്ന സ്ഥലത്ത് അപരിമിതമായ പ്രപഞ്ചചൈതന്യത്തിന്ന് അവരുടെ സ്വന്തം ചൈതന്യത്തോടുകൂടി സ്വൈരസമ്പർക്കമുണ്ടാകുന്നതിന്നു പൂർണ്ണമായ സൌകര്യമുണ്ടായിരുന്നു. സ്വഗൃഹങ്ങളായ വനാന്തരങ്ങൾതന്നെ അവർക്കു തണലും, ഫലമൂലാദികളും, പുഷ്പങ്ങളും, വിറകും, ക്രിയാദികൾക്കാവശ്യമുള്ള ദർഭകളും നൽകിയിരുന്നു; ആ വനാന്തരങ്ങൾതന്നെ അതിലെ നിവാസികളുടെ ദിനംതോറുമുള്ള പ്രയത്നങ്ങളിലും, വിനോദങ്ങളിലും, ആവശ്യങ്ങളിലും ആജീവനാന്തം അവരെ സഹായിച്ചും ഉത്സാഹിപ്പിച്ചും പരസ്പരം ദൃഢമായി ബന്ധിക്കപ്പെട്ടിരുന്നു. അതുകൊണ്ടാണ് അവർക്ക് അവരുടെ ചുററുമുള്ള സീമയില്ലാത്ത ജീവിതമാഹാത്മ്യത്തോടുകൂടി സംബന്ധപ്പെടുത്തിക്കൊണ്ടു തങ്ങളുടെ ആത്മചൈതന്യത്തെ അനുഭവസിദ്ധമാക്കുവാൻ സാധിച്ചിട്ടുള്ളത്. അവർക്കാർക്കും അവരുടെ പരിതഃസ്ഥലങ്ങൾ അചേതനങ്ങളോ, ശൂന്യങ്ങളോ, അവരിൽനിന്നു വിഭിന്നങ്ങളോ ആയിരുന്നില്ല. പ്രകൃതിയിൽനിന്ന് തങ്ങൾക്ക് സിദ്ധിച്ചുകൊണ്ടിരിക്കുന്ന വെളിച്ചം, വായു, ഭക്ഷണം, പാനീയം എന്നിവയൊന്നും ഭൂമിയുടേയോ, വൃക്ഷങ്ങളുടേയൊ, ശൂന്യമായ അന്തരീക്ഷത്തിൻേറയോ സമ്മാനങ്ങൾ അല്ലെന്നും, ആത്മബോധമുള്ളതും, ആദ്യന്തമില്ലാത്തതും ആയ ഒരു പരമാനന്ദസ്വരൂപത്തിൽനിന്നു സ്വയം പുറപ്പെടുന്ന ദിവ്യാനുഗ്രഹങ്ങൾ ആണെന്നും സ്വാഭാവികമായ നിരീക്ഷണത്താൽതന്നെ അവർക്ക് അനുഭവപ്പെട്ടിരുന്നു. അതാണ് അവർ ശ്വാസത്തേയും, പ്രകാശത്തേയും ഭക്ഷണപാനീയങ്ങളേയും എപ്പോഴും അത്യാദരവോടും, ഭക്തിവിശേഷത്തോടുംകൂടി മാത്രം സ്വീകരിക്കുന്നതിന്നുള്ള കാരണം: അവരുടെ ജീവിതത്താലും, ബോധത്താലും, ഹൃദയത്താലും, ബുദ്ധിയാലും അവർക്കുണ്ടായിട്ടുള്ള അനുഭവങ്ങളെക്കൊണ്ട് അവർ പ്രപഞ്ചപ്രകൃതിയെ അവരുടെ

ആത്മാവിൻെറ ഒരു ഭാഗമായിത്തന്നെ കാണുകയും, സ്വീകരിക്കുകയും ചെയ്തു. അതാണ് അവരുടെ ഉൽകൃഷ്ടമായ ജയവും ആധിപത്യവും. അതുതന്നെയാണു ഹൈന്ദവബുദ്ധിക്കു സാധിച്ചിട്ടുള്ള ലോകവിജയവും.

പുരാതന ഇന്ത്യയിലെ സുപ്രസിദ്ധങ്ങളായ ആ രണ്ടു വലിയ ഘട്ടങ്ങളിലും,—വേദകാലത്തും, ബുദ്ധമതകാലത്തും,— ഹൈന്ദവജീവിതത്തെ ശുശ്രൂഷിച്ചു വളത്തിയിരുന്നതു്. അരണ്യമാതാവായിരുന്നു. വേദകാലങ്ങളിലെ ഋഷീശ്വരന്മാർ മാത്രമല്ലാ, ബുദ്ധമുനിപോലും, പല മാവിൻതോട്ടങ്ങളിലും, പട്ടിലിൻകൂട്ടങ്ങളിലും വെച്ചാണ് അദ്ദേഹത്തിൻെറ ലോകോത്തമങ്ങളായ ഉപദേശവാക്കുകളെ ഉദീരണം ചെയ്തിട്ടുള്ളതു്. രാജധാനികൾ അദ്ദേഹത്തിന്നു ചേന്നവയല്ലായിരുന്നു. വനാന്തരങ്ങളാണ് ആ സവ്വത്യാഗിയെ അവയുടെ ഹൃദയാന്തർഭാഗങ്ങളിലേക്കു സ്വീകരിച്ചതു്.

പിന്നീട് കാലാന്തരത്തിൽ, ഇന്ത്യാരാജ്യത്തു സംസ്ഥാനങ്ങളും, സാമ്രാജ്യങ്ങളും നഗരങ്ങളും ഉണ്ടായിത്തീന്നു. ഇന്ത്യ അന്യരാജ്യങ്ങളുമായി വ്യാപാരസംബന്ധമായ ഏർപ്പാടുകളും സ്ഥിരപ്പെടുത്തി. അത്യാഗ്രഹികളായ ധാന്യവയലുകൾ, നിഴൽ ബാധിച്ച ശാന്തങ്ങളായി നില്ക്കുന്ന വനഭാഗങ്ങളെ ക്രമേണ തള്ളിയുന്തി ദൂരത്താക്കി. എന്നാൽ സമ്പത്തും, ശക്തിയും, യൌവ്വനവും ഉണ്ടായിരുന്ന ആ ഇന്ത്യ, ആ കാലത്തൊന്നും, ഒരു ദിവസംപോലും, അരണ്യങ്ങളോട് അവക്കുള്ള കടമയെ സമ്മതിക്കുന്നതിന്നു് അശേഷം ലജ്ജിച്ചിട്ടില്ല. ഇന്ത്യ അന്നും തപസ്സിനെത്തന്നെ സവ്വോൽകൃഷ്ടമായി ഗണിച്ചും, സവ്വോപരിയായി ബഹുമാനിച്ചും പോന്നു. ഇന്ത്യയിലെ മഹാരാജാക്കന്മാരും, ചക്രവത്തികളുംകൂടി അരണ്യവാസികളായ പുരാണഷിപ്രവരരെ തങ്ങളുടെ കുലസ്ഥാപകന്മാരായും, കുലഗുരുക്കന്മാരായും സ്വയമേവ സ്വീകരിച്ചു് തങ്ങളുടെ പൂജ്യതയെ പൂരിപ്പിച്ചു് അഭിമാനപ്പെട്ടുവന്നു.

പുരാണേന്ത്യയുടെ പാവനചരിത്രത്തിൽ മഹത്തരമായോ, അത്ഭുതകരമായോ, നിർമ്മലമായോ എന്തെങ്കിലുമുണ്ടെങ്കിൽ,—ആ ചരിതത്തിൽ ഉൽകൃഷ്ടമായോ, ആരാധനീയമായൊ എന്തെങ്കിലുമുണ്ടെങ്കിൽ,—അതെല്ലാം ആദ്യകാലങ്ങളിലെ താപസോത്തമന്മാരുടെ വിശിഷ്ടാശ്രമങ്ങളുടെ സ്മരണകളോടു സംബന്ധിക്കപ്പെട്ടിട്ടുള്ളവയാകുന്നു. മനുഷ്യചരിത്രത്തിൽ ഇന്ത്യയ്ക്കുള്ള അന്യാദൃശമായ ഒരു പ്രത്യേകത ഇതുതന്നെയാകുന്നു.

## II

വിക്രമാദിത്യൻ ഇന്ത്യാചക്രവൎത്തിയും, ഉജ്ജയിനി വലിയ നഗരവും, കാളിദാസൻ മഹാകവിയും ആയിരുന്ന കാലത്തുതന്നെ, ഇന്ത്യയിൽ, പൎണ്ണശാലകളുടെ പാവന ചരിത്രങ്ങൾ "പഴങ്കഥകൾ" ആയിത്തീൎന്നിരിക്കുന്നു. അന്നത്തെ ഇന്ത്യ അനേകങ്ങളായ മനുഷ്യവൎഗ്ഗങ്ങളുടെ കേളീരംഗമായിരുന്നു. ചീനക്കാരും, ഹൂണന്മാരും, സിതിയന്മാരും, പാരീസുകാരും, യവനന്മാരും, റോമക്കാരും എല്ലാം ഹിന്തുസ്ഥാനത്തിൽ തിക്കിത്തിരക്കി കൂടിയിരുന്നു. ആ കാലം, തന്റെ സ്വന്തം കൈകൾകൊണ്ടുതന്നെ വയലുകളിൽ കൃഷിപ്പണി നടത്തുകയും, ആത്മജ്ഞാനസമ്പാദനത്തിനുവേണ്ടി ദൂരദേശങ്ങളിൽനിന്നു് അന്വേഷിച്ചെത്തിക്കൂടിയിരുന്ന ജ്ഞാനോൽസുകന്മാരെ ദൈവികമാൎഗ്ഗങ്ങളിൽ അഭ്യസിപ്പിയ്ക്കുകയും ഒരേസമയത്തു സാധിച്ചുകൊണ്ടിരുന്ന "ജനകചക്രവൎത്തി"യെപ്പോലെയുള്ള രാജൎഷികളെ നമുക്കു നൽകുന്നതിന്നു് ഒട്ടും ശക്തിയുള്ളതായിരുന്നില്ല. എന്നാൻ അന്നത്തെ കവികുലാഗ്രേസരന്റെ കൃതികളെ നാം പരിശോധിക്കുന്നതായാൽ, ഐശ്വൎയ്യവും അഹംകാരവും മൂൎദ്ധന്യാവസ്ഥയിൽ എത്തിയിരുന്ന ആ പിൻകാലങ്ങളിൽപോലും, പൎണ്ണശാലകളുടെ മാഹാത്മ്യം, ജനങ്ങളുടെ മാംസദൃഷ്ടികൾക്കു ഗോചരമല്ലായിരുന്നു എങ്കിലും അതു് അവരുടെ മനോമുകുരങ്ങളിൽനിന്നു് അശേഷം മാഞ്ഞുപോയിട്ടുണ്ടായിരുന്നില്ലെന്നു സ്പഷ്ടമായി കാണാവുന്നതാണു്.

കാളിദാസകൃതികളിൽ അസാമാന്യമായി വിളങ്ങിക്കാണുന്ന "ആശ്രമങ്ങ"ളുടെ ഉൽകൃഷ്ടചിത്രങ്ങൾതന്നെ അദ്ദേഹം പ്രത്യേകിച്ചും ഒരു ഹൈന്ദവ കവിവര്യനാണെന്നു നിസ്സംശയം തെളിയിക്കുന്നുണ്ടു്. മററാരാണു് ഇത്ര അഭിമാനത്തോടും ആഹ്ലാദത്തോടുംകൂടി ഇന്ത്യയിലെ പർണ്ണശാലകളെ വർണ്ണിച്ചിട്ടുള്ളതു്? അദ്ദേഹത്തിൻെറ ഉൽകൃഷ്ടകൃതിയായ "രഘുവംശം", ശാന്തതയും, മാധുര്യവും നിറഞ്ഞതായ ഒരു ഉടജത്തിലെ നിർമ്മലരംഗത്തെ,—വിശിഷ്ടാശ്രമത്തെ,—ആകുന്നു ആദ്യമായി ത്തന്നെ നമുക്കു കാണിച്ചുതരുന്നതു്.

സമയം അസ്തമയത്തിന്നടുത്തിരിക്കുന്നു. സമീപത്തുള്ള കാടുകളിൽനിന്നു ദർഭയും, വിറകും, പഴങ്ങളും ശേഖരിച്ചു കൊണ്ടു താപസന്മാർ ആശ്രമങ്ങളിലേയ്ക്കു മടങ്ങിവരുന്നു; ഹാ! അപ്രത്യക്ഷമായ ഏതോ ഒരു കാന്തികുണ്ഡലം ആഗതന്മാരെ സന്തോഷപൂർവ്വം ആശ്രമത്തിലേയ്ക്കു സ്വീകരിക്കുന്നു. അവിടെയുള്ള മാനുകൾ ആ താപസന്മാരുടെ ഭാര്യമാക്കു് അവരുടെ സ്വന്തം കുട്ടികളെപ്പോലെയാകുന്നു. അവയുടെ ആഹരിക്കവെച്ചുകൊടുക്കുന്ന ധാന്യങ്ങൾ ആ മൃഗങ്ങൾ ഭക്ഷിക്കുകയും, അവ ഭയലേശം കൂടാതെ ആശ്രമപദത്തിലേയ്ക്കുള്ള വഴിയിൽ ത്തന്നെ വിലങ്ങനെ കിടന്നു വിശ്രമിക്കുകയും ചെയ്യുന്നു; വൃക്ഷങ്ങളുടെ തടങ്ങളിൽ വക്കുവരെ വെള്ളം നിറഞ്ഞാൽ, പക്ഷികൾ വന്നു ഭീതികൂടാതെ ആ വെള്ളം കുടിച്ചു് ഉല്ലസിക്കുന്നു; അതിന്നുവേണ്ടി ആ ദയാലുക്കൾ അല്പം അകലെ മാറിനിൽക്കുന്നു. സൂര്യൻ മാഞ്ഞുതുടങ്ങിയിരിക്കുന്നു; ആശ്രമമിററത്തു വരിനെല്ലു് ഒന്നായി കൂട്ടിയിരിക്കുന്നു; മാനുകൾ അയവിറക്കിക്കൊണ്ടു് അതിന്നുസമീപത്തുതന്നെ വിശ്രമിക്കുന്നു. ഹോമധൂമങ്ങളുടെ പരിമളം വഹിച്ചിളകുന്ന വിശുദ്ധവായു തൻെറ സ്പർശനത്താൽ പർണ്ണശാലകളിൽ മടങ്ങി എത്തുന്നതുവരെ നിർമ്മലരാക്കി ചെയ്യുന്നു. മനുഷ്യനും, ബാഹ്യപ്രകൃതിയും തമ്മിലുള്ള ഐക്യത്തിൻെറ പൂർണ്ണതയാകുന്നു ഈ രംഗത്തിലെ കാഴ്ചയുടെ ആന്തരമായ മാഹാത്മ്യം.

സുഖഭോഗങ്ങളിൽ അമിതമായ ആർത്തിയോടുകൂടിയ ഒരു രാജസൗധത്തിലെ നിഷ്ക്കരുണമായ ജീവിതത്തെ നിസ്സാരമാക്കിച്ചെയ്തു ലജ്ജിപ്പിക്കുന്നതായ വിചിത്രമായ ഒരു പർണ്ണശാലയേയാകുന്നു "അഭിജ്ഞാനശാകുന്തള"ത്തിൽ കാളിദാസമഹാകവി ശരിയായി പ്രതിഷ്ഠിച്ചിട്ടുള്ളതു്. മനുഷ്യനും, പ്രകൃതിയിലെ മററു ചരാചരങ്ങൾക്കും തമ്മിലുള്ള (ഒന്നുപോലെയുള്ള) നിർമ്മലമായ സൌഹാർദ്ദത്തിൻെറ ഉൽകൃഷ്ടത തന്നെയാകുന്നു ശാകുന്തളത്തിലെ ആശ്രമജീവിതത്തിൻേറയും ആകർഷണീയമായ അടിസ്ഥാനം.

"കാദംബരി"യിലും, ആ മഹാകവി വർണ്ണിച്ചിരിക്കുന്ന ആശ്രമചിത്രത്തെ നോക്കുക. ഭക്തിബഹുമാനങ്ങളാൽ ആശ്രമപ്രദേശത്തുള്ള സസ്യലതാദികൾ എല്ലാം കാററത്തു തല കുനിച്ചു നിൽക്കുന്നു; വൃക്ഷങ്ങൾ, ഒരു പൂജാവിധി അനുസരിച്ചെന്നപോലെ അവയുടെ പത്രപുഷ്പങ്ങളെ സാവധാനത്തിൽ വിതരണം ചെയ്യുന്നു; ഉണക്കുവാൻ ചിക്കിയിരിക്കുന്ന വരിനെല്ലിൻെറ കാന്തിയാൽ ആശ്രമാങ്കണം പരിവേഷ്ടിതമായിരിക്കുന്നു; വിവിധങ്ങളായ ഫലമൂലാദികൾ അവിടവിടെ സംഭരിച്ചുവെച്ചിരിക്കുന്നു; വേദാദ്ധ്യയനം ചെയ്യുന്ന ബ്രാഹ്മണക്കുട്ടികളുടെ വേദോച്ചാരണഘോഷംകൊണ്ടു് ആ വനഭാഗമെല്ലാം മാറെറാലിക്കൊള്ളുന്നു; ദിനംപ്രതി കേട്ടു കേട്ടു തങ്ങൾക്കു ഹൃദിസ്ഥമായിട്ടുള്ള പൂജാമന്ത്രങ്ങളെ "മുളംതത്ത"കൾ സ്വയമേവ ഉരുവിടുന്നു: പ്രകൃതിയുടെ ആരാധനയ്ക്കു് ഉപയോഗിച്ചിട്ടുള്ള നിവേദ്യങ്ങളെ വനകുക്കടങ്ങൾ സോല്ലാസം ഭക്ഷിക്കുന്നു; പൂജാസമയത്തു് അർപ്പിച്ചിട്ടുള്ള നിവാരധാന്യത്തെ അനുഭവിക്കുന്നതിനു സമീപത്തുള്ള തടാകത്തിൽനിന്നു ജലപക്ഷികൾ പതിവുപോലെ വന്നുകൂടുന്നു; സ്നേഹപുരസ്സരം മാൻപേടകൾ ആശ്രമവാസികളായ കുട്ടികളുടെ ശരീരഭാഗങ്ങളിൽ നിർഭയം നക്കിക്കൊണ്ടിരിക്കുന്നു!

ഇവിടേയും കാതലായ ആന്തരാർത്ഥം ഒന്നുതന്നെ ആകുന്നു. മൃഗങ്ങളിൽ നിന്നും, പക്ഷികളിൽനിന്നും, വൃക്ഷങ്ങളിൽ

നിന്നും, സസ്യലതാദികളിൽ നിന്നും മനുഷ്യനുള്ള "അകൽച്ച"യെ തീരെ ഇല്ലായ്മ ചെയ്യുന്നതായ പാവനവും വിശിഷ്ടവും ആയ സ്ഥലങ്ങളാകുന്നു പർണ്ണശാലകൾ. അതാണ് ആശ്രമപ്രദേശങ്ങളുടെ ശ്രേഷ്ഠവും അനന്യസാധാരണവും ആയ സന്ദേശം. അനർഗ്ഘമായ ഈ ഒരു പാഠംതന്നെ വീണ്ടും വീണ്ടും നമ്മെ പൌരാണികന്മാർ പഠിപ്പിച്ചിരിക്കുന്നു.

ഇന്ത്യയിലെ പ്രധാനപ്പെട്ടവയായ എല്ലാ ഉത്തമഗ്രന്ഥങ്ങളും, മനുഷ്യനും പ്രപഞ്ചാകൃതിക്കും തമ്മിലുള്ള ആന്തരമായ ഐക്യത്തെത്തന്നെ ശക്തിയോടുകൂടിയും, സ്പഷ്ടമായും പ്രതിപാദിച്ചിരിക്കുന്നു. നമ്മുടെ ചുററുമുള്ള പ്രകൃതി, മനുഷ്യരുടെ വിവിധങ്ങളായ എല്ലാ വികാരങ്ങളോടും പ്രവൃത്തികളോടും അലംഘ്യമായ വിധത്തിൽ സംബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യവാസമുള്ള പ്രദേശങ്ങൾ മുഴുവനും ജനങ്ങളാൽമാത്രം പൂർണ്ണമായി നിറയപ്പെടുകയും, അവിടത്തെ പ്രവേശദ്വാരങ്ങൾ പ്രകൃതിയെ അകത്തു കടപ്പാൻ തീരെ അനുവദിക്കാതിരിക്കയും ചെയ്യുമ്പോൾ, നമ്മുടെ വിചാരങ്ങളും ക്രിയകളും ക്രമേണ നീചങ്ങളും, ദുഷ്ടങ്ങളും ആയിത്തീരുകയും, നമ്മാൽതന്നെ നിർമ്മിതങ്ങളായ "അശരണക്കുന്നു"കളുടെ ഇടയിൽപ്പെട്ട് അവയുടെ കാലാന്തരത്തിൽ, ഒഴിക്കാമായിരുന്ന അപമൃത്യു വന്നുകൂടുകയും ചെയ്യുന്നു.

പ്രകൃതി, നമ്മളിൽ അശ്രാന്തം പ്രവർത്തിച്ചുംകൊണ്ടുതന്നെ ഇരിക്കുന്നു. എന്നാൽ പ്രപഞ്ചരംഗത്തിൽ പ്രധാനപ്പെട്ട നടന്മാർ മനുഷ്യർതന്നെ ആണെന്നും, താൻ ഒരു വെറും ബാഹ്യാലങ്കാരം മാത്രമാണെന്നുള്ള ഭാവത്തിൽ, പ്രകൃതി നിശബ്ദയായും നിർവ്വികാരയായും നോക്കിനിൽക്കുന്നതേ ഉള്ളു എന്നും പ്രകൃതി നമ്മളിൽ ഒരു തെററിദ്ധാരണ ഉണ്ടാക്കുന്നു. അതു ശരിയാണെന്നു നാം വിശ്വസിക്കയും ചെയ്യുന്നു. നമ്മുടെ മഹാകവികൾ ഇതിന്റെ യാഥാർത്ഥ്യം കണ്ടറിഞ്ഞിരുന്നു. അവരുടെ കൃതികൾ എല്ലാം ആ ജ്ഞാനംകൊണ്ടു പ്രത്യേകം

ശോഭിക്കുന്നവയാണ്. മനുഷ്യലോകത്തിന്റെ സന്തോഷസന്താപങ്ങളിൽ പ്രകൃതി പങ്കുകൊള്ളുന്നുവെന്ന അനശ്വരമായ പ്രപഞ്ചതത്വത്തെയാണ് ആ ദിവ്യദൃക്കുകൾ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നത്.

കാളിദാസൻ "ഋതുസംഹാരം" രചിച്ചത് അദ്ദേഹം കവിതാവിഷയത്തിൽ പരിചയിച്ചു വന്നിരുന്ന ആദ്യഘട്ടത്തിലാണെന്നതിന് എനിക്കു സംശയമില്ല. ആ കൃതിയിൽ ആപാദചൂഡം മൂടിക്കിടക്കുന്ന "യൌവ്വനയുക്തന്മാരായ കാമിനീകാമുകന്മാരുടെ അന്യോന്യസമ്മേളനം" വികാരവൃത്തിയുടെ നീചതയിൽനിന്ന് അങ്കുരിച്ചതാണ്. അത്, ശാകുന്തളത്തിലും കുമാരസംഭവത്തിലും കാണപ്പെടുന്നപോലെ, തപസ്സുകൊണ്ടു പരിശുദ്ധമായതല്ല. ആ ഔന്നത്യവും അതിന്നില്ല.

എന്നാൽ നമ്മുടെ ആ ദിവ്യകവി, യൌവ്വനവൃത്തിയിൽനിന്നുണ്ടാകുന്ന ഈ വികാരതീവ്രതയെത്തന്നെ, പ്രകൃതിയിലെ വിവിധങ്ങളും വിശുദ്ധങ്ങളുമായ പ്രമേയങ്ങളോടുകൂടി സംയോജിപ്പിച്ചു കാണിക്കുകയും, അതിൽ നിന്നുള്ള പ്രതിദ്ധ്വനികൾ ലോകം മുഴുവൻ മാറെറാലികൊണ്ടു വ്യാപിക്കുന്നതിന്ന് അതിനെ നിർബ്ബാധവും വിസ്തൃതവും ആയ ബാഹ്യലോകമദ്ധ്യത്തിൽതന്നെ പ്രതിഷ്ഠിക്കുകയും ചെയ്തിരിക്കുന്നു! ആ ഉത്തമകൃതിയിൽ അദ്ദേഹം പ്രകൃതിയിലെ ഏതെല്ലാം വിഭിന്നഭാവങ്ങളെ സംഘടിപ്പിച്ചിരിക്കുന്നു എന്നു നോക്കുക. വനാന്തരത്തിലുള്ള വെള്ളച്ചാട്ടങ്ങളുടെ സംഗീതമാധുരിയാൽ ശബ്ദായമാനമായ ഒരു വേനല്ക്കാലം; സായന്തനത്തിലെ പ്രശോഭിതമായ ശുഭചന്ദ്രിക; ആസന്നമായ മഴക്കാലത്തെ സൂചിപ്പിക്കുന്ന പുതുമഴകൾ ഏററു തണുപ്പു ബാധിച്ചതായ കാടുകളുടെ അതൃത്തികളിൽ, മന്ദമാരുതനോടു വിറയ്ക്കുന്ന ശാഖോപശാഖകളോടുകൂടിയ കടമ്പുവൃക്ഷങ്ങൾ; ശരൽക്കാലാരംഭത്തിൽ വിളയാത്ത കതിരുകളോടുകൂടി സമൃദ്ധിയായി വളരുന്ന നെൽച്ചെ

ടികളാൽ മുഴുവൻ പച്ച പുതച്ചു കിടക്കുന്ന ധാന്യവയലുകൾ; വയലുകളിൽനിന്നും മററു സങ്കേതസ്ഥാനങ്ങളിൽനിന്നും പുറത്തുവന്നു്, ഉന്മേഷത്തോടുകൂടി ശബ്ദിക്കുന്ന പക്ഷികളുടെ കളകൂജിതങ്ങൾ; സൌരഭ്യത്തെ പാത്തുകയും, മകരന്ദമാരി വഷിക്കുകയും ചെയ്യുന്ന വൃക്ഷലതകളാൽ നിറയപ്പെട്ട രസാലതരുക്കൾ; ആ മരങ്ങളുടെ ഇടയിൽക്കൂടി അശ്രാന്തം ഊതികൊണ്ടിരിക്കുന്ന സുരഭിയായ വസന്തത്തിലെ മന്ദമാരുതൻ; കാററടിക്കുമ്പോൾ പത്രാവലികളുടെ എടയിൽനിന്നു നിത്യമായി പുറപ്പെട്ടുകൊണ്ടിരിക്കുന്ന മമ്മരശബ്ദം!

മഹത്തരമായ പ്രകൃതിലോകത്തിൽ നാം ഓരോന്നിനേയും അതാതിനുള്ള ശരിയായ സ്ഥാനങ്ങളിൽ നട്ടുന്നതായാൽ, അതിൻെറ ദോഷാംശങ്ങൾ നിഃശേഷം നശിക്കുന്നു. എന്നാൽ ഏതെങ്കിലും ഒന്നിനെ നാം അതിൻെറ യഥാത്ഥവും, പ്രകൃത്യാനുസാരവും ആയ സ്ഥാനത്തു നിന്നു പറിച്ചെടുത്തു്, മനുഷ്യരുടെ പരിമിതവും വ്യവസ്ഥിതവും ആയ വൃത്തത്തിന്നകത്തു് ഉറപ്പിക്കുന്ന പക്ഷം, അതു് ഒരു മഹാരോഗിയുടെ ശരീരംപോലെ, അത്യന്തം ചൂടുള്ളതും, ദുമ്മേദസ്സു നിറഞ്ഞുവീത്തതും ആയിത്തീരുന്നു. സ്ത്രീപുരുഷന്മാർ തമ്മിലുള്ള അനുരാഗത്തെക്കുറിച്ചു് ഷേക്സ്പിയർ മഹാകവിയും, കാളിദാസരെപ്പോലെ, ചില ചില്ലറ കൃതികൾ രചിച്ചിട്ടുണ്ടു്. എന്നാൽ അതിലെല്ലാം നിറഞ്ഞു തുളുമ്പുന്നതു "വികാരസ്ഫൂത്തി" ഒന്നു മാത്രമാണു്. ചുററുമുള്ള മറെറാരു വസ്തുവിന്നും ആ കൃതികളിൽ സ്ഥാനം ലഭിച്ചിട്ടില്ല. അന്തരീക്ഷത്തിന്നോ, വായുമണ്ഡലത്തിന്നോ, പ്രകൃതിയുടെ നഗ്നതയെ മറയ്ക്കുന്നതായ അനേകങ്ങളും അനല്പങ്ങളും ആയ വായു, ശബ്ദം, പരിമളം, നിറം, പ്രകാശം മുതലായവയിൽ ഏതെങ്കിലുമൊന്നിനൊ ആ കവിതകളിൽ അദ്ധേറം പ്രവേശം അനുവദിച്ചിട്ടില്ല. തന്നിമിത്തം ആ കവനങ്ങളിൽ "ഇച്ഛ" അലങ്കാരവിഹീനമായി പ്രത്യക്ഷപ്പെട്ടു നിൽക്കുന്നു; കമാ

ത്തുരതയുടെ ഭയങ്കരത്വവും ശൂന്യതയും തീരെ അസഹ്യമാമായ വിധത്തിൽ അശേഷം നഗ്നമായിട്ടുതന്നെ മുന്നിട്ടു നിൽക്കുന്നു.

കുമാരസംഭവത്തിലെ മൂന്നാം സ്വർഗ്ഗത്തിൽ, കാളിദാസൻ മനോഭവൻെറ പെട്ടെന്നുണ്ടായ ആഗമനത്താൽ യൗവ്വനത്തിന്നു സംഭവിച്ചതായ പരിഭ്രമത്തെ വർണ്ണിച്ചിരിക്കുന്നു. വികാരങ്ങളുടെ, അടക്കിയാൽ അടങ്ങാത്ത ശക്തിയെ, ഇടുങ്ങിയതായ അതിൻെറ അതിർത്തികളിൽ തന്നെ നില നിർത്തി, ആ ശക്തിയെ മാത്രം പ്രഥമവും പ്രധാനവും ആയ ഒരു വസ്തുവാക്കി ചിത്രീകരിക്കുന്നതിന്നു കാളിദാസൻ ആ സർഗ്ഗത്തിൽ ഉത്സാഹിച്ചിട്ടില്ല. പാർവ്വതീപരമേശ്വരന്മാരുടെ ഒതുക്കിയാൽ ഒതുങ്ങാത്തതായ അനുരാഗതീവ്രതയെ, കാളിദാസൻ വസന്താഗമനത്തിൽ, ഫലപുഷ്പങ്ങളുടെ സമൃദ്ധിയോടുകൂടി ആഹ്ലാദിച്ചു തുള്ളിച്ചാടുന്ന പ്രകൃതിലോകത്തിൻെറ ഒരംശം മാത്രമാക്കി കൽപ്പിച്ചിരിക്കുന്നു. അപ്രകാരം വർണ്ണിച്ചതുകൊണ്ട് ആ വികാരത്തിൽ ലജ്ജിക്കത്തക്കതായ ഒന്നും തന്നെ ഇല്ലാതായിത്തീർന്നിരിക്കുന്നു. സൂര്യപ്രകാശത്തെ ഏകീകരിക്കുന്നതിന്നു ശക്തിയുള്ള ഒരു കണ്ണാടി (lens=കാമം) യിൽകൂടി ദിനനാഥകരങ്ങൾ കടക്കുമ്പോൾ ആ കിരണസമ്മേളനം അഗ്നിയായി ഭവിക്കുകയും, ആ സ്ഥാനത്തു വെയ്ക്കപ്പെടുന്ന വസ്തുക്കൾ കത്തി എരിഞ്ഞു പോകുകയും ചെയ്യുന്നു. എന്നാൽ പ്രകൃതിയാൽ ഉലകു മുഴുവനും നിറയ്ക്കപ്പെട്ടിട്ടുള്ള ആ കിരണങ്ങൾക്കാകട്ടെ, സുഖപ്രദമായ ഒരു ചൂടുണ്ടാക്കുന്നതിനല്ലാതെ ദഹിപ്പിച്ചുകളയുന്ന അഗ്നിയുണ്ടാക്കുന്നതിന്നു സ്വയമേവ ശക്തിയില്ലാതിരിക്കുന്നു. അതുപോലെ തന്നെ പ്രകൃതിയിലെ തൽക്കാല സംഭവങ്ങളിൽ ഒന്നുമാത്രവും, പ്രകൃതിയുടെ ഒരംഗം മാത്രവും ആയി കാളിദാസൻ വർണ്ണിക്കുന്ന ഉമാമഹേശ്വരന്മാരുടെ പ്രേമവും അശേഷം നാശകരമല്ലാത്തതും കേവലം ആനന്ദകരവും ആയ

ഒരു സ്വഭാവവിശേഷത്തെ കൈക്കൊള്ളുന്നു. ശിവന്റെ നേരെ കാമദേവൻ പ്രയോഗിക്കുന്ന ഉപായങ്ങളെയെല്ലാം പ്രപഞ്ചത്തിന്റെ അപ്പോഴത്തെ സ്പഷ്ടമായ ചൈതന്യവൈശിഷ്ട്യത്തിന്ന് അനുസാരങ്ങളായ സാധാരണ സംഭവങ്ങളായിട്ടാണ് കാളിദാസൻ നമുക്കു കാണിച്ചു തരുന്നത്. തന്നിമിത്തം ആ പ്രേമലഹരിയിൽ പൂർവ്വാപര സംബന്ധമില്ലാതെയോ, നീരസം ജനിക്കത്തക്കവണ്ണം നഗ്നമായോ, പ്രകൃതിവിരുദ്ധമായോ ഒന്നും തന്നെ നാം കാണുന്നില്ല. പാർവ്വതിയും പരമേശ്വരനും അലംഘ്യവും അനാദിയും ആയ പ്രപഞ്ചതത്വത്തെത്തന്നെ അഭിനയിക്കുന്നു!

കുമാരസംഭവത്തിലെ മൂന്നാംസർഗ്ഗം മാത്രമല്ല, ആ കാവ്യം മുഴുവനും തന്നെ, പ്രകൃതിനിയമത്തിന്റെ ഒരു പകർപ്പാകുന്നു. "കുമാരസംഭവം" എന്ന ചരിത്രത്തിന്റെ പരിതസ്ഥലങ്ങളായും, പൃഷ്ഠപ്രദേശമായും പ്രപഞ്ചത്തെ തന്നെയാകുന്നു വിശിഷ്ടനായ ആ ചിത്രകാരൻ സ്വീകരിച്ചിട്ടുള്ളത്. കാവ്യത്തിലെ ആന്തരമായ കഥാബീജം അനാധവും അപരിച്ഛേദ്യവും ആയ ഒരു സംഗതിയാകുന്നു. അധർമ്മമാകുന്ന ഘോരരാക്ഷസൻ അത്യന്തം ബലവാനായിത്തീർന്ന് അകാരണമായി സ്വർഗ്ഗത്തെത്തന്നെ,—ധർമ്മത്തെ,—പൊടുന്നനവേ തട്ടിമറിച്ചു ചവിട്ടിത്തേച്ചു നാശപ്പെടുത്തുമ്പോൾ, ആ അസുരനെ എതിർത്തു ജയിക്കുന്നതിന്നു പ്രാപ്തിയുള്ള "ധീരത" എവിടെ നിന്ന് എങ്ങിനെ ഉൽഭൂതമാകുന്നു? ഇതാണു കുമാരസംഭവത്തിലെ സ്ഥായിയായ വിഷയം.

ഈ പ്രശ്നം, ലോകാരംഭം മുതൽ എല്ലാക്കാലങ്ങളിലും, എല്ലാ രാജ്യത്തും മനുഷ്യബുദ്ധിക്കു വിഷയീഭവിച്ചിട്ടുള്ളതാണ്. ഈ ചോദ്യം, ഓരോരുത്തർക്കും അവരവരുടെ ജീവിതഗതിയിൽ ഓരോ ഘട്ടങ്ങളിൽ ചോദിക്കേണ്ടതായിട്ടുണ്ട്. ഈ സംശയം, വേഷവ്യത്യാസത്തോടുകൂടിയും, രൂപ

ഭേദത്തോടുകൂടിയും ഓരോ രാജ്യത്തിൻെറയും ചരിത്രത്തിൽ അപ്പോഴപ്പോഠം ഇന്നും പുറപ്പെട്ടുകൊണ്ടിരിക്കുന്നു.

കാളിദാസരുടെ കാലത്തെ ഇന്ത്യ, ഈ പ്രശ്നത്തിൻെറ സാരാംശത്തെ സാമാന്യത്തിലധികം ശക്തിയോടുകൂടി മുന്നണിയിൽ കൊണ്ടുവരത്തക്കവണ്ണം അത്യന്തം കഷ്ടതരമായ ഒരു സ്ഥിതിയിൽ ആയിരുന്നുവെന്നു് അദ്ദേഹത്തിൻെറ കൃതികഠം തെളിയിക്കുന്നുണ്ടു്. പൗരാണികേന്ത്യയുടെ പ്രത്യേക സ്വഭാവമായിരുന്ന സരളത്വം, അകൃത്രിമത്വം, ആത്മസംശയമനം എന്നു തുടങ്ങിയ ഉൽകൃഷ്ടഗുണങ്ങഠം അക്കാലത്തു നാമാവശേഷങ്ങളായിരുന്നു. ഹിന്ദുരാജാക്കന്മാർ അവരുടെ ഉൽകൃഷ്ടധർമ്മങ്ങളെല്ലാം വിസ്മരിച്ചു കേവലം തന്നിഷ്ടക്കാരും, ഭോഗൈകതൽപരന്മാരും ആയിത്തീർന്നു. അതിന്നും പുറമേ, അന്യവർഗ്ഗക്കാരായ സിതിയന്മാരുടെ ആക്രമണങ്ങഠം നിമിത്തം ജനങ്ങളുടെ ഇടയിൽ അവസാനമില്ലാത്ത അരിഷ്ടതകളും, അനൎത്ഥങ്ങളും വർദ്ധിച്ചുകൊണ്ടുവന്നു. അപ്രകാരമുള്ളതായിരുന്നു കാളിദാസൻെറ ഇന്ത്യ. ആ ഇന്ത്യക്കു് അക്കാലത്തു് അത്യന്താപേക്ഷിതമായിരുന്ന അരണ്യസന്ദേശമാകുന്നു നാം ആ വാഗ്യവാക്കിൻെറ കൃതികളിൽ നിറഞ്ഞു കാണുന്നതു്. ഹൈന്ദവ പരിഷ്കാരത്തിൻെറ പാവനമായ ഉൽപ്പത്തിസ്ഥാനത്തായിരുന്നു അദ്ദേഹം ശ്രദ്ധയോടും ആശയോടും കൂടി നോക്കിയിരുന്നതു്. നശിച്ചു തുടങ്ങിയിരുന്ന ആ ദിവ്യ ചൈതന്യത്തെ പുനൎജ്ജീവിപ്പിച്ചു് പ്രചാരപ്പെടുത്തുകയാണു് ആ മഹാപുരുഷൻ അനശ്വരങ്ങളായ തൻെറ കൃതികഠം വഴിയായി സാധിച്ചിട്ടുള്ളതു്.

## III

വിദേശീയരുടെ ദൃഷ്ടിയിൽ, കാളിദാസരുടെ കാലത്തെ ഇന്ത്യ, പരിഷ്കാരത്തിൻെറ ഏതാണ്ടു പരമകാഷ്ഠയിൽ എത്തിയിരുന്നു. കവിത, സംഗീതം മുതലായ കലാവിദ്യകളിലും

നാനാതരത്തിലുള്ള സുഖേച്ഛകളേയും തൃപ്തിപ്പെടുത്തുന്നതിനു വേണ്ടതായ സാധനസാമഗ്രികളുടെ സമൃദ്ധിയിലും അന്നത്തെ ഇന്ത്യ മുന്നണിയിൽ തന്നെ നിന്നിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് ജനങ്ങൾക്കു് ഐഹികസുഖഭോഗങ്ങളിൽ പ്രബലമായി ഉണ്ടായിരുന്ന ആസക്തിയുടെ ശക്തി കാളിദാസകൃതികളിൽ തീരെ കാണപ്പെടാതിരിക്കുന്നില്ല. വാസ്തവത്തിൽ, അദ്ദേഹത്തിന്റെ കൃതികളുടെ ബാഹ്യങ്ങളായ ഘടനാവിശേഷങ്ങളും ആകൃതിഭേദങ്ങളും; അലങ്കാരഭേദാദികളും എല്ലാം അന്നത്തെ ഉന്നതവും ശ്ലാഘ്യവും ആയ കലാവൈദഗ്ദ്ധ്യത്തിന്റെ ഉത്തമ ദൃഷ്ടാന്തമാകുന്നു. ആകയാൽ, കാളിദാസൻ അന്നത്തെ ഇന്ത്യയെ ശരിയായി പ്രതിനിധീകരിച്ചിരിക്കുന്ന ഒരു മഹാ കവിയാകുന്നു.

എന്നാൽ, സർവ്വസുഖങ്ങളുടേയും കേളീരംഗമായ ഒരു കനകസൗധത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവളാണെങ്കിലും, കാളിദാസരുടെ കവിതാദേവി, ചിന്താമഗ്നയും, സുഖാനുഭവങ്ങളിൽ അലസതയും ആകുന്നു. അവളുടെ ശ്രദ്ധയ്ക്കു സർവ്വത്ര വിഷയീഭവിച്ചിരിക്കുന്ന സംഗതി മറെറാന്നാകുന്നു. അവളുടെ ഹൃദയം ആ കാഞ്ചനഹർമ്മ്യത്തിൽ ഇല്ലതന്നെ. അവൾ അതിനെ ഒരു വെറും കാരാഗ്രഹമായി ഗണിക്കുകയും, ആ സ്വർണ്ണക്കൂട്ടിൽനിന്നു പുറത്തു ചാടി രക്ഷപെടുന്നതിനു സർവ്വഥാ ലാക്കു നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ആ കവിതാക്ഷേത്രം അതിന്റെ നിർമ്മാണചാതുരിയാൽ വിസ്മയം ജനിപ്പിക്കുന്നതാണെങ്കിലും, അതു് അതിന്മേൽ പതിക്കപ്പെട്ടിരിക്കുന്ന വിവിധ രത്നങ്ങളെപ്പോലെ കഠിനവുമാകുന്നു.

കാളിദാസകൃതികളിൽ, ബാഹ്യലോകവും ആന്തരലോകവും തമ്മിൽ—പ്രത്യക്ഷവും അപ്രത്യക്ഷവും തമ്മിൽ,—യഥാർത്ഥവും അയഥാർത്ഥവും തമ്മിൽ,—ആദർശങ്ങളും നടപടികളും തമ്മിൽ,—ഉള്ള ഒരു അശ്രാന്ത മത്സരത്തിന്റെ സൂചനാകരം

51288

സുലഭമായി കാണപ്പെടുന്നുണ്ട്. പ്രതാപൈശ്വര്യങ്ങളുടെ സമൃദ്ധിയിൽ പ്രശോഭിതമായിരുന്ന വിക്രമാദിത്യ മഹാചക്രവർത്തിയുടെ രമ്യഹർമ്മ്യത്തിൽ സൈ്വരവാസം ചെയ്തിരുന്ന ആ രാജകീയ കവിപുംഗവൻെറ മനസ്സു തീരെ അസ്വസ്ഥമായിരുന്നു! അന്നു് ഏതാനും ചരിത്രകഥയായിരുന്നുവെങ്കിലും, പരിശുദ്ധമായ ആ പൊയ്പോയ ആശ്രമജീവിതകാലത്തെ അദ്ദേഹം നിഷ്ഫലമായ അത്യാർത്തിയോടുകൂടി പിന്തിരിഞ്ഞു നോക്കിക്കൊണ്ടിരുന്നു. ആ ഭൂതകാലം വിദൂരവും ഒരു വേള അലഭ്യവും ആയിരുന്നു. ആ വ്യാമോഹത്തിൻെറ നിഷ്ഫലത്വം—അഥവാ ആ വ്യാമർദ്ദത്തിൻെറ കാഠിന്യം—കാളിദാസരെ അത്യന്തം വ്യാകുലപ്പെടുത്തിക്കൊണ്ടിരുന്നു.

കഥനീയ കഥാപുരുഷന്മാരായ സൂര്യവംശരാജാക്കന്മാരുടെ വീരചരിതത്തെ പ്രശംസിക്കുന്ന മഹാകാവ്യമാണു് രഘുവംശമെന്നിരുന്നാലും ഈ വ്യാകുലഭാവം ആ കൃതിയിൽ ആപാദചൂഡം അന്തർലീനമായിക്കിടപ്പുണ്ടു്.

ഇന്ത്യയിലെ ആലങ്കാരികന്മാരും, ശാസ്ത്രജ്ഞന്മാരും കാവ്യങ്ങൾ ദുഃഖപര്യവസായിയായി അവസാനിക്കുന്നതു നിഷേധിച്ചിരിക്കുന്നു. മംഗളപര്യവസായികളായിരിക്കണം ഉൽകൃഷ്ടകൃതികളെല്ലാം എന്നാണു പണ്ഡിതമതം! രഘുവിൻെറ വംശം അതിൻെറ ഔന്നത്യത്തിൻെറ അററത്തു് എത്തിയതു് ശ്രീരാമചന്ദ്രൻെറ വാഴ്ചക്കാലത്താണു്. അന്നാണു് ആ കുലത്തിൻെറ ഉച്ചസ്ഥിതി. അതോടുകൂടി കാളിദാസർ രഘുവംശകാവ്യത്തെ അവസാനിപ്പിക്കേണ്ടതായിരുന്നു. അപ്രകാരം ചെയ്തിരുന്നുവെങ്കിൽ അതു് രഘുവംശകാവ്യാരംഭത്തിൽ അദ്ദേഹം ചെയ്തിട്ടുള്ള പ്രസ്താവനയ്ക്കു് അനുരൂപവും ആയിരുന്നേനേ. രഘുവംശോൽഭൂതരായ ഈശ്വരഭക്തന്മാരും ജ്ഞാനികളും, മഹാന്മാരും, ആയ നൃപേന്ദ്രന്മാരുടെ പാവനചരിത്രങ്ങളെ വർണ്ണിക്കുവാനുള്ള തൻെറ ആഗ്രഹത്തെയാ

51288

ണല്ലോ ആ മഹാകവി കാവ്യാരംഭത്തിൽ സൂചിപ്പിച്ചിട്ടുള്ളതു്. എന്നാൽ ആ മഹാകാവ്യം സ്തുതികളിലൊ പ്രശംസാപരമായ വർണ്ണനകളിലോ അല്ലാ അവസാനിച്ചിട്ടുള്ളതു്. ആ കാവ്യത്തിൻെറ സമാപ്തി തൽകർത്താവിൻെറ ഹൃദയത്തെ വിടാതെ വ്യാകുലപ്പെടുത്തിക്കൊണ്ടിരുന്ന സംഗതി എന്താണെന്നു് സ്പഷ്ടമാക്കുന്നുണ്ടു്.

പ്രശസ്തമായ രഘുവംശത്തിൻെറ മൂലസ്ഥാപകൻെറ ജനനചരിത്രം നോക്കുക! രഘു ഭൂജാതനായതു് ഒരു ആശ്രമത്തിലാണു്. തൻെറ മാതാപിതാക്കന്മാരുടെ തപോവൃത്തിയുടെ ഫലമായിട്ടാണു് രഘുവിൻെറ ഉത്ഭവം. കഠിനമായ തപോവൃത്തി ഒന്നുകൊണ്ടുമാത്രമേ ഈ ലോകത്തിൽ ഉൽകൃഷ്ടങ്ങളും ഉത്തമങ്ങളും ആയ അനുഭവങ്ങൾ സിദ്ധിക്കയുള്ളു എന്ന ലോകമഹാതത്വത്തെ തൻെറ രക്ഷാധികാരികളായ രാജാക്കന്മാരെ കാളിദാസർ അനവരതം ധരിപ്പിച്ചുംകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ മിക്ക കൃതികളിലും ആ തത്വത്തെ വെളിപ്പെടുത്തുന്ന അലങ്കാര വിശേഷങ്ങളും, വ്യംഗ്യപ്രയോഗങ്ങളും മററും സുലഭങ്ങളാകുന്നു. നാനാദിഗന്തങ്ങളേയും ജയിച്ചടക്കിയവനായ രഘു—തെക്കും, വടക്കും, കിഴക്കും, പടിഞ്ഞാറും ഉള്ള രാജ്യങ്ങളിലെ രാജാക്കന്മാരെ എല്ലാം തോൽപ്പിച്ചു കീഴടക്കിയ പ്രതാപവാനായ രഘു,—ലോകം മുഴുവനും തൻെറ സ്വന്തം സാമ്രാജ്യമാക്കിത്തീർത്തവനായ രഘു—അദ്ദേഹത്തിൻെറ മാതാപിതാക്കന്മാരുടെ; ഉഗ്രമായ സന്ന്യാസവൃത്തിയാൽ നിയന്ത്രിതമായ ജീവിതത്തിൻെറ ഉൽകൃഷ്ടഫലമാകുന്നു. ചുരുക്കത്തിൽ ആ രഘു തപോധനന്മാരുടെ ഒരു ദുർലഭ സമ്പാദ്യമാകുന്നു. എന്നാൽ ശക്തനായ ഭരതൻ;—ബലവീര്യപരാക്രമങ്ങളാൽ ചക്രവർത്തിയായിത്തീൎന്ന ആ ഭരതൻ, ആരിൽനിന്നു വിശ്രുതമായ ഇന്ത്യാരാജ്യത്തിന്നു പ്രഖ്യാതമായ ഭാരതവർഷമെന്ന പേർ സിദ്ധിച്ചുവോ, വിചിത്രചരിത്രനായ ആ ഭരതൻ,—അദ്ദേ

ഹത്തിന്റെ ജനകജനനിമാരുടെ അപരിമിതവും അനിയന്ത്രിതവും ആയ കാമവികാരപ്രമത്തതയുടെ സന്താനമാകുന്നു. എന്നാൽ ദോഷകരമായ ആ കാമവികാരതീവ്രതയെ കാളിദാസർ എങ്ങിനെ തപശ്ശക്തിയാകുന്ന അഗ്നിയിൽ ചുട്ടുപഴുപ്പിച്ചു കരടററതാക്കുകയും,, മനസ്സിന്റെ അഗാധതയിൽ നിന്നു പുറപ്പെടുന്ന പശ്ചാത്താപമാകുന്ന നിർമ്മലാശ്രുധാരയിൽ കഴുകി എടുത്തു് പരിശുദ്ധമാക്കുകയും ചെയ്തിരിക്കുന്നു എന്നു നോക്കുക. അഴുക്കിന്റെ അംശങ്ങൾ ചേൎന്നിരുന്നതാണെങ്കിലും, ആവൎത്തിച്ചു ചെയ്യപ്പെട്ടവയായ ശുദ്ധീകരണക്രിയകൾകൊണ്ടു് നിൎമ്മലമായിത്തീൎന്ന ഒരു നൂതനവസ്തുവിനെയല്ലാതെ, ചളി പുരണ്ടതായ ആ മൂലവസ്തുവിനെ കാളിദാസർ നമ്മുടെ മുമ്പാകെ പ്രതിഷ്ഠിക്കുന്നില്ല. രഘു പരിശുദ്ധമായ തപസ്സിൽ നിന്നു തന്നെ ഉത്ഭവിച്ചവനും, ഭരതൻ യഥാൎത്ഥമായ തപസ്സുകൊണ്ടു പരിശുദ്ധമാക്കപ്പെട്ടവനും ആകുന്നു.

രഘുവംശകഥ ആരംഭിക്കുന്നതു്, സമ്പൽ സമൃദ്ധിയുള്ള ഒരു രാജധാനിയിലെ ധാടിമോടികളെ പ്രദർശിപ്പിക്കുന്ന വിചിത്രരംഗത്തിലല്ല; ദിലീപമഹാരാജാവു് പട്ടമഹഷിയായ സുദക്ഷിണയോടുകൂടി വനാന്തരത്തിലുള്ള ഒരു തപസ്വിയുടെ പ്രശാന്തമായ ആശ്രമത്തിൽ പ്രവേശിക്കുന്ന ഘട്ടത്തിലാണു്. അവിടെ|അദ്ദേഹം!—ആഴിചൂഴുമൂഴിക്കധീശനായ ദിലീപചക്രവൎത്തി;—അനൽപ്പമായ ഭക്തിബഹുമാനത്തോടും; അലംഘ്യമായ ആത്മസംയമനത്തോടുംകൂടി ആ ആശ്രമാധിപന്റെ— വസിഷ്ഠമഹർഷിയുടെ— ഗോവിനെ— കാമധേനുവിന്റെ മകളായ നന്ദിനിയെ—ശുശ്രൂഷിച്ചു പ്രീതിപ്പെടുത്തുന്നതിന്നു് ഉദ്യുക്തനായിത്തീരുന്നു!

ഉദഗ്രമായ ആത്മനിയന്ത്രണംകൊണ്ടും, പരാൎത്ഥപരമായ ജീവിതക്രമംകൊണ്ടും പാവനമായ ഒരു വിശിഷ്ടാശ്രമത്തിലാണു് രഘുവംശകാവ്യത്തിലെ ഒന്നാം രംഗം ആരം

ഭിക്കുന്നതു്. എന്നാൽ ആ കാര്യത്തിന്റെ അവസാനരംഗം ഇന്ദ്രിയസുഖങ്ങളിൽ അലംഭാവമില്ലാത്ത മദാന്ധന്മാരുടെ വികൃതലീലകളാകുന്നു! അന്ത്യസർഗ്ഗം വർണ്ണനകളുടെ വൈശിഷ്ട്യംകൊണ്ടും അലങ്കാരങ്ങളുടെ മനോഹരതകൊണ്ടും പ്രത്യേകം പ്രശോഭിക്കുന്നു. എന്നാൽ ആ ശോഭ ഭവനങ്ങളെ ദഹിപ്പിച്ചുകളയുകയും, ലോകത്തിൽ അനേകങ്ങളായ ആപത്തുകൾ ഉണ്ടാക്കിത്തീർക്കുകയും ചെയ്യുന്ന അഗ്നിയുടെ ശോഭയാകുന്നു. ആ കാന്തി ലോകത്തെ ആഹ്ലാദപ്പെടുത്തുകയും മനുഷ്യഗേഹങ്ങളെ പുഷ്ടിപ്പെടുത്തുകയും ചെയ്യുന്ന ഒരു കാന്തിയല്ല. ദിലീപന്റെയും അദ്ദേഹത്തിന്റെ ഏകപത്നിയായ സുദക്ഷിണയുടേയും ആശ്രമജീവിതത്തെ കാളിദാസർ പരിഭ്രമലേശംകൂടാതെയും; വളരെ വീണ്ടുവിചാരത്തോടും ഒതുക്കത്തോടുകൂടിയും മിതമായി വർണ്ണിച്ചിരിക്കുന്നു! എന്നാൽ, അഗ്നിവർണ്ണന്റെയും അദ്ദേഹത്തിന്റെ അനേകം ഭാര്യമാരുടേയും നാശകരങ്ങളായ ലീലാവിഹാരികളെ അദ്ദേഹം സാമാന്യത്തിലധികം വിസ്തൃതമായും അസാധാരണമായ അലങ്കാരചാതുരിയോടുകൂടിയും ചിത്രീകരിച്ചിരിക്കുന്നു. ആ ചിത്രം അഗ്നിജ്വാലകൾ പോലെ ഉജ്ജ്വല കാന്തിയോടുകൂടിയതാകുന്നു. അതിന്റെ സാമീപ്യം അസഹ്യവും, സമ്പർക്കം നാശജനകവും ആകുന്നു.

പ്രഭാതം എത്ര പ്രശാന്തരമണീയമാകുന്നു! കാഞ്ചനാഭ കലരുന്ന ജടാജൂടങ്ങളോടുകൂടിയ താപസബാലന്മാരെപ്പോലെ സൂര്യോദയം മനോഹരവും നിർമ്മലവും ആകുന്നു. മഞ്ഞുകൊണ്ടു് ആർദ്രമായ ഭൂമിയെ ഉഷസ്സു മന്ദംമന്ദം അണഞ്ഞു് ആശ്ലേഷിക്കുന്നു. അൽപ്പം മങ്ങിയതും മുത്തുപോലെ മനോഹരമായതും ആയ ഒരു കാന്തതയിൽ ദിങ്മുഖം പ്രശോഭിതമാകുന്നു. ആസന്നവും നൂതനവും ആയ ഒരു പരിശുദ്ധജീവിതത്തിലെ സന്ദേശത്തെ പ്രസിദ്ധപ്പെടുത്തിക്കൊണ്ടു് പുലർവേള ലോകത്തെ സുഷുപ്തിയിൽ

നിന്നു ഉണ്ടാത്തുന്നു. കാളിദാസരുടെ മഹാകാവ്യവും അതു പോലെ തന്നെയാകുന്നു. രഘുചക്രവൎത്തിയുടെ പ്രശസ്തമായ രാജവംശത്തിന്റെ ആരംഭത്തെ—തപസ്സുകൊണ്ടും, ത്യാഗം കൊണ്ടും സിദ്ധിച്ച രാജകീയങ്ങളായ പ്രതാപൈശ്വൎയ്യങ്ങളെ,—കാളിദാസരുടെ മഹാകാവ്യത്തിൽ മിതമായ ഭാഷയിലും, ക്രമമായ ശക്തിയോടുകൂടിയും വൎണ്ണിച്ചിരിക്കുന്നു! ആ വൎണ്ണനയിലെ വൈചിത്ര്യം നിയന്ത്രിതവും നിരുപമവും ആകുന്നു. അസ്തമനമോ! വിവിധ വൎണ്ണങ്ങളോടുകൂടിയ തടിച്ച മേഘക്കൂട്ടങ്ങളുടെ ഇടയിൽപെട്ടുഴലുന്ന സന്ധ്യാവൎണ്ണവൈചിത്ര്യത്താൽ വിസ്മയം ജനിപ്പിക്കുന്ന കിരണധോരിണികൊണ്ടു് സ്വല്പസമയത്തേക്കു് പശ്ചിമാംബരത്തെ മുഴുവൻ ജാജ്വല്യമാനമാക്കിച്ചെയ്യുന്നു. ആ അത്ഭുതവും, കാന്തിപൂരവും എല്ലാം ക്ഷണഭംഗുരങ്ങളാം ആകുന്നു. താമസം കൂടാതെ ഭയങ്കരമായ മൃത്യു രംഗപ്രവേശം ചെയ്യുന്നു. അതോടുകൂടി സന്ധ്യയുടെ രാമണീയകവുമെല്ലാം കവൎച്ച ചെയ്യപ്പെട്ടു് ഇല്ലാതായിത്തീരുന്നു. അസ്തമനസമയങ്ങളിലെ മനോഹരമായ കാന്തിപൂരം ക്രമത്തിൽ നിശബ്ദവും, നിൎജ്ജീവവും, നിൎവ്വികാരവും ആയ അന്ധകാരനിബിഡതയിൽപ്പെട്ടു തീരെ നശിച്ചുപോകുന്നു. ചേതോഹരിയായ സന്ധ്യ ഭയങ്കരിയായ രാത്രിയായിപ്പരിണമിക്കുന്നു! രഘുവംശത്തിന്റെ നാശമാകുന്നു അന്ത്യസൎഗ്ഗത്തിലെ വിഷയം. ആ രംഗം ദിനാന്തവേളയ്ക്കു് തുല്യം—ഒരു നക്ഷത്ര പതനംപോലെ. അത്യന്തം ഭാസുരവും ക്ഷണഭംഗുരവും, നാശോന്മുഖവും ആകുന്നു. ഇന്ദ്രിയസുഖേച്ഛകളെ തൃപ്തിപ്പെടുത്തുന്നതിനുള്ള അനേകങ്ങളായ വസ്തുക്കളുടെ ഭീതിജനകമായ സുലഭതയാൽ ചുററപ്പെട്ടു രഘുവംശത്തിന്നു നാശം സംഭവിക്കുന്നു. രഘുവംശകാവ്യത്തിന്റെ ആരംഭത്തിന്നും അവസാനത്തിന്നും തമ്മിലുള്ള ഈ വ്യത്യാസത്തിന്നു് ആന്തരവും അഗാധവും ആയ ഒരു അൎത്ഥമുണ്ടു്. ആ വീരകവി, അന്നത്തെ പരിതാവസ്ഥയെ ഓൎത്തു ദീൎഗ്ഘമായി നിശ്വസിച്ചുംകൊണ്ടു്

നിശബ്ദമായി തന്നെത്താൻ ആവലാതിപ്പെടുന്നു:—"പൌരാണികകാലത്തെ ഇൻഡ്യയുടെ സ്ഥിതി എത്ര പ്രശസ്തമായിരുന്നു! ഇന്നത്തെ അധഃപതനം എത്ര പരിതാപകരമായിരിക്കുന്നു! ക്രമോന്നതിയെ പ്രാപിച്ചുകൊണ്ടിരുന്ന ആ ആദ്യകാലത്തു തപസ്സായിരുന്നു ഇന്ത്യയുടെ അനർഘമായ സമ്പത്തു്. നാശഗർത്തത്തിൻെറ വക്കത്തു ചെന്നു് എത്തിനോക്കിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു് ഐഹികസുഖങ്ങളിലുള്ള അമിതമായ ആസക്തിയെ അടക്കുന്നതിന്നു് മാത്രം ഉപയോഗപ്പെടുന്നതും അററവും അളവും ഇല്ലാത്തതുമായ സാമഗ്രികാംക്കു് പ്രാധാന്യം സിദ്ധിച്ചിരിക്കുന്നു! സുഖഭോഗങ്ങളിലുള്ള തൽപരത ഉഗ്രങ്ങളും ഉജ്ജ്വലങ്ങളും ആയ അതിൻെറ നീണ്ട അഗ്നിജിഹ്വകളെ അത്യാർത്തിയോടുകൂടി ആകാശത്തോളം നീട്ടിയിരിക്കുന്നു. അതിൻെറ തപ്തകാന്തിയാൽ സർവ്വരുടേയും ദൃഷ്ടികാം മൂടപ്പെട്ടിരിക്കുന്നു".

പ്രാചീനങ്ങളും ആധുനികങ്ങളും ആയ ആദർശങ്ങാം തമ്മിലുള്ള ഈ മത്സരം, യഥാർത്ഥവും അയഥാർത്ഥവും തമ്മിലുള്ള ഈ വ്യാമർദ്ദം, കാളിദാസരുടെ മിക്ക കൃതികളിലും തെളിഞ്ഞു കാണപ്പെടുന്നുണ്ടു്. കുമാരസംഭവത്തിലാണു് അതിന്നുള്ള രക്ഷാമാർഗ്ഗത്തെ,—സമാധാനത്തിന്നുള്ള ഉപായത്തെ,—ധർമ്മ പരിപാലനത്തിനുള്ള ഏകാശ്രയത്തെ,—അദ്ദേഹം കാണിച്ചുതരുന്നതു്. സമ്പത്തിനോടുകൂടി ത്യാഗത്തേയും, വികാരത്തോടുകൂടി സംയമനത്തേയും കൂട്ടിച്ചേർക്കുന്നതുകൊണ്ടുമാത്രമേ യഥാർത്ഥമായ ശക്തി ഉൽഭൂതമാകയുള്ളുവെന്നു് കുമാരസംഭവത്താൽ ആ വരകവി നമ്മെ പഠിപ്പിക്കുന്നു. ഏതു പ്രതിബന്ധങ്ങളേയും അതിലംഘിച്ചു പൂർണ്ണമായ വിജയ ലബ്ധി ഉണ്ടാകുവാൻ മനുഷ്യനെ പ്രാപ്തനാക്കുന്നതു് ആ ശക്തി മാത്രമാകുന്നു. വെറും വ്യസനത്തോ, അന്ധമായ ഇച്ഛാശക്തിയോ, വികാരതീവ്രതയോ ഒരിക്കലും ആ ശക്തിയെ പ്രദാനം ചെയ്യുന്നതല്ല.

ചുരുക്കത്തിൽ, ത്യാഗത്തെ ഭോഗത്തോടുകൂടി കൂട്ടി ഇണക്കുന്നതിലാണു് യഥാൎത്ഥമായ "ശക്തി" സ്ഥിതി ചെയ്യുന്നതു്. ത്യാഗമൂൎത്തിയായ ശിവൻ ഏകാന്തവും അപാരവും ആയ സമാധിയിൽ മാത്രം ബദ്ധനിഷ്ഠനായിത്തീൎന്നപ്പോഠം സ്വൎഗ്ഗരാജ്യവുംകൂടി,—അഥവാ, പ്രപഞ്ചം മുഴുവൻ തന്നെ—അനാഥവും, അരക്ഷിതവും ആയി ഭവിച്ചു. നേരേമറിച്ചു്, ശ്രീപാൎവ്വതി ഏകയായും, പിതൃഗൃഹത്തിലെ സുഖസന്തോഷങ്ങളാൽ പരിവൃദ്ധയായും കഴിച്ചുകൂട്ടിയപ്പോഠം ദുഷ്ടതത്വങ്ങഠംക്കു് എവിടേയും അസഹ്യമായ, അഭിവൃദ്ധിയും ജയവും സംഭവിച്ചു.

നമ്മുടെ വികാരങ്ങഠംക്കു കണക്കിലധികം ശക്തിയും മൂൎച്ഛയും ഉണ്ടാകുമ്പോഠം ത്യാഗത്തിന്നും ഭോഗത്തിന്നും തമ്മിലുള്ള ഐക്യം നാമാവശേഷമായിത്തീരുന്നു. നാം നമ്മുടെ അഭിമാനത്തെയോ, വികാരത്തെയോ, ഇച്ഛാശക്തിയേയോ അവയുടെ വ്യാപ്തിയും വിസ്താരവും കുറച്ചുകുറച്ചു് അവയെ ക്ലിപ്തങ്ങളായ അതൃത്തികളിൽ സ്വരൂപിച്ചുവെയ്ക്കുന്നതു വളരെ ആപൽക്കരമാകുന്നു. അപ്രകാരം പ്രവൃത്തിക്കുന്നതായാൽ ഒരു ഏക വസ്തുവിൻെറ എന്തെങ്കിലും ഒരു ഭാഗം മാത്രം മുഴുവനായ ആ വസ്തുവിന്നു് വൈരൂപ്യവും നാശവും വരത്തക്കവിധത്തിൽ, കണക്കിലധികം വളൎത്തുകയും വലുതാക്കുകയും ചെയ്യുന്നതിന്നു നമുക്കു് ആഗ്രഹം ജനിക്കുന്നു. അതു പലവിധത്തിലുള്ള ദോഷങ്ങഠംക്കും കാരണമായിത്തീരുന്നു. ഏകമായ ഒരു വസ്തുവിൻെറ ഒരു ഭാഗത്തിന്നു് മാത്രമായി ഉണ്ടായിത്തീരുന്ന നാശകരമായ ഈ വളൎച്ചയിൽ ആ ഏകവും അംശവും തമ്മിൽ വലിയ വ്യാമൎദ്ദത്തിന്നു് ഇടവരുന്നു. അംശത്തിനോടുള്ള പ്രതിപത്തിമൂലം ആകെയുള്ള ഏകത്തിനോടു തോന്നുന്ന മത്സരം പാപകാരണവുമാകുന്നു.

അതുകൊണ്ടാണു ത്യാഗം അത്യാവശ്യമായിത്തീരുന്നതു്.

ഓരോരോന്നോരോന്നായി ഉപേക്ഷിച്ച നമ്മെ കേവലംനഗ്നന്മാരാക്കിത്തീർക്കുവാനല്ലാ "ത്യാഗം" ആവശ്യമാണെന്നു പറയുന്നതു്; നേരേമറിച്ചു്, നമ്മെ സമ്പന്നന്മാരും സമ്പൂർണ്ണന്മാരും ആക്കുന്നതിനാണു്. ത്യാഗം എന്നു പറയപ്പെടുന്നതു്, മുഴുവനുമായ ഒന്നിനെ രക്ഷിക്കുന്നതിനുവേണ്ടി അതിൻെറ നിസ്സാരമായ ഒരു അംശത്തെ ത്യജിക്കുന്നതാണു്; അത്യന്തമില്ലാത്ത ഒന്നിനെ സൂക്ഷിക്കുന്നതിനുവേണ്ടി താൽക്കാലികമായ ഒന്നിനെ ഉപേക്ഷിക്കുന്നതാണു്; പരാർത്ഥത്തിന്നുവേണ്ടി സ്വാർത്ഥത്തെ കളയുന്നതാണു്. യഥാർത്ഥമായ ആനന്ദാനുഭൂതിക്കുവേണ്ടി അവാസ്തമായ സുഖഭോഗങ്ങളെ കളയുന്നതാണു്. അതാണു നമ്മുടെ ഉപനിഷത്തുകളിൽ "ത്യാഗേന ഭുഞ്ജിഥാഃ"—ത്യാഗംകൊണ്ടു ഭോഗത്തെ അനുഭവിച്ചാലും,-—എന്നു ഘോഷിക്കപ്പെട്ടിട്ടുള്ളതിൻെറ അർത്ഥം. സുഖഭോഗങ്ങളിൽ അമിതമായ ആസക്തിയോടുകൂടി അവയുടെ അടിമകളായിത്തീരുന്നതല്ലാ യഥാർത്ഥമായ ആനന്ദാനുഭൂതി ശ്രീപാർവ്വതി കാമദേവൻെറ സഹായത്തോടുകൂടി ശ്രീപരമേശ്വരനെ കീഴടക്കുവാൻ ശ്രമിച്ചപ്പോൾ സംഭവിച്ചതായ പരാജയം നോക്കുക! എന്നാൽ അതേ കാര്യസിദ്ധിക്കുവേണ്ടിത്തന്നെ ആ ദേവി സർവ്വവും ത്യജിച്ചു് ഉഗ്രമായ തപസ്സുതുടങ്ങിയപ്പോൾ അഗ്രഹനിവൃത്തി എത്ര എളുപ്പത്തിൽ സംഭവിച്ചുവെന്നു നോക്കുക!

മുഴുവനുമായ ഏകത്തിൽ വിസ്മൃതിയോടുകൂടി, അതിൻെറ ഒരംശത്തോടുമാത്രം ഉണ്ടായിരുന്ന ദൃഢാസക്തിയാണു "വികാരം." എന്നാൽ ശിവൻ (ശിവം=മംഗളം.) എല്ലാകാലത്തേയ്ക്കും എല്ലാ രാജ്യത്തേക്കും ഉള്ളതാണു്. നമ്മുടെ ഹൃദയങ്ങളിൽനിന്നു വികാരശക്തിയെ തീരെ അകററിക്കളഞ്ഞാലല്ലാതെ നമുക്കു് അദ്ദേഹത്തെ പ്രാപിക്കുവാൻ സാധിക്കുന്നതല്ല.

"ത്യാഗത്താൽ ഭോഗത്തെ അനുഭവിക്കുക!" ഉപനിഷത്തുക്കളിലെ അനർഘമായ ഈ ആദർശമാണു കുമാരസംഭവ

TAYAM PUBLIC L

ത്തിലെ കഥാബീജം. ആ ആദർശത്തെ ദൃഢമായി അംഗീകരിച്ച് അനുസരിച്ചിരുന്ന പരിശുദ്ധസ്ഥാനങ്ങളാണ് ഇന്ത്യയിലെ പഴയ ആശ്രമപ്രദേശങ്ങൾ. "ത്യാഗേന ഭുഞ്ജീഥാഃ" എന്ന അനശ്വരവും അനർഘവും ആയ സന്ദേശത്തെയാകുന്നു ഇന്ത്യയിലെ പർണ്ണശാലകൾ ലോകം മുഴുവനും പരത്തീട്ടുള്ളത്. ആ പർണ്ണശാലകളാകുന്നു "ഹൈന്ദവ പരിഷ്കാരത്തിൻെറ ഉല്പത്തിസ്ഥാനം."

Valmeki Ramayanam

# വാത്മീകിരാമായണം

സാമാന്യമായി പറയുന്നതായാൽ, കവിതകൾ രണ്ടു തരത്തിലാകുന്നു. ചില കവിതകൾ അവയുടെ കർത്താക്കന്മാരുടെ സ്വന്തമായ വികാരങ്ങളുടെ ശബ്ദപ്രകടനങ്ങൾ ആകുന്നു; മറ്റു ചിലതു വലിയ ഒരു സമുദായത്തിൻെറ ഹൃദയതന്ത്രികളെയാകുന്നു ശബ്ദിപ്പിക്കുന്നതു്.

"ഒരു കവിയുടെ സ്വന്തമായ ശബ്ദപ്രകടനങ്ങൾ" എന്നു വിവക്ഷിച്ചതുകൊണ്ടു് ആ കൃതി മറ്റുള്ളവർക്കു മനസ്സിലാകത്തക്കതല്ലെന്നു ധരിക്കരുതു്; അങ്ങിനെ ആയാൽ, ആ കവിത കേവലം അസംബന്ധപ്രലാപം മാത്രമായിരിക്കും. ലോകസാമാന്യമായ മനുഷ്യത്വത്തിൻെറ മാനസികങ്ങളായ ശ്രദ്ധവ്യാപാരങ്ങളേയും, നിത്യങ്ങളായ വികാരവിശേഷങ്ങളേയും ഒരു ഉൽകൃഷ്ടകവി തൻെറ പ്രത്യേകമായ പ്രതിഭാവിലാസത്താൽ സ്വന്തമായ സന്തോഷസന്താപങ്ങളിൽക്കൂടേയും, സങ്കല്പങ്ങളിൽ കൂടേയും, അനുഭവങ്ങളിൽ കൂടേയും വീക്ഷിച്ചു വിശദീകരിക്കുന്നു എന്നു മാത്രമേ മേല്പറഞ്ഞ വിവരണത്തിന്നു് അർത്ഥമുള്ളൂ.

മറ്റേ വർഗ്ഗത്തിൽപ്പെട്ട കവികൾ, അവരുടെ കൃതികളിൽ ഒരു രാജ്യത്തിൻേറയോ കാലത്തിൻേറയോ പൊതുവായ ആശ

യങ്ങളേയും അനുഭവങ്ങളേയും സ്ഫുടീകരിക്കുന്നു. അപ്രകാരമുള്ള കൃതികൾ മനുഷ്യവർഗ്ഗത്തിൻെറ മുഴുവൻ അനശ്വരമായ സ്വത്താകുന്നു. അത്തരത്തിലുള്ള ലോകോത്തമങ്ങളായ കവനങ്ങളുടെ കർത്താക്കളാകുന്നു "മഹാകവികൾ". ഒരു രാജ്യത്തിൻെറയൊ വർഗ്ഗത്തിൻേറയോ ഒന്നിച്ചുള്ള ഹൃദയമാകുന്ന ഉറവിനെയാകുന്നു അവർ തുറന്നുവെയ്ക്കുന്നതു്. അവരുടെ "കവിതാദേവി" ആ കാലത്തിൻേറയോ വർഗ്ഗത്തിൻേറയോ മുഴുവൻ അധിദേവതയാകുന്നു. അപ്രകാരമുള്ള "മഹാകവി"യുടെ കൃതി പ്രത്യേകം ഒരാളുടെ കൃതിയാണെന്നു തോന്നുകയില്ല. കുണ്ടുള്ള താഴ്വരകളിൽ മുളച്ചു് ആകാശത്തോളം വളൎന്നുയൎന്നു നാനാഭാഗങ്ങളിലേയ്ക്കും വമ്പിച്ച കൊമ്പുകളെ നീട്ടി ജനനപ്രദേശത്തെ മുഴുവനും തൻെറ നിബിഡച്ഛായയാൽ ത്രാണനം ചെയ്തുകൊണ്ടു വനമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന വൃക്ഷരാജനെപ്പോലെയാകുന്നു ആ മഹാകവികളുടെ കവനങ്ങൾ. കാളിദാസരുടെ ശാകുന്തളത്തിലും കുമാരസംഭവത്തിലും അവയുടെ കർത്താവിൻെറ അന്യാദൃശമായ കവിതയാണു വിളങ്ങുന്നതു്. എന്നാൽ രാമായണവും മഹാഭാരതവും, ഗംഗാനദിയെപ്പോലെയും ഹിമാലയ മഹാഗിരിയെപ്പോലെയും ഇന്ത്യാരാജ്യത്തിൻെറതന്നെ ഓരോ അംശങ്ങളാകുന്നു; അവയുടെ കർത്താക്കന്മാരായ വാത്മീകിയും വ്യാസനും, വെറും കാഴ്ചയ്ക്കുവേണ്ടിമാത്രം നിൎത്തപ്പെട്ടിട്ടുള്ള സ്വരൂപങ്ങളാകുന്നു. വാത്മീകിവ്യാസന്മാരുടെ ഹൃദയമാണു്, രാമായണത്തിലും ഭാരതത്തിലും തുറന്നു വെച്ചിരിക്കുന്നതു്.

വാസ്തവത്തിൽ, വ്യാസനും, വാത്മീകിയും യഥാൎത്ഥമായി ജീവിച്ചിരുന്ന മനുഷ്യരുടെ പേരുകളേ അല്ല. ആ നാമങ്ങൾ സങ്കല്പനിൎമ്മിതങ്ങളാകുന്നു. ഉൽകൃഷ്ടങ്ങളായ ആ കൃതികളുടെ, —വിസ്തൃതമായ ഇന്ത്യാരാജ്യത്തെ മുഴുവൻ സംഗ്രഹിക്കുന്നതായ ആ ഇതിഹാസദ്വയത്തിൻെറ, —കർത്താക്കന്മാരുടെ പേരുകൾ ആ ഗ്രന്ഥങ്ങൾ വിട്ടുകളഞ്ഞിരിക്കുന്നു. കവിയുടെ സ്വ

രൂപം മുഴുവനും അദ്ദേഹത്തിന്റെ സ്വന്തം കവിതയാൽത്തന്നെ മറയ്ക്കപ്പെട്ടിരിക്കുന്നു.

നമുക്കു രാമായണവും ഭാരതവും ഏതുപ്രകാരമോ അപ്രകാരമായിരുന്നു പുരാതനയവനന്മാക്കു് അവരുടെ "ഇല്ലിയഡ്" എന്ന മഹാഗ്രന്ഥം. അതു ജനിച്ചതും സ്ഥിരമായി പ്രതിഷ്ഠിക്കപ്പെട്ടതും യവനരാജ്യത്തിന്റെ ഹൃദയമദ്ധ്യത്തിലായിരുന്നു. അതിന്റെ കത്താവായ "ഹോമർ" അന്നത്തെ യവനരാജ്യത്തിന്റെ ശബ്ദം മാത്രമായിരുന്നു. സ്വരാജ്യത്തിന്റെ അഗാധവും നിഗൂഢവും ആയ ഹൃദയകുഹരത്തിൽനിന്നു് ഉത്ഭവിച്ചു്, ഒരു ഗിരിനിർഝരത്തെപ്പോലെ, അദ്ദേഹത്തിന്റെ തടയപ്പെട്ടുവാൻ വഹിയാത്ത വാക്പ്രവാഹത്തിൽ എന്നന്നേയ്ക്കുമായി യവനരാജ്യം മുഴുവൻ മഗ്നമായിത്തീന്നു.

ആധുനികങ്ങളായ കൃതികൾക്കൊന്നും അത്തരപൂൎവ്വമായ ഈ "സാൎവ്വത്രികത്വം" സിദ്ധിച്ചിട്ടില്ല. മിൽട്ടന്റെ "പറുദീസാനഷ്ടം" എന്ന മഹാഗ്രന്ഥത്തിന്നു് അസാമാന്യമായ രചനാഭംഗിയും, വൃത്തവിലാസവും, ആശയഗാംഭീൎയ്യവും ഉണ്ടു്. എന്നാൽ അതു മിൽട്ടന്റെ ജന്മരാജ്യത്തിന്റെ ഒന്നിച്ചുള്ളതോ, സാമാന്യമായിട്ടുള്ളതൊ ആയ ഒരു സാഹിത്യസമ്പത്തല്ല. അതു പുസ്തകശാലകളുടെ അലങ്കാരം മാത്രമാകുന്നു. ആംഗ്ലേയഹൃദയത്തെ മിൽട്ടൻ സ്പർശിച്ചിട്ടില്ല.

അതുകൊണ്ടു്, പുരാതനങ്ങളായ ഏതാനും ചില പുരാണഗ്രന്ഥങ്ങൾ സാഹിത്യലോകത്തിലെ ഒരു പ്രത്യേകവൎഗ്ഗത്തിൽ ഉൾപ്പെട്ടവയാകുന്നു. പഴയ കാലങ്ങളിലെ ദേവന്മാരും അസുരന്മാരുമെന്നപോലെ അവയെല്ലാം ഉഗ്രകായന്മാരാകുന്നു. അത്തരം സൃഷ്ടികൾ ഇപ്പോൾ നാമാവശേഷങ്ങളായിത്തീന്നിരിക്കുന്നു.

പുരാതനമായ ആൎയ്യപരിഷ്കാരമാകുന്ന നിമ്മലനദി രണ്ടു കൈവഴികളായി തിരിഞ്ഞു് ഒന്നു യൂറോപ്പിലേക്കും ഒന്നു്

ഇന്ത്യയിലേയ്ക്കും പ്രവഹിച്ചു. ഈ രണ്ടു ഭൂഖണ്ഡങ്ങളിലും മഹത്തരങ്ങളായ രണ്ടു ഇതിഹാസഗ്രന്ഥങ്ങൾ, ആ ആദിമപരിഷ്കാരത്തിൻെറ സംഗീതമാധുരിയേയും സന്ദേശ സാരത്തേയും നാശംകൂടാതെ ഗാഢമായി സൂക്ഷിച്ചിരിക്കുന്നു.

പുരാണയവനരുടെ പാവനമായ പ്രതിഭാവിലാസത്തെ മുഴുവനും അവരുടെ രണ്ടു പുരാണഗ്രന്ഥങ്ങൾ പൂർണ്ണമായി സ്ഫുടീകരിച്ചിട്ടുണ്ടോ ഇല്ലയോ എന്നു് ഒരു വിദേശീയനായ എനിയ്ക്കു തീർച്ചപ്പെടുത്തുവാൻ സാദ്ധ്യമല്ല. എന്നാൽ, രാമായണത്തിലോ ഭാരതത്തിലോ സംഗ്രഹിക്കപ്പെടാതെ ഇന്ത്യയുടെ ഒരംശമെങ്കിലും ബാക്കിയായി കിടപ്പില്ലെന്നു് എനിക്കു നല്ല തീർച്ചയുണ്ടു്.

അതുകൊണ്ടാണു് അനവധി നൂററാണ്ടുകൾ കഴിഞ്ഞിട്ടും രാമായണം, ഭാരതം എന്നീ സാഹിത്യമഹാനദികൾ യാതൊരു വ്യത്യാസവും ശക്തിക്ഷയവും കൂടാതെ ഇന്നും ഇന്ത്യയിൽ പ്രവഹിച്ചുകൊണ്ടിരിക്കുന്നതു്. ആ വിശിഷ്ടഗ്രന്ഥങ്ങളെ ഗ്രാമങ്ങൾതോറും ഗൃഹങ്ങൾതോറും ദിനംപ്രതി പാരായണം ചെയ്തു വരുന്നു. ചില്ലറക്കച്ചവടക്കാരൻെറ പീടികയിലും, രാജാധിരാജൻെറ അരമനയിലും, ആ കൃതികൾക്കു് ഒരുപോലെ സ്വാഗതം ലഭിക്കുന്നു. കാലമഹാരണ്യത്തിൽ തങ്ങളുടെ യഥാർത്ഥ നാമങ്ങൾ മറയപ്പെട്ടു പോയവരായ ആ രണ്ടു മഹാകവികൾ അനുഗ്രഹിക്കപ്പെട്ടവരും ഭാഗ്യവാന്മാരുമാകുന്നു. നാമങ്ങൾ നശിച്ചുപോയാലും അവരുടെ വാഗ്ധോരണി ഇന്നും അനല്പമായ ശക്തിയോടുകൂടി പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ലക്ഷോപലക്ഷം സ്ത്രീപുരുഷന്മാരുടെ ഗൃഹാന്തർഭാഗങ്ങളിലേയ്ക്കു് ആ പൂർണ്ണപ്രവാഹം ആത്മശക്തിയേയും സമാധാനത്തേയും എത്തിച്ചുകൊടുക്കുന്നു. ആ പ്രവാഹങ്ങൾ കഴിഞ്ഞുപോയ അനേകങ്ങളായ നൂററാണ്ടുകളാകുന്ന തുംഗശൃംഗങ്ങളിൽനിന്നു് ഇടവിടാതെ അടിച്ചിറക്കിക്കൊണ്ടുവരുന്ന ഫലപ്രദങ്ങളായ "മല

മട്ട്"കളെ രാജ്യം മുഴുവൻ വ്യാപിപ്പിച്ച് ഇന്നത്തെ ഇന്ത്യയുടെ ഹൃദയാന്തർഭാഗത്തിൻെറ ഫലപുഷ്ടി വഴിപോലെ വദ്ധിപ്പിക്കുന്നു.

തന്നിമിത്തം, രാമായണത്തേയും ഭാരതത്തേയും വെറും ഇതിഹാസഗ്രന്ഥങ്ങൾ എന്നു മാത്രം പറഞ്ഞാൽ പോരാത്തതാകുന്നു; അവ ചരിത്രഗ്രന്ഥങ്ങളും കൂടിയാകുന്നു. ഏതെങ്കിലും ഒരു കാലത്തെ മാത്രം സംബന്ധിക്കുന്ന സംഭവങ്ങളേയും സംഗതികളേയും വിവരിക്കുന്ന ചരിത്രമല്ല; ഇന്ത്യയുടെ മുഴുവൻ സനാതനമായ ചരിത്രമാകുന്നു. മററു ചരിത്രങ്ങൾക്കു കാലപരിണാമം അനുസരിച്ചു പല മാററങ്ങളും സംഭവിക്കുന്നു. എന്നാൽ, ഈ ചരിത്രത്തിന്നു് ഒരു വ്യത്യാസവും സംഭവിക്കുന്നില്ല. ഇന്ത്യയുടെ മനഃപൂവ്വമായ അശ്രാന്തപരിശ്രമത്തിൻേറയും, ഇന്ത്യയുടെ ആരാധനാവസ്ഥവിൻേറയും, ഇന്ത്യയുടെ ദൃഢപ്രതിജ്ഞയുടേയും ചരിത്രത്തെയാകുന്നു ആ ഗ്രന്ഥങ്ങളിൽ വണ്ണിച്ചിരിക്കുന്നതു്. വിശേഷാത്തരങ്ങളായ ആ പുരാണ ഗ്രന്ഥങ്ങളാകുന്ന രാജമന്ദിരത്തിൽ ശാശ്വതമായ പരിശുദ്ധ സിംഹാസനത്തിന്മേൽ ആകുന്നു ആ ചരിത്രം പ്രതിഷ്ഠിതമായിരിക്കുന്നതു്.

ആകയാൽ മററു കൃതികളുടെ നിരൂപണകാര്യത്തിൽ അനുസരിക്കുന്ന തോതുകളേയും നിബന്ധനകളേയും വിട്ടു് അന്യമായ ഒരു രീതിയെ ഈ പുരാണങ്ങളുടെ വിമർശനവിഷയത്തിൽ അംഗീകരിക്കേണ്ടതായിരിക്കുന്നു. ശ്രീരാമൻെറ സ്വഭാവം ഉൽകൃഷ്ടമോ നികൃഷ്ടമോ, ലക്ഷ്മണൻെറ പ്രവൃത്തി വിമർശകനെ രസിപ്പിക്കുന്നതോ മുഷിപ്പിക്കുന്നതോ എന്നു മാത്രം ആലോചിച്ചാൽ മതിയാകുന്നതല്ല. അനേകം സഹസ്രാബ്ദങ്ങളായി ഇന്ത്യാരാജ്യത്തിലെല്ലാം ആ ഉൽകൃഷ്ട കൃതിയെ ഏതു നിലയിലാണു് ആദരിച്ചിട്ടുള്ളതു് എന്നു നിരൂപകൻ സാവധാനത്തിൽ ബഹുമാനപുരസ്സരം ആലോചിക്കേണ്ടതാകുന്നു.

ഇക്കാൎയ്യത്തിൽ, രാമായണംമൂഖേന ഇന്ത്യ ഉച്ചരിക്കുന്ന സന്ദേശം ഇന്നതാണെന്നു്,—ഉത്തമമെന്നു് ഇന്ത്യ സമ്മതിച്ചിട്ടുള്ള രാമായണത്തിലെ മഹത്തരമായ ആദർശമെന്താണെന്നു്—നാം സാദരം കണ്ടുപിടിക്കേണ്ടതാകുന്നു. ശ്രേഷ്ഠനായ ഒരു ധീരപുരുഷൻെറ പരാക്രമങ്ങളെ വൎണ്ണിക്കുന്ന കൃതിയാണു് ഇതിഹാസം—വീരകവിത (Epic)—എന്നുള്ള ഒരു തെററിദ്ധാരണ പരക്കെയുണ്ടു്. രണശൂരതയെ സൎവ്വപ്രധാനമായി ഗണിച്ചു ബഹുമാനിച്ചു വന്നിരുന്ന കാലങ്ങളിലും രാജ്യങ്ങളിലും എല്ലാം വീരചരിതമാകുന്നു ആ രാജ്യകാലങ്ങളെ പ്രതിനിധീകരിക്കുന്ന പുരാണഗ്രന്ഥങ്ങളിലെ സൎവ്വസാധാരണമായ കഥാവിഷയം. അതാണു മേല്പറഞ്ഞ തെററിദ്ധാരണയ്ക്കു കാരണം. രാമായണത്തിലും വളരെ യുദ്ധങ്ങളെ വൎണ്ണിക്കുന്നുണ്ടെന്നുള്ളതു വാസ്തവം തന്നെയാണു്. നായകനായ "രാമൻ" അന്യസാധാരണമായ ശക്തിയും രണശൂരതയും ഉള്ളവനാണെന്നുള്ളതും ശരിയാണു്. എന്നാൽ, രണശൂരതയല്ലാ രാമായണകഥയിലെ സ്ഥായിയായ ബീജം എന്നു നിൎവ്വിവാദമാണു്. കായികശക്തിയുടെ മാഹാത്മ്യത്തെയല്ല രാമായണം ഘോഷിക്കുന്നതു്; യുദ്ധവൎണ്ണനകളല്ല രാമായണത്തിലെ പ്രധാന വിഷയം; രാമായണത്തിലെ രസം വീരമല്ല.

ഏതോ ഒരു അവതാരപുരുഷൻെറ വീൎയ്യപരാക്രമങ്ങളെ സവിശേഷം വൎണ്ണിക്കുന്ന ഒരു പുരാണഗ്രന്ഥമാകുന്നു രാമായണമെന്നു പറയുന്നതു ശരിയല്ല. രാമായണകൎത്താവായ വാത്മീകിയ്ക്കു നായകനായ രാമൻ ഒരു അവതാരപുരുഷനല്ല, വെറും "മൎത്ത്യൻ" മാത്രമായിരുന്നു എന്നു പണ്ഡിതന്മാർ ദൃഷ്ടാന്തപ്പെടുത്തും. ഒരു മൎത്ത്യനു പകരം ഒരു ഈശ്വരനായിരുന്നു വാല്മീകി അദ്ദേഹത്തിൻെറ രാമായണത്തിൽ നായകനാക്കി വൎണ്ണിച്ചിരുന്നതു് എങ്കിൽ ആ സംഗതി തീർച്ചയായും അദ്ദേഹത്തിൻെറ കൃതിയുടെ ഉൽകൃഷ്ടതയ്ക്കു വളരെ ഹാനികരമാകുമായിരുന്നു എന്നുള്ള അഭിപ്രായത്തെ ഞാൻ ഈ അവസര

ത്തിൽ ചുരുക്കമായി പ്രസ്താവിച്ചുകൊള്ളുന്നു. എന്നാൽ, ഒരു കാവ്യത്തിൻെറ നിലയിൽ ആ ഗ്രന്ഥത്തിന്നുള്ള യോഗ്യത വളരെ കുറയുമായിരുന്നു. രാമൻെറ സ്വഭാവവും ചരിത്രവും ശ്രേഷ്ഠങ്ങളാക്കിത്തീർത്തിരിക്കുന്നതു് "രാമൻെറ" "മനുഷ്യത്വം" മാത്രമാണു്.

നാരദമഹർഷി ദേവന്മാരിൽ ആരിലും കാണുകാൻ സാധിക്കാത്ത ഒരു മാതൃകാമനുഷ്യനായ രാമനിൽ—പരിപൂർണ്ണനായ രാമനിൽ മാത്രം —കണ്ടെത്തിയവയും തൻെറ ഉത്തമമായ പുരാണഗ്രന്ഥത്തിനു് അനുരൂപനായിത്തീരുന്ന ഒരു നായകനിൽ ചേൎന്നുവിളങ്ങണമെന്നു മഹാകവി വാൽമീകി ഉദ്ദേശിച്ചിരുന്നവയും ആയ എല്ലാ ഉൽകൃഷ്ടഗുണങ്ങളുടേയും സംയോഗത്തിൻെറ സച്ചരിത്രമാകുന്നു രാമായണം. ഈശ്വരത്വത്തിൽ നിന്നു മനുഷ്യത്വത്തിലേക്കു് അധഃപതിച്ചവനായ ഒരു അവതാരപുരുഷൻെറ കഥയല്ലാ; നേരേമറിച്ചു്, ആന്തരവും ആത്മീയവുമായ യഥാൎത്ഥ മാഹാത്മ്യത്താൽ ദേവത്വത്തോളം ഉയൎന്നിട്ടുള്ള ഒരു മനുഷ്യൻെറ ചരിത്രമാകുന്നു രാമായണം. മനുഷ്യൎക്കു് ഏററവും പരിശുദ്ധവും പരമവും ആയ ഒരു മാതൃകയെ—പാവനാദർശത്തെ — കാണിച്ചുകൊടുക്കുന്നതിന്നു വേണ്ടിയാണു ഹൈന്ദവ കവിസാൎവ്വഭൗമൻ തൻെറ രാമായണഗ്രന്ഥം രചിച്ചതു്. അന്നുമുതൽ ഇന്ത്യയിലെ വായനക്കാർ മനുഷ്യജീവിതത്തിൻെറ ഉത്തമമായ ആ മാതൃകയുടെ ചരിതാമൃതത്തെ അത്യാസക്തിയോടുകൂടി ആസ്വദിച്ചും കൊണ്ടുവരുന്നു.

ഒരു ഗൃഹജീവിതമാതൃകയുടെ പരമകാഷ്ഠയെയാകുന്നു രാമായണം ചിത്രീകരിക്കുന്നതു്. അതാണു രാമായണത്തിൻെറ പ്രധാനമായ പ്രത്യേകത. പിതാവും പുത്രനും, ജ്യേഷ്ഠനും അനുജനും, ഭൎത്താവും ഭാൎയ്യയും, തമ്മിലുള്ള സ്നേഹബന്ധത്തിന്നു, — സദാചാരപരമായ ആ ധൎമ്മബന്ധത്തിന്നു — മഹത്തായ ഒരു പുരാണഗ്രന്ഥത്തിനു് ഉചിതമായ വിഷയമാകത്തക്കവിധം രാമായണത്തിൽ പ്രാധാന്യം കല്പിച്ചിരിക്കുന്നു. ആ

ബന്ധത്തെ അനുഭവാതീതമായ ഒരു ഉന്നതസ്ഥാനത്തോളം കവി ഉയർത്തിയിരിക്കുന്നു. മററുള്ള പുരാണകഥകാംക്ക (മഹാകാവ്യങ്ങാംക്ക) ശക്തിയും ചൈതന്യവും കൊടുക്കുന്നതു രാജ്യങ്ങളെ ജയിച്ചടക്കലും, ശത്രുക്കളെ നശിപ്പിക്കലും, പരസ്പരം മത്സരിക്കുന്ന ശക്തിയേറിയ രണ്ടു കക്ഷികാം തമ്മിൽ യുദ്ധം ചെയ്യലും മററും ആകുന്നു. എന്നാൽ, രാമായണത്തിൻെറ ശ്രേഷ്ഠതയ്ക്കു കാരണം രാമനും രാവണനും തമ്മിലുള്ള ഘോരസമരമല്ലാ; ജാനകീരാമന്മാരുടെ അന്യാദൃശമായ ദിവ്യാനുരാഗത്തിൻെറ മഹിമയെ അധികം പ്രകാശിപ്പിക്കുന്നതിനുള്ള ഒരു ഉപകരണം മാത്രമാകുന്നു രാമരാവണയുദ്ധം. ഒരു പുത്രനുണ്ടാകാവുന്ന പിതൃസ്നേഹത്തിൻേറയും, ഒരുത്തനു തൻെറ സഹോദരനുവേണ്ടി ചെയ്യാവുന്ന ആത്മത്യാഗത്തിൻേറയും, ഒരു ഭാര്യയിൽ കാണപ്പെടാവുന്ന ഭർത്തൃവിശ്വാസത്തിൻേറയും ഒരു രാജാവിനുണ്ടാകേണ്ട പ്രജാവാത്സല്യത്തിൻേറയും, അവസാന അതിർത്തികളെയാകുന്നു രാമായണത്തിൽ കാണിച്ചിട്ടുള്ളതു്. ലോകത്തിൽ മറെറാരു രാജ്യത്തിലുള്ള പുരാണഗ്രന്ഥങ്ങളിലും, ജനങ്ങളുടെ വെറും ഗൃഹജീവിതബന്ധത്തെ മഹാകാവ്യങ്ങാംക്ക പററിയ ഒരു പ്രതിപാദ്യവിഷയമായി സ്വീകരിച്ചുകാണുന്നില്ല.

ഈ സംഗതി കവിയുടെ മാത്രമല്ലാ ഇന്ത്യയുടേയുംകൂടി സ്വഭാവവിശേഷത്തെ പ്രത്യക്ഷപ്പെടുത്തുന്നു. ഇതിൽനിന്നു് ഇന്ത്യയിൽ ഗൃഹവും ഗൃഹധർമ്മങ്ങളും വളരെ മാഹാത്മ്യമേറിയവയാണെന്നു നമുക്കു് അനുഭവപ്പെടുന്നു. ഈ മഹാകവിത നമ്മുടെ മാതൃരാജ്യത്തു ഗൃഹസ്ഥാശ്രമത്തിനു കല്പിക്കപ്പെട്ടിട്ടുള്ള വിലമതിക്കുവാൻ വയ്യാത്ത സ്ഥാനവലിപ്പത്തിനു് ഉത്തമമായ തെളിവാകുന്നു. ഒരുത്തൻെറ സ്വന്തമായ സുഖസൌകര്യങ്ങാം മാത്രമല്ലാ; ഗൃഹസ്ഥാശ്രമത്താൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. "ഗൃഹസ്ഥാശ്രമം" സമുദായത്തെ മുഴുവനും ഏകീകരിച്ചു ബന്ധിക്കുകയും, ജനങ്ങളുടെ ശരിയായ പൌര

ഷത്തെ പൂർണ്ണമായി അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നു. ഇന്ത്യയിലെ ആര്യസമുദായത്തിന്റെ അടിസ്ഥാനം ഗൃഹമാകുന്നു. രാമായണം ആ ഗൃഹജീവിതം പ്രതികൂലങ്ങളായ അനർത്ഥങ്ങളിൽ അകപ്പെട്ടും, വനാന്തരത്തിലേക്കു ബഹിഷ്കരിക്കപ്പെട്ടും, കൊടുങ്കാട്ടിലെ കഷ്ടാരിഷ്ടങ്ങളെ അനുഭവിച്ചും പ്രത്യേകമായ ഒരു പ്രകാശത്തേയും വിലോഭനീയതയേയും കൈക്കൊള്ളുന്നു. കൈകേയിയുടേയും മന്ഥരയുടേയും ഗ്രദ്ധസംയോഗത്തിന്റെ നീചശക്തി അയോദ്ധ്യയിലെ രാജഗൃഹത്തെ പാടേ തകർത്തുകളയുന്നു. എന്നിട്ടും അപരാജിതമായ ഗൃഹജീവിതത്തിന്റെ സുസ്ഥിരത്വത്തെത്തന്നെ രാമായണം പിന്നേയും ഘോഷിക്കുന്നു. കായികശക്തിയേയല്ല, വിജയാവേശത്തിലുള്ള ഉന്മാദത്തേയല്ല, സമാധാനത്താൽ മുറ്റുവായ ഗർഹസ്ഥജീവിതത്തെയാകുന്നു. രാമായണത്തിൽ ഹൃദയപൂർവ്വകമായ സഹതാപക്കണ്ണുനീററിൽ ആറാടിച്ചു, പട്ടാഭിഷേകം കഴിപ്പിച്ചു, പൌരുഷശക്തിയാകുന്ന ഉൽകൃഷ്ടസിംഹാസനത്തിന്മേൽ വാത്മീകിമഹർഷി പ്രതിഷ്ഠിച്ചിരിക്കുന്നതു്.

വിദേശീയനായ ഒരു വിമർശകൻ രാമായണത്തിലെ പാത്രങ്ങൾ എല്ലാം അതിമാനുഷങ്ങളാണെന്നു പ്രസ്താവിച്ചിട്ടുണ്ടു്. അതു് ഓരോ മനോഭാവങ്ങളുടെ വ്യത്യാസമാണെന്നാണു് എനിക്കു പറയുവാനുള്ള സമാധാനം. പ്രത്യേകങ്ങളായ മനോഭാവങ്ങളോടുകൂടിയ ഏതെങ്കിലും ഒരു വർഗ്ഗക്കാൎക്കു് അതിമാനുഷങ്ങളായി തോന്നുന്നവയെല്ലാം വ്യത്യാസപ്പെട്ട സ്വഭാവമുള്ള മററൊരു വർഗ്ഗക്കാൎക്കു വളരെ സാധാരണങ്ങളായി തോന്നാവുന്നതാണു്. മനുഷ്യാതീതമായ അതിശയോക്തിപ്രകടനത്തെ ഇന്ത്യാക്കാർ ഒരിക്കലും രാമായണത്തിൽ കണ്ടിട്ടില്ല. രാമായണകഥയിലെ ഒരംശവും അമാനുഷികമായ അതിവൎണ്ണനയായി ഇന്ത്യാക്കാൎക്കു തോന്നീട്ടില്ലെന്നു് ഒരു ആയിരം കൊല്ലത്തെ അനുഭവം തെളിയിക്കുന്നു. രാമായണകഥ ഇന്ത്യയിൽ എല്ലാ കാലങ്ങളിലും എല്ലാ തരക്കാൎക്കും

വിജ്ഞാനത്തെ മാത്രമല്ലാ ഉല്ലാസത്തെയുംകൂടി പ്രദാനം ചെയ്തിട്ടുണ്ട്. അവർ ആ സദ്ഗ്രന്ഥത്തെ ഭക്തിബഹുമാന പുരസ്സരം അവരുടെ ശിരസ്സുകളിൽ അർപ്പിക്കുക മാത്രമല്ല, ഹൃദയാന്തർഭാഗങ്ങളിൽ നിക്ഷേപിക്കുകയുംകൂടി ചെയ്യുന്നുണ്ട്. അത് അവരുടെ മതഗ്രന്ഥം മാത്രമല്ലാ, അവരുടെ വീരകഥാ പ്രബന്ധം (Romance) കൂടിയാകുന്നു.

രാമായണഗ്രന്ഥത്തിലെ കവിതാവിഷയം നമ്മുടെ സമുദായത്തിന്റെ അതിർത്തിയിൽ ഉൾപ്പെട്ട ഒന്നിനേയും സ്പർശിക്കാതെ എത്രയും അകന്നതും അനുഭവാതീതവുമായ ഒരു വെറും സങ്കല്പചിത്രം മാത്രമായിരുന്നുവെങ്കിൽ, ഒരേ സമയത്തുതന്നെ ദൈവവും മനുഷ്യനും ആകുന്നതിന്നു രാമന്ന് ഒരിക്കലും സാധിക്കുന്നതല്ലായിരുന്നു; ഒരേ സമയത്തുതന്നെ നമ്മുടെ ഭക്തിക്കും ഉല്ലാസത്തിന്നും രാമൻ പാത്രീഭവിക്കുന്നതു മല്ലായിരുന്നു.

വിദേശീയനായ ഒരു വിമർശകൻ സ്വരാജ്യത്തുള്ള വീരകവിതകളുടെ തോതു പിടിച്ചു രാമായണം മനുഷ്യാതീതം—പ്രകൃതിവിരുദ്ധം—എന്ന് അഭിപ്രായപ്പെടുന്നതായാൽ അത്, ആ വിമർശകന്റെ രാജ്യത്തെ അപേക്ഷിച്ച്, ഇന്ത്യയ്ക്കുള്ള അസാധാരണമായ പ്രതിഭാവിലാസത്തിന്റെ പ്രത്യേകതയെ, വ്യത്യാസത്താൽ ഒന്നുംകൂടി സ്ഫുടീകരിക്കുകയേ ചെയ്യുന്നുള്ളു. ഇന്ത്യ ആഗ്രഹിക്കുന്നതും പ്രാർത്ഥിക്കുന്നതും, രാമായണംമൂലം ഇന്ത്യയ്ക്കു ലഭിച്ചിട്ടുണ്ട്. അനേകായിരം സംവത്സരങ്ങളായി രാമായണത്തിലെ ശുദ്ധങ്ങളായ അനുഷ്ടുപ് പദ്യങ്ങളിൽകൂടി കേട്ടുകൊണ്ടിരിക്കുന്നത് ഇന്ത്യയുടെ ഹൃദയസ്പന്ദനമാണ്.

പ്രിയവായനക്കാരേ! ശ്രീവാത്മീകിയുടെ രാമചരിതത്തെ കേവലം ഒരു കവിസൃഷ്ടിയായി കരുതരുത്; അത് ഇന്ത്യയുടെ രാമായണമാണെന്നു നിങ്ങൾ അറിയണം. എന്നാൽ മാത്രമേ രാമായണം മുഖേന ഇന്ത്യയെ ക്ലിപ്തമായി അറിയുന്ന

തിന്നു തരപ്പെടുകയുള്ളു. എന്നാൽ മാത്രമേ ഇന്ത്യയിൽനിന്നു രാമായണത്തെ ശരിയായി ധരിക്കുന്നതിന്നും സാധിക്കുകയുള്ളു. ഇന്ത്യ ശ്രവിക്കുവാൻ ആഗ്രഹിച്ചതു കേവലം രാഷ്ട്രീയമായ അഭിവൃദ്ധിയുടെ ധീരചരിത്രത്തെയല്ലാ; പരിപൂർണ്ണമായ ഒരു മാതൃകാപുരുഷന്റെ ചരിത്രത്തെയാകുന്നു. ആ ചരിത്രത്തെ ഇന്നുവരെ ഇന്ത്യ രാമായണഗാഥയിൽനിന്നു് അശ്രാന്തം ശ്രവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

പൂർണ്ണതയെ പ്രാപിക്കുന്നതിന്നു് ഇന്ത്യയ്ക്കുള്ള ഹൃദയപൂർവ്വകമായ ആവേശം അനന്യസാധാരണമാകുന്നു. അതു—പരിപൂർണ്ണത—അനുഭവങ്ങൾക്കു് അതീതവും, അപ്രാപ്യവും ആയ ഒരു വസ്തുവാണെന്നു് ഇന്ത്യ ഒരിക്കലും നിന്ദിക്കുകയോ, സംശയിക്കുകയോ ചെയ്തിട്ടില്ല. അതു പരിചയപ്പെട്ട ഒരു സത്യം ആണെന്നേ ഇന്ത്യ പ്രസ്താവിച്ചിട്ടുള്ളു. "പൂർണ്ണത"യെ പ്രാപിക്കുവാനുള്ള ഇന്ത്യയുടെ ആ അപാരമായ ആഗ്രഹത്തെ ഉദ്ദീപിപ്പിക്കുകയും, തൃപ്തിപ്പെടുത്തുകയും ചെയ്തിട്ടുള്ളതുകൊണ്ടു രാമായണം ഇന്ത്യയുടെ ഭക്തിപരാധീനമായ ഹൃദയത്തെ എന്നെന്നേയ്ക്കുമായി മുഴുവനും സവിശേഷം സ്വാധീനപ്പെടുത്തിയിരിക്കുന്നു.

അപൂർണ്ണസത്യത്തെ ആരാധിക്കുന്ന വർഗ്ഗക്കാർ,—യഥാർത്ഥങ്ങളെ ഏതാനും മാത്രമായി വിശ്വസിക്കുന്നവർ,—ലൗകികാവസ്ഥകളെ അക്ഷീണപരിശ്രമശീലന്മാരായി വിടാതെ പിന്തുടരുന്നവർ, കവിതയെ പ്രകൃതിയുടെ ഒരു കണ്ണാടിയായി മാത്രം കരുതിപ്പോരുന്നവർ, ലോകത്തിൽ വളരെ കാര്യങ്ങൾ സാധിക്കുന്നുണ്ടു്. ലോകം മുഴുവനും ആ വർഗ്ഗക്കാരോടു കടപ്പെട്ടവരുമാണു്. എന്നാൽ, നേരമറിച്ചു് "ഏററവും ഉത്തമമായിട്ടുള്ളതു മാത്രമാണു യഥാർത്ഥമായ സുഘകരണം; അതു മാത്രമാണു നിരന്തരങ്ങളായ അന്വേഷണങ്ങൾക്കു ശരിയായ വിഷയം" എന്നു പ്രതിപാദിക്കുന്നവരോടും, പരിപൂർണ്ണതയുടെ സമ്പൂർത്തിയാൽ വിവിധത്വത്തിൽ ഏകത്വത്തെയും, പാരസ്പര

മത്സരത്തിൽ, ഐകമത്യത്തെയും ഓരോ ഭാഗത്തിൻേറയും പ്രത്യേകമായ രാമണീയകത്തേയും വീക്ഷിച്ച് അവയെ അനുഭവപ്പെടുത്തുന്നതിനുവേണ്ടി തങ്ങളുടെ ഭക്തിപുരസ്സരമുള്ള പരിശ്രമങ്ങളെ വിനിയോഗിച്ചിട്ടുള്ള വൎഗ്ഗക്കാരോടും ലോകം അത്യന്തം കടപ്പെട്ടിട്ടുണ്ട്. ആ കടവും അത്ര എളുപ്പത്തിൽ കൊടുത്തുതീക്കാവുന്ന ഒന്നല്ല. അവരെക്കുറിച്ചുള്ള ഓൎമ്മ മാഞ്ഞുപോകയോ, അവർ പഠിപ്പിച്ചിട്ടുള്ള പാഠങ്ങൾ വിസ്മൃതിയിൽപെടുകയോ ചെയ്യുന്നതായാൽ നിശ്ചയമായും "മാനുഷികപരിഷ്ക്കാരം" പൊടിയും പുകയും നിറഞ്ഞു, ജനങ്ങൾ തിക്കിത്തിരിക്കുന്ന കൈത്തൊഴിൽശാലകളിലെ ഇടുങ്ങിയതും, അശുദ്ധമാക്കപ്പെട്ടതും ആയ മലിനവായുവിൻേറ അമർച്ചയിൽപ്പെട്ടു വാടിത്തളൎന്നു കാലാന്തരത്തിൽ തീരെ നശിച്ചുപോകാതിരിക്കയില്ല. അപരിച്ഛേദ്യമായ "പൂൎണ്ണത"യാകുന്ന ദിവ്യാമൃതത്തെ പാനം ചെയ്യാൻവേണ്ടി കഠിനമായ ദാഹത്തോടുകൂടിയവരായിരുന്ന ആൎയ്യപുരാതനന്മാരുടെ ഹൃദയാകർഷകമായ വിശുദ്ധചരിത്രത്തെ രാമായണം ഇന്നു ലോകത്തിനു കാണിച്ചുകൊടുക്കുന്നു. അതിൽ വൎണ്ണിച്ചു കാണിച്ചിരിക്കുന്ന സത്യസന്ധതയോടും, സഹോദരസ്നേഹത്തോടും, അനുരാഗശക്തിയോടും, ഗുരുഭക്തിയോടും നമുക്കു തോന്നുന്ന കലപ്പില്ലാത്ത അഭിനിവേശത്തെയും, ഹൃദയപൂൎവ്വകമായ സ്നേഹബഹുമാനങ്ങളേയും നാം നാശം കൂടാതെ സംരക്ഷിക്കുന്നതായാൽ സനാതന"സത്യസാഗര"ത്തിലെ നിൎമ്മലമായ കുളിർകാററു നമ്മുടെ തൊഴിൽശാലകളുടെ കവാടങ്ങളിൽകൂടി അകത്തു പ്രവേശിക്കാതിരിക്കയില്ല. നാം അനുഗൃഹീതരും ആകാതിരിക്കയില്ല.

# അശക്തിയുടെ അടിസ്ഥാനം

കാലവൎഷത്തിൻേറ പ്രഥമസൂചനകളോടുകൂടിത്തന്നെ ഞങ്ങളുടെ ഇടവഴിയും, അതു ചെന്നുമുട്ടുന്ന "ചിത്രപുരം

റോഡും" വെള്ളം കയറി മുങ്ങിപ്പോകുന്നു. കുട്ടിക്കാലംമുതൽ വാൎദ്ധക്യബാധയാൽ എന്റെ തല നരച്ചുതുടങ്ങിയതുവരെ ഈ സംഭവം കൊല്ലംതോറും ഞാൻ പ്രത്യേകം നോക്കി ക്കാണാറുണ്ടു്. ഇഹലോകയാത്രയാകുന്ന "ഓട്ടപ്പന്തയത്തിനു വെള്ളത്തിലും കരയിലുമായി ജീവിക്കുന്ന ചില ജന്തുക്കളേ ക്കാം നാം അധികം സമൎത്ഥന്മാരല്ലേ"ന്നു് അന്നെല്ലാം എനിക്കു തോന്നിയിട്ടുണ്ടു്.

അറുപതു സംവത്സരങ്ങൾ അങ്ങിനെ കഴിഞ്ഞുകൂടി. അതിന്നിടയ്ക്കു കാൎയ്യങ്ങൾക്കു പല വ്യത്യാസങ്ങളും പരിവൎത്ത നങ്ങളും വന്നുചേൎന്നു; പലതും കീഴ്മേൽ മറിഞ്ഞു കലി യുടെ തുരഗവാഹനമായ ആവിയന്ത്രത്തിന്നു് അതിനെ ആക്ര മിച്ചു കീഴടക്കിയ വൈദ്യുതയന്ത്രം നിമിത്തം സ്ഥാനഭ്രംശം സംഭവിച്ചു. കഷ്ടിച്ചു് അദൃശ്യാവസ്ഥയെ മാത്രം പ്രാപിച്ചി രുന്ന "അണുക്കൾ" ഇപ്പോൾ ബുദ്ധിക്കുംകൂടി അഗോചരമായി ത്തീൎന്നു. അന്ത്യദശയിൽ ഉറുമ്പുകൾ എന്നപോലെ, മനുഷ്യ രെല്ലാം ചിറകുകൾ സമ്പാദിച്ചവരായി. അന്തരീക്ഷത്തിന്റെ അവകാശകൈവശങ്ങളെക്കുറിച്ചു മേലിൽ കോടതികളിൽ ഉണ്ടായേക്കാവുന്ന വ്യവഹാരങ്ങളെ കാത്തുംകൊണ്ടു വക്കീല ന്മാരെല്ലാം കാവലിരിപ്പായി. ഒരൊററ രാത്രികൊണ്ടു ചീന ക്കാരുടെ "പന്നിവാലു"കൾക്കെല്ലാം മൂലച്ഛേദം സംഭവിച്ചു. അഞ്ചാറു കൊല്ലത്തെ പ്രയാണത്താൽ മാത്രം പിന്നിടാവുന്ന ഒരു നീണ്ട മാൎഗ്ഗത്തെ അമ്പതു വൎഷത്തിനകത്തു് ഒരു "ഹനു മാൻചാട്ടം"കൊണ്ടു ജപ്പാൻകാർ തരണം ചെയ്തു; എന്നാൽ മഴവെള്ളംകൊണ്ടുള്ള ഉപദ്രവം തടുക്കുന്നതിന്നു ചിത്പുരം റോഡിന്നുള്ള അശക്തിക്കുമാത്രം അന്നും ഇന്നും ഒരു വ്യത്യാ സവുമുണ്ടായിട്ടില്ല. സ്വരാജ്യലബ്ധി ആസന്നമായിരിക്കുന്നു വെന്നു് ആശിച്ചുവരുന്ന ഇക്കാലത്തും; ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെക്കുറിച്ചു് ആലോചിച്ചുതുടങ്ങിയിട്ടുംകൂടി ഇ ല്ലാത്ത ആ പഴയ കാലത്തെപ്പോലെതന്നെ നമ്മുടെ രാഷ്ട്രീയ

ഗാനങ്ങൾ ദുഃഖഘണ്ടാരത്തിൽ നീട്ടിപ്പാടേണ്ടവയായിത്തന്നെ യിരിക്കുന്നു. നമ്മുടെ സ്ഥിതിയുടെ ശോച്യാവസ്ഥയ്ക്കു മാത്രം എന്തായിട്ടും എത്രയായിട്ടും ഒരു മാററവും ഇതുവരെ ഉണ്ടാ യിട്ടില്ല.

ബാല്യം മുതൽക്കുള്ള നമ്മുടെ അഭേദ്യമായ പരിചയത്തി ൻെറ ശക്തിയാൽ ഇതൊന്നും നമുക്ക് അത്ഭുതജനകമായിക്കാ ണപ്പെടുന്നില്ല. അത്ഭുതം ജനിപ്പിക്കാത്തവയൊന്നും ചിന്തനാ ശക്തിയെ ഉദ്ദീപിപ്പിക്കുന്നതല്ല. നവീകരണം ഒരിക്കലും അവസാനിക്കാത്തവയായ ട്രാംവണ്ടികൾ മാറു വഴിയെ അല ങ്കരിച്ചുതുടങ്ങിയതോടുകൂടി ചിത്രപുരം റോഡിൻെറ ദയനീയ സ്ഥിതി ശക്തിയോടുകൂടി എൻെറ ശ്രദ്ധയിൽ പതിയുവാൻ തുടങ്ങി. ആ വഴിയിലെ കുണ്ടും കുഴിയും എൻെറ വണ്ടി യുടെ ചക്രവും തമ്മിൽ സാധാരണയായി നടന്നുവരുന്ന മല്ല യുദ്ധം എൻെറ അനാസ്ഥയിൽനിന്നു് എന്നെ ഉണത്തുകയും എൻെറ ശ്രദ്ധയെ ആകഷിക്കുകയും ചെയ്തു. ആ വഴിയിൽ യാത്രക്കാരുടെ പ്രവാഹവും ജലത്തിൻെറ ഒഴുക്കും തമ്മിൽ നടക്കുന്ന നിരന്തരസമരം ചിലപ്പോൾ അതിലേ പോകാറുള്ള എൻെറ മേലെല്ലാം വെള്ളം തെറിക്കുന്നതിനു കാരണമാകാ റുണ്ടു്. കൊല്ലംതോറും നടന്നുവരുന്ന ആ യുദ്ധത്തിൻെറ തീക്ഷ്ണതയെക്കുറിച്ചു് അപ്പോൾ എനിക്കു മമ്മഭേദകമായ ജ്ഞാനം ഉണ്ടാകാറുമുണ്ടു്. "നാമെന്തിനാണു് ഇതെല്ലാം സഹിക്കുന്നതു്?" എന്നു ഞാൻ ഇയ്യിടയിൽ തന്നെത്താൻ ആലോചിക്കാറുമുണ്ടു്.

അതു സഹിക്കാതെ കഴിയുന്നതു് അസാദ്ധ്യമല്ലെന്നും, സഹിക്കുന്നതല്ലെന്നു ശഠിക്കുന്നതായാൽ കാൎയ്യസ്ഥിതി വളരെ ഭേദപ്പെടുമെന്നും ഉള്ള വാസ്തവം കല്ക്കത്തയിൽ യൂറോപ്യന്മാർ അധികം അധിവസിക്കുന്നതായ "ചൌറിൻജി"യിൽ ചെന്നു നോക്കിയാൽ പ്രത്യക്ഷപ്പെടുന്നതാണു്. ആ ഭാഗം മുക്കാലും ട്രാംപാതകൾകൊണ്ടു നിറഞ്ഞിരിക്കുന്നു. അവിടെ ഇട

...YAYAM PUBLIC L...

വിടാതെ "റിഡപ്പു"കാം നടന്നുകൊണ്ടിരിക്കുന്നു. യഥേഷ്ടം സഞ്ചരിക്കുന്ന അലസനായ ഒരാനയെപ്പോലെ, അവിടത്തെ പണികാം പണിക്കാരുടെ സുഖവും സൌകര്യവും അനുസരിച്ചു സ്വാതന്ത്ര്യമായിത്തന്നെ കഴിഞ്ഞുപോരുന്നു. അങ്ങിനെ അല്ലായിരുന്നുവെങ്കിൽ ട്രാംകമ്പനിക്കാക്ക് ഒരു മിനിട്ടുനേരത്തെ സൈപാം നല്ലപ്പെടുന്നതല്ലെന്നു തീർച്ചയാണു്. അവർക്ക് ഉണ്ണാനും ഉറങ്ങാനും കൂടി സാധിക്കുന്നതല്ല. അടിമത്തം നമ്മുടെ എല്ലാംതന്നെ ഒരംശമായിത്തീന്നിരിക്കുന്നതുകൊണ്ടു നാം ശ്രമിച്ചാൽ സംഗതികാം ഇപ്പോഴത്തേക്കാം ഭംഗിയിലും പരിഷ്കാരത്തിലും ആക്കിത്തീക്കാമെന്നു വിശ്വസിക്കുന്നതിനു പോലും ആ പരാശ്രയജീവിതം നമ്മെ അനുവദിക്കുന്നില്ല. അതുകൊണ്ടാണു ചിത്രപുരം റോഡിലെ ജലപ്രവാഹവും, നമ്മുടെ നേത്രങ്ങളിലെ അശ്രുധാരയും നമ്മുടെ കവിതത്തടങ്ങളിലെ "കണ്ണീരൊലിപ്പാട്ടു"കളും നിലനിന്നു പോരുന്നതു്.

ഇതത്ര നിസ്സാരമായ ഒരു സംഗതിയല്ല. നമ്മുടെ യജമാനന്മാർ നാം തന്നെയാണെന്നു വല്ലപ്പോഴും ഒരിക്കലെങ്കിലും, ഏതെങ്കിലും ഒരു കാര്യത്തിലെങ്കിലും നമുക്കനുഭവപ്പെടുന്നതിനു നമ്മെ ഒരിക്കലും അനുവദിക്കുന്നില്ല. കുപ്പിബ്ഭരണികളിലിട്ടു വളത്തപ്പെടുന്ന ചില മത്സ്യങ്ങാം ഭരണിയുടെ വക്കുകളെ വെള്ളമെന്നു തെററിദ്ധരിച്ചു വക്കുകളിലെല്ലാം തല മുട്ടിച്ചു കഷ്ടപ്പെടാറുണ്ടെന്നു കേട്ടിട്ടുണ്ടു്. പിന്നീടു് ആ മത്സ്യങ്ങളെ അതിലും വലുതായ പാത്രങ്ങളിലോ അഥവാ കുളങ്ങളിലോ കൊണ്ടിടുന്നതായാൽ അവ വെള്ളത്തെത്തന്നെ ആ പഴയ കുപ്പിബ്ഭരണികളുടെ വക്കുകളാണെന്നു തെററിദ്ധരിച്ചു് അവയുടെ സഞ്ചാരപരിധികളെ പണ്ടത്തെ ഭരണികളുടെ വ്യാസത്തേക്കാം വലുതാക്കാതിരിക്കുന്നു. നമ്മുടെ സ്ഥിതി ആ മത്സ്യങ്ങളിൽനിന്നു് ഒട്ടും വ്യത്യാസപ്പെട്ടതല്ല. തല വല്ലതിന്മേലും മുട്ടി തകരാറാകുമെന്നുള്ള ഒരു ഭീതി നമ്മുടെ ശരീരത്തിലെ അസ്ഥികളുടെ അകത്തുംകൂടി വ്യാ

പിച്ച നമ്മുടെ സ്വാതന്ത്ര്യസഞ്ചാരത്തിനുള്ള അതിത്തികളെ ഏറ്റവും സങ്കുചിതങ്ങളാക്കിത്തീൎത്തിരിക്കുന്നു.

മഹാഭാരതത്തിലെ അഭിമന്യുവിനു ശത്രുക്കളുടെ സൈന്യവ്യൂഹത്തെ അതിലംഘിച്ചു് അകത്തു പ്രവേശിപ്പാനുള്ള വിദ്യയല്ലാതെ അവരെ തോല്പിച്ച പുറത്തു ചാടുന്നതിനുള്ള സൂത്രം മനസ്സിലായിട്ടുണ്ടായിരുന്നില്ല തന്നിമിത്തം ആ ധീരയുവാവിനു ശത്രുക്കളുടെ ക്രൂരങ്ങളായ താഡനങ്ങളാം എല്ലാം സഹിച്ചു മരിക്കേണ്ടിവന്നു. അതുപോലെതന്നെ മറ്റുള്ളവരാൽ യഥേഷ്ടം കെട്ടപ്പെടുവാനുള്ള വിദ്യ മാത്രം ജനനം മുതൽക്കു പഠിച്ചു വളൎന്നിട്ടുള്ള നമുക്കു് ആ കെട്ടുകളെ അഴിച്ചുകളയുന്നതിനുള്ള സൂത്രം ഇനിയും മനസ്സിലായിട്ടില്ലാത്തതുകൊണ്ടു്, നാം ഈ ലോകത്തിലെ എല്ലാ പ്രതികൂലശക്തികളുടേയും—ചക്രവൎത്തി മുതൽ നിസ്സാരനായ ശിപായി വരെയുള്ള എല്ലാവരുടേയും — അടിയും ഇടിയും ചവിട്ടും കുത്തും നിശ്ശബ്ദമായി സഹിക്കുന്നതിനു നിർബന്ധിതരായിത്തീരുന്നു.

മനുഷ്യരെ മാത്രമല്ല, പുസ്തകങ്ങളേയും, സൂചനകളേയും, അതിൎത്തികളേയും, സങ്കല്പനിൎമ്മിതങ്ങളായ വെറും വരകളെ കൂടിയും കണ്ണടച്ചു് അനുസരിക്കുക എന്നതു പരമ്പരയായുള്ള പരിചയംകൊണ്ടു നമ്മുടെ ഓരോരുത്തരുടേയും സ്വഭാവ വിശേഷമായിപ്പരിണമിച്ചിരിക്കുന്നു. തന്നിമിത്തം നാം യൂറോപ്യന്മാരുടെ കണ്ണടകാം ധരിക്കുന്നവരായിട്ടും ഏതെങ്കിലും ഒരേർപ്പാടിലെങ്കിലും നമുക്കു സ്വന്തമായും സ്വതന്ത്രമായും വല്ലതും പ്രവൎത്തിക്കുവാൻ സാധിക്കുമെന്ന വാസ്തവം—ആ പരമാൎത്ഥം—നമ്മുടെ കണ്ണുകാംക്കു മുമ്പിൽ തന്നെ നമ്മെ തുറിച്ചുനോക്കിക്കൊണ്ടിരുന്നിട്ടും നമ്മുടെ ദൃഷ്ടിയിൽപ്പെടുകയോ ശ്രദ്ധയെ ആകൎഷിക്കുകയോ ചെയ്യുന്നില്ല.

ഒരുത്തൻെറ യജമാനത്തം അവനുതന്നെ ഉണ്ടായിരിക്കേണ്ടതു മനുഷ്യവൎഗ്ഗത്തിനുള്ള അവകാശാധികാരങ്ങളിൽ

പ്രഥമവും പ്രധാനവുമായിട്ടുള്ളതാണു്. ത്രൈലോകശ്രേഷ്ഠമായ ഈ ജന്മാവകാശസിദ്ധാന്തത്തെ, ഗ്രന്ഥസിദ്ധാന്തങ്ങളെക്കൊണ്ടും, പഴഞ്ചൊല്ലുകളെക്കൊണ്ടും, ആചാരങ്ങളെക്കൊണ്ടും, അനുഷ്ഠാനങ്ങളെക്കൊണ്ടും ഒരു വ്രതംപോലെ നിർബന്ധമായി അമർത്തിവെയ്ക്കുകയും അകററിക്കളകയും ചെയ്യപ്പെടുന്ന ഈ രാജ്യം ഇപ്പോൾ അടിമകളെ നിർമ്മിക്കുന്ന ഒരു മഹായന്ത്രശാലയായിത്തീർന്നിരിക്കുന്നു. മതസിദ്ധാന്തങ്ങളാലും മന്ത്രതന്ത്രാദികളാലും അവിവേകത്തിൻെറ നിയന്ത്രണമെന്ന വ്യാജേന ജനങ്ങളുടെ കരപാദങ്ങളെ കൂട്ടിക്കെട്ടിയിരിക്കുന്ന ഈ രാജ്യം അനർഘങ്ങളായ പദവിന്യാസങ്ങളെ അകററുന്നതിനുവേണ്ടി വഴികളെത്തന്നെ പലപ്പോഴും വേണ്ടെന്നുവെച്ചിട്ടുള്ള രാജ്യം, മതത്തിൻെറ പേരും പറഞ്ഞു സഹോദരങ്ങളെത്താഴ്ത്തുകയും ചീത്തപ്പെടുത്തുകയും ചെയ്തുവരുന്ന രാജ്യം — നമ്മുടെ ജന്മഭൂമിയായ ഇന്ത്യാരാജ്യം — തന്നെ അടിമകളെ നിർമ്മിക്കുന്നതിനുള്ള മഹായന്ത്രശാലകളിൽ ഏററവും മഹനീയമായിത്തീർന്നിരിക്കുന്നതിൽ അശേഷം അത്ഭുതത്തിന്നവകാശമില്ല.

നാം നമ്മുടെ സ്വന്തം സഹോദരങ്ങളെ അമർത്തുന്നതിനും അകററുന്നതിനും ദുരുപയോഗപ്പെടുത്തിയ ന്യായവാദങ്ങളെത്തന്നെ ഇന്നത്തെ ഭരണാധികാരികളായ അധികാരപ്രമത്തന്മാർ നമ്മുടെ നേരെ പ്രയോഗിച്ചുവരുന്നു. "നിങ്ങളായാൽ തെററുകൾ പററിയേക്കും. നിങ്ങൾക്കു് അത്രയ്ക്കൊന്നും ആയിട്ടില്ല. സ്വതന്ത്രമായി ആലോചിപ്പാനും പ്രവർത്തിപ്പാനുമുള്ള അധികാരം നിങ്ങൾക്ക തരാറായിട്ടില്ല."

മനുവിൻേറയും പരാശരൻേറയും സ്മൃതികളിൽനിന്നു് ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഈ വാക്യങ്ങൾ ഇംഗ്ലീഷുകാരുടെ മുഖങ്ങളിൽനിന്നു പുറപ്പെടുമ്പോൾ നമുക്കു് അതു വളരെ അസ്ഥാനത്തിലായി എന്നു തോന്നുന്നു. അതു കേൾക്കുമ്പോൾ ഇംഗ്ലീഷുകാരുടെ സ്വന്തങ്ങളായ യുക്തിവാദങ്ങളെ

അനുസരിച്ചു് അവരവരുടെ ശക്തിവിശേഷത്തോടുകൂടി അവരോടു സമാധാനം പറയുവാൻ നാം ആഗ്രഹിക്കുന്നു. "ഒരുത്തന്റെ യജമാനത്വം അവനിൽത്തന്നെ ഇരിക്കേണ്ടതാണെന്നുള്ളതു മനുഷ്യസഹജമായ ഒരു ജന്മാവകാശമാണു്. അതിനെ എടുത്തുകളയുന്നതിലും വലുതായ ഒരാപത്തില്ല ഞങ്ങൾക്കു വല്ല തെററും പററിയേക്കും എന്നുള്ളതു്. തെററിയും തെററുകൾ തീർത്തും സ്വന്തമായി പ്രയത്നിക്കുന്നതിനുള്ള സ്വാതന്ത്ര്യം സിദ്ധിച്ചാലല്ലാതെ പരമാർത്ഥജ്ഞാനം സമ്പാദിക്കപ്പെടാവുന്നതല്ല." എന്നിങ്ങനെ നാം ഉശിരോടുകൂടി മറുപടി പറയുന്നു.

അവരോടു നമുക്കു് ഇനിയും പലതും പറയുവാനുണ്ടു്. "ജനാധിപത്യഭരണ"മാകുന്ന സ്വശക്തിയുള്ള ഒരു വിമാനത്തിൽ അഭിമാനത്തോടുകൂടി സഞ്ചരിക്കുന്നുണ്ടെങ്കിലും പണ്ടത്തെ "പാർലിമെണ്ടുവണ്ടി" ഒരു പോത്തുംവണ്ടിയായിരുന്നുവെന്നും, യാത്രയുടെ ആരംഭത്തിൽ അതു കുന്നും കുഴിയും കയറിയിറങ്ങിത്തട്ടിത്തടഞ്ഞു "തക്കട തരികട" എന്ന മട്ടിൽ സഞ്ചരിച്ചിരുന്നപ്പോൾ പുറപ്പെടുവിച്ചിരുന്ന ശബ്ദകോലാഹലം കേവലം ജയഭേരിയോടുകൂടിയ ഒരു ഘോഷയാത്രയുടെ മംഗളഗാനംപോലെതന്നെയായിരുന്നില്ലെന്നും ഇംഗ്ലീഷുകാരെ ഓർമ്മപ്പെടുത്തിയാൽ കൊള്ളാമെന്നു നാം വിചാരിക്കുന്നു. ആ വണ്ടി ആവിയന്ത്രങ്ങൾകൊണ്ടു നിരപ്പാക്കി ശരിപ്പെടുത്തിയ രാജപാതകളിൽക്കൂടിയൊന്നുമല്ല ആദ്യഘട്ടങ്ങളിൽ സഞ്ചരിച്ചിരുന്നതു്. ഹാ! ഒരിക്കൽ രാജാവിന്റെ കൈയിലും മറെറാരിക്കൽ പ്രജകളുടെ ഭാഗത്തും, ഒരു സമയത്തു പള്ളിയുടെ വരുതിയിലും, മറെറാരു സമയത്തു മാർപാപ്പയുടെ അധീനത്തിലും, ഒരിക്കൽ ജന്മികളുടേയും പിന്നീടു കുടിയാന്മാരുടേയും ചൊൽക്കീഴിലും, ഒരു കാലത്തു കൂലിക്കാരുടേയും മറെറാരു കാലത്തു മുതലാളികളുടേയും ചവിട്ടടിയിലും, ചിലപ്പോൾ മദ്യപാനികളുടേയും, മദ്യം കാച്ചുന്നവരുടേയും

മടിത്തട്ടിലും പെട്ട് അങ്ങോട്ടുമിങ്ങോട്ടും ഒരു സ്ഥിരതയുമില്ലാതെ ഭ്രാന്തു പിടിച്ച ചാഞ്ചാടിക്കൊണ്ടും തന്നിമിത്തം കക്ഷിവഴക്കിനും കൈക്കൂലിക്കും പ്രഹേളസ്സും ചൊറത്തരത്തിനും മറ്റും ഒരു സ്വതന്ത്രരംഗമായിക്കൊണ്ടും മെമ്പർമാരുടെ സന്നിധാനം ലഭിക്കുന്നതിനുകൂടി പലപ്പോഴും പല ഭീഷണികളും പ്രയോഗിച്ചുകൊണ്ടും വളൻവന്ന ആ "ബ്രിട്ടീഷു പാർലിമെണ്ടി"ൻെറ പൂവ്വചരിത്രം അവരെ അനുസ്മരിപ്പിക്കുവാൻ നാം ശ്രമിക്കുന്നു.

## II

തെറുകൾ പററിയേക്കുമത്രേ! "പാർലിമെണ്ടു"കളുടെ "മാതാ"വായ ബ്രിട്ടീഷു പാലിമെണ്ടിന്നു തെറുകൾ ഒന്നും പററിയിട്ടില്ലെന്നുണ്ടോ? അതിന്നു പററിയിട്ടുള്ള തെറുകളെക്കുറിച്ചു പറയുന്നതായാൽ, ഇംഗ്ലണ്ടും അമേരിക്കയും ഐർലാണ്ടും തമ്മിൽ ഉണ്ടായിരുന്ന പരസ്പരസംബന്ധത്തിൻെറ ആദ്യകാലം മുതൽ ഇക്കഴിഞ്ഞ യുദ്ധത്തിൽ "ഡാർഡനൽസ്" "മെസപട്ടോമിയ" എന്നീ സ്ഥലങ്ങളിൽവെച്ചു പററിയ പരമാബദ്ധങ്ങൾവരേയുള്ള ആ വമ്പിച്ച തെറുകളെക്കുറിച്ചും ആലോചിക്കുന്നതായാൽ, ഇന്ത്യയിൽ എത്തിച്ചേൻതിന്നു ശേഷം ചെയ്തിട്ടുള്ള അസംഖ്യം അതിമേദുരങ്ങളായ തെറുകളുടെ കഥതന്നെ ഇപ്പോൾ ആലോചനയ്ക്കെടുക്കാഞ്ഞാൽകൂടി ആ തെറുകളുടെ ചരിത്രം എത്ര ഭയാനകവും ദയനീയവുമായിരിക്കും. പണഭാന്തന്മാരുടെ പ്രവേശം അമേരിക്കയിലെ രാജ്യതന്ത്രകാൎയ്യങ്ങളിൽ ഭയങ്കരങ്ങളായ കുഴപ്പങ്ങൾ ഉണ്ടാക്കിയിട്ടില്ലേ? ഫ്രാൻസിലെ പട്ടാളഭരണത്തിൻെറ ക്രൂരതകൾ ഡ്രെഫസ്സിൻെറ കേസ്സു (Dreffer's case) കൊണ്ടുതന്നെ പ്രത്യക്ഷപ്പെട്ടില്ലേ? എന്നിട്ടും, ഇത്രയെല്ലാം അനത്ഥങ്ങളും, തെറുകളും, ആപത്തുകളും ഉണ്ടായിരുന്നിട്ടും ഇനിയും സംഭാവ്യങ്ങളായിരുന്നിട്ടും രാജ്യഭരണകാൎയ്യത്തിൽ

സർവ്വോപരി ശ്രേഷ്ഠമായിട്ടുള്ള ഒരു ശക്തി സകല തെററുകാം ക്കും പരിഹാരം വരുത്തുന്നതിനുള്ള ശക്തിയുള്ള സ്ഥാപനം പ്രജാധിപത്യഭരണമാണെന്നുള്ള സംഗതി സർവ്വരാലും സമ്മതിക്കപ്പെട്ടിട്ടുള്ള ഒരു മഹാതത്വമാകുന്നു. തെററുകാം സർവ്വസാധാരണങ്ങളാണു്. ഒരു തെററിനെ പരിഹരിക്കുന്നതു മറെറാരു തെററുകൊണ്ടായാലും ഒരു കുണ്ടിൽ ചെന്നു ചാടുന്ന വേഗതയോടും ഊക്കോടുംകൂടിത്തന്നെ ഉടനെ അതിൽനിന്നു പിടിച്ചു ചാടിക്കയറുന്നതിനും ആന്തരമായ ചൈതന്യശക്തി അക്ഷയമായിരിക്കുന്നതിനും സ്വതന്ത്രഭരണത്തിലല്ലാതെ സാധിക്കുന്നതല്ലെന്നുള്ളതു നിരാക്ഷേപമായിട്ടുള്ളതാണു് എന്നെല്ലാം പ്രസംഗിക്കുവാൻ നാം തുനിയുന്നു.

ഇനിയും വളരെ വലിയ ഒരു വാദംകൂടി നമുക്കു ചെയ്യാനുണ്ടു്. ജനങ്ങാംക്കു തങ്ങളുടെ ചുമതലകളെക്കുറിച്ചു് ഒരു ജ്ഞാനം ഉണ്ടാകുന്നതും, കാർയ്യപ്രാപ്തിയും എന്തിനുമുള്ള ഒരു സദാ സന്നദ്ധതയും ഉണ്ടാകുന്നതും മാത്രമല്ല, സ്വയംഭരണംകൊണ്ടു സാധിക്കുന്നതു്. മനുഷ്യൻെറ ഉത്സാഹശക്തിയുടെ ഉന്നമനത്തിനും, മനുഷ്യജീവിതത്തിൻെറ യഥാർത്ഥമായ ശ്രേഷ്ഠതയുടെ അഭിവൃദ്ധിക്കും സ്വയംഭരണം അത്യന്താപേക്ഷിതമാകുന്നു. ഏതെങ്കിലും ഒരു വർഗ്ഗത്തിൻേറയോ, വില്ലേജിൻേറയോ പരിധിക്കുള്ളിൽ മാത്രം ജീവിച്ചുപോരുന്ന കൂപമണ്ഡൂകങ്ങളായ മനുഷ്യക്കു്, സാമ്രാജ്യകാർയ്യങ്ങളെക്കുറിച്ചു് ആലോചിപ്പാനും പ്രവർത്തിപ്പാനും അവസരം ലഭിക്കുമ്പോഴാണു് അവരുടെ അന്തരംഗങ്ങാംക്കു വിശാലതയും അഭിപ്രായങ്ങാംക്കു വ്യത്യാസവും വന്നുചേരുന്നതും, അവർ മനുഷ്യജീവിതത്തിൻെറ ശരിയായ ആ വലിയ വ്യാപ്തിയെക്കുറിച്ചും, ഗൗരവത്തെക്കുറിച്ചും ധരിക്കുന്നതും. ഈ വളർച്ചയ്ക്കുള്ള അവസരം ഒരിക്കലും ലഭിക്കാത്തതുകൊണ്ടു് ഈ രാജ്യത്തുള്ള ഓരോ മനുഷ്യനും പൂർത്തിയായ വളർച്ച വന്നിട്ടില്ലാത്ത ഓരോ അപൂർണ്ണജീവികളായിത്തന്നെ കഴിഞ്ഞുകൂടുന്നു. തന്നി

മിത്തം അയാളുടെ വിചാരങ്ങളും, ശക്തികളും, ആശകളും, ആഗ്രഹങ്ങളും, പരിശ്രമങ്ങളും, സങ്കുചിതങ്ങളും സ്വാർത്ഥപരങ്ങളുമായിരിക്കുന്നു. നിർബന്ധമായി നിലനിർത്തിപ്പോരുന്ന ഈ സങ്കുചിതജീവിതം, ആത്മാവിനെ യഥേഷ്ടം വളരുവാനനുവദിക്കാതെ അമർത്തിവെച്ചിരിക്കുന്ന ഈ കൃത്രിമജീവിതം മരണത്തേക്കാൾ വളരെ വലുതായ ആപത്താകുന്നു; ഏററവും ദുസ്സഹമായ ദയനീയാവസ്ഥയാകുന്നു.

അതുകൊണ്ടു തെറ്റുകൾ പററിയേക്കാമെന്നിരുന്നാലും, ആപത്തുകൾ സംഭവിച്ചേക്കാമെന്നിരുന്നാലും നമുക്കു സ്വയംഭരണം കിട്ടാതെ ഗത്യന്തരമില്ല. ഞങ്ങൾ വഴിക്കു കാലിടറുകയും മറിഞ്ഞുവീഴുകയും ചെയ്തുകൊള്ളട്ടെ. എന്നാൽ നിങ്ങൾ ഈശ്വരനെ വിചാരിച്ചു നിങ്ങളുടെ ദൃഷ്ടികളെ—ഞങ്ങൾക്കുണ്ടാകുന്ന അഭിവൃദ്ധികളെ നിരീക്ഷിക്കുവാൻ മനസ്സില്ലാത്ത നിങ്ങളുടെ ദൃഷ്ടികളെ—ഞങ്ങളുടെ വീഴ്ചകളിൽ മാത്രമായി പതിപ്പിക്കാതിരുന്നാൽ മതി. ഇതാണു നമ്മുടെ മറുപടി. ഇതാണു ശരിയായ സമാധാനവും.

മക്ടെമുഷ്ടിക്കാരനായ വല്ല ഇന്ത്യക്കാരനും മേല്പറഞ്ഞ സമാധാനങ്ങളെ വീണ്ടും വീണ്ടും പറഞ്ഞു് അധികൃതന്മാരെ വിടാതെ അലട്ടുന്നപക്ഷം, ഗവൎമ്മെണ്ടു് അയാളെ അസ്വതന്ത്രനാക്കിയേക്കാമെങ്കിലും അയാൾക്കു പൊതുജനങ്ങളുടെ ഹാൎദ്ദമായ അനുമോദനം ലഭിക്കുന്നു. എന്നാൽ ആ ആൾതന്നെ—അനുമോദനാർഹനായ ആ മഹാപുരുഷൻതന്നെ—അയാളുടെ സ്വന്തം സമുദായനേതാക്കന്മാരുടെ നേക്കു തിരിഞ്ഞു് അവരുടെ പ്രവൃത്തികളെ ആക്ഷേപിച്ചുകൊണ്ടു്:— "ഈ കലിയുഗകാലത്തു മനുഷ്യരുടെ ബുദ്ധിശക്തി കുറഞ്ഞിരിക്കുന്നതുകൊണ്ടു് മനുഷ്യരെ സ്വതന്ത്രരായി വിട്ടുപോയാൽ പല തെറ്റുകളും പററിയേക്കാമെന്നും അതിനാൽ ശാസ്ത്രോക്തമായ ശാസനകളെ കണ്ണടച്ചു് അനുസരിച്ചു നടക്കുന്നതാണു് അവരുടെ സ്വന്തം തലച്ചോറിനെ ശ്രമപ്പെടുത്തുന്നതിനേക്കാൾ

അധികം നല്ലത്" എന്നും ആണല്ലോ ഞങ്ങളോടുപദേശിക്കുന്നത്. അപമാനകരവും ലജ്ജാവഹവും അബദ്ധമയവും ആയ ആ അഭിപ്രായത്തോടു യോജിപ്പാൻ ഞങ്ങളാരും ഒരുക്കമില്ല—" എന്നെങ്ങാനും കാൎയ്യത്തോളം പറഞ്ഞുപോയാൽ, തൽക്ഷണം ഹിന്ദുസമുദായത്തിലെ അധികൃതന്മാരുടെ കണ്ണുകൾ അതിരൂക്ഷങ്ങളാവുകയും "സമുദായഗവൎമ്മേണ്ടു്" ഉടനെ അയാളുടെ സാമുദായികസ്വാതന്ത്ര്യത്തിന്നു ഭംഗം വരുത്തുകയും ചെയ്യുന്നു. രാഷ്ട്രീയനഭോമണ്ഡലത്തിൽ പറന്നുകയറി വിഹരിക്കുവാൻ തങ്ങളുടെ ചിറകുകളെ ശരിപ്പെടുത്തുന്നവർ സാമുദായികവൃക്ഷത്തിൻെറ ശാഖകളിൽ അവരുടെ പാദങ്ങളെ ബന്ധനപ്പെടുത്തുവാൻ മടിക്കുന്നില്ല.

ഇടത്തോട്ടും വലത്തോട്ടും തുഴയുവാൻ പങ്കായം ഒന്നുതന്നെ മതി എന്ന പരമാൎത്ഥം അവർ ഓൎക്കുന്നില്ല. സാമുദായികമായിട്ടായാലും വേണ്ടില്ല, രാഷ്ട്രീയമായിട്ടായാലും വേണ്ടില്ല, മനുഷ്യശബ്ദത്തിന്നു യാഥാൎത്ഥ്യം സിദ്ധിക്കുന്നതിന്നു മുമ്പ് അനുഭവപ്പെട്ടിരിക്കേണ്ടതായ ഒരു പരമരഹസ്യമുണ്ടു്. ആ രഹസ്യത്തെക്കുറിച്ചുള്ള ജ്ഞാനവും, അതിനെ അടിസ്ഥാനപ്പെടുത്തിയും അനുസരിച്ചും ഉള്ള നടപടിയുമാണു ചിത്രപുരം റോഡിന്നും ചൌറിൻജിക്കും ഉള്ള വലിയ വ്യത്യാസത്തിൻെറ നിദാനം. സകല ശക്തികളും സൎക്കാർ അധികാരികളുടെ അധീനത്തിലാണെന്നാകുന്നു ചിത്രപുരം റോഡ് സങ്കല്പിക്കുന്നത്. തന്നിമിത്തം സമ്മാനദാനങ്ങളെ പ്രതീക്ഷിച്ചുംകൊണ്ടു വിനീതഭാവത്തിൽ കാത്തുനിൽക്കുന്ന അതിൻെറ കരതാമരസങ്ങൾ ഒരിക്കലും വിടരാത്ത മൊട്ടുകളായിത്തന്നെ നിൽക്കുന്നു. കാൎയ്യങ്ങളൊന്നും ഞങ്ങളുടെ കയ്യിലല്ലെങ്കിൽ ഞങ്ങളുടെ കയ്യുകൾ എന്തിന്നുള്ളവയാണു്?"എന്നു ചൌറിൻജി ഗൎജ്ജിക്കുന്നു. അതോടുകൂടി ലോകം സമസ്തവും ചൌറിൻജിയുടെ കയ്യുകളിൽ വന്നുചേരുന്നു. സൎവ്വശക്തനായ ജഗദീശ്വരൻെറ കരങ്ങളുടെതന്നെ ഒരു ഭാഗമാണു തൻെറ കയ്യുകൾ എന്നു ചൌറിൻജി പൂൎണ്ണമായി വിശ്വസിക്കുന്നു.

അപ്പോഠം ചൌറിൻജിയുടെ കരങ്ങാംക്ക പൂൎണ്ണവികാസവും സൎവ്വശക്തിയും സിദ്ധിക്കുന്നു. ചിത്രപുരം റോഡിന്നു ലോകത്തിൻെറ ഒരംശംപോലും അധീനമായിട്ടില്ല; കാരണം ചിത്രപുരത്തിന്നു് ഈ വിശ്വാസശക്തി തീരെ ഇല്ല. ചിത്രപുരം നിരാശയാൽ അൎദ്ധനിമീലിതങ്ങളായ നേത്രങ്ങളോടുകൂടി ബോധക്ഷയമുണ്ടാക്കുന്ന അലസതയിൽ ആണ്ടുകിടന്നു തന്നെ ത്താൻ സമാധാനപ്പെടുന്നതേയുള്ളു.

നമ്മുടെ ഇടയിലുള്ള ഗൃഹജീവിതത്തിലെ ആചാരാനുഷ്ഠാനങ്ങളിൽ നമുക്കുള്ള വിശ്വാസം നിലനിൎത്തണമെങ്കിൽ നാം ഏറെക്കുറെ കണ്ണടച്ചുകളയുകതന്നെ വേണം. ഇടയ്ക്കെങ്കിലും കണ്ണു തുറക്കുന്നതായാൽ ലോകഭരണം നടത്തുന്ന സൎവ്വപ്രധാനമായ നിയമശക്തിയുടെ പ്രകാശവിശേഷം അല്പമെങ്കിലും ആ ദൃഷ്ടികളിൽ പ്രവേശിക്കാതിരിക്കുന്നതല്ല. മറ്റെല്ലാരുത്തനായാലും വേണ്ടില്ല, ലോകസാമാന്യത്തിനായാലും വേണ്ടില്ല, ബലവും ധനവും സങ്കടാനുഭവങ്ങളിൽ നിന്നുള്ള മോചനവും എല്ലാം ഉണ്ടാകുന്നതു് ആ ലോകനിയമത്തെ വശപ്പെടുത്തി സ്വന്തമായി ഉപയോഗിക്കുന്നതിൻെറ പ്രതിഫലമായിട്ടാണു്. അതെല്ലാം അവൻെറ ആ വലിയ പ്രയത്നത്തിൻെറ സംഭാവനകളാണു്. ഈ സങ്കല്പമാണു്—ഇതിലുള്ള പൂൎണ്ണവിശ്വാസമാണു്—പാശ്ചാത്യപരിഷ്കാരത്തിൻെറ അടിസ്ഥാനം. ആ ബോധത്തിൻെറ ദൃഢതയാണു് പാശ്ചാത്യന്മാർക്കു് അവരുടെ അപരിമിതമായ സ്വാതന്ത്ര്യത്തെ പ്രദാനം ചെയ്തിട്ടുള്ളതു്.

നാം ഇപ്പോഴും കയ്യും തിരുമ്മി, വയറും തലോടി നമ്മുടെ യജമാനന്മാരുടെ കല്പനകളെക്കാത്തുകൊണ്ടുതന്നെ നിൽക്കുന്നു. ആ യജമാനൻ ആരായിരുന്നാലും വേണ്ടില്ല,—അയാൾ തറവാട്ടിലെ കാരണവനോ അമ്പലത്തിലെ മേൽശാന്തിയോ, കരയിലെ ആശാനോ, ദേശത്തെ ജന്മിയോ, ശാസ്ത്രികളോ, മാന്ത്രികനോ, ചാത്തനോ, കുട്ടിച്ചാത്തനോ ആ തരത്തിൽ

പെട്ട കോടാനുകോടി ക്ഷുദ്രജന്തുക്കളിൽ ഏതെങ്കിലുമൊന്നോ, എല്ലാംകൂടിക്കൂടിയതോ ആയിരുന്നാലും വേണ്ടില്ല ആ യജമാനനെ ആരാധിച്ചു് അനുസരിക്കുന്നതിനു് സദാ സന്നദ്ധരായ നാം സ്വതന്ത്രമായി ആലോചിക്കുന്നതിനും അനുഷ്ഠിക്കുന്നതിനും നമുക്കുള്ള സഹജമായ ശക്തിയെ മനഃപൂൎവ്വമായി ഛിന്നഭിന്നമാക്കിത്തീൎത്തു് ഊതുന്ന കാററിൽ നാലുപുറത്തേക്കും വലിച്ചെറിഞ്ഞുകളയുകയാണു ചെയ്യുന്നതു്. ഏതു കാൎയ്യത്തിലും കല്പനകൾ അനുസരിച്ചു് കല്പിക്കുവാനുള്ള വശതയോ അതിനു വേണ്ടുന്ന അധികാരമുണ്ടെന്നുള്ള ബോധമൊ നമ്മളിൽ തീരെ ഇല്ലാതായിത്തീൎന്നിരിക്കുന്നു.

കോളേജ് വിദ്യാൎത്ഥികൾ ഈ പതനത്തിൽ എന്നെ ഒരുവേള ആക്ഷേപിച്ചേയ്ക്കാം. ഞങ്ങൾ അതിലൊന്നും വിശ്വസിക്കുന്നില്ല. ഞങ്ങൾ വസൂരി കുത്തിവയ്ക്കാറില്ലേ? തലേത്തട്ടി പിടിച്ചാൽ ഉപ്പുവെള്ളം കുത്തിക്കേററാറില്ലേ? മലമ്പനി ചില “മൈക്രോബങ്ങ്”ളാൽ പരത്തപ്പെടുന്ന ഒരു ദീനമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ലേ? ഞങ്ങളുടെ ഈശ്വരന്മാരുടെ സംഘത്തിൽ ഞങ്ങൾ അതിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ? എന്നെല്ലാം അവർ യുക്തിവാദങ്ങൾ പുറപ്പെടുവിക്കുമായിരിക്കാം.

ഇന്നു ഒരു സംഗതിയിൽ വിശ്വാസമുണ്ടോ, എന്നുള്ളതല്ല കാൎയ്യത്തിന്റെ കാതലു്. ബാഹ്യമായ ഏതെങ്കിലും ഒരു ശക്തിക്കു കീഴടങ്ങി അതിനെ കണ്ണടച്ചു നിശബ്ദമായി എപ്പോഴും അനുസരിക്കുന്നതുകൊണ്ടു സ്വതന്ത്രപ്രയത്നത്തിനും ചിന്തനത്തിനും ഉള്ള സഹജമായ ശക്തിയുടെ ഉറവുതന്നെ വററിപ്പോകുന്നു എന്ന സംഗതി നിൎവ്വിവാദമാണു്. മാനസികമായ ഈ ഭീരുത്വം നമ്മെ സൎവ്വഥാ ബാധിച്ചിരിക്കുന്ന അപരിച്ഛേദ്യമായ ഒരു ഭയത്തിന്റെ സന്താനമാണു്. ആ ഭയം നമ്മുടെ അകത്തും പുറത്തും ബാധിച്ചു് നമ്മുടെ ബുദ്ധിയേയും മനസ്സാക്ഷിയേയും കീഴടക്കുന്നു. ലോകം മുഴുവൻ വ്യാപിച്ചും നിറഞ്ഞും കിടക്കുന്ന അലംഘ്യമായ പ്രപഞ്ചനിയമത്തിന്റെ

അപാരശക്തിയിൽ നമുക്ക വിശ്വാസമില്ലാത്തതുകൊണ്ടാണ നാം മേൽപ്രകാരം ഭീരുക്കളും ഭയവിഹ്വലന്മാരും ആയിത്തീരുന്നതു്. സംശയവും അമാന്തവും ഭയത്തിൻെറ ഒഴിക്കവാൻ വയ്യാത്ത ഫലങ്ങളാകുന്നു. "എന്തുതന്നെ സംഭവിച്ചുകൂടാ. എന്തിനാണ വെറുതെ ആപത്തുണ്ടാക്കിത്തീക്കുന്നതു്?" എന്നാണു് ഒരു ഭീരുവിൻെറ സാർവ്വത്രികമായ അഭിപ്രായഗതി.

ഭീരുക്കളുടെ ഒരു പ്രത്യേക ചേതോവികാരമായ ഈ അപചയം നമ്മുടെ ഭരണാധികാരികളും ചിലപ്പോൾ പ്രദർശിപ്പിക്കുന്നുണ്ടു്. അവരുടെ ഭരണത്തിലുള്ള വല്ല വൈകല്യപ്പഴുതുകളിൽക്കൂടി ഭയം അകത്തു പ്രവേശിക്കുമ്പോഴാണു് ഈ മാററം സംഭവിക്കുന്നതു്. അപ്പോൾ അവർ പരമ്പരയായി ലാളിച്ചനുസരിച്ചുപോരുന്ന പല അഭിപ്രായഗതികളെയും വിസ്മരിച്ചു് അവരുടെ സർവ്വാധികാരങ്ങൾക്കും ഏകാശ്രയമായ മൂലതത്വത്തിൻെറ മുരടിന്മേൽത്തന്നെ പരിഭ്രമിച്ചു കോടാലി വയ്ക്കുന്നു. അപ്പോൾ ദൈവികങ്ങളായ നിയമങ്ങളെപ്പോലും നിശ്ശങ്കം നിരാകരിക്കുന്ന ജന്മാവകാശങ്ങളും നീതിന്യായങ്ങളുമെല്ലാം അധികാരികളുടെ "മാന്യതയ്ക്കു" കീഴടങ്ങി അന്തർദ്ധാനം ചെയ്യുന്നു. "നിയമവും സമാധാനവും" (Law and Order) നിലനിത്തുന്നതിനു് അനീതിയും, അക്രമമായ ബലപ്രയോഗവും ആരാധിക്കപ്പെടുന്നു. ഞങ്ങളുടെ രൂക്ഷതയുടെ ധൂമപടലങ്ങൾ സുഖകരങ്ങളാകേണമെങ്കിൽ അവരുടെ ബാഷ്പധാരകൾ "ആൻഡമാൻ തുരുത്തു"കളുടെ ഏകാന്തതയിൽ മറയ്ക്കപ്പെടണമെന്നു് അധികൃതന്മാർ ആലോചിച്ചുറയ്ക്കുന്നു. തങ്ങളുടെ അഭിമാനത്തോടുകൂടിയ പ്രത്യേക ലാളനകളേറു വളന്നുവരുന്ന ഒരു കാര്യത്തിൽ പ്രതിബന്ധം നേരിടുമ്പോൾ മററെല്ലാ മര്യാദകളേയും പെട്ടെന്നു മറന്നു "താൻ പിടിച്ച മുയലിൻെറ മൂന്നു കൊമ്പുകൾ" നശിക്കാതിരിക്കുന്നതിനു് എന്തക്രമവും പ്രവത്തിപ്പാൻ മനുഷ്യർ മടിക്കുന്നില്ല. ഗവണ്മെണ്ടധികാരികളുടെ മേൽപറഞ്ഞ ഭയപരിഭ്രമങ്ങളും കഠിനപ്രവൃ

ത്തികളും ഇതിന്നു ദൃഷ്ടാന്തമാണു്. അടിവരെ ചുഴിഞ്ഞുനോക്കിയാൽ അധികൃതന്മാരുടെയെല്ലാം അക്രമപ്രവൃത്തികളുടെ അടിസ്ഥാനം അതിനീചമായ വല്ല ഭയമോ, സ്വാത്മതഃയാ വേദോതരത്തിൽപ്പെട്ട വല്ല കൗശലങ്ങളും പ്രയോഗിച്ചു നേർമാർഗ്ഗം നീക്കിവയ്ക്കുന്നതിന്നുള്ള വല്ല ആഗ്രഹമോ ആണെന്നു കാണപ്പെടാതിരിക്കയില്ല. അൽപ്പമായിട്ടെങ്കിലും അധികാരവലുപ്പത്തിന്നർഹതയുള്ള എല്ലാ ബിംബങ്ങളുടെ മുമ്പാകേയും—ദേവന്മാരുടേയും, വെടിക്കല്ലിൻേറയും കുത്തുവിളക്കിൻെറയും മുമ്പാകെ—ഭയ പരിഭ്രമങ്ങളോടുകൂടി, ഭക്തിബഹുമാനപുരസ്സരം മുട്ടുകുത്തുന്നതിന്നു മടിക്കാത്തവരായ നാം ഭയാശങ്കകൾക്കു പാത്രങ്ങളായതുകൊണ്ടു നമ്മുടെ സഹോദരങ്ങളുടെ മനുഷ്യസഹജങ്ങളായ സാധാരണ അവകാശാധികാരങ്ങളെപ്പോലും നിശ്ശേഷം വിസ്മരിച്ചുകളയുന്നു. നാം എത്ര വലിയ പരീക്ഷകൾ ജയിച്ചിട്ടുള്ളവരായാലും വേണ്ടതില്ല, "സൈൻസിലും," രാജ്യതന്ത്രത്തിലും, എത്ര സാരമായ പ്രാഗത്ഭ്യം സിദ്ധിച്ചിട്ടുള്ള ബിരുദധാരികളായാലും വേണ്ടതില്ല. "കൽപ്പിക്കപ്പെട്ടവാൻ കാത്തുനിൽക്കുന്ന" നമ്മുടെ സഹജമായ വാസനാവിശേഷത്തെ മാററിക്കളയുന്നതിന്നു നമുക്കു സാധിക്കുന്നതല്ല. ആധുനിക പരിഷ്കാരഗതിക്കനുസരിച്ചു് ഭൂരിപക്ഷാഭിപ്രായബലംപോലെ നടത്തപ്പെടുന്നതിന്നു ഭ്ജേരിക്കപ്പെട്ടിട്ടുള്ള നമ്മുടെ പല സ്ഥാനങ്ങളും ക്രമേണ ഒരാളുടെ സ്വേച്ഛാധികാരത്തിന്നു വഴിപ്പെട്ടു ഭൂരിപക്ഷഭരണത്തിന്നു പകരം ഒററ ഒരുത്തൻെറ ഭരണത്തിൻകീഴിലായിത്തീരുന്നു. അതിന്നുള്ള കാരണം മറെറാന്നുമല്ല. ഉറങ്ങലും ഉണൎന്നിരിക്കലും, ഊണുകഴിക്കലും വെള്ളംകുടിക്കലും, കല്യാണം കഴിക്കലും, ചിതാഗ്നിയിൽ ദഹിക്കലും എല്ലാം മറെറാരു കൽപ്പനയ്ക്കനുസരിച്ചു്—ഒരാളുടേയോ സമുദായത്തിൻേറയോ, ശാസ്ത്രഗ്രന്ഥത്തിൻേറയോ അഭിപ്രായമനുസരിച്ചു മാത്രം പ്രവൎത്തിച്ചു പരിചയിച്ചിട്ടുള്ള "തിരുവായക്കെതിർവായ ഇല്ലാത്തവർ" ആണു നമ്മുടെ ജനങ്ങളിൽ ഭൂരിപക്ഷവും.

KOTTAYAM PUBLIC LIBRARY KOTTAYAM.

## III

ഒരു ബ്രാഹ്മണന്റെ വൃത്തികെട്ട മൺപാത്രത്തിൽ, അധികം സമയമായി അശുദ്ധി ബാധിച്ചു കിടക്കുന്ന ജലത്തേക്കാൾ തുലോം നിർമ്മലമായിട്ടുള്ളതാണു്, ആ 'അയിത്തക്കാരൻ' അപ്പോൾതന്നെ കോരിയെടുത്തു് ഒരു സ്ഫടികപ്പാത്രത്തിൽ ഭദ്രമായി അടച്ചുവെച്ചിരിക്കുന്ന വെള്ളം എന്നെങ്ങാനും ഞാൻ ഉള്ള നേരു പറഞ്ഞുപോയാൽ, എന്റെ ആ അഭിപ്രായത്തിനു ഗുരുവിന്റെ ആനുകൂല്യം ലഭിച്ചിട്ടില്ലാത്തതുകൊണ്ടു്, അതു ശാസ്ത്രസിദ്ധാന്തങ്ങൾക്കു വിരുദ്ധമായിട്ടുള്ളതുകൊണ്ടും, ഞാൻ പരിഹാസ്യനും അപരാധിയും "അസംബന്ധപ്രലാപക്കാര"നും ആയിത്തീരുന്നു. "ശാസ്ത്രത്തിൽ പറഞ്ഞിട്ടില്ലെങ്കിൽ എന്താണു്" എന്നു ഞാൻ എതിർത്തു ചോദിക്കുന്നപക്ഷം ആ മിനുട്ടിൽ ഞാൻ സാമുദായികചക്രത്തിൽനിന്നു നിഷ്കാസിക്കപ്പെട്ടവനുമായി എന്നെ ജനങ്ങൾ ഒന്നിനും ക്ഷണിക്കുകയില്ല. ഞാൻ ചത്താൽ അവരാരും എത്തിച്ചുനോക്കുകയുംകൂടി ചെയ്യില്ല. സാമൂഹ്യ ജീവിതത്തിനു ഗുണകരമാണെന്നുള്ള നിലയിൽ ഘോരങ്ങളായ അക്രമപ്രവൃത്തികൾക്കു സ്വാഗതം പറയുന്ന കൂട്ടർതന്നെ പരിപൂർണ്ണമായ രാഷ്ട്രീയസ്വാതന്ത്ര്യത്തെ അശേഷം ലജ്ജയോ സങ്കോചമോ കൂടാതെ ആവശ്യപ്പെടുന്നതിൽ അത്യന്തം അത്ഭുതപ്പെടേണ്ടിയിരിക്കുന്നു.

എങ്കിലും; "യഥാ തഥ്യതോ ഽർത്ഥാൻ വ്യദധാൽ ശാശ്വതീഭ്യഃ സമാഭ്യഃ" എന്നുള്ള ഉപനിഷദ്വാക്യത്തിനു പ്രചാരം സിദ്ധിച്ചിരുന്ന ഒരു കാലം ഇന്ത്യയിൽ ഉണ്ടായിരുന്നു. അതു് എല്ലാ കാലത്തേക്കും ഈ രാജ്യത്തേക്കു പറ്റിയതായ അനശ്വരമായ ഒരു നിയമമാകുന്നു. അതു സന്ദർഭങ്ങളേയോ ആളുകളേയോ ആശ്രയിക്കുന്നതല്ല. അതിനെ നമ്മുടെ ബുദ്ധികൊണ്ടു് ആലോചിച്ചറിയുവാനും നമ്മുടെ ലോകവ്യവഹാരങ്ങളിൽ ഉപയോഗപ്പെടുത്തുവാനും സാദ്ധ്യമാകുന്നു. ആ തത്വ

ത്തെ നാം എത്രയധികം നമ്മുടെ സ്വന്തമാക്കിത്തീക്കുന്നുവോ, അത്രയധികം നമ്മുടെ ഉന്നമന മാർഗ്ഗങ്ങൾ പ്രതിബന്ധരഹിതങ്ങളും സുഗമങ്ങളും ആയിത്തീരുന്നു. ഈ നിയമത്തേക്കുറിച്ചുള്ള ജ്ഞാനം മാത്രമാണു് 'സയൻസ്' എന്നു പറയപ്പെടുന്നതു്. "മലമ്പനിയെ ഭൂമുഖത്തുനിന്നു തീരെ നശിപ്പിച്ചുകളയണം. മനുഷ്യഗൃഹങ്ങളിൽ ഭക്ഷണസാധനങ്ങളുടെ ഇല്ലായ്മയും ജ്ഞാനത്തിൻെറ അഭാവവും ഒരു കാലത്തും അനുവദിക്കപ്പെടാവുന്നതല്ല. രാജ്യഭരണ വിഷയത്തിൽ ഭൂരിപക്ഷത്തിൻെറ സുഖസൗകര്യങ്ങൾക്കും ഓരോരുത്തരുടെ അവകാശാധികാരങ്ങൾക്കും തമ്മിൽ ഐക്യം ഉണ്ടായിരിക്കണം" എന്നെല്ലാം ഉറപ്പോടുകൂടി ഉൽഘോഷിക്കുന്നതിനു് ഇന്നത്തെ യൂറോപ്പിനു ശക്തിയുണ്ടാക്കിത്തീർത്തു് ഈ "സയൻസി"ൻെറ ജ്ഞാനമാണു്.

അജ്ഞാനം അടിമത്തമാണെന്നും, ജ്ഞാനലബ്ധിയാണു സ്വാതന്ത്ര്യമെന്നും, യഥാർത്ഥജ്ഞാനമാണു മോക്ഷസിദ്ധിക്കുള്ള ഏക മാർഗ്ഗമെന്നും ഇന്ത്യയും ഒരുകാലത്തു് ശരിയായി മനസ്സിലാക്കിയിരുന്നു. "അയഥാർത്ഥം" എന്നു പറയുന്നതു തന്നെ എന്തൊന്നാണു്? താൻ പ്രപഞ്ചത്തിൻെറ ഒരംശം മാത്രമാണെന്നുള്ള ബന്ധം വിട്ടുതന്നെ പ്രത്യേകവും വ്യത്യസ്തവും ആയ ഒന്നായിക്കരുതുന്നതും കാണുന്നതും തന്നെയാണു് അയഥാർത്ഥമായിട്ടുള്ളതു്. പ്രപഞ്ചാത്മാവിൻെറ ഒരു ഭാഗമായി അവനവനെ കാണുന്നതാണു ശരിയായ കാഴ്ച. —അതാണു പരമാർത്ഥമായ ജ്ഞാനം. അത്ര മഹത്തരവും വിപുലവുമായ ഒരു മഹാതത്വത്തെ മനസ്സിലാക്കുന്നതു് എങ്ങനെയാണെന്നു് ആലോചിക്കുന്നതുംകൂടി ഇക്കാലത്തു നമുക്കു ദുസ്സാദ്ധ്യമായിത്തീർന്നിരിക്കുന്നു. ആ പ്രപഞ്ചതത്വത്തെ അനുഭവപ്പെട്ടത്തിയിരുന്ന ഋഷികളുടെ കാലം—വനാന്തരങ്ങളിലെ ആശ്രമസ്ഥലികളിൽ താമസിച്ചു കാഴ്ചയ്ക്കു് അതിസാധാരണവും വാസ്തവത്തിൽ അത്യുൽകൃഷ്ടവുമായ ജീവിത

ത്തെ നയിച്ചിരുന്ന മുനീശ്വരന്മാരുടെ കാലം—കഴിഞ്ഞുകൂടുകയും, പിന്നീടു് ആ സ്ഥാനത്തു ബുദ്ധമതസന്യാസികളുടെ ആവിർഭാവമുണ്ടാകയും ചെയ്തു. ലോകത്യാഗമാണു നിർവ്വാണമെന്നു ശഠിച്ചിരുന്ന ബുദ്ധമതസന്ന്യാസികളുടെ കാലത്തു് മുൻ ഉദാഹരിച്ച ഉപനിഷദ്വാക്യത്തിൽ അടങ്ങിയിരിക്കുന്ന ഹൈന്ദവാദർശം—ഇന്ത്യയുടെ സാക്ഷാത്തായ ജീവിതാനുഭവം—ജനങ്ങളുടെ സാധാരണ ജീവിതത്തിൽനിന്നു തീരെ വേർപെട്ടതായിത്തീന്നു.

യഥാത്ഥവും അയഥാത്ഥവും തമ്മിൽ അചിരേണ ഒരു സന്ധിയുണ്ടാവുകയും, രണ്ടിനും മദ്ധ്യത്തിൽ ഒരു അതിത്തിച്ചുമരുകെട്ടി രണ്ടിനേയും വെവ്വേറെ തിരിച്ചുനിത്തുകയും ചെയ്തു. സാമുദായികജീവിതത്തിലെ ആചാരാനുഷ്ഠാനങ്ങളെ എന്തെല്ലാം വങ്കത്തരങ്ങളും ക്രൂരതകളും സ്വാർത്ഥങ്ങളും കയറി ആക്രമിക്കുന്നതായാലും ഇപ്പോഴം "യഥാർത്ഥ്യ"ത്തിന്റെ ഭാഗത്തുനിന്നു യാതൊരു ആക്ഷേപവും ആവലാതിയും ഒരിക്കലും പുറപ്പെടുന്നില്ല. എന്നു മാത്രമല്ല, അവയെല്ലാം മാപ്പുകൊടുക്കുകയുംകൂടി ചെയ്യുന്നു. മരച്ചുവട്ടിലിരിക്കുന്ന താപസോത്തമൻ—"അവനവനിൽത്തന്നെ അഖിലപ്രപഞ്ചത്തേയും ആ പ്രപഞ്ചത്തിൽത്തന്നെ അവനവനേയും ദർശിച്ചിട്ടുള്ളവൻ സത്യത്തെ അറിഞ്ഞിരിക്കുന്നു. "യഥാർത്ഥത്തെ കണ്ടെത്തിയിരിക്കുന്നു." എന്നു വിളിച്ചുപറയുന്നു, ആ മഹാവാക്യത്തെ ശ്രവിക്കുന്നതോടുകൂടി ശരീരമെല്ലാം കോൾമയിർകൊണ്ടു ഭക്തനായ ഗൃഹസ്ഥൻ തന്റെ സ്വത്തുക്കളിൽ ഏററവും ശ്രേഷ്ഠമായിട്ടുള്ളതിനെ ആ യതീശ്വരന്റെ ഭിക്ഷാപാത്രത്തിൽ നിശ്ശങ്കം സമപ്പിക്കുന്നു. നേരേ മറിച്ചു്, പ്രപഞ്ചനിയമത്തെ മയ്യാദയ്ക്കു കയ്യകലത്തിൽ നിറുത്തുവാൻ സാധിക്കാത്ത മനുഷ്യനെ വെളുത്തേടനും വെളക്കത്തലവനുംകൂടി സ്വീകരിച്ചുപോകരുതെന്നു പ്രതാപിയായ ഗൃഹസ്ഥൻ ഗൃഹാന്തർഭാഗത്തു നിന്നുകൊണ്ടു കൽപ്പിക്കുമ്പോഴും അതുകേട്ടു സ

ന്തുഷ്ടി നടിക്കുന്ന യോഗീന്ദ്രൻ തന്റെ പാദരേണുക്കളെ അയാളിൽ അർപ്പിക്കുകയും ആ ഗൃഹസ്ഥനോ "വത്സാ! നീ ചിരായുഷ്മാനായി ഭവിക്കട്ടെ" എന്നു് അനുഗ്രഹിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിന്റെ ഭാഗം പിടിച്ചു വാദിക്കുന്നതിന്നോ ആക്ഷേപിക്കുന്നതിന്നോ ഒരുത്തരുമില്ലാതെ പോയതുകൊണ്ടു്, നമ്മുടെ സാമുദായിക ജീവിതത്തിന്നു് ഇപ്രകാരമുള്ള അധഃപതനത്തിന്നു സംഗതി വന്നതാണു്. അതുകൊണ്ടാകുന്നു നമുക്കു വളരെ നൂററാണ്ടുകളായിട്ടു മീതയ്ക്കുമീതെ അനവധി അപമാനങ്ങൾ സഹിക്കുവാനും വളരെ കണ്ണീരൊലിപ്പിക്കുവാനും കാരണമായിത്തീർന്നതു്. യൂറോപ്പിലെ സ്ഥിതി ഇപ്രകാരമല്ല. അവരുടെ "യഥാർത്ഥം" കേവലം ബുദ്ധിയെ മാത്രം അവലംബിക്കുന്ന ഒരു പ്രത്യക്ഷാനുഭവമാകുന്നു. പുറത്തറിയപ്പെടുന്ന വിധത്തിൽ സമുദായത്തിലോ, രാജ്യഭരണത്തിലോ വന്നുചേർന്നേക്കാവുന്ന എല്ലാ ന്യൂനതകളും യഥാർത്ഥത്തിന്റെ പ്രകാശത്തിൽ പരസ്യമായി പരിശോധിക്കപ്പെടുകയും തെററു തീർക്കപ്പെടുകയും വേണം. അതിന്നായി സിദ്ധിക്കപ്പെടുന്ന അവകാശവും അധികാരവും പരക്കെ എല്ലാക്കാര്യത്തിലും ഉപയോഗപ്രദമായി ഭവിക്കുകയും തന്നിമിത്തം ജനങ്ങൾ ആശയും ധൈര്യവുമുള്ളവരായിത്തീരുകയും ചെയ്തിരിക്കുന്നു. പരമാർത്ഥത്തിന്റെ ഉച്ചാരണം നിഗൂഢങ്ങളായ ഏതാനും മന്ത്രങ്ങളിലോ പൂജാക്രമങ്ങളിലോ മൂടപ്പെട്ടു് അസ്പഷ്ടമായിത്തീരുന്നില്ല. അവിടെ അതു പരസ്യമായും എല്ലാവരുടേയും ദൃഷ്ടികൾക്കു മുമ്പിലായും കാണപ്പെടുന്ന ചേതനമായ ഒരനുഭവമാണു്. അതിന്റെ വളർച്ചയ്ക്കനുസരിച്ചു് ജനങ്ങളുടെ വളർച്ചയ്ക്കും അഭിവൃദ്ധി ഉണ്ടാകുന്നു.

## IV

വളരെ നൂററാണ്ടുകളായി നാം അറിഞ്ഞു് അനുഭവിച്ചു പോരുന്നതായ അവമാനം ഒടുവിൽ നമ്മെ വിദേശീയ ഭരണ

ത്തിന് അടിമപ്പെടുത്തി. നാം നമ്മുടെ സഹോദരങ്ങളോട് അനാർഹമായ വിധത്തിൽ പ്രദർശിപ്പിച്ചുകാണ്ടിരുന്ന അനാദരവ് അല്ല ക്രൂരതതന്നെ —അസന്തോഷകരമായ ഒരു സ്വരൂപം കൈക്കൊണ്ടതാണ് ഇന്നത്തെ വിദേശീയ ഭരണം. വേദനയുള്ള ഭാഗത്തുനിന്ന കൈ ഒഴിയാത്തതുപോലെ, നമ്മുടെ ഇന്നത്തെ പ്രധാന സങ്കടമായിത്തീന്നിട്ടുള്ള പാശ്ചാത്യരുടെ ഭരണതന്ത്രത്തിലാണ് നമ്മുടെ സകലരുടേയും ദൃഷ്ടികരം സർവ്വഥാ പതിഞ്ഞിരിക്കുന്നതു്. മററെല്ലാററിനേയും വിസ്മരിച്ചുകൊണ്ടു നാം,—"നമ്മുടെ ഗവമ്മെണ്ടു് അൽപ്പമെങ്കിലും നമ്മുടെ അഭിപ്രായങ്ങളെ ആദരിക്കട്ടെ; നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നിയമങ്ങളും നിബന്ധനകളും എല്ലാം എപ്പോഴും അധികാരികളിൽനിന്നുതന്നെ പുറപ്പെടുന്നതു ശരിയല്ല. അധികാരശക്തിയെ മുഴുവൻ ഒരു മഹാഭാരതംപോലെ നമ്മുടെ ചുമലുകളിൽ കയററിവയ്ക്കുവാൻ പാടില്ല. മുമ്പോട്ടുള്ള ഗതിയിൽ നമുക്കുംകൂടി ആ ഭരണയന്ത്രത്തെ സഹായിക്കത്തക്കവിധം അതു വല്ല ചാട്ടിന്മേലോ ചക്രങ്ങളിന്മേലോ സ്ഥാപിതമായിരിക്കട്ടെ; എന്നാൽ നമുക്കുംകൂടിച്ചേൎന്നു തള്ളിക്കൊടുക്കാമല്ലോ എന്നൊക്കെ നാം പ്രലപിക്കുന്നുണ്ടു്.

ഒരു ചുമതലയും ബാദ്ധ്യതയും കൂടാതെയുള്ള വിദേശീയഭരണത്തിൽ നിന്നു മുക്തി ലഭിക്കുന്നതിനുള്ള നിലവിളിയും പ്രാത്ഥനയും ഇന്നത്തെ ലോകത്തിലെ ഏതു ഭാഗത്തുനിന്നും ഉച്ചത്തിൽ കേരംക്കപ്പെടുന്നുണ്ടു്. ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന ഈ ഉണർച്ച നമ്മേയും ബാധിച്ചു. നാമും നമ്മുടെ പ്രാത്ഥനകളേയും രോദനങ്ങളേയും ആ ശബ്ദകോലാഹലത്തിൽ കൂട്ടിയിണക്കിത്തുടങ്ങിയിരിക്കുന്നതു വളരെ നല്ലതു തന്നെയാണ്. നാം ഇപ്പോഴെങ്കിലും അപ്രകാരം ചെയ്‌വാൻ മുതിർന്നിരുന്നില്ലെങ്കിൽ—ഇനിയും ഗവമ്മേണ്ടിൻെറ ശക്തിക്കു് അടിമപ്പെട്ടു് അവരുടെ ആജ്ഞകരംക്കു് കീഴടങ്ങിക്കഴിയുന്നതാണെങ്കിൽ—അതു് അവസാ

നമില്ലാത്ത അവമാനത്തിന്നു നമ്മെ പാത്രമാക്കുന്നതാണു്. സ്വാതന്ത്ര്യസൂര്യൻെറ സഹസ്രകരങ്ങളിൽ ഒന്നിന്നെങ്കിലും നമ്മുടെ അകത്തു പ്രവേശിക്കുവാൻ സാധിച്ചതിൽ, സന്തോഷിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സർവ്വസുഷിരങ്ങളും അടിമത്തത്തിൽ അടഞ്ഞുപോയിട്ടില്ലെന്നും ചെറിയ ഒരു ദ്വാരമെങ്കിലും മൂടപ്പെടാതെ ബാക്കി കിടക്കുന്നുണ്ടെന്നും ഇതിൽനിന്നു തെളിയുന്നു.

നാം ഇപ്പോൾ ദർശിക്കുന്നതായ ആ രശ്മി "യഥാർത്ഥ"ത്തിൻെറ പ്രകാശലേശമായതുകൊണ്ടാണു് നമ്മെ ഇപ്പോൾ മുന്നോട്ടുന്തിത്തള്ളിക്കൊണ്ടുപോകുന്ന ആ ആത്മാഭിമാനശക്തി ഗുണകരമായ ഒരു പ്രേരണാശക്തിയാണെന്നു ഞാൻ പറയുന്നതു്. അതുകൊണ്ടുതന്നെയാകുന്നു ബലിപുജകന്മാർ തയ്യാറാക്കി ഒരുക്കി കുററിതറച്ചു കെട്ടിയിട്ടിരിക്കുന്ന ആടിനെപ്പോലെ, അചേതനമായ സ്ഥിതിസ്ഥാപകത്വമാകുന്ന ഒരു കുററിയോടുകൂടി നമ്മെ അധികമധികം ചേർത്തുകെട്ടുന്നതിന്നു മാത്രം ഉതകുന്ന നിരർത്ഥകമായ നമ്മുടെ അഹങ്കാരത്തെ "ലജ്ജാവഹം, ലജ്ജാവഹം" എന്നിങ്ങനെ ഞാൻ ആത്മവിശ്വാസത്തോടുകൂടി ഉച്ചത്തിൽ ആക്ഷേപിക്കുന്നതും. നിർഭാഗ്യവശാൽ, മുന്നോട്ടു നോക്കിക്കൊണ്ടു നിൽക്കുന്ന ജനങ്ങളിൽ നിന്നു നിങ്ങളുടെ സാമ്രാജ്യ മഹാസഭയിൽ ഞങ്ങൾക്കും ഒരു മാന്യസ്ഥാനം അനുവദിക്കണം എന്നുള്ള ശബ്ദം പുറപ്പെടുവിക്കുന്നതും, ആ ജനങ്ങളെക്കൊണ്ടുതന്നെ. അവർ പിന്തിരിഞ്ഞു നോക്കുമ്പോൾ—"മതസംബന്ധമായോ സമുദായസംബന്ധമായോ ഉള്ള നടപടികളിലും ആചാരങ്ങളിലും ഒന്നും പണ്ടത്തെ ആചാര്യന്മാർ നിശ്ചയിച്ചിട്ടുള്ള പദ്ധതികളിൽ നിന്നു അണുവും നീങ്ങാം വ്യതിചലിച്ചുപോകരുതേ—എന്നു പറയിപ്പിക്കുന്നതും ഒരേ ഒരു അഭിമാനശക്തിതന്നെ ആകുന്നു. ഇതിനെയാകുന്നു. നാം ഹിന്തുമതത്തിൻെറ പുനരുദ്ധാരണം എന്നു പറഞ്ഞുവരു

ന്നതു്? ഒരു കണ്ണു തുറന്നുവെച്ചുംകൊണ്ടു് മറേറക്കണ്ണടച്ചു ഉറങ്ങുവാനാണു് നമ്മുടെ ഹൈന്ദവ നേതാക്കന്മാർ നമ്മോടിപ്പോഠം ആജ്ഞാപിക്കുന്നതു്."

# നമ്മുടെ കത്തവ്യം

ഒരു രാജ്യത്തെ മറെറാരു രാജ്യത്തിൽ നിന്നു വേർതിരിച്ചു നിത്തുന്ന അതിത്തിച്ചാലുകളാണു് തങ്ങഠം എന്നു നദികഠംക്കു് തോന്നുന്നുണ്ടായിരിക്കാം. എന്നാൽ, ഗതാഗതത്തിനും തന്നിമിത്തമുള്ള കച്ചവടാഭിവൃദ്ധിക്കും അധികസൗകയ്യമുണ്ടാക്കിത്തീർക്കുന്ന നദികഠം, യഥാത്ഥത്തിൽ, വിവിധരാജ്യങ്ങളേയും നഗരങ്ങളേയും കൂട്ടിച്ചേർക്കുന്ന ഒരു ഏകീകരണശക്തിയാകുന്നു. ആഭ്യന്തര കലഹങ്ങളാൽ ദൂഷിതമായ ഒരു രാജ്യത്തിൽ, അന്യ രാജ്യക്കാർ സ്ഥാപിക്കുന്നതായ മേൽക്കോയ്മസ്ഥാനം അപ്രകാരമുള്ള ഒരു ഏകീകരണശക്തിയാകുന്നു. ഈ ഉദ്ദേശത്തോടുകൂടി, സവ്വേശ്വരനാൽ നിയോഗിക്കപ്പെട്ട ഒരു "കാരണശക്തി" യായതുകൊണ്ടാണു് ഇന്ത്യയിൽ "ബ്രിട്ടീഷുകാരുടെ" ഭരണത്തിന്നു് അൽപ്പമെങ്കിലും ശ്രേഷ്ഠത സിദ്ധിച്ചിട്ടുള്ളതു്. ബ്രിട്ടീഷുകാർ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, അവരുടെ ഭരണത്തിൻെറ ഫലമായുള്ള ഈ ഏകീകരണം ഇന്ത്യയിൽ എന്നെന്നും നടന്നുകൊണ്ടിരിക്കുന്നതാണു്.

ഒരു രാജ്യക്കാരുടെ നാശത്തിൽ നിന്നു മറെറാരു രാജ്യക്കാക്കു് സ്ഥിരമായ ഒരു നന്മയും സമ്പാദിക്കുവാൻ സാധിക്കുന്നതല്ലെന്നു ചരിത്രം സ്പഷ്ടമാക്കുന്നുണ്ടു്. സ്വതന്ത്രമായ പരസ്പരചേർച്ചയിൽ നിന്നുണ്ടാകുന്ന വളർച്ചയല്ലാതെ നമ്മുടെ "ധാമ്മിക"മായ "ഐക്യ" ശക്തിയെ പ്രവൃദ്ധമാക്കുന്നതല്ല. ആ ചേർച്ച പൊയ്പ്പോയാൽ ധമ്മവും പൊയ്പ്പോയി. "ധമ്മയേവ ഹതോഹന്തി" ധമ്മം നശിച്ചാൽ

ഉടനെ മററെല്ലാററിനേയും അതു നശിപ്പിക്കുന്നു. ഇംഗ്ലീഷുകാരെ അവരുടെ വമ്പിച്ച സാമ്രാജ്യം വളരെ വല്യതാക്കിയിരിക്കുന്നു. ഇന്ത്യയെ ബലഹീനാവസ്ഥയിൽ തന്നെ നിർത്തേണമെന്നു് അവർ ഉദ്ദേശിക്കുന്ന പക്ഷം അവരുടെ വലിപ്പം ക്ഷണഭംഗുരമായിരിക്കും. നിരാശ്രയന്മാരും, നിവൃത്തിയുള്ളേടത്തോളം ക്ഷീണിപ്പിക്കപ്പെട്ടവരും, ശരിയായി, ഭക്ഷണം കഴിപ്പാൻകൂടി വഴിയില്ലാത്ത ദരിദ്രന്മാരും ആയ ഇന്ത്യക്കാരുടെ ബലഹീനത—നിസ്സഹായത്വം—ബ്രിട്ടീഷുസാമ്രാജ്യത്തിൻെറ നിശ്ചയമായ നാശത്തിനു നിമിത്തമായിത്തീരും.

അതിലാഭേച്ഛ മുമ്പിട്ടു നിൽക്കുന്നതുകൊണ്ടു് പ്രത്യേകിച്ചും, ആക്കും തന്നെ രാജ്യതന്ത്രകാര്യങ്ങളിൽ, സ്വാർത്ഥം വിട്ടുള്ളതായ ഒരു സാമാന്യ ദൃഷ്ടി ഉണ്ടാകുന്നില്ല. ധനസമ്പാദനത്തിനുള്ള ഉത്തമമാർഗ്ഗമെന്ന നിലയിൽ ഇന്ത്യയെ ഇംഗ്ലണ്ടിനോടു് എന്നന്നേക്കുമായി കൂട്ടികെട്ടണമെന്നുദ്ദേശിക്കുന്ന വല്ല പ്രസ്ഥാനത്തിലും പ്രവേശിക്കുന്നവർ ആ കൂട്ടുകെട്ടിൻെറ സ്ഥിരതയ്ക്കു് അത്യാന്താപേക്ഷിതങ്ങളായ പ്രാഥമിക സംഗതികളെക്കുറിച്ചുകൂടി തീരെ വിസ്മരിക്കുന്നു. അപ്രകാരമുള്ള സ്ഥിരമായ ഒരു കൂട്ടുകെട്ടുതന്നെ പ്രകൃതിവിരുദ്ധമാകുന്നു. ഒരു വൃക്ഷത്തിന്നു് അതിൻെറ ഫലങ്ങളെ ഒരു കാലത്തു വിട്ടുകൊടുക്കാതെ ഗത്യന്തരമില്ല; എന്നും കൊമ്പത്തുതന്നെ തൂങ്ങിനിൽക്കണമെന്നു വിചാരിക്കുന്ന പക്ഷം അതിനുള്ള കൃത്രിമപരിശ്രമത്തിൻെറ പൎയ്യവസാനം ന്യായമായ ആയുസ്സിനെ അനാവശ്യമായി കുറയ്ക്കുക മാത്രമായിരിക്കും.

തങ്ങൾക്കധീനപ്പെട്ടിട്ടുള്ള ഒരു രാജ്യത്തെ പൂർവ്വാധികം ബലഹീനമാക്കുകയും, ഐകമത്യത്തെ നശിപ്പിക്കുന്ന ആഭ്യന്തരകലഹങ്ങളെ മനഃപൂർവ്വം വദ്ധിപ്പിക്കുകയും പ്രകൃതിദത്തങ്ങളായ സുഖസൗകര്യങ്ങളെ സ്വാതന്ത്ര്യമായി ഉപയോഗപ്പെടുത്തുവാൻ അനുവദിക്കാതെ അവയുടെ ക്രമോന്നതിയെ

നിർദ്ദാക്ഷിണ്യം തടഞ്ഞു നിറുത്തുകയും, അങ്ങിനെ ആ രാജ്യത്തെത്തന്നെ ഒരു ജീവച്ഛവമാക്കിത്തീർക്കുകയും ചെയ്യുന്നതാണെന്നു തോന്നുന്നു ഇന്നത്തെ ബ്രിട്ടീഷുഭരണാധികാരികളുടെ ഉദ്ദേശം. ഇംഗ്ലീഷുസാഹിത്യാരാമത്തിൽ അത്യുൽകൃഷ്ടങ്ങളായ കാവ്യകുസുമങ്ങളുടെ ദിവ്യസൗരഭ്യം നിറഞ്ഞിരുന്ന ആ ആദ്യകാലത്തായിരുന്നു എങ്കിൽ ഇപ്രകാരമുള്ള ഒരു മനോഭാവം അവർക്കു് ഒരിക്കലും ഉണ്ടാകുന്നതല്ലായിരുന്നു. ഇപ്പോഴാകട്ടെ, ആ തോട്ടത്തിൽ വിശിഷ്ട പുഷ്പങ്ങൾക്കു പകരം നീചരാജ്യതന്ത്രങ്ങളായ മുൾപ്പടർപ്പുകൾ സാമാന്യത്തിലധികം തഴച്ചുവളരുന്നു. ആ പൂവനം നീചവും ഭയങ്കരവും ആയിത്തീർന്നിരിക്കുന്നു; നിരാലംബന്മാരേയും നിർഭാഗ്യവാന്മാരേയും നിർദ്ദയമായി താഴ്ത്തപ്പെട്ടിരിക്കുന്നവരേയും കുറിച്ചുള്ള അനുഭാവമാകട്ടെ അനുകമ്പയാകട്ടെ അവരുടെ ഹൃദയ കൂപങ്ങളിൽ മുമ്പേത്തെപ്പോലെ ഉറവെടുത്തുയരുന്നില്ല; സാമ്രാജ്യാതിർത്തികളെ, എങ്ങിനെയായാലും വേണ്ടില്ല, അധികമധികം വലുതാക്കുന്നതു് മാത്രമാണു് മഹത്തരമായ പ്രവൃത്തി എന്നു വിശ്വസിക്കപ്പെടുന്നു; എവിടെ നിന്നായാലും വേണ്ടില്ല, ആരുടെയായാലും വേണ്ടില്ല, എങ്ങിനെയായാലും വേണ്ടില്ല, ധനസമ്പാദനം ഒന്നുമാണു് ധീരോന്നതം എന്നു കരുതപ്പെടുന്നു; സ്വാർത്ഥപരിപൂർണ്ണമായ "സ്വരാജ്യസ്നേഹം" അവരുടെ സാക്ഷാൽ മതംതന്നെയായിപ്പരിണമിച്ചിരിക്കുന്നു; ഇങ്ങനെയെല്ലാം നിന്ദ്യമായിത്തീർന്നിട്ടുള്ള ഒരു കാലത്തല്ലാതെ മേൽപ്രകാരം നീചമായ ഒരു മനോഭാവത്തിനു് ഈദൃശമായ വളർച്ചയുണ്ടാകുന്നതല്ല.

ഇംഗ്ലണ്ടിലുള്ളവരുടെ ഈ ദയനീയാവസ്ഥ ഇന്ത്യാക്കാർക്കു ഗുണകരമാകുമോ ഇല്ലയോ എന്നുള്ള സംഗതി ഇന്ത്യാക്കാരെത്തന്നെയാണു് ആശ്രയിച്ചിരിക്കുന്നതു്. അത്യാപത്തുകളിൽ പെട്ടുഴലുമ്പോഴാണു് പരമാർത്ഥത്തെക്കുറിച്ചുള്ള പരമജ്ഞാനമുദിക്കേണ്ടതു്; ജ്ഞാനദൃഷ്ടികൾക്കു കാഴ്ചയുണ്ടായല്ലാതെ

ഒരു രാജ്യത്തിനും മുക്തി ലഭിക്കുന്നതല്ല. അപ്പോഴല്ലാതെ ആശയ്ക്കു് അവകാശവുമില്ല. നാം നമ്മുടെ തന്നെ സ്വാതന്ത്ര്യവും സ്വാന്തവുമായ അക്ഷീണപരിശ്രമവും സമ്പാദിക്കേണ്ടവയായ അധികാരാവകാശങ്ങളെ ഹജ്ജികൊട്ടത്തപേക്ഷിച്ചും, കാലുപിടിച്ചിരന്നും കരസ്ഥമാക്കാമെന്നു കരുതുന്നതു പരമവിഡ്ഢിത്വമാണെന്നു് അനവധി അരിഷ്ടങ്ങൾ വഴിയായി ദൈവം നമുക്കു് അനുഭവപ്പെടുത്തി; പ്രവൃത്തി ഒന്നുമാത്രം; ആവശ്യമായ ദിക്കിൽ വാക്കുകളെ ചിലവഴിക്കുന്നതു് വൃഥാവിലാണെന്നു നമ്മെ തെര്യപ്പെടുത്തി ഈ പ്രസ്പഷ്ടമായ പച്ചപരമാൎത്ഥം നാം സ്വാനുഭവപ്പെടുത്താതിരിക്കുന്നിടത്തോളംകാലം, അടിക്കടി നമുക്കു് അത്യാപത്തും അവമാനവും തന്നെ വന്നുചേരുന്നതായിരിക്കും.

ഒരു കാൎയ്യം നമുക്കു് ഒന്നാമതായിത്തന്നെ മനസ്സിലാക്കുവാനുണ്ടു്. ഗൂഢമോ അപ്രത്യക്ഷമോ ആയ വല്ല ഭയകാരണങ്ങളുമുണ്ടു് ഗവർമ്മേണ്ടിനെ ചലിപ്പിക്കുന്നതെങ്കിൽ നിശ്ചയമായും വളൎന്നു വരുന്ന നമ്മുടെ ഐക്യബോധത്തിന്നു് അവർ തടസ്സങ്ങൾ ഉണ്ടാക്കാതിരിക്കയില്ല. അപ്പോൾ അവലാതിപ്പെട്ടിട്ടും ആക്ഷേപിച്ചിട്ടും ഫലമില്ല. എന്നെന്നും ബ്രിട്ടീഷുകാരുടെ കീഴിൽതന്നെ വസിക്കുന്നതാണു് നമ്മുടെ ജന്മസാഫല്യമെന്നു് അവരെ പൂൎണ്ണമായി വിശ്വസിപ്പിക്കുന്നതിന്നു് ഉതകുന്ന വിധത്തിൽ വല്ല വാക്കോ വാക്യമോ തേടിപ്പിടിക്കുന്നതിന്നു നമുക്കു് സാധിക്കുന്നതാണോ? അഥവാ സാധിച്ചാൽ തന്നെ നമ്മുടെ ആ പച്ചപ്പൊളികൾ കേട്ടു വിശ്വസിക്കുന്നതിന്നു മാത്രം ഇംഗ്ലീഷുകാർ അത്ര കൊച്ചുകുട്ടികളോ, പരമവിഡ്ഢികളോ! ആണോ? നാം പറയേണ്ടതു്. അഥവാ നമുക്കു് പറയുവാൻ സാധിക്കുന്നതു് ഒന്നു മാത്രമാണു്; അതു്, പറഞ്ഞില്ലെങ്കിലും കൂടി ആൎക്കും അറിയാവുന്ന കാൎയ്യവുമാണു്. അതു് മറെറാന്നുമല്ല—നമ്മുടെ എടയിലുള്ള വിവിധങ്ങളും വിരുദ്ധങ്ങളും ആയ വ്യത്യാ

 51288 

സങ്ങൾ എല്ലാം നശിച്ചു് നമുക്കു് അനശ്വരമായ ഒരു ഏകീകരണം സംഭവിക്കുന്നതുവരെ മാത്രമേ ഇംഗ്ലീഷുകാരുമായുള്ള ഈ ബന്ധം നമുക്കു് ആവശ്യമുള്ളൂ; അതു സാധിച്ചുകഴിഞ്ഞാൽ ഒരു മിനുട്ടുനേരവും അതു നിലനിൽക്കുവാൻ പാടില്ല.

യഥാർത്ഥം ഇപ്രകാരമാകയാൽ, തൻകാര്യപ്രിയനും അതിനു സമർത്ഥനുമായ ഇംഗ്ലീഷുകാരൻ, സാമ്രാജ്യത്തിന്റെ പെരിയ പേരിൽ പരമസ്വാർത്ഥത്തെ പരസ്യമായി പരിചരിക്കുന്ന ഇംഗ്ലീഷുകാരൻ, ഇന്ത്യാക്കാർ തമ്മിലുള്ള ഏകീകരണം ഒരു കാലത്തും ഉണ്ടാകാതിരിക്കുന്നതിനുള്ള തരവും വഴിയും നോക്കി കടന്നു പ്രവർത്തിക്കുന്നതിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു എന്നു തന്നെത്താൻ പറയുന്ന പക്ഷം അത്യുച്ചത്തിലുള്ള അതിസ്പഷ്ടങ്ങളായ വെറും സ്തുതിവാക്യങ്ങളല്ലാതെ എന്തു സമാധാന വാക്കുകളാണു് നമുക്കു് അയാളോടു പറയുവാനുള്ളതു്? മരം വെട്ടുവാൻ മഴു ഓങ്ങുന്ന വെട്ടുകാരനോടു് ആ മരം പറയുന്നു:—"നിൽക്കൂ, വെട്ടുന്നതായാൽ എനിക്കു കൊമ്പുകൾ ഇല്ലാതാകും!" അതു കേട്ടിരിക്കുന്ന വെട്ടുകാരൻ:—"എനിക്കറിയാം. അതിന്നു തന്നെയാണു് എന്റെ പരിശ്രമം. ആ കൊമ്പുകൾ എനിക്കാവശ്യമുണ്ടു്" എന്നു തക്ക സമാധാനവും കഥിക്കുന്നു. അതിനുശേഷം വല്ല വാഗ്വാദത്തിന്നും ഈ ഘട്ടത്തിൽ വഴിയുണ്ടോ?

എന്നാൽ ഇംഗ്ലണ്ടിലെ പാർലമെണ്ടു് സഭയിൽ വാഗ്വാദങ്ങൾ നടക്കുന്നുണ്ടെന്നും ഒരു കക്ഷി മറേറ കക്ഷിയോടു സമാധാനം ചോദിക്കാറും പറയാറും ഉണ്ടെന്നും വാദപ്രതിവാദത്തിൽ ജയിച്ച കക്ഷി തന്നെത്താൻ അനുമോദിച്ചാഹ്ലാദിക്കാറുണ്ടെന്നും മററും നാം മനസ്സിലാക്കിവെച്ചിട്ടുണ്ടു്. തന്നിമിത്തം വാദപ്രതിവാദത്തിൽ വിജയം നേടിയാൽ എല്ലാം നേടിയെന്നുള്ള ഒരു തെററിദ്ധാരണ എന്തായിട്ടും

51285

വിട്ടുകളയുവാൻ നാം അശക്തന്മാരായിരിക്കുന്നു. കാതലായ ഒരു വ്യത്യാസമുള്ളതുമാത്രം നാം ധരിക്കുന്നില്ല. പാർലമെണ്ടിലെ രണ്ടു കക്ഷികൾ എന്നു പറയപ്പെടുന്നതു് ആ രാഷ്ട്രശരീരത്തിൻെറ എടത്തും വലത്തും കരങ്ങളാണു്; ഒരേ ശക്തിയാൽ സംരക്ഷിക്കപ്പെട്ടു പോരുന്ന രണ്ടു ഭാഗങ്ങങ്ങളാണു്. ഇവിടത്തെ കഥ അപ്രകാരമാണോ? നമ്മുടെ ശക്തിയും ഗവർമ്മേണ്ടിൻെറ ശക്തിയും ഒരേ ഒരു ദിക്കിൽ നിന്നു സിദ്ധിച്ചിട്ടുള്ളതോ എന്നതിലോ കനത്തിലോ ഒരുപോലെ ഒരുമെനിപ്പെട്ടിട്ടുള്ളതോ ആണോ? അധികാരവൃക്ഷത്തെ നാം പിടിച്ചു കുലുക്കുന്നതായാലും ഇംഗ്ലീഷുകാർ തന്നെ കുലുക്കുന്നതായാലും വീണു കിട്ടുന്ന ഫലങ്ങൾ ഒരുപോലെ ഉള്ളവയാണോ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഒന്നും നിങ്ങളുടെ അച്ചടിച്ച പുസ്തകങ്ങൾ നോക്കിപ്പറയരുതു്. മേൽ പറഞ്ഞതോ, സ്പെൻസർ എഴുതിയതോ, സീലി പ്രസംഗിച്ചതോ ഒന്നും എടുത്തു കാണിച്ചിട്ടു ഫലമില്ല. ഇന്ത്യയാകുന്ന ആ വലിയ പുസ്തകം ഇതാ നമ്മുടെ മുമ്പിൽ മലത്തിവച്ചിരിക്കുന്നു. ശരിയായ സമാധാനങ്ങൾ ആ പുസ്തകം നോക്കിപ്പറയണം.

ചുരുക്കത്തിൽ, ഇന്ന ഇന്ന രാഗം ആലപിക്കണമെന്നു നിർദ്ദേശിക്കുന്നതിനുള്ള അധികാരം യജമാനനു മാത്രമാണു്. നാം യജമാനന്മാരല്ല. വെറും താർക്കികർ. ഇതുകൊണ്ടൊന്നും പക്ഷെ തൃപ്തിപ്പെടുകയില്ലായിരിക്കാം. "എത്രകോടി ഉറുപ്പിക നാം നികുതി കൊടുക്കുന്നുണ്ടു്? ഗവർമ്മേണ്ടിൻെറ ശക്തി മുഴുവനും നമ്മുടെ പണംകൊണ്ടല്ലേ? ശരിയായിട്ടു കണക്കു ചോദിച്ചുകൂടേ?" ശരിയാണു്. എന്നാൽ എന്തുകൊണ്ടാണു് ഒരു പശു അതിൻെറ അകിട്ടിൽ നിന്നു കറന്നെടുത്തിട്ടുള്ള പാലിൻെറ മുഴുവൻ, യജമാനൻെറ സന്താനങ്ങൾ തടിച്ചുരുണ്ട കുണ്ടപ്പന്മാരാകുന്നതിന്നു വേണ്ടി നിർദ്ദയം കറന്നെടുത്തിട്ടുള്ള ക്ഷീരത്തിൻെറ മുഴു

വൻ, തൻെറ സ്വന്തം കുട്ടിക്കുപോലും തൃപ്തിവരുത്താതെ കാരനെടുത്തിട്ടുള്ള ദ്രവ്യത്തിൻെറ മുഴുവൻ, ശരിയായ ഒരു കണക്കു തൻെറ ഉടമസ്ഥനായ ആ യജമാനനോടു കൊമ്പിട്ടിളക്കി തലയുയൎത്തിച്ചോദിക്കാതിരിക്കുന്നതു്?

സ്ഥിതികൾക്കനുസാരമായ വിധത്തിൽ പ്രവൃത്തിരീതികളും മാറുമെന്നുള്ളതു പരമമായ ഒരു തത്വമാണു്. ഫ്രഞ്ചു പ്രധാനമന്ത്രിയെക്കൊണ്ടു് ഇംഗ്ലീഷുമന്ത്രിക്കു് ഒരു കാൎയ്യം സാധിക്കണമെന്നുണ്ടെങ്കിൽ അദ്ദേഹം ന്യായവാദത്തിന്നു പുറപ്പെടുകയോ സദാചാരപ്രസംഗത്തിന്നൊരുമ്പെടുകയോ ചെയ്യാതെ വിദഗ്ദ്ധനായ ഒരു തന്ത്രജ്ഞനെ ഫ്രാൻസിലേക്കയയ്ക്കുന്നു. അതിന്നുവേണ്ടിയാണു തന്ത്രമന്ത്രികളെ (Diplomat) അന്യതലസ്ഥാനങ്ങളിൽ സ്ഥിരമായി താമസിപ്പിച്ചുപോരുന്നതും. ഇംഗ്ലണ്ടും ജൎമ്മനിയും തമ്മിൽ സ്നേഹമായിരുന്ന കാലത്തു് ഒരിക്കൽ ഒരു വിരുന്നിൽ വെച്ചു് ഒരു ഇംഗ്ലീഷു് പ്രഭുവരൻ സ്വസ്ഥാനത്തു നിന്നെഴുന്നേറ്റു തീററമേശയുടെ മറുഭാഗത്തു് ഇരുന്നിരുന്ന ജൎമ്മൻ കൈസരുടെ അടുക്കലോളം ചെന്നു് അദ്ദേഹത്തിന്നു കൈ തുടയ്ക്കുന്നതിന്നു് ഒരു ലേസ്സു് എത്തിച്ചു കൊടുത്തുവെന്നും ഔദാൎയ്യപൂൎണ്ണമായ ആ "ദയാപ്രദൎശനം" നിമിത്തം ആ രണ്ടു രാജ്യക്കാരും തമ്മിൽ അന്നുണ്ടായിരുന്ന മൈത്രി പൂൎവ്വാധികം വൎദ്ധിച്ചു എന്നും ഒരു കഥ കേട്ടിട്ടുണ്ടു്. വളരെ ക്ഷമയോടും അസംഖ്യം അസൗകൎയ്യങ്ങൾ അനുഭവിച്ചുകൊണ്ടും രാജസേവകന്മാരെ എന്തു ചെയ്തും എത്ര പണം കൊടുത്തും സേവിച്ചുതൃപ്തിപ്പെടുത്തിക്കൊണ്ടും ഒരു ഇംഗ്ലീഷുകാരൻതന്നെ അയാളുടെ കാൎയ്യസിദ്ധിക്കുവേണ്ടി അഹങ്കാരം കളഞ്ഞും അഭിമാനം വെടിഞ്ഞും പ്രതാപവാനായിരുന്ന മുഗൾ ചക്രവൎത്തിയുടെ ഗോപുരവാരത്തിങ്കൽ വിനീതമായി മന്ദഹസിച്ചുംകൊണ്ടു് വളരെക്കാലം കാത്തുനിന്നിട്ടുണ്ടു്. അപ്രകാരമുള്ള നയങ്ങൾ, സഹായം ലഭിക്കേണ്ടതു പ്രതാപൈശ്വ

യ്യങ്ങളുള്ള അന്യ കരങ്ങളിൽ നിന്നാകുമ്പോഠം ഒഴിച്ചുകൂടാത്ത ഉപായങ്ങഠം തന്നെയാകുന്നു.

എന്നിട്ടും ഏതോ ഒരു ദേവതോപദ്രവം സംഭവിച്ചതു പോലെ പൌരുഷവിഹീനരായിത്തീന്നിട്ടുള്ള നാം മാത്രം ന്യായവഴിക്കുള്ള എളുക്കംകൊണ്ടുതന്നെ നമുക്കു വേണ്ടതെല്ലാം സവ്വശക്തമായ നമ്മുടെ ഗവർമ്മെണ്ടിൽനിന്നു സമ്പാദിക്കാമെന്ന് ഇന്നും കരുതുന്നു. ക്രമപ്രകാരം കലക്കുന്നതുകൊണ്ടു പാലിൽ നിന്നു വെണ്ണയുണ്ടാക്കാമെന്നതു നിരാക്ഷേപമാണ്. എന്നാൽ അതിന്നു കലക്കുന്ന പാൽ പാത്രത്തിലായിരിക്കണം. കലക്കം വീട്ടിലും പാലു തൊഴുത്തിലും ആയിരുന്നാൽ പോരാ. നാം ആവശ്യപ്പെടുന്നതു നമ്മുടെ അവകാശങ്ങഠം മാത്രമാണ്.; ഭിക്ഷാദാനമല്ല എന്നു സമ്മതിച്ചേയ്ക്കാം. എന്നാൽ അവകാശം കാലഹരണപ്പെട്ടുപോയാൽ പിന്നെ അവകാശലബ്ധിക്കു കൈവശക്കാരൻെറ ദാനശീലത്തെ ആശ്രയിച്ച് അപേക്ഷിക്കുകയേ നിവ്വാഹമുള്ളു. നമ്മുടെ ഗവർമ്മേണ്ടു് ഒരു വെറും യന്ത്രമല്ല. അതിനെ നിയന്ത്രിക്കുന്നതു് രക്തമാംസങ്ങളെക്കൊണ്ടുണ്ടാക്കിയ ശരീരങ്ങഠക്കുളാട്ടുകൂടിയവരും, വികാരവൃത്തിയുള്ളവരും ആയ മനുഷ്യർതന്നെയാണ്. മനുഷ്യസഹജങ്ങളായ എല്ലാ ബലഹീനതകളേയും തീരെ ഇല്ലായ്മചെയ്തു ശുദ്ധി ചെയ്യപ്പെട്ടവരായ മർത്ത്യപുംഗവന്മാരല്ലാ ആ യന്ത്രംതിരിപ്പുകാരാരും. തന്നിമിത്തം അവക്കു മാർഗ്ഗഭ്രംശം വരുത്തുന്നതല്ലാ അവരുടെ മനോഭാവത്തേയോ പ്രവൃത്തിരീതിയേയോ ശരിപ്പെടുത്തുന്നതിനുള്ള മാർഗ്ഗം.

നമ്മുടെ പരിതസ്ഥിതികളേയും നമ്മുടെ ആഗ്രഹങ്ങളുടെ യഥാർത്ഥ സ്വഭാവത്തേയും നമ്മുടെ ഉദ്ദേശസിദ്ധിക്ക് ഏററവും പററിയതായ വഴികളേയും കുറിച്ചൊന്നും നാം വേണ്ടതുപോലെ ചിന്തിക്കുന്നില്ല. ജയം യുദ്ധത്തിൻെറ ഏകോദ്ദേശമായിരിക്കുന്നതുപോലെ കാര്യസിദ്ധിമാത്രം നമ്മുടെ രാജ്യതന്ത്രത്തിൻെറ പരമാദർശമായിത്തീന്നിരിക്കുന്നു. വാക്കുകളെ

കൊണ്ടുള്ളതെല്ലാം നാം സമ്മതിക്കുന്നതായാലും പ്രവൃത്തിയിൽ ഒന്നു നാം നമ്മുടെ അറിവിനെ അനുഭവപ്പെടുത്തുന്നില്ല. അതു കൊണ്ടാണു നാം നമ്മുടെ രാഷ്ട്രീയസഭകളെല്ലാം വെറും സ്കൂൾ കുട്ടികളുടെ സാഹിത്യസമാജംപോലെ വാദപ്രതിവാദത്തിനു മാത്രമുള്ള സ്ഥലങ്ങളായി കാണപ്പെടുന്നതും. ഗവർമ്മേണ്ടു് എന്നു പറയുന്നതു് എതൃഭാഗത്തു നില്ക്കുന്ന ഒരു സ്കൂൾവിദ്യാർത്ഥിയാണെന്നാണു് അപ്പോഴെല്ലാം നാം കരുതുന്നതു്. അയാളെ മിണ്ടാതാക്കിയാൽ—അയാളെ ന്യായം പറഞ്ഞു മുട്ടിച്ചാൽ—നാം ജയിച്ചു എന്നാണു നമ്മുടെ ധാരണ! എത്ര ശാസ്ത്രാനുകൂലമായ ചികിത്സകൾ നടത്തിയാലും രോഗി ചിലപ്പോൾ മരിച്ചുപോകുന്നതുപോലെ നമ്മുടെ അഭിനന്ദനീയമായ വാഗ്ധാടിയുടെ ശോഭനമായ പ്രാഗത്ഭ്യം അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചിട്ടും കാര്യസിദ്ധിയിൽ നാം പരാജയപ്പെടുകതന്നെ ചെയ്യുന്നു.

ഞാൻ എന്നെ മാത്രം സംബന്ധിക്കുന്ന ഒരു സ്വാഭിപ്രായം രേഖപ്പെടുത്തട്ടെയോ? ഗവർമ്മേണ്ടു നമുക്കുവേണ്ടി എന്താണു ചെയ്യുന്നതെന്നോ ചെയ്യാത്തതെന്നോ ആലോചിച്ചു ഞാൻ ഒരിക്കലും ക്ലേശിക്കാറില്ല. മേഘങ്ങളിൽ ഇടിവെട്ടുണ്ടാകുവാൻ ഭാവിക്കുമ്പോഴെല്ലാം പേടിച്ചു വിറയ്ക്കുന്നതു് ഒരു മാതിരി പട്ടവങ്കത്തമാണു്. ഒന്നാമതായി പറയത്തക്ക ഒരു ഇടിവെട്ടു തന്നെ ഉണ്ടായില്ലെന്നു വരാം. രണ്ടാമതായി ഇടിവെട്ടുണ്ടാകുന്ന ആ ആകാശശാലയിലെ വ്യവസായകാര്യത്തിൽ നമ്മുടെ അഭിപ്രായമോ ഉപദേശമോ ആരും അന്വേഷിക്കുന്നതും ആവശ്യപ്പെടുന്നതും ഇല്ല. നമ്മുടെ യാതൊരു അപേക്ഷയും ആഗ്രഹവും അതിന്റെ നിശ്ചിതമാർഗ്ഗത്തിനു വ്യത്യാസവും വരുത്തുന്നില്ല; മൂന്നാമതായി, ഇടിവെട്ടുണ്ടാകുമെന്നിരുന്നാൽതന്നെ അതിനെ തടയുന്നതു് അതിന്നെതിരായി, ഇവിടേയും വളരെ തുച്ഛമായ ഒരു ഇടിയും വെട്ടുമെല്ലാമുണ്ടാക്കി പോരിനു വിളിച്ചിട്ടല്ല; ശാസ്ത്രപ്രകാരമുള്ള നിവാരണയന്ത്രങ്ങളെ നിറുത്തി

സ്ഥാപിച്ചിട്ടാണു്; ഇടിവെട്ടേൽക്കാതിരിപ്പാൻ നാം സ്ഥാപിക്കുന്ന യന്ത്രകുശലം, ഇടിവെട്ടുപോലെ, ആകാശത്തുനിന്നു ഭൂമിയിൽ പതിക്കുന്ന ഒന്നല്ല. അതു നാംതന്നെ ഭൂമിയിൽ വെച്ചു ക്ഷമയോടും സ്ഥിരോത്സാഹത്തോടും ബുദ്ധിസാമർത്ഥ്യത്തോടും കൂടി സ്വപ്രയത്നംകൊണ്ടു പണിതുണ്ടാക്കുന്നതാണു്.

പ്രകൃതിനിയമങ്ങളോടു ശുണ്ഠി എടുത്തിട്ടു് ഫലമില്ല. ചിറകുവെച്ച ഉറുമ്പു പറന്നെത്തി അഗ്നി ഏററു കരിഞ്ഞു പോകുന്നതിൽ ആവലാതിപ്പെടുന്നതു വെറുതെയാണു്. അഗ്നിപാതത്തിൽ ദഹനം നിശ്ചയമാണു്. അതു് അനിവാര്യമാണു്. ഇരുഭാഗത്തുമുള്ള ന്യായാന്യായങ്ങളെക്കുറിച്ചു പ്രസംഗിച്ചു സമയം കളയുന്നതു വൃഥാവിലാണു്. അഗ്നിയെ അകററി നിർത്തുന്നതാണു് ഏകമായ രക്ഷാമാർഗ്ഗം. എന്തായാലും വേണ്ടില്ലാ, ഇംഗ്ലീഷുകാരൻ ഇന്ത്യയെ പിടിച്ചിരിക്കുന്ന പിടി വിടാതെ മുറുകെ പിടിക്കുവാൻതന്നെ തീർച്ചപ്പെടുത്തീട്ടുണ്ടു്. ആ പിടി എവിടെയെങ്കിലും എങ്ങിനെയെങ്കിലും അല്പമായിട്ടെങ്കിലും അഴയുന്നതായി തോന്നിയാൽ അവിടെ അപ്പോൾ ജാഗ്രതയോടും ഉറപ്പോടും ധീരതയോടുംകൂടി ഒന്നോ രണ്ടോ പുതിയ ആണികൾകൂടി അടിച്ചിറക്കി പൂർവ്വാധികം ഉറപ്പിക്കുന്നതിനു് അയാൾ സദാ സന്നദ്ധനാണു്. നമുക്കു നല്ലപോലെ ഇംഗ്ലീഷു സംസാരിക്കാമെന്നോ, ന്യായവാദങ്ങൾ ചെയ്‌വാനറിയാമെന്നോ മറേറാ വെച്ചു് അയാൾ നമുക്കുവേണ്ടി അയാളുടെ ജന്മസിദ്ധമായ കാര്യസ്വഭാവവും കണിശശീലവും തൽകാര്യപ്രിയത്വവും വിട്ടുകളയുന്നതല്ല. അതുകൊണ്ടു നാം എന്തു പ്രവർത്തിച്ചാലും വേണ്ടില്ല, പ്രവർത്തിക്കാതിരുന്നാലും വേണ്ടില്ല, ശുണ്ഠിഎടുത്തു മുഖം വീർപ്പിച്ചിട്ടു് ഒരാവശ്യവുമില്ല.

ഒരു സംഗതി നാം ഒരിക്കലും വിസ്മരിക്കരുതു്. ഇംഗ്ലീഷുകാരന്റെ ദൃഷ്ടിയിൽ നമ്മളിൽ എത്ര വലിയവനും നന്നെ എളിയവനാണു്. അതിവിസ്തൃതമായ അയാളുടെ സാമ്രാജ്യരംഗത്തിന്റെ ഒരു മൂലയ്ക്കൽ ഇരുന്നിട്ടാണു് അയാൾ നമ്മെയെ

ല്ലാം ഭരിക്കുന്നതു്. യൂറോപ്പിലെയും "കോളനി"കളിലേയും കോളിളക്കങ്ങളിൽ അമരം തെററാതിരിപ്പാനാണു് അയാളുടെ ബുദ്ധിയും സാമർത്ഥ്യവും എല്ലാം ചിലവഴിക്കുന്നതു്. താങ്ങുറയ്ക്കാത്ത അയാളുടെ വലിയ സാമ്രാജ്യത്തിലെ ഒരു അംശത്തിലെ നിവാസികളായ നമ്മുടെ ഇഷ്ടവും അനിഷ്ടവും, തന്ത്രവും മന്ത്രവും എല്ലാം അയാളിൽ പ്രത്യേകമായ ഒരു വികാരവിശേഷത്തേയും ജനിപ്പിക്കുന്നില്ല. അതാണു പാർലിമെണ്ടു സഭയിൽ ഇന്ത്യൻ കാര്യങ്ങളെ സംബന്ധിക്കുന്ന വാദപ്രതിവാദങ്ങൾക്കു പ്രായേണ കാണപ്പെടുന്ന ശോചനീയമായ മന്ദതയ്ക്കുള്ള കാരണം.

ഒരു ഇംഗ്ലീഷുകാരൻ ഇന്ത്യയിൽ വന്നു താമസിച്ചു മടങ്ങിപ്പോകുന്നതു വർഷകാലത്തു നദികളിൽകൂടി വെള്ളം ഒലിച്ചുപോകുന്നതുപോലെ മാത്രമാണു്; അയാളിൽ ഇന്ത്യയെ സംബന്ധിച്ച യാതൊരു സ്മരണയും സ്ഥായിയായി നിലനിൽക്കുന്നില്ല, അയാളുടെ ഹൃദയത്തിൻെറ ഒരു വേരെങ്കിലും ഇന്ത്യയിലെ മണ്ണിൽ ചെന്നുറയ്ക്കുന്നതുമില്ല. അടുത്തുള്ള ആശ്രിതന്മാരെക്കൊണ്ടു മാത്രമാണു് അയാൾ പണിയെടുക്കുന്നതു്; വിനോദങ്ങൾക്കുംകൂടി അയാൾ സ്വരാജ്യക്കാരോടല്ലാതെ ഇടപഴകുന്നില്ല. നാട്ടുഭാഷയുമായുള്ള അയാളുടെ പരിചയത്തിൻെറ അടിസ്ഥാനം സാക്ഷികളുടെ കയ്യീത്തുകളും ഹൈന്ദവസാഹിത്യവുമായി അയാൾക്കുള്ള സംബന്ധത്തിൻെറ നിദാനം ഗവർമ്മേണ്ടു ഗസററുകളിലെ തർജ്ജമകളും മാത്രമാകുന്നു. അയാളുടെ അഭിപ്രായഗതികളെ എത്ര കുറച്ചുമാത്രമെ നാം അംഗീകരിക്കുന്നുള്ളു എന്നുള്ള പരമാർത്ഥം നാം പലപ്പോഴും മറന്നുകളയുന്നതിൽ അയാൾക്കു നമ്മോടു തോന്നുന്ന പ്രാതികൂല്യത്തിലും നിർദ്ദയത്വത്തിലും നാം കലശലായി അത്ഭുതപ്പെട്ടുപോകുന്നു. നാം നമ്മുടെ സ്വാഭിപ്രായം പ്രകടിപ്പിക്കുമ്പോൾ അയാൾ അതു വലിയ അതിശയോക്തിയായി ഗണിക്കുന്നു. തന്നിമിത്തം നമ്മുടെ വാക്കുകൾ ചിലപ്പോൾ ദ്വേഷത്തിനും ചില

ല്പോൾ പരിഹാസപരമായ ഒരു മന്ദഹാസത്തിന്നും എടയായിത്തീരുന്നു.

ഞാൻ വെള്ളക്കാരന്റെ പേരിൽ ഒരു കുറ്റപത്രം തയ്യാറാക്കുകയാണെന്നു തെറ്റിദ്ധരിക്കരുതു്. സംഗതികളുടെ യാഥാർത്ഥ്യത്തെ പ്രത്യക്ഷപ്പെടുത്തുകയാണു് എന്റെ ഉദ്ദേശം. ആന്തരമായി ആലോചിച്ചാൽ കാര്യസ്വഭാവംകൊണ്ടു് ഇപ്രകാരമെല്ലാമല്ലാതെ വരുവാനും നിർവ്വാഹമില്ല. ഔന്നത്യത്തിന്റേയും, പ്രതാപത്തിന്റേയും മൂർദ്ധന്യാവസ്ഥയിൽ എത്തിയിരിക്കുന്ന ഒരു മനുഷ്യന്നു് എത്രയും നിസ്സാരനും ചെറിയവനും ആയ ഒരുത്തന്റെ മർമ്മഭേദകങ്ങളായ സങ്കടങ്ങളെയോ, നാശങ്ങളെയോ, അവയുടെ വിവിധസ്വഭാവത്തിലും സാനുകമ്പം കണ്ടറിയുന്നതിന്നു മാത്രമുള്ള വീക്ഷണചാതുര്യം ഉണ്ടായിത്തീരുന്നതു് അസംഭാവ്യമാകുന്നു. ആകയാൽ, നമുക്കു വളരെ പ്രധാനപ്പെട്ടവയായി തോന്നുന്ന സംഗതികൾ അയാൾക്കു വളരെ തുച്ഛങ്ങളായിക്കാണപ്പെടുന്നു! ബങ്കാൾവിഭാഗത്തെക്കുറിച്ചോ, നമ്മുടെ പട്ടണത്തിൽ അവശ്യം ആവശ്യമായ ഒരു നവീകരണത്തെക്കുറിച്ചോ നമ്മുടെ സർവ്വകലാശാലയിൽ അത്യന്താപേക്ഷിതമായ ഒരു പരിഷ്കാരത്തെക്കുറിച്ചോ നാം കലശലായി ആവലാതിപ്പെടുമ്പോൾ,—ലഹള കൂട്ടുമ്പോൾ—നമ്മുടെ പ്രക്ഷോഭത്തിന്നനുസരിച്ചുള്ള ഫലങ്ങൾ ഒന്നും വന്നുചേരാത്തതിൽ നാം അത്യന്തം ഇച്ഛാഭംഗപ്പെടുകയും നിരാശപ്പെടുകയും ചെയ്യുന്നു. ഇംഗ്ലീഷുകാരൻ നമ്മുടെ എടയിലുള്ള സഹോദരനല്ലാ; നമ്മുടെ തലയ്ക്കുമീതെയുള്ള മേധാവിയാണെന്നു നാം ഓർക്കാതിരിക്കുന്നു! അദ്ദേഹം ഇപ്പോൾ സ്ഥാനാരോഹണം ചെയ്തിരിക്കുന്ന ആ അധികാരമഹാമേരുവിന്റെ അത്യുന്നതശൃംഗത്തിൽ നാമും ഒരു കാലത്തു് എത്തിച്ചേരുന്നതായാൽ അന്നു മാത്രമേ അദ്ദേഹം നമ്മിൽനിന്നു് എത്ര എത്ര അകന്നവനാണെന്നും, അവിടെനിന്നു നോക്കിയാൽ നാം എത്ര എത്ര അണുപ്രായക്കാരാണെന്നും ഉള്ള സംഗതികൾ നമുക്കു പ്രസ്പഷ്ടമായിത്തീരുകയുള്ളു.

PUBLIC LIBR

“ബ്രിട്ടീഷുസാമ്രാജ്യവാരാശിയിൽ മഗ്നനായിത്തീരുന്നതിലുള്ള അഭിലഷണീയമായ അഭിമാനത്തെ ആസ്വദിപ്പാൻ അപ്രാപ്തന്മാരായവരെ”ന്നു നമ്മെ കർസൻപ്രഭു ഒരിക്കൽ ആധിക്ഷേപിച്ചതിനുള്ള കാരണം, പ്രതാപാഢ്യനായ അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ നാമെല്ലാം വെറും കീടങ്ങളെപ്പോലെ കാണപ്പെട്ടതുകൊണ്ടാകുന്നു. പ്രഭു പറഞ്ഞതു നേരമ്പോക്കായാലും വേണ്ടില്ല; കാൎയ്യമായാലും വേണ്ടില്ല; അതു കേൾക്കുമ്പോൾ നമ്മുടെ അനുഭവം, കാളിപൂജയിൽ പങ്കുകൊള്ളുന്നതിന്നു ഭക്തന്മാരോടും കാഴ്ചക്കാരോടും ഒപ്പം ക്ഷണിക്കപ്പെടുന്ന ആളുകളുടേതുപോലെയാകുന്നു. “ഒരാൾക്കു കളിവിളയാട്ടം, മറെറയാൾക്കു പ്രാണവേദന!” ആ വാരാശിയിൽ മഗ്നനായാലത്തെ ഭാഗ്യോദയമെന്തു്? “കോളനി”കളിൽ എവിടെയെങ്കിലും കാടുവെട്ടിത്തെളിയിക്കുവാനോ, തോട്ടങ്ങളിൽ ചുരുങ്ങിയ കൂലിക്കു് ആളുകളെ പണിക്കു കിട്ടുവാനോ ആവശ്യമുണ്ടെങ്കിൽ സാമ്രാജ്യാഭിമാനത്തോടുകൂടി നമുക്കെല്ലാം അവിടെച്ചെന്നു ചേൎന്നു് ആ കാൎയ്യം സാധിപ്പിച്ചു് ആയുസ്സും ആരോഗ്യവും ബാക്കിയുണ്ടെങ്കിൽ മടങ്ങിപ്പോരാം; നിരപരാധികളായ തിബെത്തുകാരോടോ അതുപോലെയുള്ള മററു അയൽരാജ്യക്കാരോടോ ബ്രിട്ടീഷുകാർ യുദ്ധത്തിന്നു പുറപ്പെടുമ്പോൾ സാമ്രാജ്യഭ്രമത്തോടുകൂടി നമ്മുടെ “സകല സൎവ്വസ്വവും” അതിന്നായി “ഉഴിഞ്ഞുകൊടുക്കാം.” കണക്കിലധികം ദ്രോഹിക്കപ്പെടുന്ന സോമാലി രാജ്യത്തിലെ ജനങ്ങൾ ഗത്യന്തരമില്ലാതെ “രണ്ടും കല്പിച്ചു” തലപൊക്കുമ്പോൾ ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ നിലനില്പിന്നുവേണ്ടി നമുക്കെല്ലാവൎക്കും പട്ടാളക്കാരായി അവിടെച്ചെന്നു സ്വാതന്ത്ര്യശത്രുക്കളായ ആ സാധുക്കളോടു യുദ്ധം ചെയ്തു് ആൎക്കുമല്ലാതെ ചത്തു മണ്ണടിക്കാം. ഇതിന്നെല്ലാം നമുക്കു് അധികാരം സിദ്ധിക്കും! അവകാശമുണ്ടായിരിക്കും! വലിയതും ചെറിയതും കൂടി ഇങ്ങിനെയല്ലാതെ പിന്നെ എങ്ങിനെയാണു് പൊതുവിലുള്ള ഐശ്വൎയ്യാഭിവൃദ്ധിക്കുവേണ്ടി പ്രയത്നിക്കുന്നതു്!

ഇതൊക്കെ പ്രകൃതിനിയമങ്ങളാണ്. അതോർത്തു് കണ്ണു് ഉരുട്ടീട്ടും "കണ്ണു നിറച്ചി"ട്ടും ഫലമില്ല. നാം വലിയ തത്വ ജ്ഞാനികളെപ്പോലെ ഇംഗ്ലീഷുകാരോടു ധർമ്മശാസ്ത്രം പ്രസംഗിക്കുവാൻ ആരംഭിക്കുന്നു. "കേവലന്മാരുടെ സ്ഥിതി വിട്ടു നിങ്ങൾ നിങ്ങളുടെ ഉന്നതാവസ്ഥയ്ക്കു് അനുസരിച്ച വിധത്തിൽ നിങ്ങളുടെ സ്വന്തങ്ങളായ സുഖസൌകര്യാദികളെ ഇന്ത്യയുടെ ഭൂരിസുഖത്തിനുവേണ്ടി ഉപേക്ഷിച്ച സ്വാർത്ഥം വെടിഞ്ഞു പ്രവർത്തിക്കേണ്ടതാകുന്നു" അവരാകട്ടെ, അതുകേട്ടു തിരിഞ്ഞുനിന്നു നല്ല കണക്കിൽ സമാധാനം പറയുന്നു. "നിങ്ങളുടെ ജ്ഞാനോപദേശങ്ങളെല്ലാം ഞങ്ങൾ പിന്നീടു ശ്രദ്ധിക്കാം. ഇപ്പോൾ ഒരു കാര്യം ചെയ്യു. നിങ്ങൾ ഞങ്ങളെപ്പോലെ നിങ്ങളുടെ സ്വന്തം സ്വാർത്ഥങ്ങളെ വിസ്മരിച്ചു് ഇന്ത്യയുടെ പൊതുവിലുള്ള നന്മയെ മുൻനിർത്തി പ്രവർത്തിക്കു. നിങ്ങൾക്കു് അതിനുവേണ്ടി നിങ്ങളുടെ ജീവൻ ഉപേക്ഷിക്കുവാൻ കഴികയില്ലെങ്കിൽ വേണ്ടാ. നിങ്ങളുടെ ധനവും സുഖസൌകര്യവും എന്തെങ്കിലും ഉള്ളതു നിങ്ങളുടെ മാതൃരാജ്യത്തിൻെറ പാദങ്ങളിൽ സമർപ്പിക്കുവിൻ! ഞങ്ങൾ തന്നെത്താൻ ഇന്ത്യയ്ക്കുവേണ്ടി സർവ്വവും ചെയ്യണമോ, നിങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുകയില്ലയോ?" ഇതിനു നാമെന്തു പ്രത്യുത്തരം കൊടുക്കും! നാം നമ്മുടെ രാജ്യത്തിനുവേണ്ടി, സൂക്ഷ്മത്തോളം ആലോചിച്ചാൽ എന്തു പ്രവർത്തിച്ചിട്ടുണ്ടു്? എന്തു കൊടുത്തിട്ടുണ്ടു്? രാജ്യചരിത്രവുമായി പരിചയപ്പെടുവാനെങ്കിലും ശ്രദ്ധിച്ചിരുന്നാൽ നന്നായിരുന്നു. അതിന്നും കൂടി തുനിയാത്ത അലസതയാണു നാം കയ്യിൽ വെച്ചിരിക്കുന്നതു്. വിദേശീയർ നമ്മുടെ രാജ്യചരിത്രം നിർമ്മിക്കുന്നു; നാം അതു തർജ്ജമചെയ്യുന്നു! വിദേശീയർ നമ്മുടെ ഭാഷയ്ക്കു ഒരു വ്യാകരണം ഉണ്ടാക്കുന്നു; നാമതു കണ്ടുപഠിക്കുന്നു; രാജ്യത്തിൻെറ സ്ഥിതിയെക്കുറിച്ച—അവിടത്തെ ജനങ്ങളെയോ, വ്യവസായത്തേയോ, കൃഷിയെയോ എന്തിനെയെങ്കിലും കുറിച്ച—നമുക്കു നേരിട്ടു ഒരറിവുമില്ല. സ്വരാജ്യത്തോടുള്ള കടമ ഇപ്രകാരം നിർവ്വഹിക്കുന്ന നാമാണു

മററുള്ളവരോടു ധർമ്മോപദേശത്തിന്നു പുറപ്പെടുന്നതു്! അവരാണത്രേ നമ്മുടെ രാജ്യത്തെ അധികം ആദരിക്കയും സ്നേഹിക്കയും ശുശ്രൂഷിക്കയും വേണ്ടതു്! കുററമാണോ നമ്മുടെ പ്രസംഗങ്ങളും പ്രമേയങ്ങളും വ്യർത്ഥങ്ങളായിത്തീരുന്നതു്? ഗവർമ്മേണ്ടു് അല്പം ചിലതെങ്കിലും ചെയ്യുകയും വല്ലതും ഒരു ഭാരവാഹിത്വം സ്വീകരിക്കുകയും ചെയ്യുന്നുണ്ടു്. നാമൊന്നും തന്നെ ചെയ്യുന്നതുമില്ല; ഒരു ചുമതലയും ഏൽക്കുന്നതുമില്ല. ഇപ്രകാരമുള്ള രണ്ടു കക്ഷികൾ തമ്മിൽ എങ്ങിനെയാണു് യഥാർത്ഥമായ സഹായസഹകരണങ്ങൾ ഉണ്ടാകുന്നതു്? തന്നിമിത്തം ഇന്നു നാം വമ്പിച്ച മഹാസഭകൾ വിളിച്ചുകൂട്ടുകയും ഗംഭീരങ്ങളായ പ്രസംഗങ്ങൾ നടത്തുകയും; പ്രക്ഷോഭകരങ്ങളായ പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്യുന്നു. നാളെ ആ നാം തന്നെ അതിനികൃഷ്ടങ്ങളും അത്യന്തം ലജ്ജാകരങ്ങളും ആയ അനവധി അധിക്ഷേപങ്ങളേയും അവമാനങ്ങളേയും കണ്ണടച്ചു സഹിച്ചു മൌനം ദീക്ഷിക്കുന്നു; ഒരു വൈദ്യനെ വിളിക്കുവാൻകൂടി അവശ്യം നേരിടാത്ത വിധത്തിൽ ആ മഹാരോഗം നമ്മെ ആപാദചൂഡം വ്യാപിച്ചിരിക്കുന്നു.

ഇരുട്ടത്തു നടക്കുന്നവരായതുകൊണ്ടാണു ശരിയായ മാർഗ്ഗങ്ങൾ തെളിഞ്ഞു കാണുന്നതു്. വെളിച്ചം വന്നതിന്നുശേഷം നോക്കുമ്പോൾ ഇത്രയും നല്ല വഴികൾ തെററിപ്പോയതെങ്ങിനെയാണെന്നുകൂടി നാം അത്ഭുതപ്പെട്ടുപോകും. എന്നാൽ എല്ലാവരേയും ബാധിച്ചിരിക്കുന്ന ഇരുട്ടു് ഒരു തരത്തിലുള്ളതല്ല. വാക്കുകൾ മാത്രമല്ല, ശരീരത്തേയും തങ്ങളുടെ സർവ്വസ്വത്തേയും ബലികഴിപ്പാൻ സന്നദ്ധരായ ചെറുപ്പക്കാർ ചിലരെങ്കിലുമുണ്ടെന്നു് എനിക്കറിയാം. എങ്ങിനെയാണു് പ്രവർത്തിക്കേണ്ടതെന്നറിയായ്കയാണു് അവരുടെ കുഴപ്പം; ഉപദേശിപ്പാനും ഉദാഹരിപ്പാനും നാഥനില്ലാത്തതാണു് അവർക്കുള്ള പ്രതിബന്ധം. രാഷ്ട്രീയമായ ഒരു കേന്ദ്രസ്ഥാനവും ഉപദേശശക്തിയുള്ള ഒരു മാന്യ നേതാവും, ഉണ്ടായിത്തീർന്നാൽ എല്ലാററിന്നും പരിഹാര

മായി. അടിക്കടി നമുക്കു വന്നുചേരുന്ന അവമാനങ്ങളും സങ്കടങ്ങളും എല്ലാം യഥാർത്ഥത്തിൽ ഈശ്വരദത്തങ്ങളായ അനുഗ്രഹങ്ങൾ മാത്രമാണു്. നമ്മുടെ വിദ്യാഭ്യാസവും, ശുചീകരണവും, വ്യവസായവും, വ്യാപാരവും, എല്ലാം നാംതന്നെ സൃഷ്ടിച്ചതായ ആ കേന്ദ്രത്തിൽനിന്നു സ്വയമേവ നാലുപാടും പ്രസരിക്കണം. നമ്മുടെ ആവലാതികളും അപേക്ഷകളുമെല്ലാം ആ കേന്ദ്രസ്ഥാനത്തിൽ അർപ്പിക്കപ്പെടണം. നമുക്കു സജീവവും ശക്തിയുക്തവും ആയ ഒരു രാഷ്ട്രീയബോധവും ആ ബോധത്തിൻെറ ജീവനിദർശനമായ ഒരു തലസ്ഥാനവും നായകനും ഉണ്ടായിത്തീരണം. ഇപ്പോൾ നടക്കുന്ന ഈ "പൊറാട്ടുനാടകം" ഉടനെ അവസാനിപ്പിക്കണം. ഇപ്പോൾ നമുക്കു തമ്മിൽതന്നെ രാഷ്ട്രീയകാര്യങ്ങൾ സഗൌരവം പ്രതിവാദിപ്പാൻ എളുപ്പമല്ല. ഈ വിദൂഷികക്കളി അവസാനിപ്പിക്കുന്നതിനു രാഷ്ട്രീയാഭിവൃദ്ധിക്കുള്ള സകല ഭാരവും നാംതന്നെ കയ്യേററു പ്രവർത്തിക്കണം.

നാം ഇപ്പോൾ ആവശ്യപ്പെടുന്നതെല്ലാം നമുക്കു ലഭിച്ചുകഴിഞ്ഞാൽ ഗവമ്മേണ്ടും നാമും തമ്മിൽ മാന്യമായ ഒരു സൌഹാർദ്ദം വളൎന്നുവരാതിരിക്കയില്ലെന്നാണു ചിലരുടെ വിശ്വാസം. എന്നാൽ ആ അഭിപ്രായം അനുഭവവിരുദ്ധമാണു്. യാചനയുടെ അറുതിയും ദാനത്തിൻെറ അവസാനവും ആരു കണ്ടിരിക്കുന്നു? നമ്മുടെ ശാസ്ത്രങ്ങളിൽ പറയുന്നതുപോലെ എണ്ണ പകരുന്നതല്ലാ തീ കെടുത്തുന്നതിനുള്ള മാൎഗ്ഗം. എത്ര അധികം ലഭിക്കുന്നുവോ അത്ര അധികം യാചകനു ലോഭം വൎദ്ധിക്കുന്നു. ചോദിച്ചേടത്തോളം കിട്ടാഞ്ഞാൽ അസംതൃപ്തിയും വളരുന്നു. ലാഭം, ഒരുത്തൻെറ സ്വപ്രയത്നത്തെയല്ലാ, അന്യൻെറ ദാനശീലത്തേയാണു് ആശ്രയിക്കുന്നതെന്നു വരുമ്പോൾ ആ ലാഭം രണ്ടു പ്രാവശ്യം ശപിക്കപ്പെട്ടതാകുന്നു. അതു വാങ്ങുന്നവനും അതു നൽകുന്നവനും ഒരുപോലെ ശപി

ക്കപ്പെട്ടവരാകുന്നു. അതു രണ്ടുപേരേയും ക്രമേണ കൊള്ളരുതാത്തവരാക്കിത്തീക്കുന്നു.

കൊടുത്തുവാങ്ങൽ പരസ്പരമായിരിക്കും. ഇരുകൂട്ടരും അതാതവസരംപോലെ കടക്കാരും പണക്കാരുമായിരിക്കണം. അപ്രകാരമുള്ള അന്യോന്യബന്ധം ആദരണീയവും, ഇരുകൂട്ടക്കും ഗുണപ്രദവും, സ്നേഹവിശ്വാസങ്ങളാൽ ക്രമീകരിക്കപ്പെടാവുന്നതും ആണു്. അതിൽനിന്നുള്ള ലാഭം യഥാർത്ഥമായ ലാഭംതന്നെയാണു്. രണ്ടു "ശക്തികൾ" തമ്മിലുള്ള വിട്ടുവീഴ്ചകളും, സന്ധി ഏർപ്പാടുകളും സുന്ദരങ്ങളും സ്ഥിരതയുള്ളവയും രസകരങ്ങളും ആദായപ്രദങ്ങളും ആണു്. നമ്മുടെ മാതൃഭൂമി അതിൻെറ സന്താനങ്ങളായ നമ്മോടു് ആവശ്യപ്പെടുന്നതും, നാം ചെയ്യാൻ കടപ്പെട്ടതും ആയ പ്രവൃത്തികളെ അവസാനംവരെ ഒരു കാശിന്നുപോലും ബാക്കിവെയ്ക്കാതെ ചെയ്തുതീത്താൽ മാത്രമേ, നമുക്കു നമ്മുടെ ഭരണകത്താക്കന്മാരായ ബ്രിട്ടീഷുകാരോടു സിദ്ധിക്കേണ്ടവയായ അവകാശാധികാരങ്ങളേയും അവസാനംവരെ, ഒരു കാശിന്നുപോലും ബാക്കിവെയ്ക്കാതെ കണക്കുപറഞ്ഞു കൈവശപ്പെടുത്തുന്നതിന്നുള്ള പ്രാപ്തിയും സൌകയ്യവും വന്നുചേരുകയുള്ളൂ. നാം കൊടുക്കുന്നതിൻെറ തോതനുസരിച്ചിരിക്കും നമുക്കു കിട്ടുന്നതും.

നമ്മുടെ രാഷ്ട്രീയബോധത്തിൽ; സ്വയംഭരണത്തിന്നുള്ള നമ്മുടെ ഈ പരിശ്രമത്തിൽ, ഗവമ്മെണ്ടു വിരോധകക്ഷിയായി മിതമല്ലാത്ത പ്രതിബന്ധങ്ങൾ വലിച്ചിടുകയില്ലേ, എന്നു ചോദിച്ചേയ്ക്കാം. അതു സംഭവിച്ചേയ്ക്കുമെന്നുതന്നെ സമ്മതിക്കുന്നു. ഉദ്ദേശങ്ങൾ വിരുദ്ധങ്ങളാകുമ്പോൾ അത്തരം ആപത്തുകൾ അനിവാര്യങ്ങളാണു്. ആ സംരംഭത്തിൽനിന്നു പിന്മാറുന്നതിന്നു് അതു മതിയായ കാരണമല്ല. ധമ്മത്തിൽ പൂണ്ണവിശ്വാസത്തോടുകൂടി കൃത്യനിവ്വഹണത്തിന്നു് ഒരുമ്പെടുന്ന ഒരുവനെ തടയുകയെന്നതുതന്നെ, ഒന്നാമതായി ആക്കും അത്ര എളുപ്പമല്ല. രണ്ടാമതു തടസ്സം ചെയ്യുന്നതും ദാനം തരാ

തിരിക്കുന്നതും രണ്ടും രണ്ടാണെന്നു ഓർമ്മവേണം. പതിവായി കിട്ടിവരാറുള്ള അനുവാദങ്ങളോ അനുഭവങ്ങളോ പിൻവലി ക്കപ്പെടുന്നതും, പ്രവൃത്തികൾക്കു നേരിട്ടു തടസ്സം ഉണ്ടാക്കി ത്തീക്കുന്നതും കുട്ടിക്കലർത്തി കുഴപ്പം വരുത്തരുതു്. ഓരോന്നു തരുവാനും മറെറാരോന്നു എടുത്തു കളയുവാനും സാധിക്കുന്ന ഒരു സാധനമല്ല സ്വയംഭരണം. റിപ്പൻപ്രഭു തന്നതും മറേറ പ്രഭു വേണ്ടെന്നുവെച്ചതും സ്വയംഭരണമല്ല. റിപ്പൻപ്രഭുവിനെ സ്വയംഭരണദാനകത്താവാക്കിയതു നമ്മുടെ ഭോഷത്വം മാത്ര മാണു്.

ഇതിനെല്ലാം പുറമെ സ്വയംഭരണം ഇതാ നമ്മുടെ പടിക്കൽത്തന്നെ കാത്തുകിടക്കുന്നു. അതിനെ നമ്മിൽനിന്നു് അപഹരിക്കുന്നതിന്നു് ആരും ഇന്നുവരെ തുനിഞ്ഞിട്ടില്ല; തു നിഞ്ഞാലും ആക്കും അത്ര എളുപ്പം സാധിക്കുന്നതുമല്ല. നമു ക്കാവശ്യമുള്ളതെല്ലാം നമ്മുടെ ഗ്രാമങ്ങളിൽ നമുക്കു നടപ്പിൽ വരുത്താം. ഗ്രാമവിദ്യാഭ്യാസം: ഗ്രാമശുചീകരണം. ഗ്രാമ വീഥികൾ, ഗ്രാമജലാശയങ്ങൾ, ഗ്രാമവ്യവസായങ്ങൾ, ഗ്രാമ ത്തിലെ അധഃകൃതന്മാർ എന്തിനേറെ, ഗ്രാമം മുഴുവനുംതന്നെ നമുക്കധീനമാകുന്നു. മനസ്സുള്ളപക്ഷം, ഒരുമയും ഒരുക്കവും ഉള്ളപക്ഷം. സക്കാരപക്ഷക്കൂടാതെ തന്നെ, ഗവമ്മെണ്ടുസഹാ യമില്ലാതെതന്നെ, നമുക്കു ഗ്രാമങ്ങളിൽ സ്വയംഭരണപരി ശ്രമങ്ങൾ നടത്താവുന്നതാണു്. അതിലേക്കു് ഉത്സാഹവും ഒരുമയും മാത്രമേ ആവശ്യമുള്ളു. അതില്ലെങ്കിലോ? എന്നാൽ നമുക്കു തൂങ്ങിയോ മുങ്ങിയോ മരിക്കുന്നതാണു് ഉത്തമം. അ തിന്നുവേണ്ട കയറും കല്ലുമെങ്കിലും നാട്ടിലില്ലയോ?

പ്രവൃത്തിരംഗത്തിൽ പ്രവേശിക്കുമ്പോൾ ഈവക സംഗ തികൾ ഒന്നും പ്രസംഗാവസരത്തിൽ നോക്കിയിരുന്നതുപോലെ സുസാദ്ധ്യങ്ങൾ അല്ലെന്നു് എന്റെ എതിരാളികൾ വാദിക്കു മായിരിക്കും. പ്രവൃത്തി ദുഷ്കരമാണെന്നും ഉദ്ദേശസിദ്ധി ശ്രമ സാദ്ധ്യമാണെന്നും ഞാൻ സമ്മതിക്കുന്നു. വെറും "ഹർജ്ജി

ക്കപ്പല്വകളി"ൽ കയറി സമുദ്രതരണം ചെയ്തു് "സ്വയംഭരണ"മെന്ന മനോഹരവും അമൂല്യവും ആയ ലാഭത്തെ സമ്പാദിക്കാമെന്നു പറയുമ്പോൾ ആലോചനാവിഹീനന്മാരായ ഒരുകൂട്ടം സ്വദേശസ്നേഹികൾക്ക് അതിൽ കുറച്ചധികം ആകൎഷണം തോന്നുന്നതാണു്. എന്നാൽ എൻെറ അഭിപ്രായം രാജ്യത്തിൻെറ മൂലധനത്തിൽനിന്നു് ഒരംശംപോലും ആപൽക്കരമായ ആ പരിശ്രമത്തിൽ ചിലവഴിപ്പാൻ പാടില്ലെന്നാണു്. ഒരു കപ്പൽ പണിതുണ്ടാക്കുന്ന കാൎയ്യം അത്ര എളുപ്പമല്ല; എന്നാൽ കടലിനോടു കടന്നുപോകാൻ കല്പിക്കുന്നതു ക്ഷണസാദ്ധ്യമാണു്. പക്ഷെ, സമുദ്രതരണത്തിന്നു "കല്പന" പോരാ, "കപ്പല്വ"തന്നെ വേണം. അതിലാഭത്തിൽ ഒരു കാൎയ്യം നേടുന്നതിന്നുള്ള ഏററവും സുഗമമായ മാൎഗ്ഗമാണു് നാം കാത്തിരിക്കുന്നതു്. കാൎയ്യം നടന്നില്ലെങ്കിൽ അതിന്നുള്ള ഉത്തരവാദിത്വം മററു വല്ലവരുടേയും തലയിലു വച്ചുകെട്ടുവാൻ ശ്രമിക്കും; മാൎഗ്ഗത്തിൻെറ മോശത്തരമാണോ എന്ന ചിന്തതന്നെയില്ല. എന്തായാലും കാൎയ്യം നടന്നില്ലെന്നുള്ളതാണു് അവസാനത്തിലെ അനുഭവം.

നമ്മുടെ സ്വന്തം ബാദ്ധ്യതകൾ എല്ലാം നിസ്സാരങ്ങളെന്നും മററുള്ളവരുടെ ചുമതലകൾ മാത്രം മുഴുവനും ഭാരിച്ചവയെന്നും സങ്കല്പിക്കുന്ന സദാചാരനിയമം ശരിയായിട്ടുള്ളതല്ല. ബ്രിട്ടീഷുകാരുടെ ബാദ്ധ്യതകളെക്കുറിച്ചു നാം ആലോചിക്കുമ്പോൾ അതിൻെറ വലിപ്പത്തെ മാത്രം നാം ഗൗനിക്കുകയും, അവൎക്കുള്ള മനുഷ്യസഹജങ്ങളായ ബലഹീനതകളേയും കൃത്യനിൎവ്വഹണത്തിന്നു് അവൎക്കുള്ള അനവധി അസൗകൎയ്യങ്ങളേയും നാം തീരെ അവഗണിക്കുകയും നമ്മുടെ ഭാഗത്തേക്കു വരുമ്പോൾ ഒഴികഴിവുകളും കാരണങ്ങളും നാം ആലോചിച്ചുണ്ടാക്കുകയും കുററവും കുറവും പറഞ്ഞു ബാദ്ധ്യത ലഘൂകരിപ്പാൻ ഉത്സാഹിക്കുകയും ചെയ്യുന്നു. "ക്ഷോഭം" കാൎയ്യസിദ്ധിക്കു് ഉതകുന്നതല്ല. ക്ഷുഭിതനായിത്തീൎന്ന ഒരു കക്ഷി, ഭ്രാന്തു

പിടിച്ചുള്ള പരിഭ്രമത്തിൽ കേസ്സു തോൽക്കുന്ന സംഗതിതന്നെ സാരമായിക്കരുതുന്നില്ല. രാഷ്ട്രീയങ്ങളായ നമ്മുടെ പ്രക്ഷോഭങ്ങളുടെയെല്ലാം അടിസ്ഥാനം വെറും വിദ്വേഷമാകുന്നപക്ഷം ആ പ്രക്ഷോഭത്തെത്തന്നെ നാം കാര്യമായി വിചാരിച്ചു പ്രാപ്യസ്ഥാനത്തെ മറന്നുകളയുവാൻ സംഗതിവരും. അപ്പോാം അപ്രകൃതങ്ങളായ അന്യ കാര്യങ്ങാംക്കു പ്രാധാന്യം സിദ്ധിക്കുന്നു. അപ്പോാം പ്രവൃത്തിയുടേയും വിചാരങ്ങളുടേയും ഗൌരവം നിശ്ശേഷം നശിക്കുന്നു. അപ്രകാരമുള്ള പരിഭ്രമം, ശക്തിയുടെ പ്രത്യക്ഷഭാവമല്ല; ബലഹീനതയുടെ പ്രദർശനമാകുന്നു.

നിസ്സാരങ്ങളും നീചങ്ങളുമായ വ്യത്യാസങ്ങളെ വിസ്മരിക്കണം. നാം പാവനമായ സ്വരാജ്യസ്നേഹം ഒന്നിനാൽ മാത്രം പ്രേരിതരായിരിക്കണം. മററുള്ളവരോടുള്ള വെറുപ്പോ അന്യാശ്രയമോ ആയിരിക്കരുതു് രാഷ്ട്രീയമായ നമ്മുടെ സംരംഭങ്ങളുടെ അടിസ്ഥാനം. ഈ ആശ്രയ ഭാവവും ഈ വെറുപ്പും പരസ്പരവിരുദ്ധങ്ങളായ ഭാവങ്ങളാണെന്നു് പ്രഥമദൃഷ്ടിയിൽ തോന്നിയേയ്ക്കാം. എന്നാൽ യഥാർത്ഥത്തിൽ അവ രണ്ടും ഒരു വൃക്ഷത്തിൻെറ ഇരുശാഖകളാകുന്നു. ആവശ്യപ്പെട്ടു വാങ്ങുന്നതാണു നമ്മുടെ മുക്തിമാർഗ്ഗമെന്നു തീരുമാനിച്ചതുകൊണ്ടു ചോദിച്ചതു കിട്ടാഞ്ഞാൽ ഇച്ഛാഭംഗവും തന്നിമിത്തം നൈരാശ്യവും വന്നുചേരുന്നു. ഉടനെതന്നെ ആ നൈരാശ്യത്തെ നമ്മുടെ സ്വദേശസ്നേഹമായി നാം തെററിക്കണക്കാക്കുന്നു. അതോടുകൂടി ഉന്നതമായ അഭിമാനവും സാരമായ സമാധാനവും കിട്ടിക്കഴിഞ്ഞുവെന്നാണു് നാം ധരിച്ചുവശാവുന്നതു്.

ഒരു കുട്ടിയെ നിർബന്ധമായി അതിൻെറ അമ്മയുടെ അടുക്കൽനിന്നു വാങ്ങിച്ചു മറെറാരാളെ സംരക്ഷണയ്ക്കു് ഏല്പിച്ചുകൊടുത്തു എന്നു വിചാരിക്കുക. ആ അമ്മയ്ക്കു് എന്തുകൊണ്ടാണു് ഈ ഒരാശ്വാസവും സമാധാനവും തോന്നാത്തതു്? അവരുടെ സീമാതീതമായ സ്നേഹം ഒന്നുമാത്രമാണു് അതിനു കാരണം. അതുപോലെത്തന്നെ മാതൃഭൂമിയോടു് നമുക്കുള്ള

കടമ ചെയ്തുതീക്കുന്നതിനുള്ള പാവനമായ ആ പ്രേരണ മാത്രമാണ് ശരിയായ സ്വരാജ്യസ്നേഹം. കത്തവ്യങ്ങളെ അന്യനെ ഏല്പിക്കുന്നതു് ഒരു മിടുക്കല്ല. അതു കാൎയ്യസിദ്ധിക്കു പൎയ്യാപ്തമായിട്ടുള്ളതുമല്ല.

## യൂറോപ്പും ഇന്ത്യയും

ഇന്ത്യാക്കാരായ നാം വളരെ പഴകിയ വൎഗ്ഗക്കാരാണ്. വളരെ വളരെ പഴക്കംചെന്നവരും വളരെവളരെ തേഞ്ഞുമാഞ്ഞവരുമാണ്. ഹൈന്ദവവൎഗ്ഗത്തിന്റെ അപരിമിതമായ പഴക്കത്തെക്കുറിച്ചു് ഞാൻ പലപ്പോഴും വിചാരിക്കാറുണ്ടു്. അന്തർഭാഗങ്ങളെ ശ്രദ്ധിച്ചുനോക്കുമ്പോഴെല്ലാം, അവിടെ നമ്മുടെ അകവും പുറവും ഒരു വിശ്രമാവസരത്തെ അനുഭവിക്കുന്നതുപോലെ മനോരാജ്യവും, വിശ്രമവും, ലോകത്തിനോടുള്ള മടുപ്പും മാത്രമേ ഞാൻ കാണാറുള്ളു. അതു കണ്ടാൽ നാം നമ്മുടെ ഉദ്യോഗസംബന്ധമായ ജോലികളെല്ലാം പ്രഭാതത്തിൽതന്നെ—ലോകചരിത്രത്തിന്റെ പ്രാരംഭഘട്ടത്തിൽതന്നെ—ചെയ്തുതീൎത്തു മററു രാജ്യക്കാരും വൎഗ്ഗക്കാരുമെല്ലാം അതിജാഗ്രതയോടുകൂടി അവരുടെ പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ മദ്ധ്യാഹ്നസമയത്തു്, ഇപ്പോൾ നാം സകല കവാടങ്ങളും അടച്ചു സമാധാന ചാരിതാർത്ഥ്യങ്ങളോടുകൂടി വിശ്രമമനുഭവിക്കുകയാണോ എന്നു തോന്നിപ്പോകും. നാം നമ്മുടെ കർത്തവ്യങ്ങൾ മുഴുവൻ ചെയ്തുതീൎത്തു, നമ്മുടെ പ്രതിഫലം മുഴുവൻ സ്വീകരിച്ചുകഴിഞ്ഞു. നാം പ്രവൃത്തികളിൽനിന്നു വിരമിച്ചു. ഇപ്പോൾ അടുത്തുൺപററി സുഖിച്ചുവരുന്നു. എത്ര സമാധാനപരിപൂൎണ്ണവും ആഹ്ലാദകരവും ആയ ജീവിതം!

എന്നാൽ ഇയ്യിടയിൽ ഇതാ പെട്ടെന്നു നമ്മുടെ പരിതസ്ഥിതികൾ ആകെ വ്യത്യാസപ്പെട്ടിരിക്കുന്നു. (നമ്മുടെ സമാധാനവാപിയുടെ നടുക്കു് ഒരു കല്ലു പതിക്കുകയും നിശ്ചല

മായിരുന്ന അതിലെ ജലം കലങ്ങുകയും അതിൽ കല്ലോലപരമ്പരകൾ ഉളവാകുകയും ചെയ്തിരിക്കുന്നു.) തക്കതായ ആധാരലക്ഷ്യങ്ങളോ അവകാശപത്രങ്ങളോ കാണിച്ചു തൃപ്തിപ്പെടുത്തുവാൻ സാധിക്കാത്തതുകൊണ്ടു്, ഇതുവരെ നാം സ്വൈരമായും പാട്ടംകൂടാതെയും നാം അനുഭവിച്ചിരുന്ന നമ്മുടെ വസ്തുവകകൾ എല്ലാം പുതിയ അധികാരികൾ അടക്കിയെടുത്തിരിക്കുന്നു. നാം പെട്ടെന്നു മഹാദരിദ്രന്മാരായിരിക്കുന്നു. ലോകത്തിലെ കൂലിക്കാരെപ്പോലെതന്നെ നാമും പ്രയത്നിക്കുകയും പാട്ടംകൊടുക്കുകയും വേണ്ടിവന്നിരിക്കുന്നു. ഈ പുരാതന വൎഗ്ഗക്കാർ പൊടുന്നനവെ പുതിയ പ്രയത്നങ്ങൾ ആരംഭിക്കുവാൻ നിർബന്ധിതരായിത്തീൎന്നിരിക്കുന്നു.

അതുകൊണ്ടു നാം മനോരാജ്യം മാററണം; വിശ്രമത്തിൽ നിന്നു വിരമിക്കണം; സ്വഗൃഹങ്ങളിലെ സുഖപ്രദങ്ങളായ മുറികളെ വിട്ടു പുറത്തുകടക്കണം. സംസ്കൃതവ്യാകരണത്തിലും, തൎക്കത്തിലും, ഹിന്ദുമതത്തിലും നിയമത്തിലും അല്ലെങ്കിൽ ദിനനിഷ്ഠകളിലും മാത്രം ബദ്ധശ്രദ്ധരായി കഴിക്കുന്നതുകൊണ്ടു് ഇനി മേലിൽ മതിയാകുന്നതല്ല. നമുക്കു നിലം ഉഴുതു മുറിക്കുകയും. വളം ചേൎത്തു ഫലപ്രദമാക്കുകയും, കൃഷിചെയ്തു് ഇന്നത്തെ "നവീന മൎത്ത്യസാമ്രാട്ടി"നു (King of Modern Humanity) കരം കൊടുക്കുകയും വേണം. നമുക്കു കോളേജുകളിൽ പഠിക്കുകയും, ഹോട്ടലുകളിൽ ഭക്ഷിക്കുകയും ആപ്പീസുകളിൽ പണിയെടുക്കുകയും കൂടാതെ കഴികയില്ല.

കഷ്ടം! ആരാണു് ഇന്ത്യയുടെ ഉത്തുംഗങ്ങളായ നഗരമതിലുകളെ നശിപ്പിച്ചു, നമ്മെയെല്ലാം, അതിവിശാലവും, തീരെ രക്ഷപെടുവാൻ മാൎഗ്ഗമില്ലാത്തതുമായ ഈ കൎമ്മമണ്ഡലത്തിലേക്കു വലിച്ചിഴച്ചതു്? ഉൽകൃഷ്ടമായ ബുദ്ധിശക്തിയുള്ള നാം നമ്മുടെ ചുററും അനശ്വരചിന്തകളാകുന്ന കോട്ടമതിലുകൾ പടുത്തുയൎത്തിയിരുന്നു. കാലമാകുന്ന മഹാനദിയിൽ നാം വലുതായ ചിറകളിട്ടു മുട്ടിച്ചിരുന്നു. നാം നമ്മുടെ ഇഷ്ടം

പോലെ എല്ലാം ഏർപ്പെടുത്തി നിർബാധമായ സുഖം അനുഭ വിച്ചിരുന്നു. "വിശ്രമിക്കലില്ലാത്ത പരിണാമം" വല്ലാതെ ക്ഷോഭിച്ചിരുന്ന ചുററുമുള്ള മഹാസമുദ്രത്തെപ്പോലെ, ഇന്ത്യാ രാജ്യത്തിന്നു പുറത്തു് ഇടവിടാതെ ഗർജ്ജിച്ചുകൊണ്ടിരുന്നു എങ്കിലും, നാമാകട്ടെ, ഏളക്കംതട്ടാത്തതായ നമ്മുടെ സമാ ധാനനിശബ്ദതയിൽതന്നെ അടിയുറപ്പിച്ചു. പുറത്തുള്ളതും എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതുമായ ചഞ്ചലപ്രപഞ്ചത്തെ തീരെ വിസ്മരിച്ചു നിശ്ചേഷ്ടരായിത്തന്നെ കഴിച്ചു. അതിന്നി ടയ്ക്കു് ഏതോ ഒരു പഴുതിലൂടെ അനർഗ്ഗളമായും അശ്രാന്ത മായും വരുന്ന മനുഷ്യപ്രവാഹത്തിനു് നമ്മുടെ രാജ്യത്തേക്കും ഒരു പ്രവേശം സിദ്ധിച്ചു. ആ പ്രവാഹം നമ്മുടെ സാമുദാ യിക ബന്ധങ്ങളെയെല്ലാം ശിഥിലങ്ങളാക്കി, പൗരാണിക ങ്ങളും ആധുനികങ്ങളും ആയ ധർമ്മാധർമ്മങ്ങളെ കൂട്ടികലർത്തി വിശ്വാസത്തേയും അവിശ്വാസത്തേയും ഒന്നിച്ചു കലക്കി പരമമായ സംതൃപ്തിയിൽ അസാമാന്യമായ അതൃപ്തിയെ പക ർത്തി, ആദിമുതൽ അവസാനംവരെ എല്ലാം കുഴച്ചും കുഴപ്പവും ആക്കിത്തീർത്തു.

ഇന്ത്യാ രാജ്യത്തെ മററു രാജ്യങ്ങളിൽനിന്നു വേർതിരി ക്കുന്ന സമുദ്രങ്ങളും പർവ്വതനിരകളും മുഴുവനും തീരെ ദുർഗ്ഗമങ്ങ ളും അലംഘ്യങ്ങളും ആയിരുന്നു എങ്കിൽ, മനുഷ്യരിൽ ഒരു വർഗ്ഗക്കാർ, വ്യവസ്ഥിതവും വ്യത്യസ്തവുമായ അവരുടെ കോട്ട യ്ക്കകത്തു വസിച്ചു പ്രശാന്തവും ഏകാന്തവും ആയ സമാധാന സംതൃപ്തികളെ അനുഭവിച്ചുകൊ[illegible] പ്രയത്നിച്ചു ക്ലിപ്തമായ ഒരു അഭ്യുദയത്തിന്റെ അവസാന ഫലത്തെ അറിയുമായിരു ന്നു. ലോകത്തിൽ മററു രാജ്യങ്ങളിൽ കഴിയുന്ന കാര്യങ്ങളൊ അധികമൊന്നും അവർ ധരിക്കുകയില്ലായിരിക്കാം. അവരുടെ ഭൂമിശാസ്ത്രജ്ഞാനം വളരെ അപൂർണ്ണമാകുമായിരിക്കാം. എന്നാൽ അവരുടെ സാഹിത്യവും, സമുദായ ഘടനയും, മതവും തത്വ ജ്ഞാനവും അസാമാന്യമായ രാമണീയകത്തെയും ആകർഷക

ത്തേയും പരിപൂൎണ്ണതയേയും കൈക്കൊണ്ടു പ്രശോഭിക്കുമായിരുന്നു. ഭൂലോകത്തിൽനിന്നു ഭിന്നമായ ഏതോ വിശുദ്ധമായ ഒരു മനോഹര ഗോളത്തിലാണു് അവരുടെ നിവാസമെന്നു് കാണികൾക്കു തോന്നുമായിരുന്നു. അവരുടെ ചരിത്രവും, കലകളും, ശാസ്ത്രങ്ങളും, സമ്പത്തും എല്ലാം അവൎക്കുള്ളതു തന്നെയാകുമായിരുന്നു. കാലാന്തരത്തിൽ ചില സ്ഥലങ്ങളിൽ സമുദ്രഭാഗത്തിന്നിടയ്ക്കുള്ള കരകടന്നു് അതിനെ മഹാൎണ്ണവത്തിൽനിന്നു വേർപെടുത്തി മനോഹരമായ ഒരു തടാകമാക്കിത്തീൎക്കുന്നു. സമുദ്രത്തിലെ തിരകളോ ഭയങ്കര ജന്തുക്കളോ അതിലില്ല. അതു് ഒരിക്കൽ സമുദ്രമായിരുന്നാലും ഇപ്പോൾ നിശബ്ദവും, ഏകാന്തവും രമണീയവും ആയ ഒരു തടാകമാകുന്നു. അതിലെ വെള്ളം ഓളങ്ങൾ അടിച്ചു് ഇളകുന്നില്ല. അതിൽ വിശാലമായ അന്തരീക്ഷം പ്രകാശത്തോടു പ്രതിഫലിച്ചുകാണുന്നു. അസ്തമയസൂൎയ്യന്റേയും, പ്രഭാതാദിത്യന്റേയും വിവിധവൎണ്ണങ്ങളോടുകൂടിയ കാന്തിമണ്ഡലങ്ങൾ അനക്കമില്ലാത്ത ആ തടാകത്തെ മനോഹരമാക്കിച്ചെയ്യുന്നു. അന്ധകാരനിബിഡമായരാത്രികാലങ്ങളിൽ, നി[illegible]ഷ്ടങ്ങളും അനിമേഷങ്ങളുമായ നക്ഷത്രങ്ങളെ നോക്കി അന[illegible]ലോകത്തെക്കുറിച്ചു ആലോചിച്ചിട്ടെന്നപോലെ പ്ര[illegible]ന്തസുന്ദരമായ സ്തബ്ധതയോടുകൂടി ആ തടാകം സ്ഥിതിചെയ്യുന്നു. [illegible]ന്ത്യയുടേയും സ്ഥിതി അപ്രകാരമായിരുന്നേനേ.

എന്നാൽ, പ്രകൃ[illegible]ള അജ്ഞാതങ്ങളായ അനവധി ശക്തികൾ പാ[illegible]ം [illegible]ളും വരുന്നതിന്നിടയിൽ, ആ യുദ്ധഭൂമിയിൽ, അവ്യവസ്ഥിതമായ "പരിണാമ"വിപ്ലവങ്ങളുടെ മദ്ധ്യത്തിൽ, കാലമാകുന്ന മഹാൎണ്ണവത്തിലെ അനിയന്ത്രിതങ്ങളായ തിരമാലകളിൽപെട്ടു് അങ്ങോട്ടും ഇങ്ങോട്ടും തട്ടിമുട്ടിക്കുഴങ്ങുന്നതിനാൽ, ഇപ്പോൾ നമുക്കു വളരെ വിലയുള്ള ഒരു പാഠം പഠിക്കുവാനും കൎക്കശമായ ഒരു നൂതന പരിഷ്കാരത്തെ ജയിച്ചടക്കുവാനും സാധിക്കുന്നുണ്ടെന്നുള്ള

സംഗതി വാസ്തവംതന്നെയാണ്! പക്ഷെ ഏകാന്തവും നിശബ്ദവും അഗാധവുമായ നമ്മുടെ സ്വന്തം തടാകത്തിൽ മുങ്ങുന്നതുകൊണ്ടുതന്നെ വിലപിടിച്ച രത്നങ്ങളും സമ്പാദിക്കുവാൻ സാധിക്കുമായിരുന്നില്ലേ? ഇല്ലെന്നു പറയുവാൻ ആക്കു കഴിയും?

അനവരതം ഗർജ്ജിച്ചുകൊണ്ടിരിക്കുന്ന ഈ ലോകമഹാർണ്ണവത്തിലെ മറെറാരു വർഗ്ഗക്കാർക്കും മുൻപറഞ്ഞ ആ ശാന്തതക്കുള്ള ഭാഗ്യം സിദ്ധിച്ചിട്ടില്ല. വല്യതായ ഒരു ഭാഗ്യവിശേഷത്താൽ ഇന്ത്യക്കു മാത്രം, എത്രയോ മുമ്പു കഴിഞ്ഞ ഒരു യുഗത്തിൽ പൂർണ്ണമായ ആ ഏകാന്താവസ്ഥയെ പ്രാപിക്കുവാനും, അമേയവും പരമവും ആയ ജ്ഞാന സാഗരത്തിൽ മുങ്ങിനോക്കുവാനുമുള്ള യോഗമുണ്ടായി എന്നു ഞാൻ വിചാരിക്കുന്നു. മനുഷ്യാത്മാവും, നാം കാണുന്ന സ്ഥൂലപ്രപഞ്ചത്തിനെപ്പോലെ തന്നെ അപരിമിതമായിട്ടുള്ളതാകുന്നു. ഇതുവരെ ആരും കടന്നുനോക്കീട്ടില്ലാത്ത ആ ആന്തരമഹാലോകത്തെ പരിശോധിച്ചു വ്യവസ്ഥപ്പെടുത്തുവാൻ സാധിച്ചിട്ടുള്ളവക്കു നൂതനമായ ഒരു തത്വവും അറിയുവാനോ, നവീനമായ ഒരു ഭാഗ്യവും അനുഭവിപ്പാനോ സാധിച്ചിട്ടില്ലെന്നു ശഠിക്കുന്നതു് കേവലം മക്കടമുഷ്ടി മാത്രമാണ്.

അക്കാലത്തു് ഇന്ത്യാരാജ്യം അകത്തുനിന്നു് അടയ്ക്കപ്പെട്ടതും, പുറമേ ആരാലും ഇന്നതെന്നു് അറിയപ്പെടാത്തതും, അത്ഭുതകരവും ആയ ഒരു രസതന്ത്രശാലയെപ്പോലെയായിരുന്നു. സദാചാരത്തിനുവിരുദ്ധമല്ലാത്ത ഏതോ ഒരു വലിയപരിഷ്കാരത്തിൻെറ ഗുണാഗുണങ്ങളെപ്പററി അന്നു് അവിടെ നിഷ്കൃഷ്ടമായും നിഗ്രുഢമായും വലിയപരിശോധനകൾ നടത്തിക്കൊണ്ടിരുന്നു. മദ്ധ്യകാലങ്ങളിൽ യൂറോപ്പിലുണ്ടായിരുന്ന തന്ത്രജ്ഞന്മാർ അസാധാരണങ്ങളായ പല സാമഗ്രികളുടെ സഹായത്താലും മററും ചിരായുസ്സിനെ പ്രദാനം ചെയ്യുന്ന "അമൃതം" സമ്പാദിക്കുന്നതിനു മാത്രം ഉദ്യുക്തന്മാരായി രാപ്പകൽ രഹസ്യമായി പ്രയത്നിച്ചിരുന്നതുപോലെ, ഇന്ത്യയിലെ പൗരാണി

കന്മാരായ ഋഷീശ്വരന്മാർ ആത്മാവിന്ന ശാശ്വതാവസ്ഥ നൽകുന്ന "ആത്മജ്ഞാനാമൃതം" സമ്പാദിക്കുന്നതിന്ന ശ്രദ്ധമായും സശ്രദ്ധമായും പരിശ്രമിക്കുകയായിരുന്നു. "നമുക്ക് അനശ്വരത്വത്തെ പ്രദാനം ചെയ്യാത്ത സാധനങ്ങളെക്കൊണ്ടു നാം എന്തു ചെയ്യണം" (ഉപനിഷത്ത്) എന്നാണ് ആ പുണ്യാത്മാക്കാം തന്നത്താൻ പറഞ്ഞിരുന്നത്. അപ്രകാരം അവർ ആത്മാവിന്റെ ശാശ്വതവിശ്രാന്തിക്ക് ആവശ്യമായ "അമൃതി"ന്നായി ആന്തരമായ പരീക്ഷകളും പരിശ്രമങ്ങളും നടത്തിപ്പോന്നു.

ആ അന്വേഷണങ്ങളുടെ—അന്യങ്ങളായ തടസ്സങ്ങാം നേരിട്ടിട്ടുണ്ടായിരുന്നെങ്കിൽ—അവസാന ഫലം എന്താകുമായിരുന്നു എന്ന് ആർക്കു പറയുവാൻ സാധിക്കും? യൂറോപ്പിലെ തന്ത്രജ്ഞന്മാരുടെ അമൃതാന്വേഷണഫലമായി വിശിഷ്ടമായ "രസതന്ത്രം" ഉത്ഭവിച്ചതുപോലെ ആ ഋഷീശ്വരന്മാരുടെ സ്വാർത്ഥരഹിതമായ നിഷ്ഠ മനുഷ്യജന്മസാഫല്യത്തിന് ആവശ്യമായ എന്തൊരു നൂതനശക്തിയെ കണ്ടുപിടിക്കുമായിരുന്നില്ലെന്ന് ആക്കു പറയുവാൻ സാധിക്കും?

പക്ഷേ, ആ പരിശോധനശാലയുടെ വാതിലുകാം എല്ലാം പെട്ടെന്നു ബലം പ്രയോഗിച്ചു പുറത്തുനിന്നു തുറക്കപ്പെട്ടു. വിവേകശൂന്യന്മാരായ ധിക്കാരികാം പരിശുദ്ധമായ ആ മന്ത്രശാലയിൽ പ്രവേശിച്ചു; ചിരന്തനമായ ആ ആത്മീയ പരിശോധനകളുടെ ഫലങ്ങാം പൊതുജനങ്ങാംക്ക് ഒരിക്കലും ഇനി അറിയപ്പെടാത്ത വിധത്തിൽ എന്നെന്നേക്കുമായി നശിച്ചുപോയി. ആധുനികപരിഷ്കാരക്കുഴപ്പത്തിന്റെ "തീവ്രഭയങ്കരത്വം" ആ പരീക്ഷകാം തുടരുവാൻ ഇനി നമ്മെ അനുവദിക്കുമോ ഇല്ലയോ എന്ന് ആക്കറിയാം?

അടച്ചിട്ടിരുന്ന കവാടങ്ങളെ അടിച്ചുടച്ച് അകത്തു കടന്ന വിദേശീയർ ഇന്ത്യയാകുന്ന ആ പരിശോധനശാല

യിൽ എന്താണു കണ്ടതു്? വയോവൃദ്ധനായ ഒരു സന്യാസി —നഗ്നനായി, അനാലംകൃതനായി, ലോകചരിത്രാനഭിജ്ഞനായി ശുഷ്കകായനായ ഒരു വൃദ്ധൻ—ഇന്നും കണ്ണാൽ കാണുവാൻ സാധിക്കാത്തതും, സ്പർശിച്ചറിവാൻ നിവൃത്തിയില്ലാത്തതും ശരിയായി വിവരിക്കുന്നതിന്നു തക്ക ഭാഷയില്ലാത്തതും ആയ ഒരു വിഷയത്തെക്കുറിച്ചു് എന്തോ ചിലതു സംസാരിക്കുവാൻ ശ്രമിക്കുന്നതു മാത്രമാണു് അവർ കണ്ടതു്.

“ഹാ! ഇഹലോകചിന്തകളെ വെടിഞ്ഞു മനോരാജ്യക്കാരനായിരിക്കുന്ന ബലഹീനനായ വൃദ്ധാ ഉത്തിഷ്ഠ! ഉത്തിഷ്ഠ: ഉടനെ എഴുന്നേററു രാജ്യതന്ത്രകാര്യങ്ങളിൽ പ്രവേശിച്ചു മുറവിളി കൂട്ടുക; അല്ലെങ്കിൽ അലസതയാൽ അധഃപതിച്ചു തന്നെ കിടക്കേണ്ടിവരും; നിങ്ങളുടെ ആ പഴയ യൌവ്വനത്തെ ഒന്നു പ്രദർശിപ്പിക്കുക; നിങ്ങളുടെ അസ്ഥികൂടത്തെ ഒന്നിളക്കുക; നിങ്ങളുടെ ലജ്ജാവിവശത്വം ഇതുകൊണ്ടെല്ലാം കുറേ ഭേദപ്പെടുകയില്ലേ — മറയുകയില്ലേ — എന്നു പരീക്ഷിക്കുക!”

എന്തുപദേശം! എന്നാൽ ആ ഉപദേശം എന്നെ അശേഷം ആകർഷിക്കുന്നില്ല. വിശാലമായ ലോകസമുദ്രത്തിലേക്കു വർത്തമാനക്കടലാസ്സുകൾകൊണ്ടു മാത്രം നിർമ്മിക്കപ്പെട്ടതായ പായു് കെട്ടിയ കപ്പൽ ഇറക്കുന്നതിന്നു ഞാൻ ധൈര്യപ്പെടുന്നില്ല. കാററു ശാന്തവും അനുകൂലവും ആയിരിക്കുമ്പോൾ കടലാസ്സുപായ്കൾ കാററു പിടിച്ചു് അഭിമാനപ്പെട്ടു വീക്കും; പെട്ടെന്നു് ഒരു കൊടുങ്കാററൂതിയാൽ കടലാസ്സുകൾ എല്ലാം കഷ്ണംകഷ്ണമായി ഛിന്നിച്ചിതറി, നിസ്സഹായങ്ങളായ ദുരഭിമാനശകലങ്ങളെപ്പോലെ, പറന്നുപൊയ്ക്കളയും.

“അഭിവൃദ്ധി”യായിയെന്നു നിസ്സംശയം പറയാവുന്ന ഒരു തുറമുഖം സമീപസ്ഥലങ്ങളിൽ എങ്ങാനും കാണുവാനുണ്ടായിരുന്നു എങ്കിൽ,—വല്ലവിധത്തിലും അവിടെ എത്തിച്ചേർന്നാൽ മതി, പിന്നെയെല്ലാം ശാന്തിയും സമാധാനവും

ആയി എന്നു വിശ്വസിക്കാവുന്ന വല്ല സങ്കേതവും ദൃഷ്ടി ഗോചരമായിരുന്നു എങ്കിൽ,—നല്ല തക്കവും തരവും നോക്കി, പായ്മരം സൂക്ഷിച്ചു പിടിച്ചു പതുക്കെ കപ്പലിറക്കി, രണ്ടും കല്പിച്ച്, അക്കരെ പററുവാൻ ഒന്നു തുഴഞ്ഞുനോക്കാമായിരുന്നു. എന്നാൽ, അഭിവൃദ്ധിമാർഗ്ഗം അവസാനമായിട്ടുള്ളതാണ്; ഇടയ്ക്കു കപ്പലടുപ്പിച്ചു വിശ്രമിക്കത്തക്ക സുഖസങ്കേതങ്ങളൊന്നും ഇല്ല; വഴിക്ക് എവിടെ നോക്കിയാലും നാലു ഭാഗത്തും സീമയില്ലാത്ത ഘോരസമുദ്രവും മുകംഭാഗത്ത് അവസാനമില്ലാത്ത ആകാശവും തന്നെ; കാററു മിക്കപ്പോഴും ഭയങ്കരവും പ്രതികൂലവും ആണ്; കടൽ ഏതുനേരത്തും ക്ഷോഭിച്ചിരിക്കും. ഈ സ്ഥിതിക്ക്, ഏതൊരുത്തനാണു സമുദ്രതരണത്തിന്നു കേവലം വെള്ളക്കടലാസ്സുകൊണ്ടു കളിക്കപ്പലുകൾ നിർമ്മിച്ചു വെറുതെ സമയം കളയുവാൻ ആഗ്രഹിക്കുക?

എന്നിട്ടും, മനുഷ്യസംഘം നിൽക്കാതെ യാത്രചെയ്യുന്നതു കാണുമ്പോൾ, എനിക്കും എൻെറ സ്വന്തമായി ഒരു വഞ്ചി ഇറക്കി നോക്കിയാൽ കൊള്ളാമെന്നു തോന്നാറുണ്ട്; എൻെറ നാലു പുറത്തും നാനാതരത്തിലുള്ള ശബ്ദങ്ങളുടേയും, തള്ളിക്കയറുന്ന വിവിധശക്തികളുടേയും, അതിവേഗത്തിൽ മുമ്പോട്ടു പായുന്ന പ്രയാണത്തിൻെറയും, നിരന്തരപരിശ്രമത്തിൻെറയും കോലാഹലങ്ങൾ എപ്പോഴും കേൾക്കുകയും ചെയ്യുന്നു. അപ്പോഴെല്ലാം എൻെറ ഹൃദയം ഉണരുകയും, എൻെറ കുടുംബവുമായുള്ള പഴയ ബന്ധങ്ങളെയെല്ലാം ഖണ്ഡിച്ച്, എനിക്കും സീമയില്ലാത്തതും അറിയപ്പെടാത്തതുമായ ലോകരംഗത്തിൽ ഇറങ്ങിച്ചെല്ലുന്നതിന്ന് ആഗ്രഹം ജനിക്കുകയും ചെയ്യുന്നു. എന്നാൽ, ഹാ! പിന്നത്തെ നിമിഷത്തിൽതന്നെ ഞാൻ എൻെറ കുഴിഞ്ഞു മലന്ന കൈകളിൽ നോക്കി, "എനിക്കു വേണ്ട ചിലവിന്നു് എൻെറ കയ്യിൽ വകയുണ്ടോ?" എന്നു സ്വയം ചോദിച്ചുപോകുന്നു. എൻെറ ഹൃദയത്തിൽ അതിർത്തിയില്ലാത്ത ആശാബലമോ

എൻെറ ശരീരത്തിന്നു് അക്ഷീണപരിശ്രമത്തിന്നുള്ള ശക്തിയോ, എൻെറ മനസ്സിൽ പരാജയഭീതിപോലുമില്ലാത്ത വിശ്വാസദാർഢ്യമോ,—യൂറോപ്പിൽ ധാരാളമായി കാണുന്നതുപോലെ—ഉള്ളതായി തോന്നുന്നില്ല. അതുകൊണ്ടു ലോകത്തിൽ ഏതെങ്കിലും ഒരു മൂക്കിൽ ഇതുപോലെതന്നെ പേരും പെരുമയുമില്ലാതെ കഴിച്ചുകൂട്ടുന്നതുതന്നെയാണു് എനിക്കു് അധികം നല്ലതു്; ഇന്നുള്ള ഈ എളിയതും, നിർജ്ജീവവും ആയ സ്വസ്ഥത എന്നും ലഭിക്കുമെങ്കിൽ ഞാൻ സംതൃപ്തനാകുന്നതാണു്.

മററു ചിലപ്പോഠം ഞാൻ എൻെറ അലസതയിൽ, താഴെ പറയുംപ്രകാരം താനേ ആലോചിച്ചു സമാധാനപ്പെടാറുണ്ടു്:— നമുക്കു യന്ത്രസാമഗ്രികളൊന്നും നിർമ്മിപ്പാനുള്ള പാടവമില്ല; നമുക്കു പ്രപഞ്ചത്തിലെ സൂക്ഷ്മശക്തികളെ പരിച്ഛേദിച്ചറിയുന്നതിന്നുള്ള ത്രാണിയില്ല; എങ്കിലും, നമുക്കു "സ്നേഹിക്കു"വാനും, "ക്ഷമിക്കു"വാനും, "ഉപദ്രവിക്കാതിരിപ്പാനും അറിവുണ്ടു്. അപ്രാപ്യങ്ങളായ ആഗ്രഹങ്ങളുടെ സിദ്ധിക്കായിക്കൊണ്ടു് അശ്രാന്തം തണ്ടു ചാണ്ടുന്നതിൻെറ ആവശ്യമെന്തു്? പേരും പ്രസിദ്ധിയുമില്ലാതെ വല്ല മൂക്കിലും കഴിഞ്ഞുകൂടുന്നതുകൊണ്ടുള്ള വൈഷമ്യമെന്താണു്? ലോകകാഹളത്തിൽ—ടയിംസ് പത്രത്തിൽ—നമ്മുടെ പേരു പ്രസിദ്ധപ്പെടുത്താത്തതിനാലുള്ള ദോഷമെന്താണു്?"

പക്ഷേ, നമ്മുടെ ഇടയിൽ ദുഃഖവും, ദാരിദ്ര്യവും ഉണ്ടു്; ശക്തന്മാരുടെ അക്രമപ്രവൃത്തികളുണ്ടു്; നിരാധാരത്തെ നിന്ദിക്കപ്പെടുന്നുണ്ടു്;—ഈ മനോവേദനകഠംക്കും കഷ്ടനഷ്ടങ്ങഠംക്കും നിവാരണമെവിടെ? നാം പുറത്തിറങ്ങുവാൻ മടിച്ചു, മൂക്കിലൊളിച്ചു പഴയ മട്ടിൽ ഗൃഹകൃത്യങ്ങളും, ഔദാര്യവും ഭൂതദയയും വീക്ഷിച്ചുകൊണ്ടിരുന്നാൽ ഹൃദയഭേദകങ്ങളായ ഈ സങ്കടങ്ങഠംക്കു നിവൃത്തി കിട്ടുന്നതു് എങ്ങിനെയാണു്?

ഇതാണു് ഇന്ത്യയുടെ ദുസ്സഹമായ സങ്കടം. നമുക്കു മല്ലിടാനുള്ളതു് എന്തിനോടാണു്? നമ്മുടെ ശത്രു ആരാണു്? അസംസ്കൃതമായ മനുഷ്യബുദ്ധിയുടെ സഹജമായ ക്രൂരതയോടാണു നമുക്കു യുദ്ധം ചെയ്യേണ്ടതു്. പരിശുദ്ധനായ ക്രിസ്തുവിന്റെ നിർമ്മലരക്തമണിഞ്ഞിട്ടുകൂടി ലേശവും മൃദുത്വം തട്ടീട്ടില്ലാത്ത ശൂന്യമായ ആ ശിലാപ്രതിമയോടാണു നമുക്കും എതിരിടേണ്ടതു്. ബലത്തെ, ദുർബലന്മാരോടു ക്രൂരമായി പ്രയോഗിക്കുന്നതിനു തോന്നിക്കുന്ന മൃഗസഹജമായ ആ നീചബുദ്ധിയെ നാം ജയിക്കുന്നതെങ്ങിനെയാണു്? സഭ കൂടുന്നതിനാലാണോ?; ഹർജികൾ ബോധിപ്പിക്കുന്നതുകൊണ്ടാണോ?; അവക്കു് അധികാരികളോടു് ഇന്നു് ഒരു സംഭാവനയും നാളെ ഒരു താക്കീതും ലഭിക്കുന്നതുകൊണ്ടാണോ? അല്ല ഒരിക്കലുമല്ല.

അല്ലെങ്കിൽ ശക്തന്മാരെ നാം ശക്തികൊണ്ടുതന്നെ എതിർക്കണം. അതു സാദ്ധ്യമാണോ? അതു് അസാദ്ധ്യമല്ല തീർച്ചതന്നെ. എന്നാൽ, യൂറോപ്പിന്റെ ഇന്നത്തെ ശക്തി എന്തെല്ലാം തരത്തിലുള്ളതാണെന്നും എത്രയൊക്കെയാണെന്നും ആലോചിക്കുമ്പോൾ — ആ അനിയന്ത്രിതശക്തിയുടെ ആന്തരമായും ബാഹ്യമായും ഉള്ള എല്ലാ ആയവ്യയങ്ങളേയും ധരിക്കുമ്പോൾ വിജയശങ്ക എത്രമാത്രം ഉണ്ടാകുന്നുണ്ടു്? അപ്പോൾ—ഹാ! എന്റെ ഹൃദയം തകരുന്നു; എന്റെ മനസ്സു മാറുന്നു "സഹോദരന്മാരെ! വരുവിൻ! നമുക്കു ക്ഷമാശീലത്തെ പരിശ്രമിച്ചു വർദ്ധിപ്പിക്കുക. നമുക്കു് എല്ലാവരേയും സ്നേഹിച്ചും എല്ലാവർക്കും നന്മ ചെയ്യുക. ഇഹലോകത്തിൽ നമുക്കു വെച്ചിട്ടുള്ള പ്രവൃത്തി ചെറുതെങ്കിലും സാരവത്തായി തീരട്ടെ. വമ്പിച്ച കാര്യങ്ങളൊന്നും ചെയ്യാൻ സാധിക്കാതെ വലിയ സംഗതികളെപ്പററി പ്രസംഗിക്കുകമാത്രം ചെയ്യുന്നതു ബലഹീനതയുടെ ഒരു ലക്ഷണമാണു്. യഥാർത്ഥമായ മനുഷ്യത്വം സമ്പാദിക്കുവാനുള്ള ശ്രമത്തിൽ, ലഘുവായ ഒരു

യഥാൎത്ഥതത്വം വളരെ വലുതായ ഒരു അയഥാൎത്ഥത്തെക്കാറം അധികം വിലപിടിച്ചതും അത്യാവശ്യവുമാണെന്ന് അതു അറിയുന്നില്ല." എന്നിപ്രകാരം ഉച്ചത്തിൽ പ്രസംഗിക്കവാൻ എനിക്ക തോന്നാറുണ്ട്.

ഞാൻ നിങ്ങളുടെ മുമ്പാകെ ഒരു പ്രബന്ധം വായിക്കുകയല്ലാ ചെയ്യുന്നതു്. നമ്മുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച ഞാൻ സ്വയമേ ഒന്നു പരിശോധിക്കുവാൻ ശ്രമിക്കുകയാണു്. ഇക്കാൎയ്യത്തിൽ നാം നമ്മുടെ പഴയ വേദങ്ങളിൽനിന്നും പുരാണങ്ങളിൽനിന്നും സംഹിതങ്ങളിൽനിന്നും അനുകൂലങ്ങളായ പദ്യശകലങ്ങളെമാത്രം ഉദ്ധരിച്ച പഴയ കാലങ്ങാംക്ക് അന്നു യഥാൎത്ഥത്തിൽ ഇല്ലാതിരുന്ന യോഗ്യത ഉണ്ടാക്കിക്കൊടുക്കുകയോ, മറെറാരു വൎഗ്ഗക്കാരുടെ ചരിത്രത്തിലും സ്വഭാവത്തിലും കണ്ണടച്ചു ഭ്രമിച്ച നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസരീതിയാകുന്ന ശുഷ്കമായ ഭിത്തിമേൽ ഒരു പുതിയ വൻകോട്ട കെട്ടിപ്പടുക്കാമെന്നു തെററിദ്ധരിക്കുകയോ ചെയ്യാതെ പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ടു്. നാം നമ്മുടെ ഇപ്പോഴത്തെ സ്ഥിതിയുടെ യാഥാൎത്ഥ്യം എന്താണെന്നുമാത്രം ആലോചിച്ചാൽ മതി. ഇപ്പോറം നിൽക്കുന്ന നിലയിൽനിന്നു നോക്കുമ്പോറം പടിഞ്ഞാറുനിന്നു വരുന്ന ഭാവിയിലെ മനോഹരതയും, കിഴക്കുനിന്നു പുറപ്പെടുന്ന ഭൂതത്തിലെ രാമണീയകവും നമ്മെ മൃഗതൃഷ്ണയെന്നപോലെ വ്യാമോഹിപ്പിക്കുന്നു. ഇവ രണ്ടും സ്ഥിരമായി അവലംബിക്കത്തക്ക തത്വങ്ങളല്ലെന്നുള്ള ബോധത്തോടുകൂടി, ഇതിൽ ഒന്നിനേയും സൂക്ഷിക്കാതെ, നാം നിൽക്കുന്ന ഉറച്ച ഭൂമിയുടെ സ്ഥിതിയെപ്പററി നമുക്ക വിചിന്തനം ചെയ്യുക.

നാം ഇപ്പോറം നിവസിക്കുന്നതു വളരെ പഴയതും ഇടിഞ്ഞുപൊളിഞ്ഞതും ആയ ഒരു നഗരത്തിലാണു്. അതിൻെറ അപാരമായ പഴക്കത്താൽ അതിൻെറ ചരിത്രംതന്നെ വിസ്മൃതപ്രായമായിരിക്കുന്നു. മനുഷ്യകരങ്ങളാൽ നിൎമ്മിക്കപ്പെട്ട അതിലെ കെട്ടിടങ്ങളെല്ലാം പുല്ലും പൂപ്പും പിടിച്ച

മൂടിപ്പോയിരിക്കുന്നു. അതിനാൽ, ഈ പട്ടണം, മനുഷ്യ ചരിത്രത്തിൽപെടാത്ത ഒരു വസ്തുവാണെന്നു—നിത്യയായ പ്രകൃതീദേവിയുടെ പുരാതനമായ ഒരു തലസ്ഥാനനഗരമാണെന്നു്,—സംശയിച്ചേക്കാൻ ഇടയുണ്ടു്. പ്രകൃതി, മനുഷ്യ ചരിത്രങ്ങളുടെ അവശിഷ്ടങ്ങളായ രേഖകാംപോലും ഇന്ത്യയിൽനിന്നു മാച്ചുകളഞ്ഞിരിക്കുന്നു. പ്രകൃതി; സ്വന്തം പച്ച വസ്ത്രംകൊണ്ടു് — സസ്യലതകളാകുന്ന അത്ഭുതലിപികളാൽ—പല വിധത്തിലും ഇന്ത്യയെ മുഴുവനും ആവരണം ചെയ്തിരിക്കുന്നു. ഒരു ആയിരം കൊല്ലത്തെ വർഷത്തിന്റെ "കണ്ണീരൊലിപ്പാടുകാം" ഇന്ത്യയിലെങ്ങും നിറഞ്ഞിരിക്കുന്നു; ഒരു ആയിരം വസന്തം ഇന്ത്യയിലെ അടിത്തട്ടു മുതൽക്കു സവ്വദിക്കിലും അതിന്റെ വരവും പോക്കും സസ്യലതാദികളുടെ നിബിഡതയാൽ രേഖപ്പെടുത്തിയിരിക്കുന്നു. ഒരു നിലയിൽ നോക്കിയാൽ ഇന്ത്യ ഒരു നഗരവും, മറെറാരു നിലയിൽ നോക്കിയാൽ ഒരു കാടും ആണു്. ഇവിടെ തണലും സ്വസ്ഥതയും, ചിന്തയും, ദുഃഖവും കാണപ്പെടുന്നു. മധുമത്തന്മാരായ വണ്ടത്താന്മാരുടെ ഝങ്കാരധ്വനി മുഴങ്ങുന്ന ഇന്ത്യയിലെ കാടുകളിൽ,—നാലു പുറത്തേക്കും നിലംവരെ നീണ്ടുരുണ്ട വേടുകളെ ഇറക്കി പ്രായാധിക്യത്താലുള്ള ശക്തിക്കുറവു കൂടാതെ പന്തലിച്ചു വളരുന്ന അത്ഭുതകരങ്ങളായ വടവൃക്ഷങ്ങളുടെ ചുവട്ടിൽ, ഇന്ത്യയിലെ പൌരാണിക പ്രാബല്യത്തിന്റെ അധുനികലക്ഷ്യങ്ങളായി നശിച്ചുകിടക്കുന്ന വലിയ കൊട്ടാരങ്ങളുടെ മദ്ധ്യത്തിൽ;—അസംഖ്യങ്ങളായ നിഴലുകളെ സചേതനശരീരങ്ങളായും, സ്പഷ്ടങ്ങളായ ചേതനകളെ വെറും ദിവാസ്വപ്നങ്ങളായും തെററിദ്ധരിച്ചേക്കാം. അനാദ്യന്തവും എല്ലാം അടങ്ങിയിരിക്കുന്നതും ആയ ആ നിലയിൽ സത്യവും സങ്കല്പവും സഹോദരീസഹോദരന്മാരെപ്പോലെ സമാധാനസംതൃപ്തിയോടുകൂടി നിലനിന്നുപോരുന്നു. അതായതു പ്രകൃതിയുടെ പ്രശസ്തങ്ങളായ വിചിത്രവേലകളും, മനുഷ്യമനസ്സിന്റെ സങ്കല്പഫലങ്ങളും

കൌതുകകരമായ വിധത്തിൽ പരസ്പരം സമ്മേളിച്ച പല വിധത്തിലുള്ള തണൽസ്ഥലങ്ങളേയും ആരാമപ്രദേശങ്ങളേയും നിർമ്മിച്ചിട്ടുണ്ട്. ഇവിടെ ബാലന്മാരും ബാലികകളും ജീവിതമാകുന്ന ക്രീഡയെ, അതു കേവലം ഒരു കളി മാത്രമാണെന്നു് അറിയാതെ, അനുഭവിക്കുന്നു. ഇവിടെ വയോവൃദ്ധന്മാർ സങ്കല്പത്തിൽ അറിയുന്ന ദിവാസ്വപ്നങ്ങളെ സ്പഷ്ടമായ പ്രവൃത്തിയെന്നു കരുതുന്നു. ഉച്ചയ്ക്കു്, മദ്ധ്യാഹ്ന സൂര്യന്റെ ഉഗ്രരശ്മികൾ പുറത്തുനിന്നു നമ്മുടെ ഗൃഹങ്ങളുടെ മേച്ചിൽപ്പഴുതിലൂടെ അകത്തു പ്രവേശിക്കുമ്പോൾ നാം അവ യെല്ലാം രത്നശകലങ്ങളാണെന്നു തെററിദ്ധരിക്കുന്നു! ബഹിർല്ലോകത്തെ ഇളക്കിമറിക്കുന്ന ഭയങ്കരങ്ങളായ കൊടുങ്കാററുകളെ സസ്യലതാപൂർണ്ണങ്ങളായ നമ്മുടെ വനങ്ങളുടെ നിബിഡത്വം തടഞ്ഞുനിർത്തുന്നതിനാൽ ആ ഘോരാരവത്തെ വായുഭഗവാന്റെ ചെറിയ നിശ്വാസത്തെപ്പോലെ മാത്രമേ നാം കേൾക്കുന്നുള്ളു. ഇവിടെ ജീവിതത്തേയും മരണത്തേയും, സന്തോഷത്തേയും സന്താപത്തേയും, ആശയേയും നിരാശയേയും, വേർതിരിക്കുന്ന അതിർത്തികൾ നശിച്ചു കൂടികലർന്നിരുന്നു; ഇവിടെ, എല്ലാം വിധിക്കധീനമെന്നുവെച്ചുള്ള അലസതയും, സകലവും പൌരുഷംകൊണ്ടു സാദ്ധ്യമാണു് എന്നു കരുതിയുള്ള നിരന്തരപരിശ്രമവും, ലോകത്യാഗവും ലോകപ്രതിപത്തിയും അന്യോന്യം കൈകൾ കോർത്തുപിടിച്ചും ചുമലോടു ചുമലുചേർന്നും വർത്തിച്ചിരുന്നു. ഉപയോഗപ്രദങ്ങളേയും ഉപയോഗശൂന്യങ്ങളേയും പരബ്രഹ്മത്തേയും മൺബിംബങ്ങളേയും, കടപുഴങ്ങി മറിഞ്ഞുവീണു വാടിക്കിടക്കുന്ന ഭൂതകാലത്തേയും നവകുസുമാങ്കുരങ്ങളോടുകൂടി തളിർത്തു നിൽക്കുന്ന വർത്തമാനകാലത്തേയും, ഇവിടെ, ഒരുപോലെ വിലവെച്ചു് ആദരിച്ചിരുന്നു. സ്ഥാനഭ്രംശം സംഭവിച്ച നമ്മുടെ യഥാർത്ഥമതഗ്രന്ഥങ്ങൾ ഇപ്പോഴും അവ പതിച്ച സ്ഥലത്തുതന്നെ കിടക്കുന്നതേയുള്ളു; ഒരു പുററുകുന്നുപോലെ, അവയെ കാലംകൊണ്ടു മൂടിയിരിക്കുന്ന അനാചാരപരമ്പര

കളെ നീക്കംചെയ്യുന്നതിന്നുപോലും അലസതയോടുകൂടിയ ഭക്തിനിമിത്തം ഇതുവരെ നാം ശ്രമിച്ചിട്ടില്ല. നാം നമ്മുടെ ഗ്രന്ഥങ്ങളിലെ അക്ഷരങ്ങളെപ്പോലെതന്നെ ആ ഗ്രന്ഥങ്ങളിലെ ഏടുകളിൽ പുഴുക്കൾ തിന്നുണ്ടായിട്ടുള്ള സുഷിരങ്ങളേയും ബഹുമാനിക്കുന്നു. അതിക്രമിച്ചു പടന്നുയരുന്ന പേരാൽ വൃക്ഷങ്ങളുടെ വേരുകളാൽ നശിപ്പിക്കപ്പെട്ട ക്ഷേത്രഭാഗങ്ങളെ നമ്മുടെ ഈശ്വരന്മാരും ഭൂതപ്രേതാദികളും ഒരുപോലെ ഒന്നിച്ചു സങ്കേതങ്ങളാക്കുന്നു.

യൂറോപ്പ്! ഹാ! നിങ്ങളുടെ ദിഗ്ജയയാത്രയിൽ യോദ്ധാക്കൾക്കു വേണ്ട കൂടാരങ്ങൾ അടിക്കുന്നതിന്നു് എത്രയും യോജിച്ച രാജ്യമാണു് യൂറോപ്പ്. ഞങ്ങളുടെ ഇടിഞ്ഞു പൊളിഞ്ഞ ക്ഷേത്രങ്ങളും കെട്ടിടങ്ങളും, നിങ്ങളുടെ വമ്പിച്ച തൊഴിൽശാലകളോ, ധൂമാഗ്നികൾ വമിക്കുന്ന ഇരിമ്പുപിശാചുക്കളായ സഹസ്രഭുജങ്ങളുള്ള ആവിയന്ത്രങ്ങളോ സ്ഥാപിക്കുന്നതിന്നു യോജിക്കുന്നവയാണോ? വിശ്രമമില്ലാതെ പ്രവർത്തിക്കുന്ന നിങ്ങളുടെ യന്ത്രശക്തിക്കു പഴയ മതിൽക്കെട്ടുകളേയും മറ്റും തട്ടി നിരത്തുന്നതിന്നു സാധിക്കുമായിരിക്കും; എന്നാൽ, സ്വഗൃഹമാത്രപ്രിയന്മാരായ അവിടുത്തെ ആ പുരാതനവർഗ്ഗക്കാർ പിന്നെ, എവിടെ അഭയം പ്രാപിക്കും? ഈ നഗരത്തിലെ വിസ്തൃതമായ കാടിനെ നിങ്ങൾ നശിപ്പിക്കുന്നതായാൽ. ഒരായിരം സംവത്സരമായി അവിടെ സ്വൈരവാസം ചെയ്തുവരുന്ന ആ കാട്ടിന്റെ അധിദേവതയായ മൂർത്തി സ്ഥാനഭ്രഷ്ടയായി വാസസ്ഥലമില്ലാതെ കുഴങ്ങുകയില്ലേ?

അനവധി സഹസ്രാബ്ദങ്ങളായിട്ടു നാം തനതായി പുതിയ ഗൃഹങ്ങളൊന്നും നിർമ്മിച്ചിട്ടില്ലെന്നുള്ള സംഗതി നമ്മുടെ സൂക്ഷ്മഗ്രാഹികളായ തത്വജ്ഞാനികൾ പലപ്പോഴും വളരെ അഭിമാനത്തോടുകൂടി പ്രസ്താവിക്കാറുണ്ടു്; ആ "കല" നാം പരിശീലിച്ചിട്ടില്ല! അവരുടെ ഈ അഭിമാനം വളരെ

വാസ്തവമായതാണു്. അതു നിരാക്ഷേപവുമാണു്. ആദി മനുഷ്യനു മുതൽക്കു വാസസ്ഥാനമായ നമ്മുടെ പുരാതന ഗൃഹത്തെ വെടിയുന്നതിനു നമുക്കു് ഒരിക്കലും ആവശ്യം നേരിട്ടിട്ടില്ല. നമുക്കു് എന്തത്യാപത്തു സംഭവിച്ചാലും, നാം ഒരുകാലത്തും നമ്മുടെ സ്വന്തം കരങ്ങൾകൊണ്ടു് ഒരു നൂതന ഗൃഹം തീർക്കുവാനോ പഴയതിനെ നന്നാക്കുവാനോ മോഹിച്ചു പുറപ്പെട്ടിട്ടില്ല. ഇല്ല, തീർച്ചയായിട്ടും ഇല്ല. നമ്മുടെ വലിയ ശത്രുക്കൾപോലും, ഐഹികാഭിവൃദ്ധിയിൽ നാം അത്രമാത്രമൊരു ആദരമോ പരിശ്രമമോ പ്രദർശിപ്പിച്ചിട്ടുള്ളതായി, ഒരിക്കലും നമ്മെ കുററപ്പെടുത്തുകയില്ല.

വനദേവതകൾ വിട്ടൊഴിഞ്ഞ ഈ നിബിഡമായ വനാന്തരത്തിൽ—രക്ഷാമൂർത്തികളാൽ ഉപേക്ഷിക്കപ്പെട്ടു് ഏകാന്തമായിത്തീൎന്ന ഈ ജീൎണ്ണനഗരത്തിൽ—നാം അയഞ്ഞു നേരിയ അല്പം ചില വസ്ത്രങ്ങൾ ധരിച്ചും, ബലഹീനതയോടുകൂടി പുറത്തിറങ്ങിസ്സഞ്ചരിച്ചും, മുത്താഴത്തിനുശേഷം കുറച്ചൊന്നു "കണ്ണടച്ചും", മരത്തണലുകളിൽ അവസരംപോലെ ചതുരംഗക്കരുക്കൾ നിരത്തിയും, അസാദ്ധ്യങ്ങളും സാധാരണ അനുഭവങ്ങൾക്കു് അമിതമായതും ആയ കാൎയ്യങ്ങളെ എല്ലാം എളുപ്പത്തിൽ വിശ്വസിച്ചും, കണ്ടും കേട്ടും അനുഭവപ്പെട്ടിട്ടുള്ള സംഗതികളെ എന്തായാലും മാറിദ്ധരിക്കാതെയും—(ഉള്ളതിനെ ഇല്ലാത്തതെന്നു ശഠിക്കുന്ന "മായാതത്വത്തിൽ എന്തായാലും പൂൎണ്ണവിശ്വാസം വരാതെയും) നാം നമ്മുടെ സമനിരപ്പായ ജീവിതത്തെ നയിച്ചുപോരുന്നു. നമ്മുടെ കൂട്ടത്തിൽനിന്നു് ഏതെങ്കിലും ഒരു ചെറുപ്പക്കാരൻ, നടന്നുപോരുന്ന സമുദായക്രമത്തിൽ കടുകോളമെങ്കിലും അസംതൃപ്തിയോ അസ്വസ്ഥതയോ പ്രദർശിപ്പിക്കുന്നു എങ്കിൽ നാം സഗൌരവം തല കുലുക്കി, "ഇതു് ആപത്തിനുള്ള പുറപ്പാടാണു്" എന്നു് അമിതഭീതിയോടുകൂടി നിരോധിക്കുന്നു.

ഇപ്രകാരം നാം നമ്മുടെ കാലം കഴിച്ചുകൂട്ടിക്കൊണ്ടു

പോരുമ്പോഴാണു്, എവിടെ നിന്നാണെന്നറിയുന്നില്ല, പെട്ടെന്നു യൂറോപ്പു് ഇന്ത്യയിൽ പ്രവേശിച്ചു നമ്മുടെ പഴയ പള്ളിയ്ക്കു് ഒന്നുരണ്ടു പ്രാവശ്യം തട്ടി നമ്മെയെല്ലാം ഉറക്കം ഉണർത്തി, "എണിക്കു! നിങ്ങളുടെ ഈ ശയനമുറിയിൽ ഞങ്ങാംക്കു് ഒരു ആപ്പീസ്സു സ്ഥാപിക്കണം. നിങ്ങാം കിടന്നുറങ്ങിയിരുന്നതുകൊണ്ടു ലോകം മുഴുവനും സുഷുപ്തികൊള്ളുകയായിരുന്നു എന്നു വിചാരിക്കേണ്ടാ. ഇതിന്നിടയ്ക്കു് ലോകസ്ഥിതികളെല്ലാം വളരെ മാറിയിരിക്കുന്നു. ഇതാ, മണി അടിക്കുന്നതു കേട്ടില്ലേ? ഇപ്പോാം ലോകത്തിൻെറ മദ്ധ്യാഹ്നസമയമാണു്; വേല നടക്കുന്ന സമയമാണു്. എണീററു മാറു! വേഗമാവട്ടെ!" എന്നെല്ലാം വിളിച്ചു നിലവിളിപ്പാൻ തുടങ്ങിയതു്.

ഈ വിളിയും തിരക്കും കേട്ടു നമ്മളിൽ ചിലർ ഞെട്ടിയുണൎന്നു മുറിയുടെ മുക്കിലും മൂലയിലും എല്ലാം പരതിക്കൊണ്ടു തങ്ങാംക്കുള്ള പ്രവൃത്തികാം അന്വേഷിക്കുന്നുണ്ടു്. എന്നാൽ അഹംഭാവികളായ നമ്മുടെ തടിച്ച യജമാനന്മാരെല്ലാം കിടന്നേടത്തു തന്നെ തിരിഞ്ഞു കിടന്നുകൊണ്ടു്, "ആരാ ലഹള കൂട്ടുന്നതു്? ആരാണു പ്രവൃത്തിയെപ്പററി പ്രസംഗിക്കുന്നതു്? ഞങ്ങളൊക്കെ പ്രവൃത്തി ശീലിക്കാത്തവരാണെന്നാണോ ഭാവം? എന്തു അസംബന്ധപ്രലാപം! ലോകചരിത്രത്തിൽ നോക്കിയാൽ ഇന്ത്യയെപ്പോലെ പ്രവൃത്തിമാൎഗ്ഗം ശീലിച്ചിട്ടുള്ള മറെറാരു രാജ്യമില്ലെന്നു കാണാം. ഞങ്ങാം പറയുന്നതിൽ നിങ്ങാംക്കു വിശ്വാസമില്ലെങ്കിൽ പുരാണവൃത്തപരിശോധകന്മാരായ നിങ്ങളുടെ കൈവശമുള്ള കൈക്കോട്ടുകാംകൊണ്ടു് ഇന്ത്യയിൽ വളരെ യുഗങ്ങളായി മീതെയ്ക്കുമീതെ അടിഞ്ഞു കയറിക്കിടക്കുന്ന ഉപേക്ഷ, വിസ്മൃതി, അനാസ്ഥ മുതലായ മണൽത്തിട്ടകളെ നീക്കിക്കളഞ്ഞു നോക്കുവിൻ; അപ്പോാം മാനുഷ പരിഷ്കാരത്തിൻെറ അടിത്തട്ടും അതിന്മേൽ ഹൈന്ദവകരാവലികാം

സംഘടിപ്പിട്ടുള്ള പണിത്തരങ്ങളും നിങ്ങൾക്കു കാണാറാകും. നിങ്ങൾ അതു സാധിപ്പിൻ! അതിന്നിടയ്ക്കു ഞങ്ങൾ ഇവിടെത്തന്നെ കിടന്നു കുറച്ചുകൂടി ഉറങ്ങിക്കളയാം." എന്നും മററും പറഞ്ഞു കണ്ണുകൾ മിഴിക്കാതെ ഉരുളുന്നതേയുള്ളു.

എന്നാൽ, ദിവാസ്വപ്നങ്ങൾക്ക് അടിമപ്പെട്ടവരായ നമ്മളിൽ ചിലർ,—ആലോചനകൾക്കും പ്രവൃത്തികൾക്കും മദ്ധ്യത്തിൽ അങ്ങും ഇങ്ങും ആടിക്കൊണ്ടിരിക്കുന്നവരും, പുരാതന പരിഷ്കാരത്തിൻെറ നന്നാക്കുവാൻ വയ്യാത്ത പഴക്കത്തെപ്പററി അനുശോചിക്കുകയും, ആധുനിക ജീവിതത്തിൻെറ കൃത്രിമതയും അപൂർണ്ണതയും ഓർത്തു വ്യസനിക്കുകയും ചെയ്യുന്ന ചിലർ—സന്ദേഹസംഭ്രമങ്ങളോടുകൂടി തലയാട്ടിക്കൊണ്ടു യൂറോപ്പിനെ ഉന്നാക്കി ഇപ്രകാരം അപേക്ഷിക്കുന്നു:—

"അല്ലയോ പടിഞ്ഞാറൻ രാജ്യക്കാരായ പുതിയ മഹാന്മാരേ, നിങ്ങൾ അരംഭിച്ചിരിക്കുന്ന പുതിയ പ്രവൃത്തി ഇതുവരെ പൂർണ്ണമായിട്ടില്ല. അതിൻെറ യഥാർത്ഥമോ അയഥാർത്ഥമോ ഒന്നും ഇതുവരെ പ്രത്യക്ഷപ്പെട്ടിട്ടില്ല, മനുഷ്യജീവിതത്തിൻെറ നിത്യങ്ങളായ തത്വങ്ങളൊന്നും നിങ്ങൾ കണ്ടുപിടിച്ചു മനസ്സിലാക്കിക്കഴിഞ്ഞിട്ടില്ല.

"നിങ്ങൾ വളരെയെല്ലാം കണ്ടുപിടിച്ചിട്ടുണ്ട്; നിങ്ങൾ വളരെയെല്ലാം സമ്പാദിച്ചിട്ടുണ്ട്; എങ്കിലും നിങ്ങൾക്കു "സുഖസ്ഥിതി ലബ്ധമായിട്ടുണ്ടോ? ഞങ്ങൾ ദൃശ്യപ്രപഞ്ചം മുഴുവനും നിസ്സാരവും നശ്വരവും ആണെന്നു കരുതി അനാസ്ഥയോടെ കണ്ടുകൊണ്ടിരിക്കുന്നു; നിങ്ങളോ, അതു തന്നെയാണു് പുരുഷാർത്ഥസർവ്വസ്വമെന്നു വിശ്വസിച്ചു. നിത്യമായ യാഥാർത്ഥ്യമെന്നുറപ്പിച്ചു, അതിനെ വിടാതെ പിടിച്ചുകൊണ്ടു് കഷ്ടപ്പെടുകയും നഷ്ടപ്പെടുകയും ചെയ്യുന്നു. എന്നിട്ടും നിങ്ങൾ ഞങ്ങളേക്കാൾ ഭാഗ്യവാന്മാരാണോ? നിങ്ങൾ ദിവസംപ്രതി എന്നപോലെ ദരിദ്രന്മാരുടെ ദാരിദ്ര്യത്തിൻെറ മൂർച്ചയെ വർദ്ധിപ്പിക്കുന്നവയായ പുതിയ പുതിയ

ആവശ്യങ്ങളെ കണ്ടുപിടിക്കുന്നു; ശാന്തവും സുഖവാസ യോഗ്യവുമായ സ്വഗൃഹങ്ങളിൽനിന്നു നിങ്ങൾ ജനതതിയെ ഒഴിവില്ലാതെ പ്രവൃത്തി നടക്കുന്ന ശാലകളിലേക്കു് പിടിച്ചുവലിക്കുന്നു; നിങ്ങൾ പ്രയത്നത്തെ ജീവിത നാഥനായും; മദിരയെ നിർമ്മല വിശ്രമമൂർത്തിയായും അഭിഷേകം കഴിച്ചിരിക്കുന്നു. ഹാ! നിങ്ങൾ അത്യന്തം അഭിമാനപ്പെടുന്ന ആ "അഭിവൃദ്ധി" മാർഗ്ഗം നിങ്ങളെ എവിടേയ്ക്കാണു നയിക്കുന്നതെന്നു നിങ്ങൾ മുൻകൂട്ടി കണ്ടിട്ടുണ്ടോ?

"ഞങ്ങൾ എത്തിയിരിക്കുന്നതു് എവിടെയാണെന്നു ഞങ്ങൾക്കു നല്ല നിശ്ചയമുണ്ടു്. ഞങ്ങൾ സ്വഗൃഹങ്ങളിൽ താമസിക്കുന്നു; ഞങ്ങളുടെ ആവശ്യങ്ങൾ തുച്ഛങ്ങളാണു്; പരസ്പരം ബന്ധിക്കപ്പെട്ടവരാകയാൽ ഞങ്ങളുടെ "സ്നേഹ" ശക്തി അപാരമായിട്ടുള്ളതാണു്; ഞങ്ങൾ ഞങ്ങളുടെ അകൃത്യമങ്ങളായ ദിനകൃത്യങ്ങളും സമുദായ വൃത്തികളും മാത്രം അനുസരിച്ചുപോരുന്നു. ഞങ്ങൾ സമ്പാദിച്ചിട്ടുള്ള അൽപ്പങ്ങളായ സമാധാനസമ്പത്തുകൾ ഞങ്ങൾ കുബേരന്മാക്കും കുചേലന്മാക്കും, ബന്ധുക്കൾക്കും, അന്യന്മാക്കും, അതിഥികൾക്കും ഒരുപോലെ പകുത്തുകൊടുക്കുന്നു. ഞങ്ങളുടെ സമുദായം—ഇപ്പോഴത്തെ സ്ഥിതിക്കു് സാധിക്കാവുന്നടത്തോളം—പൂർണ്ണമായ ഭാഗ്യാവസ്ഥയിൽതന്നെ നാളുകൾ കഴിച്ചുവരുന്നു. ആരും ആരേയും ബഹിഷ്കരിക്കുവാൻ ആഗ്രഹിക്കുന്നില്ല; ആവശ്യങ്ങൾ പ്രാഥമികങ്ങളാകയാൽ മൂർച്ച കുറഞ്ഞിരിക്കുന്ന ജീവിതായോധനം അന്യന്മാരെ പുറത്താക്കുന്നതിന്നു് ആരേയും നിർബന്ധിക്കുന്നതുമില്ല.

"ഇന്ത്യ സുഖാനുഭൂതിയെ ഒരിക്കലും കാംക്ഷിച്ചിട്ടില്ല. ഇന്ത്യ ആവശ്യപ്പെട്ടിരുന്നതെല്ലാം ആത്മസംതൃപ്തി മാത്രമാണു്. ആ സംഗതി, ആ അചഞ്ചലഭാവം, ഇന്ത്യക്കു് സിദ്ധിക്കുകയും, കഴിയുന്ന വിധത്തിലൊക്കയും എല്ലാ ഏർപ്പാടുകളിലും അതിനെ സുസ്ഥിരമായി പ്രതിഷ്ഠിക്കുകയും ചെയ്തു. അതുകൊണ്ടു് ഇന്ത്യയ്ക്കു് ഇപ്പോൾ ജോലി ഒന്നും ചെയ്യാനില്ല.

ഇന്ത്യാമാതാവു തന്റെ പൂമുഖത്തു് സ്വസ്ഥയായിരുന്നു നിങ്ങളുടെ ഭ്രാന്തുപിടിച്ചുള്ള ജീവിതമത്സരത്തെ നിരീക്ഷിക്കുകയും, നിങ്ങളുടെ "പരിഷ്കാ"രത്തിന്റെ അവസാനവിജയം എങ്ങനെ ആയിരിക്കുമെന്നു അനന്തരമായി സംശയിക്കുകയും ചെയ്യുന്നു. പണി നിർത്തിപ്പിരിയുന്നതിനുള്ള ഘട്ടം വരുമ്പോഴും നിങ്ങൾക്കു് ഞങ്ങളെപ്പോലെ തന്നെ സമാധാനസംതൃപ്തികളോടുകൂടി കർമ്മരംഗത്തിൽ നിന്നു നിഷ്ക്രമിക്കുന്നതിന്നു സാധിക്കുമോ എന്നു് അവർ ബലമായിത്തന്നെ സംശയിക്കുന്നുണ്ടു്. ഞങ്ങൾക്കു് പ്രാപിക്കുവാൻ സാധിച്ചതായ അത്രസുകുമാരവും ഹൃദയാകർഷവുമായ ഒരു വളർച്ച നിങ്ങൾക്കു് ലഭിക്കുവാൻ സാധിക്കുമോ? പരശ്രമങ്ങളെല്ലാം ക്രമേണ "ലക്ഷ്യത്തിൽ" ലയിക്കുമ്പോഴോ, ഉജ്ജ്വലിച്ചു് പ്രകാശിക്കുന്ന മദ്ധ്യാഹ്നം പതുക്കെ അസ്തമയത്തിലെ അന്ധകാരത്തോടു ചേരുമ്പോഴോ, ഉണ്ടാകുന്ന അകൃത്രിമവും രമണീയവും ആയ ആ പൂർണ്ണത നിങ്ങൾക്കു് എന്നെങ്കിലും അനുഭവയോഗ്യമാകുമോ? അതോ, നിങ്ങളുടെ ശക്തിയേറിയ "പരിഷ്ക്കാരം" പണിമുടങ്ങിയ ഒരു വമ്പിച്ച യന്ത്രംപോലെയോ, ആവിയും ചൂടും അധികമായി സംഭരിക്കപ്പെട്ടതിനാൽ പൊട്ടിത്തകരുന്ന ഒരു വലിയ "ബോയിലർ" പോലെയോ, അല്ലെങ്കിൽ ഒരേ പാതയിൽ ഇരുഭാഗത്തുനിന്നും നേരിട്ടു വന്നു് ഒന്നിച്ചുകൂട്ടിമുട്ടിത്തകരുന്ന നിങ്ങളുടെ തീവണ്ടികൾ പോലെയോ, അപരിഹാര്യവും ഭയങ്കരവും ആയ അപകടത്തിൽ അവസാനിക്കുമോ?

"അതു് എങ്ങിനെ എങ്കിലും ആകട്ടെ, ഇതുവരെ ആരും സഞ്ചരിച്ചറിഞ്ഞിട്ടില്ലാത്ത ഒരു മഹാർണ്ണവത്തിന്റെ അജ്ഞാതമായ മറുകരയെ കണ്ടുപിടിക്കുവാൻ നിങ്ങൾ ഇപ്പോൾ കച്ചകെട്ടി പുറപ്പെട്ടുകഴിഞ്ഞു. നിങ്ങൾ നിങ്ങളുടെ വഴിക്കു പൊയ്ക്കൊൾവിൻ; അതാണു് എല്ലാംകൊണ്ടും നല്ലതു്."

# വർഗ്ഗീയമത്സരം

## I

വർഗ്ഗീയമത്സരം ഇന്നോ ഇന്നലെയോ ആരംഭിച്ചതല്ല. മനുഷ്യചരിത്രം നോക്കിയാൽ ഏതു കാലത്തും വർഗ്ഗീയമത്സരം ഉണ്ടായിരുന്നതായി കാണാം. എല്ലാ വലിയ പരിഷ്കാരങ്ങൾക്കും കാരണം ഈ മത്സരമാകുന്നു. വിവിധങ്ങളാകുന്ന സംയോഗങ്ങൾക്കും, പരിണാമങ്ങൾക്കും വളർച്ചകൾക്കും കാരണമായി, പ്രാകൃതലോകത്തിൽ പഞ്ചഭൂതങ്ങൾ തമ്മിലുള്ള സമ്മേളനങ്ങൾ പോലെയാകുന്നു, മനുഷ്യലോകത്തിലുള്ള ഈ വർഗ്ഗീയമത്സരവും. തമ്മിൽ തമ്മിലുള്ള ഇടച്ചിലും, വലിച്ചിലും ആകുന്നു നൂതനമായ എല്ലാ അഭിവൃദ്ധികൾക്കും അടിസ്ഥാനം.

പലതരത്തിലുള്ള പരിസരങ്ങളിൽ വളന്നവരും, ഭിന്നങ്ങളായ ജീവിതാദർശങ്ങളോടുകൂടിയവരും ആയ ജനഗണങ്ങൾ ഒന്നിച്ചു ചേൻപ്പോഴുണ്ടായ കമ്പനമാണു—വിപ്ലവമാണു—സമ്മിശ്രങ്ങളായ സാമുദായികഘടനകളെ ഉണ്ടാക്കിത്തീർത്ത നിയാമകശക്തിയുടെ നിദാനം. എല്ലാ പരിഷ്കാരങ്ങളും മിശ്രപദാൎത്ഥങ്ങൾ ആകുന്നു. അപരിഷ്കൃതാവസ്ഥ —കേവലം കിരാതത്വം—മാത്രം കലർപ്പില്ലാത്തതും അവിഷ്ലേഷ്യമായതും ആണു്. അതു് ഒരു "മൂലപദാൎത്ഥമാ"കുന്നു.

സമുദായാഭിവൃദ്ധിയിൽ പരസ്പരവ്യത്യാസങ്ങളെ പരിഗണനം ചെയ്യാതെ ഗത്യന്തരമില്ലെന്നു വരുമ്പോൾ, അഭിന്നിപ്പുകളിൽനിന്നു വിട്ടുപോകുന്നതിനു നിവ്വാഹമില്ലെന്നു വന്നുകൂടുമ്പോൾ, പ്രതികൂലങ്ങളായ എല്ലാ അംശങ്ങളേയും അന്യോന്യം കൂട്ടിയിണക്കി; ഏകീകരിക്കത്തക്ക ഒരു സാമാന്യസംബന്ധത്തെ കണ്ടുപിടിക്കുന്നതിനു ജനങ്ങൾ നിർബന്ധിതരായിത്തീരുന്നു. അതാണു "സത്യാവസ്ഥ"യെക്കുറിച്ചുള്ള അന്വേഷണം; അതാണു നാനാത്വത്തിൽനിന്നു് ഏകത്വ

ത്തേയും വ്യഷ്ടിയിൽനിന്നു സമഷ്ടിയേയും അറിയുവാനുള്ള പരിശ്രമം; അതാണു "വളർച്ച"യുടെ രഹസ്യം.

ഈ അന്വേഷണങ്ങളുടെ പ്രാഥമികഘട്ടങ്ങൾ പ്രായേണ സാധാരണങ്ങളും അപരിഷ്കൃതങ്ങളും ആണു്. തുടക്കത്തിൽ ജനങ്ങളുടെ അവിഭക്തതയ്ക്കു "ലക്ഷ്യ"മായി, പരക്കെ ആരാധിക്കപ്പെടുന്ന ഏതെങ്കിലും ഒരു ദൃശ്യവസ്തു സ്വീകരിക്കപ്പെടുന്നു. ബാഹ്യങ്ങളായ ലക്ഷണങ്ങളേയും തോത്തുകളേയും ആശ്രയിക്കേണ്ടിവരുമ്പോൾ, അവയ്ക്കു സ്പഷ്ടമായി കാണത്തക്കവണ്ണമുള്ള ഒരു സ്ഥാനവലുപ്പം കല്പിക്കേണ്ടതു് അത്യാവശ്യമാകുന്നു. പ്രാഥമികമനുഷ്യഹൃദയത്തെ സ്പർശിക്കുന്ന വികാരങ്ങളിൽ പ്രഥമഗണനീയമായിട്ടുള്ളതു "ഭയ"മാണല്ലോ. ഈ വികാരവിശേഷമാണു മനുഷ്യരുടെ ആദ്യകാലങ്ങളിലെ ആരാധനാമൂർത്തികളുടെ സ്വഭാവരൂപങ്ങളെ നിർണ്ണയിച്ചതു്. ഒരു മൂർത്തിയെ ആരാധിക്കുന്നവരെല്ലാം, സൂക്ഷ്മങ്ങളായ മററു വ്യത്യാസങ്ങളെ തൽക്കാലം വിസ്മരിച്ചു് ഒരു വർഗ്ഗക്കാരായി കല്പിക്കപ്പെട്ടു.

കാലാന്തരത്തിൽ സമുദായം വളരുകയും, യുദ്ധങ്ങളാലും മററും, വിപരീതാദർശങ്ങളുള്ള അന്യസമുദായക്കാർ ഒന്നിച്ചു ചേരുകയും ചെയ്യുമ്പോൾ, ആരാധിക്കപ്പെടുന്ന അധിഷ്ഠാനദേവതകളുടെയും എണ്ണം വർദ്ധിക്കുകയും, അപ്പോൾ ഒന്നിൽ അധികം ഈശ്വരന്മാരെ പൊതുസ്വത്തുക്കളായി സ്വീകരിക്കേണ്ടിവരികയും ചെയ്യുന്നു. തദവസരത്തിൽ മേല്പറഞ്ഞ പ്രഥമലക്ഷ്യങ്ങളുടെ ആദ്യത്തെ സാമാന്യസംബന്ധം ഇല്ലാതായിത്തീരുന്നു. അവയ്ക്കു് പകരം പുതിയ ബന്ധങ്ങളും ലക്ഷ്യങ്ങളും വന്നുചേരുന്നു; ഈ പുതിയ പ്രസ്ഥാനങ്ങൾ ഇന്ദ്രിയങ്ങളെയല്ലാ അധികം ആകർഷിക്കുന്നതു്. അവയ്ക്കു് ഒരു സാർവ്വത്രികത്വം അധികമായി വരുന്നു.

ഇപ്രകാരം വർഗ്ഗസമ്മേളനങ്ങൾ കൂടുംതോറും അടിസ്ഥാനമായ ഏകത്വത്തെ പ്രത്യക്ഷപ്പെടുത്തുന്ന ചിഹ്നങ്ങൾ അ

വ്യവസ്ഥിതങ്ങളും അസ്പഷ്ടങ്ങളും ആയിത്തീരുകയും, ആന്തരമായ ഏകാവസ്ഥയെ സ്ഥാപിക്കുന്ന കാൎയ്യം അധികമധികം ദുഷ്കരമായിപ്പരിണമിക്കുകയും അപ്പോൾ മനുഷ്യ സമുദായം പ്രാഥമികമായ അവിഭക്തതയെ നിൎവ്വിവാദമായി നിശ്ചയപ്പെടുത്തുന്നതിന്ന് സ്ഥിരതയുള്ളതും പരക്കെ ബാധിക്കുന്നതും ആയ സംഗതികളെ ആരാഞ്ഞു തുടങ്ങുകയും ചെയ്യുന്നു. ഇതാണു് എല്ലാ ചരിത്ര ഗ്രന്ഥങ്ങളുടേയും പരമോദ്ദേശം; അനവരതം വളൎന്നുവരുന്ന ജീവിതത്തിൻെറ വൎദ്ധമാനശക്തിയുടെ തള്ളിച്ചയാൽ പ്രേരിതനായ മനുഷ്യൻ മൎത്ത്യസമുദായത്തിൻെറ അടിയിലുള്ള ഐക്യത്തെ കണ്ടുപിടിപ്പാൻ ചെയ്യുന്ന പരിശ്രമങ്ങളുടെ പരമചിത്രമാകുന്നു സാക്ഷാൽ "ചരിത്രം."

പണ്ടു ഗതാഗതസൗകൎയ്യങ്ങൾ വേണ്ടതുപോലെ ഇല്ലാതിരുന്നപ്പോൾ, മനുഷ്യവൎഗ്ഗങ്ങൾ പരസ്പരസമ്പൎക്കം കൂടാതെ ഏകാന്തത്തിൽ—മററു വൎഗ്ഗക്കാരെ അപേക്ഷിച്ചു—നിവസിച്ചിരുന്നു. അന്നു് അവരുടെ സാമുദായിക നിയമങ്ങൾക്കും സ്ഥാപനങ്ങൾക്കും വല്ലാത്ത ഒരു ദേശീയത്വമുണ്ടായിരുന്നു. അവയെല്ലാം സ്വന്തം വൎഗ്ഗത്തെ മാത്രം സംബന്ധിച്ചിരുന്നവയും പാരദേശികരോടു കലശലായ വിപ്രതിപത്തി പ്രദൎശിപ്പിച്ചിരുന്നവയും ആയിരുന്നു. അന്യസമുദായക്കാരുമായി കൂടിയിണങ്ങുന്നതിനെപ്പററി ആലോചിക്കുന്നതിന്നു് അന്നു് അവൎക്കു് ആവശ്യവും സന്ദർഭവും അധികമുണ്ടായിരുന്നില്ല. വിദേശീയന്മാരുമായി കൂട്ടിമുട്ടിയാൽ അവർ ക്രൂരങ്ങളായ ബലപ്രയോഗങ്ങളിൽ ഏർപ്പെട്ടുവന്നു അവർ ഒന്നുകിൽ, അന്യസമുദായക്കാരെ നിശ്ശേഷം നശിപ്പിക്കുകയോ, അല്ലാത്തപക്ഷം അവരോടുകൂടി പൂർണ്ണമായി ഏകോപിച്ചു് ഒരു ഒററസ്സമുദായമായിത്തീരുകയോ ചെയ്തു്, വൎഗ്ഗീയ സമ്മേളനം എന്ന വിഷമ വിഷയത്തിൻെറ കാഠിന്യത്തെ എത്രയും തുച്ഛമാക്കിത്തീൎത്തു.

വർഗ്ഗീയമായും രാഷ്ട്രീയമായും, "തനിക്കു താൻമതി" എന്നുള്ള ചിരപരിചിതമായ തന്നിഷ്ടാവസ്ഥയിൽ നിന്നു മനുഷ്യർ ഇനിയും മുഴുവൻ വിമുക്തരായിട്ടില്ല. അന്യന്മാരെ ഭയപ്പെടുകയും സംശയിക്കുകയും ചെയ്യുക എന്നുള്ളതു ജന്തുവർഗ്ഗത്തെ മുഴുവനും ബാധിക്കുന്ന ഒരു പ്രാഥമിക വികാരമാകുന്നു. പരമ്പരയായി നിലനിന്നു പോരുന്ന ഈ വികാരത്തെ നിശ്ശേഷം നശിപ്പിക്കുന്നതു നിഷ്പ്രയാസമല്ല. വളരെ നിസ്സാരമായ കാര്യത്തിനുവേണ്ടിപ്പോലും അന്യവർഗ്ഗങ്ങളോടു് എതിർക്കുവാൻ പുറത്തു് ചാടുന്നതിനു് ഒരുങ്ങി ഉറച്ചു നിൽക്കുന്ന മൃഗസഹജമായ ക്രൂരത ഇന്നും മനുഷ്യഹൃദയങ്ങളിൽ ഒളിഞ്ഞുകിടപ്പുണ്ടു്. ഇതര വ്യക്തികളെപ്പററിയുള്ള അഭിപ്രായ പ്രകടനങ്ങളിലും അവരോടുള്ള പെരുമാററങ്ങളിലും നിഷ്പക്ഷപാതിത്വവും സമഭാവനയും മനുഷ്യക്കു് ഇനിയും ഉണ്ടായിക്കഴിഞ്ഞിട്ടില്ല. തങ്ങളോടു് അത്രയും സമീപിച്ചവരല്ലാത്ത ജനങ്ങളെക്കുറിച്ചു് ശരിയായ ജ്ഞാനമുണ്ടാകുന്നതിന്നു തങ്ങളുടെ മനോഭാവങ്ങളേയും ഹൃദയദൃഷ്ടികളേയും അതിന്നനുസരിച്ചു് ക്രമപ്പെടുത്തേണ്ടതു് അത്യന്താപേക്ഷിതമാകുന്നു. ആ ശരിപ്പെടുത്തലിനുള്ള പ്രാപ്തി മനുഷ്യരിൽ പ്രായേണ കാണപ്പെടുന്നില്ല. അവർ താന്താങ്ങളുടെ മതങ്ങളുടേയും ശാസ്ത്രങ്ങളുടേയും ഉൽകൃഷ്ടതയേയും പഴക്കത്തേയും സ്ഥാപിക്കുന്നതിന്നു തങ്ങൾക്കു കഴിയുന്നതിൽ അധികം പരിശ്രമിക്കുന്നു. "സത്യം" അതിൻെറ ആന്തരമായ വൈശിഷ്ട്യത്താൽ തന്നെ, ഒരോരോ കാലങ്ങളിലും രാജ്യങ്ങളിലും വിവിധങ്ങളായ ആവരണങ്ങളെ സ്വീകരിച്ചു പ്രത്യക്ഷപ്പെടുന്നു എന്ന മൂല തത്വത്തെ അംഗീകരിക്കുന്നതിന്നു മനുഷ്യർ അത്യന്തം വിമുഖന്മാരാകുന്നു. അവർ ബാഹ്യങ്ങളായ നിസ്സാരവ്യത്യാസങ്ങൾക്കു പ്രാധാന്യം കൽപ്പിക്കുകയും ആന്തരമായ ഐക്യത്തെ വിസ്മരിക്കുകയും ചെയ്യുന്നതിൽ പ്രത്യേകം ജാഗരൂകന്മാരാകുന്നു.

"ലോകപൌരത്വത്തിന്നു മനുഷ്യരെ അനർഹന്മാരാക്കി

ത്തീക്കുന്ന ഏകാന്തസമുദായവാസമാണു് മനുഷ്യർ പരിചയിച്ചിട്ടുള്ളതു്. ആ പഠിപ്പിൻെറ ഫലമാകുന്നു മേല്പറഞ്ഞ സ്ഥിതിഭേദം. ആ സ്ഥിതി ഇനി അധികകാലം നിൽക്കുകയില്ല. വിവിധ ശാസ്ത്രങ്ങളുടേയും നാനാമുഖങ്ങളിലുള്ള അസാമാന്യമായ വൎദ്ധനയാലും ഗതാഗതസൗകൎയ്യങ്ങളാലും അതോടുകൂടി കച്ചവടത്തിന്നുണ്ടാകുന്ന വമ്പിച്ച വളർച്ചയാലും പണ്ടൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം ദൂരസ്ഥന്മാരായ മനുഷ്യർ എല്ലാം ഇക്കാലത്തു് പരസ്പരം സമീപസ്ഥന്മാരായിത്തിൎന്നിരിക്കുന്നു; മനുഷ്യചരിത്രത്തിലെ പ്രധാനപ്പെട്ട വിഷമപ്പാഠമായ വൎഗ്ഗീയമത്സരം—മൎത്ത്യലോകത്തെ മുഴുവൻ എളുക്കുന്ന ആ കുഴപ്പം—കണ്ണിൽപെടാതിരിക്കുവാൻ നിൎവ്വാഹമില്ലാത്ത വിധം അതിപ്പോഠം അത്ര അഭിമുഖമായി അടുത്തെത്തിയിരിക്കുന്നു.

ചരിത്രപരിചയത്തിൻെറ വർദ്ധനയോടുകൂടി ഒഴിച്ചുകൂടാത്ത വിവിധാനുഭവങ്ങളിൽ നിന്നു്, ഈ കുഴപ്പത്തിന്നു്, ഒരു പ്രതിവിധി ഉണ്ടാകേണ്ടതാകുന്നു. ഇതു ഹൃദയത്തേയോ ബുദ്ധിയേയോ മാത്രം സ്പർശിക്കുന്ന ഒരു സംഗതിയല്ല. മനുഷ്യരുടെ സമത്വത്തെക്കുറിച്ചു പ്രവചിച്ചിട്ടുള്ള ദീർഘദർശികാഠ ഉണ്ടായിട്ടുണ്ടു്; ദേശീയങ്ങളായ സാമുദായിക നടപടികളിലും അഭിപ്രായങ്ങളിലും അന്തർഭവിച്ചിട്ടുള്ളതിൽനിന്നു വ്യത്യാസപ്പെട്ടതായ വലിയ സാമാന്യതത്വങ്ങാഠ പ്രസംഗിക്കുന്ന സാഹിത്യകൃതികളും ശാസ്ത്രഗ്രന്ഥങ്ങളും നമുക്കു സിദ്ധിച്ചിട്ടുണ്ടു്. എന്നാൽ, വൎഗ്ഗീയ മത്സരത്തിന്നു് അന്നൊന്നും ഇന്നത്തെ ഈ പരപ്പോ ശക്തിയോ ഉണ്ടായിരുന്നില്ല. ഇന്നുള്ളതുപോലെയുള്ള ഒരു വൎഗ്ഗക്കുഴപ്പം ഇതിന്നു മുമ്പു് പ്രത്യക്ഷീഭവിച്ചിട്ടില്ല; അതിനെപ്പററി ആലോചിപ്പാനുള്ള ആവശ്യകതയും ഇന്നത്തോളം അന്നൊന്നും ഉണ്ടായിട്ടില്ല. "മനുഷ്യരുടെ സമത്വ"ത്തെക്കൊണ്ടു്, ഒരു പെൺകുട്ടി അവളുടെ പാവയെക്കൊണ്ടെന്നപോലെ, അതിൻെറ

ശക്തിയേയൊ മുഖ്യതയേയൊ അറിയാതെ പണ്ടുള്ളവർ കേവലം കേളിയാട്ടകയായിരുന്നു. അതു മനുഷ്യഹൃദയങ്ങളിൽ അന്തർലീനവും ഉൽകൃഷ്ടവുമായ സംഭാവനയെ പ്രത്യക്ഷപ്പെടുത്തിയാലും അതിന്നു ജീവിതത്തിൽ നിന്നുമാത്രമുണ്ടാകേണ്ടതായ "അനുഭവം" എന്ന ഗുണമുണ്ടായിരുന്നില്ല. കളിക്കുവാനുള്ള കാലം കഴിഞ്ഞു. ഇതുവരെ ഹൃദയഗുഹകളിൽ ഒളിഞ്ഞുകിടന്നിരുന്ന ഒരു വികാരവിശേഷം മാത്രമായിരുന്ന വസ്തു, ഇപ്പോൾ നമ്മുടെ ജീവിതത്തിൻെറ തന്നെ ഒരംശമായി വളരുകയും നമ്മെ അപരിമിതങ്ങളായ ചുമതലകളുള്ളവരാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു.

പ്രാചീന പരിഷ്ക്കാരങ്ങളിൽ ഹൈന്ദവപരിഷ്ക്കാരത്തിന്നാണു് വർഗ്ഗക്കുഴപ്പത്തെപ്പററി സഗൗരവം ആലോചിക്കുന്നതിന്നു് ആദ്യകാലം മുതൽക്കുതന്നെ ഏററവും അധികം ആവശ്യം നേരിട്ടതു്. ഇന്ത്യ അന്നു മുതൽക്കു്, ഇന്നുവരെ ദുഷ്കരവും ഗഹനവും ആയ "വർഗ്ഗവ്യത്യാസം" എന്ന വലിയ വിഷയത്തിൻെറ കാഠിന്യത്തെ ലഘൂകരിക്കുന്നതിന്നു പല ശ്രമങ്ങളും ചെയ്തിട്ടുമുണ്ടു്. യൂറോപ്പുരാജ്യങ്ങളിലെല്ലാം ഏറെക്കുറെ ഒരുപോലുള്ളവരായ വർഗ്ഗക്കാരാണു് വസിക്കുന്നതു്. മിക്കവരും ഒരേ മൂലവർഗ്ഗത്തിൽനിന്നു വളൎന്നുവന്നവരുമാണു്. യൂറോപ്പിന്നു് അതിന്നുള്ള ഭാഗ്യമുണ്ടായി. തന്നിമിത്തം യൂറോപ്പിൽ വിവിധരാജ്യക്കാർ തമ്മിൽ ഘോരമത്സരങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, വൎണ്ണഭേദം കൊണ്ടും ആകൃതിവ്യത്യാസം കൊണ്ടും ഭേദപ്പെട്ടവരായ മനുഷ്യഗണങ്ങൾ തമ്മിൽ പ്രത്യക്ഷങ്ങളായ ആ വക ഭിന്നിപ്പുകളിൽനിന്നുത്ഭവിക്കുന്നതായ ഈൎഷ്യാകോപങ്ങളോ, വർഗ്ഗീയവൈരമോ, ഉണ്ടായിട്ടില്ല. ഇംഗ്ലണ്ടിൽ നോർമ്മൻ വർഗ്ഗക്കാർക്കും, സാക്സൻ വർഗ്ഗക്കാർക്കും തങ്ങളുടെ വർഗ്ഗീയവ്യത്യാസങ്ങളെ വിസ്മരിച്ചു് ഏകീഭവിക്കുന്നതിന്നു് ദീർഘകാലം വേണ്ടിവന്നില്ല. നിറത്തിലും ആകൃതിയിലും മാത്രമല്ല, അവരുടെ ജീവിതാദർശങ്ങളിൽ

ല്പ്പോലും, പാശ്ചാത്യന്മാർ എല്ലാം ഏറെക്കുറെ ഒരുപോലെയുള്ള വരാകയാൽ അവരുടെ പരിഷ്ക്കാരത്തെ വർദ്ധിപ്പിക്കുന്ന വിഷയത്തിൽ അവർ മിക്കവാറും ഒരു വർഗ്ഗക്കാരെപ്പോലെ യാകുന്നു പ്രവൎത്തിച്ചു വരുന്നതു്.

ഇന്ത്യയിലെ കഥ നേരെ വിപരീതമാകുന്നു. ഇന്ത്യാ ചരിത്രത്തിന്റെ ആദ്യഘട്ടത്തിൽ സുകുമാരശരീരന്മാരായ ആര്യന്മാൎക്കു്, കൃഷ്ണവൎണ്ണമുള്ളവരും ബുദ്ധിശക്തിയിലും മററും തങ്ങളേക്കാൾ വളരെ താണവരും ആയ ഇന്ത്യയിലെ ആദിമ നിവാസികളുമായി മല്ലടിക്കേണ്ടിവന്നു. അതിനുശേഷം സ്വന്തമായ ഒരു പരിഷ്ക്കാരമുണ്ടായിരുന്നവരും, സമുദായ ഘടനയിലും ആരാധനാവിധികളിലും ആഗതന്മാരായ ആൎയ്യ ന്മാരിൽ നിന്നു തുലോം വ്യത്യാസപ്പെട്ടവരും, പ്രത്യേകം ദേവന്മാരുണ്ടായിരുന്നവരും ആയ ദ്രാവിഡ വൎഗ്ഗക്കാരോടു് ആൎയ്യന്മാൎക്കു് എതിരിടേണ്ടിവന്നു. അവൻ തനിച്ചു് കിരാത ന്മാരായ ആദിമ വാസികളെക്കാൾ ശക്തിയേറിയ പ്രതി ബന്ധമായിരുന്നിരിക്കണം.

ഉഷ്ണമേഖലയിലെ ജീവിതം ശീതരാജ്യങ്ങളിലെപ്പോലെ അത്ര ചുറുചുറുക്കോടും ഊക്കോടും കൂടിയതല്ല. ഉഷ്ണരാജ്യങ്ങ ളിൽ നമ്മുടെ ആവശ്യങ്ങൾ വളരെ പരിമിതങ്ങളും, ഭൂമി ദേവിയുടെ ദയയും ദാനശീലവും അളവററതും ആകുന്നു. ത ന്നിമിത്തം, ആ രാജ്യങ്ങളിൽ വിരുദ്ധകക്ഷികൾ തമ്മിലുള്ള മത്സരം, തക്കതായ പ്രേരണാശക്തികൾ ഇല്ലാത്തതുകൊണ്ടു്, എളുപ്പത്തിൽ നശിച്ചുപോകുന്നു. ആകയാൽ, കുറേക്കാലത്തെ ഭയങ്കരയുദ്ധത്തിനുശേഷം നിറത്തിലും വിശ്വാസങ്ങളിലും, വളരെ വ്യത്യാസപ്പെട്ടവരായ ഭിന്നവൎഗ്ഗങ്ങൾ, ഇന്ത്യാരാജ്യ ത്തു് സമാധാനത്തോടുകൂടി അടുത്തടുത്തുകൂടി സൈരസമ്മേതം പാൎത്തുവന്നു. മനുഷ്യർ അചേതനപദാൎത്ഥങ്ങൾ അല്ലാതെ എപ്പോഴും വളൎന്നുകൊണ്ടിരിക്കുന്ന ജീവികളായതുകൊണ്ടു്, വിവിധവൎഗ്ഗങ്ങളുടെ ഈ "അടുക്കിവെയ്ക്കൽ" ഇന്ത്യയിൽ ഏറ്റു

കാലത്തും ഉണ്ടായിരുന്നു. വർണ്ണസങ്കരക്കുഴപ്പം ഇന്ത്യയിൽ എന്നും പ്രധാനമായ ഒരു ആലോചനാവിഷയമായിരുന്നു. അതുകൊണ്ടു് പലേ കഷ്ടപ്പാടുകളും ഉണ്ടായിട്ടുണ്ടെങ്കിലും, വിവിധത്വത്തിൽ ഏകത്വത്തെ വീക്ഷിക്കുന്നതിന്നു് ഇന്ത്യയിൽ ഉണ്ടായിട്ടുള്ള ശ്രമങ്ങളുടെ പ്രധാനകാരണവും പ്രേരണാശക്തിയും ഈ കുഴപ്പമായിരുന്നു. ബാഹ്യങ്ങളായ ആചാരങ്ങളും ആരാധനച്ചടങ്ങുകളും എത്രയൊക്കെ ഭിന്നങ്ങളായിരുന്നാലും അവയുടെയെല്ലാം അടിസ്ഥാനമായ "ഈശ്വരൻ" ഏകനാണെന്നും, അദ്ദേഹത്തെ ശരിയായി അറിയുക എന്നതു സർവ്വഭൂതങ്ങളിലും അദ്ദേഹത്തിൻെറ ആത്മാവിനെത്തന്നെ കാണുന്നതാണെന്നും ഉള്ള പരമതത്വത്തെ ധരിക്കുവാൻ ആര്യപുരാതനന്മാർക്കു സൗകര്യപ്പെടുത്തിക്കൊടുത്തതും ഈ കുഴപ്പം തന്നെയാകുന്നു.

## II

മനുഷ്യഗണങ്ങൾക്കു പരസ്പരമുള്ള ഭിന്നിപ്പുകൾ ഒതുക്കിത്തീർക്കുവാൻ കഴിയാത്ത വിധത്തിൽ പ്രവൃദ്ധങ്ങളാകുമ്പോൾ അവയെ ഇല്ലായ്മ ചെയ്യുന്നതിന്നു്, ആ ഭിന്നിപ്പുകളുടെ ആധിക്യത്തിൽ നിന്നു തന്നെ, ഒരു പ്രേരണ താനേ പുറപ്പെടുന്നതാണു്. ആ വക ഭിന്നിപ്പുകളെല്ലാം ക്രമപ്പെടുത്തുവാനോ ശരിപ്പെടുത്തുവാനോ തരമില്ലാത്ത "അവസാനതീർപ്പുകൾ" ആണെന്നു് ആരും തന്നെ ശങ്കിക്കുന്നില്ല. തന്നിമിത്തം, ഏതെങ്കിലും വിധത്തിൽ അവയുടെ അറുതി വരുത്തുന്നതിന്നു മനുഷ്യർ പ്രയത്നം തുടങ്ങുന്നു. അവർ കേവലം കായികമായ ബലം പ്രയോഗിച്ചു രണശോണിതത്താൽ വർഗ്ഗീയവ്യത്യാസങ്ങളെ കഴുകിക്കളയുന്നു; ചുരുക്കത്തിൽ, ബലമുള്ള വർഗ്ഗക്കാർ ബലഹീനന്മാരായവരെ നശിപ്പിച്ചു സ്പഷ്ടമായ വർഗ്ഗീയ വ്യത്യാസങ്ങൾ ഇല്ലാതാക്കുന്നു. അതിന്നു സാധിക്കാതിരുന്നാൽ, ബാഹ്യമായെങ്കിലും വല്ല ഐക്യവും കണ്ടു പിടിച്ചു്, അതിൻെറ കീഴിൽ വിരുദ്ധവർഗ്ഗക്കാർ ഒരു വർഗ്ഗ

ക്കാരായിക്കൂടുവാൻ പ്രയത്നിക്കുന്നു. അല്ലാത്തപക്ഷം സ്പഷ്ട മായ നാനാത്വത്തിൻെറ അടിയിൽ കിടക്കുന്ന പരമമൂല്യതത്വത്തെ ആരാഞ്ഞറിഞ്ഞു് അസ്പഷ്ടമായ ഏകത്വത്തെ പ്രസ്പഷ്ടമാക്കുന്നു.

ഇതിൽ ഇന്ത്യ അംഗീകരിച്ചതു് മൂന്നാമത്തെ മാർഗ്ഗമാകുന്നു. കഴിഞ്ഞ അനേകം നൂററാണ്ടുകാലങ്ങളിൽ ഇന്ത്യക്കു രാഷ്ട്രീയമായ പല ഉച്ചനീചത്വങ്ങളും സംഭവിച്ചിട്ടുണ്ടു്; കാലസമുദ്രത്തിൻെറ ഉഗ്രങ്ങളായ തിരത്തല്ലുകളിൽപ്പെട്ടു് ഇന്ത്യ പല സ്ഥിതിഭേദങ്ങളേയും അനുഭവിച്ചിട്ടുണ്ടു്. ഇതിന്നിടയ്ക്കു് ഗ്രീസിലേയും റോമിലേയും വിശിഷ്ട പരിഷ്ക്കാരങ്ങൾ ആന്തരമായ അവയുടെ ശക്തിയെ മുഴുവൻ പ്രയോഗിച്ചു തീർക്കുകയും ക്ഷയിക്കുകയും നിർവ്വാണമടയുകയും ചെയ്തിരിക്കുന്നു. എന്നാൽ, ഹൈന്ദവപരിഷ്ക്കാരശക്തി ഇന്നും ക്രമോന്നതിയെത്തന്നെ പ്രഖ്യാപിച്ചുകൊണ്ടുവരുന്നു ഇന്നുവരെ ഇന്ത്യയ്ക്കുള്ള ആത്മീയശക്തിയുടെ മാഹാത്മ്യത്തിന്നു് ഒരു ക്ഷയവും സംഭവിച്ചിട്ടില്ല. വർഗ്ഗീയമത്സരം ഇന്ത്യയിൽ തീരെ ഇല്ലെന്നു ഞാൻ പറയുന്നില്ല. നേരേ മറിച്ചു്, പുതിയ കാരണങ്ങളും കാർയ്യങ്ങളും ഉണ്ടായിത്തീരുകയാൽ ഇന്ത്യയിൽ നൂതനങ്ങളായ സംഗതികളും കുഴപ്പങ്ങളും ഉളവാകുകയാണു് ചെയ്തിട്ടുള്ളതു്. ലോകത്തിലെ എല്ലാ വലിയ മതങ്ങൾക്കും ഇന്ത്യയിൽ സ്ഥിരപ്രതിഷ്ഠ സിദ്ധിച്ചു കഴിഞ്ഞിരിക്കുന്നു. ഇന്ത്യയിലെ മണ്ണിൽ വേരൂന്നി പൊട്ടിത്തഴച്ചു വളരാത്ത മതവൃക്ഷങ്ങളിവല്ല. പൂർവ്വാപരവിരുദ്ധങ്ങളും നിവിധങ്ങളുമായ ഭിന്നിപ്പുകളെ ക്രമപ്പെടുത്തി, ആന്തരമായ ഐക്യത്തെ സ്ഥാപിക്കുന്നതിന്നു് ഇന്ത്യയിൽ ആദ്യകാലം മുതൽക്കെ ഉണ്ടായിട്ടുള്ള നാനാതരങ്ങളായ ശ്രമങ്ങളുടെ ഫലമായി ഹൈന്ദവാദർശങ്ങൾ ചിലപ്പോൾ അതിവിസ്തൃതങ്ങളും മററു ചിലപ്പോൾ അത്യന്തം സങ്കുചിതങ്ങളും ആയ മാർഗ്ഗങ്ങളിൽക്കൂടി പ്രയാണം ചെയ്തിട്ടുണ്ടു്. ഈ വിഷയത്തെ

സംബന്ധിച്ച് ഇന്ത്യയിൽ അവസാനമായി ഉണ്ടായിട്ടുള്ള പ്രവൃത്തി, വിവിധ വൎഗ്ഗങ്ങൾ നിലയില്ലാത്ത എടകലൎന്ന കുഴപ്പവും കലശവും ഉണ്ടാക്കാതിരിക്കുന്നതിന്നുവേണ്ടി, ഓരോരോ തരക്കാരെ സൌകൎയ്യവും ആവശ്യവുമനുസരിച്ചു കൎയ്യകളത്തിൽ നിൎത്തി സൂക്ഷിക്കുന്നതിന്നു വേണ്ടുന്ന കോട്ടകൾ— ജാതിവ്യത്യാസങ്ങളാകുന്ന ദുൎഗ്ഗങ്ങൾ—പടുക്കൽ ആകുന്നു.

എന്നാൽ, അപ്രകാരമുള്ള "നിഷേധഭാവം"— "ഇത്രത്തോളം മതി, അവിടുന്നിങ്ങോട്ടു വേണ്ടാ" എന്നുള്ള അതിൎത്തിസ്ഥാപനം—അധികകാലം നിലനിൽക്കുവാൻ തരമില്ല. മനുഷ്യസമുദായത്തിൽ കേവലം കൃത്രിമങ്ങളായ നിയന്ത്രണശക്തികൾ ഒരിക്കലും ക്രമമായി അധികകാലം പ്രവൎത്തിക്കുന്നതല്ല. പൂൎവ്വചരിത്രം കൊണ്ടും ആദൎശങ്ങൾകൊണ്ടും പരസ്പരം വ്യത്യാസപ്പെട്ടവരായ ഭിന്നവൎഗ്ഗങ്ങളിൽ ചേൎന്നവരായ മനുഷ്യർ വല്ല കാരണത്താലും തമ്മിൽ കൂട്ടിമുട്ടുന്നതായാൽ, തങ്ങളുടെ ഐക്യത്തെ സ്ഥാപിക്കുന്നതിന് ആന്തരവും സ്ഥിരവും ആയ വല്ല അടിത്തട്ടും—നിഷേധപരമല്ല; അനുസരണാപൂൎവ്വകം തന്നെ ആയ വല്ല സംഗതിയും—കണ്ടെത്തുന്നതുവരെ അവർ ഒരിക്കലും സമാധാനപ്പെടുന്നതല്ല. ആന്തരമായ ഐക്യത്തെ കാണുന്നു പക്ഷം, ബാഹ്യങ്ങളായ വ്യത്യാസങ്ങൾ എത്ര വലിയവയായിരുന്നാലും വേണ്ടതില്ല, അവയെ എല്ലാം തൃണവൽഗണിക്കുന്നതിന്നുള്ള ആത്മീയബോധം, അസ്പഷ്ടമാണെങ്കിലും ചൈതന്യത്തോടുകൂടിത്തന്നെ, ഇന്ത്യാക്കാരായ നമുക്കുണ്ടെന്ന് എനിക്കു നല്ല തീർച്ചയുണ്ട്. അനവധി തലമുറകളായി വിരുദ്ധങ്ങളായ ജീവിതപദ്ധതികളെ തുടൎന്നുകൊണ്ട് വരുന്ന വിവിധവൎഗ്ഗക്കാരായ ജനങ്ങളെ പരസ്പരം കൂട്ടിയിണക്കി ഏകഭാവത്തെ ഉളവാക്കുന്നതിന്നു നിൎവ്വാഹമില്ലാതെ ബന്ധിക്കപ്പെട്ടിരിക്കുന്ന പടിവാതിലുകൾ തുറക്കുന്നതിന്നുള്ള സ്വൎണ്ണത്താക്കോ

ല്യകൾ ഇന്ത്യയിൽ ഉണ്ടെന്നാണു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നതു്.

ഇന്ത്യയുടെ പഴയ ചരിത്രത്തിൽ വളരെ ആദ്യകാലം മുതൽക്ക് ഇന്നുവരെ, വിശ്രുതന്മാരായിത്തീൎന്നിട്ടുള്ള മഹാന്മാരെല്ലാം ആ ഒരു കാൎയ്യസാദ്ധ്യത്തിന്നുവേണ്ടിയാണു് പ്രയത്നപ്പെട്ടിട്ടുള്ളതു്. സാൎവ്വത്രികമായ ഭൂതദയയാണല്ലൊ അനശ്വരമായ ബുദ്ധഗീത. ശ്രീബുദ്ധന്റെ ഉൽകൃഷ്ടമായ ഉപദേശപരമ്പര അദ്ദേഹത്തിന്നു് എത്രയോ മുമ്പുതന്നെ ഇന്ത്യയിൽ ആവിർഭവിച്ചു വളൎന്നുവന്നിട്ടുള്ള ഒരു സംരഭത്തിന്റെ പൎയ്യവസാനം മാത്രമാകുന്നു. അനുഷ്ഠാനങ്ങൾ അടയാളങ്ങൾ, ആചാരങ്ങൾ മുതലായി അന്യോന്യം വിരുദ്ധങ്ങളായ പലതരം ഭിന്നിപ്പുകളെ തട്ടിനീക്കി ആത്മീയമായ ഐക്യത്തിന്റെ ആന്തരാൎത്ഥത്തെ കണ്ടുപിടിക്കുന്നതിന്നുവേണ്ടി ആരംഭിച്ചതായിരുന്നു ആ പ്രസ്ഥാനം.

മുഹമ്മദന്മാരുടെ ആവിർഭാവത്തോടുകൂടി ഇന്ത്യയിൽ നൂതനമായ ഒരു രാഷ്ട്രീയ ജീവനം സ്ഥാപിക്കപ്പെട്ടതിന്നു പുറമേ സാമുദായികമായും മതസംബന്ധമായും പുതിയതായ ആദർശങ്ങളെ അടിക്കടി ശക്തിയോടുകൂടി കുത്തിച്ചെലുത്തുകയും ഉണ്ടായിട്ടുണ്ടു്. എന്നിട്ടും മുഹമ്മദുമതത്തിനോടു് പകകരുതിക്കൊണ്ടുള്ള ഒരു ചൈതന്യത്തെ ഹിന്തുക്കളുടെ എടയിൽ ഉണ്ടാക്കിത്തീൎക്കുന്നതിന്നു് അതു പൎയ്യാപ്തമായില്ല. നേരെമറിച്ചു്, ഒരുകാലങ്ങളിൽപ്പോലും ഇന്ത്യയിൽ ഉണ്ടായിട്ടുള്ള ഗംഭീരാശയന്മാരെല്ലാം അഗാധമായ പരിശോധനകൊണ്ടു പഴയ ഹിന്തുമതത്തിലേയും പുതിയ മഹമ്മദുമതത്തിലേയും ആദർശങ്ങളെ കൂട്ടി എണക്കുന്നതിന്നാണു് പരിശ്രമിച്ചിച്ചിട്ടുള്ളതു്. ആ പരിശ്രമം സാദ്ധ്യമായിത്തീൎന്നതു പരമ്പരയായി നിക്ഷിപ്തമായ സഹനശീലത്തിന്റേയും ഭൂരിവിജ്ഞാനത്തിന്റേയും ശക്തികൊണ്ടാകുന്നു. ആ കാലങ്ങളിലും സംരംഭങ്ങളിലും എല്ലാം, ജാതിമതവൎണ്ണഭേദങ്ങളെ

വിസ്മരിച്ചു് ഏകനായ ഈശ്വരനിലുള്ള ദൃഢഭക്തിയിൽ നിന്നുണ്ടാകേണ്ടതായ മററത്വമേറിയ സാഹോദൎയ്യത്തെ കൈക്കൊള്ളുന്നതിനുള്ള ആജ്ഞകൾ പ്രബന്ധങ്ങളായിരുന്നു.

ആംഗ്ലേയരുടെ വരവോടുകൂടി ക്രിസ്തീയ പരിഷ്ക്കാരവും ഹൈന്ദവ പരിഷ്കാരവും കൂട്ടിമുട്ടിയപ്പോഴും മേൽപ്രകാരം തന്നെ വീണ്ടും സംഭവിച്ചു. "ബ്രഹ്മസമാജം" എന്നു പ്രസിദ്ധമായ പ്രസ്ഥാനം പാശ്ചാത്യ ഹൈന്ദവാദർശങ്ങളുടെ ആത്മീയമായ രഞ്ജിപ്പിനുള്ള ഒരു പരിശ്രമം മാത്രമാകുന്നു. ആ രഞ്ജിപ്പിന്നു് ഉപനിഷത്തുക്കളിൽ വിവരിച്ചിട്ടുള്ള കലൎപ്പില്ലാത്ത ആത്മജ്ഞാനത്തെയാകുന്നു അടിസ്ഥാനമാക്കി സ്വീകരിച്ചിട്ടുള്ളതു്. കൃത്രിമങ്ങളും ബാഹ്യങ്ങളും ആയ ജാതിവ്യത്യാസങ്ങളേയും ദുരാചാരങ്ങളേയും വിസ്മരിച്ചു്, ജഗദീശ്വരന്റെ നാമത്തിൽ സാൎവ്വത്രികമായ സാഹോദൎയ്യത്തെ സ്വീകരിക്കുന്നതിന്നു ബ്രഹ്മസമാജം ആജ്ഞാപിച്ചു വരുന്നുണ്ടു്.

ഒരു വിധത്തിലും അന്യോന്യ സംബന്ധമില്ലാത്തവരായ വിവിധവൎണ്ണക്കാർ ഒന്നിച്ചു ചേൎന്നിട്ടുള്ള ഒരു രാജ്യം ഇന്ത്യയെപ്പോലെ ലോകത്തിൽ മറെറാന്നുമില്ല. ആകയാൽ മററു രാജ്യക്കാൎക്കു് എത്രയൊ എളുപ്പമായിത്തോന്നുന്ന രാഷ്ട്രീയമായ ഐക്യത്തെ സമ്പാദിക്കുക എന്ന കാൎയ്യം ഇന്ത്യയിൽ എത്രയും ശ്രമസാദ്ധ്യമായ ഒരു സംഗതിയായിത്തീൎന്നിരിക്കുന്നു. രാഷ്ട്രീയമായ ജീവിതത്തിന്നു ഇന്ത്യക്കുള്ള അത്യാവശ്യം പോലും, വിരുദ്ധവൎഗ്ഗങ്ങളെ ഏകീകരിക്കുന്നതിന്നുള്ള ശക്തിയില്ല. അതിന്നു മനുഷ്യരിൽ ഏററവും ഉൽകൃഷ്ടമായ തത്വബോധത്തെത്തന്നെ—സാക്ഷാൽ സർവ്വേശ്വരനെ തന്നെ—അവലംബിക്കേണ്ടതായി വരും. നീക്കുപോക്കു ചെയ്യാൻ എളുപ്പത്തിൽ വഴിപ്പെടാത്തവയും തന്നിഷ്ടപാടങ്ങളും ആയ പൂൎവ്വാപരങ്ങളും, മനുഷ്യലോകത്തിലെ ആന്തരമായ ഏകത്വത്തെ അംഗീകരിക്കുവാനുള്ള ശ്രമങ്ങളും

തമ്മിൽ അനേകകാലമായി ഇന്ത്യയിൽ ഒരു മത്സരം നടന്നുവരുന്നുണ്ട്. അതിൽ ഒരു ഭാഗത്തെ ശക്തികൃത്രിമവും മറേറത്ത് ആത്മീയവും ആകുന്നു. ഇന്ത്യയിലും, മററു രാജ്യങ്ങളിലെപ്പോലെതന്നെ; സാമുദായിക നടപടികൾ ജാതികളുടെ ഔൽകൃഷ്ട്യത്തെ അനുകൂലിക്കുന്നു. എന്നാൽ ജനങ്ങളുടെ ആന്തരമായ തത്വബോധവും, ആത്മജ്ഞാനവും സകല മനുഷ്യൎക്കും നീതിക്കും സ്നേഹത്തിനും തുല്യവകാശമുണ്ടെന്നു ഘോഷിക്കുകയും മഹാന്മാർ അവരുടെ ജീവചരിത്രങ്ങളെക്കൊണ്ട് ആ ന്യായവാദത്തിൻെറ പരമാൎത്ഥത്തെ സ്ഥാപിക്കുകയും ചെയ്യുന്നു. ഒരു ഭാഗത്തു്, പല ജാതിക്കാരായ ജനങ്ങൾ ഒന്നിച്ചു് ഭക്ഷണം കഴിക്കുന്നതു് വിരോധിച്ചിരിക്കുന്ന നിയമശൃംഗലകൾ; മറുഭാഗത്തു്, യാവനൊരുത്തൻ തൻെറ സ്വന്തമായ അത്മാവിനെ ഭേദംകൂടാതെ അന്യന്മാരിലുംകൂടി കാണുന്നുവോ, അവൻ ശരിയായ ആത്മജ്ഞാനമുള്ളവനാകുന്നു എന്നു ഘോഷിക്കുന്ന തത്വോപദേശങ്ങൾ! മനുഷ്യഹൃദയത്തിലുള്ള ഈ ആത്മീയ ബോധത്തിൽനിന്നു പുറപ്പെടുന്ന പ്രേരണകൾക്കായിരിക്കും ഒടുവിൽ വിജയമുണ്ടാവുക എന്ന കാൎയ്യത്തിൽ എനിക്ക് അശേഷം സംശയം തോന്നുന്നില്ല. ആ പ്രേരണകൾ സാമുദായികാചാരങ്ങളേയും രൂപങ്ങളേയും, തങ്ങളുടെ പ്രവൃത്തികൾക്കു പ്രതിബന്ധങ്ങളാകാത്തവിധം ക്രമപ്പെടുത്തുകയും അവയ്ക്കു തങ്ങൾ കീഴടങ്ങാതെ, അവയെ തങ്ങളുടെ ഉദ്ദേശങ്ങൾക്കുതകുന്ന ഉപകരണങ്ങളാക്കുകയും ചെയ്യുമെന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു.

ഏതെങ്കിലും ഒരു വാദവിഷയം ശരിയായ ഒരു തീൎപ്പുണ്ടാകത്തക്കവണ്ണം മനുഷ്യരുടെ ഗാഢാലോചനയ്ക്കു് വിഷയീഭവിക്കണമെങ്കിൽ, ആ വിഷയത്തിന്നു ജീവനും ശക്തിയും ഉണ്ടായിരിക്കണം. ഈ സംഗതി സ്പഷ്ടമാക്കുന്നതിന്നു വേണ്ടിയാകുന്നു ഞാൻ ഇന്ത്യാചരിത്രത്തിൽനിന്നു ഈ ഉദാഹര

ണത്തെ നിങ്ങളുടെ മുമ്പാകെ ഉദ്ധരിച്ചിട്ടുള്ളതു്. ഇക്കാലത്തു് ഈ വിഷയം പൂർണ്ണമായ ചൈതന്യത്തോടു കൂടിയതായിത്തീൎന്നിട്ടുണ്ടു്. രാജ്യങ്ങളുടെ കിടപ്പുകൊണ്ടും, കാലാവസ്ഥകൾകൊണ്ടും, സമുദായങ്ങളുടെ ഘടനകൊണ്ടും, ചരിത്രംകൊണ്ടും, ജീവിതാദർശങ്ങളെക്കൊണ്ടും, ഭാഷാവ്യത്യാസം കൊണ്ടും തമ്മിൽത്തമ്മിൽ തീരെ സാമ്യമില്ലാത്ത ഭിന്നവൎഗ്ഗങ്ങളിൽപ്പെട്ട ജനങ്ങൾ, അത്യന്തം സമീപസ്ഥന്മാരും പരസ്പരം ബന്ധപ്പെട്ടവരും ആയിത്തീൎന്നിരിക്കുന്നു. ഓരോ മനുഷ്യൻെറയും, മാനുഷികലോകം അവിചാരിതമാംവണ്ണം വളൎന്നു വലുതായിരിക്കുന്നു. ഇന്നത്തെ നൂതനമായ അവസ്ഥാവിശേഷത്തെ അനുസരിക്കുന്നതിന്നു മാത്രം നമ്മുടെ സ്ഥിതിക്കു വ്യത്യാസംവന്നിട്ടില്ലെന്നു ദിനംപ്രതി നമുക്കു വ്യസനകരമായ വിധത്തിൽ ബോധപ്പെട്ടുവരുന്നുണ്ടു്. ജാതിവ്യത്യാസം ആപൽക്കരമാംവണ്ണം അതിൻെറ മൂൎദ്ധന്യത്തിൽ എത്തിയിരിക്കുന്നു. പാശ്ചാത്യവൎഗ്ഗക്കാർ മററെല്ലാ മനുഷ്യഗണങ്ങളേയും അഹംഭാവത്തോടും ധാർഷ്ട്യത്തോടുംകൂടി അകററിനിൎത്തുന്നു. നിസ്സഹായന്മാരായ ഇതരരാജ്യക്കാരെ കവർച്ച ചെയ്യുന്നതിന്നു തങ്ങൾക്കുള്ള അധികാരാവകാശങ്ങളെ മററാൎക്കും അശേഷം വിട്ടുകൊടുക്കാതെ ബലമായി സംരക്ഷിക്കുന്നവരായ പാശ്ചാത്യന്മാർ, സ്വരാജ്യങ്ങളിൽ അന്യന്മാരെ—അന്യായവും നിഷ്ഠൂരവുമായ വിധത്തിൽ—കടക്കുവാൻ അനുവദിക്കാതിരിക്കുന്നു. മനുഷ്യസഹജങ്ങളായ വികാരവിശേഷങ്ങളെ പരസ്യമായിത്തന്നെ അവർ നിഷേധിക്കുന്നു! വിശ്വവിശ്രുതന്മാരായ അവരുടെ ചില മഹാകവികൾപോലും നികൃഷ്ടമായ കയ്യൂക്കിൻെറ വിജയത്തെത്തന്നെ പ്രശംസിക്കുന്നു. അധികം നൂററാണ്ടുകളായി അനുഭവിച്ചുവരുന്ന അലസതയെ വിട്ടുണൎന്നു വിസ്തൃതമായ ജീവിതസരണിയെ പ്രാപിക്കുവാൻ അശ്രാന്തം ശ്രമപ്പെടുന്ന നിസ്സഹായന്മാരായ ജനഗണങ്ങളെ, ആശാസ്യമായ സ്വാതന്ത്ര്യാവസ്ഥയിലുള്ള പാശ്ചാത്യന്മാർ അടിച്ചമൎത്തുന്നു. പഴയ ജീവിതത്തിൽ പെട്ടെന്നുണ്ടായ മാററ

ത്തിൻെറ അനിവാൎയ്യഫലമായ കുഴപ്പത്തെത്തന്നെ അവർ തങ്ങൾക്കു് ആദായകരമായ വിധത്തിൽ വിനിയോഗിക്കുകയും ചെയ്യുന്നു.! തങ്ങളെക്കാൾ താണവരാണെന്നു സങ്കല്പിക്കപ്പെട്ടിട്ടുള്ളവരോടുള്ള അനാസ്ഥയും, അനാദരവും പരസ്യമാകയില്ലെന്നു തീർച്ചയുള്ളപ്പോൾ, മൃഗങ്ങളുംകൂടി മടിക്കുന്ന ദുഷ്ടകൎമ്മങ്ങൾപോലും ചെയ്യുവാനുള്ള സന്നദ്ധതയും, സന്തോഷവും, ശരീരത്തിൻെറ നിറവിശേഷത്തിൽ അഭിമാനപ്പെട്ട ഞെളിയുന്നവരും, സ്ഥാനമഹത്വത്താൽ ശിക്ഷയിൽനിന്നു സുരക്ഷിതരും ആയ മൎത്ത്യരിൽ സാധാരണയായി കാണപ്പെടുന്നുണ്ടു്.

പരിതഃസ്ഥിതികൾ ഇപ്രകാരം അനാശാസ്യമായ പ്രതികൂലാവസ്ഥയിലാണെന്നിരുന്നാലും, തടസ്സങ്ങളും കുഴപ്പങ്ങളും ഏററവും പ്രവൃദ്ധങ്ങളാകുമ്പോൾതന്നെയാകുന്നു നിവാരണമാൎഗ്ഗങ്ങൾ നിൎവ്വിവാദങ്ങളായിത്തീരുന്നതു് എന്നു ഞാൻ ബലമായി വീണ്ടും അഭിപ്രായപ്പെടുന്നു. വൎഗ്ഗീയമത്സരം ഇക്കാലത്തു പരിഷ്കൃതമനുഷ്യൻ സഗൌരവം ശ്രദ്ധിക്കുവാനുള്ള ഒന്നാമത്തെ വിഷയമായിത്തീൎന്നിട്ടുണ്ടെന്നുള്ള സംഗതി അത്യന്തം ആശ്വാസകരമാകുന്നു. മനുഷ്യഹൃദയങ്ങളിൽ "മനുഷ്യ"ബോധത്തിൻെറ ഉത്ഭവമായിരിക്കും ഈ യുഗത്തിലെ ഏററവും അഭിമാനകരമായ ഒരു സംഭവം. ആ ബോധത്തിൻെറ ജനനത്തിനുള്ള ശയ്യാതലം ഇനിയും മുഴുവൻ ഒരുക്കപ്പെട്ടിട്ടില്ല. അതിൻെറ ജനനം മഹാദാരിദ്ര്യത്തിൽത്തന്നെ ആയിരിക്കും. അതിൻെറ ശിശുത്വം മുഴുവനും വല്ല വഴിമദ്ധ്യത്തിലുമുള്ള ആലയിൽ തന്നെ കഴിയേണ്ടിവരും. ശക്തിയും സമ്പത്തും ആ ശിശുവിനെ തിരിഞ്ഞുനോക്കുകയില്ലായിരിക്കും. എന്നാലും അതിൻെറ വിജയം നിശ്ചയവും ആസന്നവും ആകുന്നു. അതു് അതിൻെറ പ്രവാചകന്മാരെയും കവികളെയും സന്നദ്ധസംഘക്കാരെയും കാത്തുനിൽക്കുന്നു. അവരുടെ ആഗമനത്തിനു് അധികതാമസമില്ല. "മനുഷ്യ"ത്വം അതിൻെറ യഥാൎത്ഥ

ശബ്ദത്തിൽ തുടരെത്തുടരെ വിളിക്കുമ്പോൾ ആ വിളി കേൾക്കാതിരിക്കുവാൻ ഒരു മനുഷ്യനും നിവ്വാഹമില്ല. രാഷ്ട്രീയമായ അഭിമാനത്താലോ പ്രതാപത്താലോ ശക്തിയാലോ സുബോധരഹിതനായിത്തീൎന്ന മനുഷ്യൻ ഒരുപക്ഷേ, അതിനെ—മനുഷ്യത്വത്തെ—നിന്ദിക്കുകയോ നിരാകരിക്കുകയോ ചെയ്യുമായിരിക്കാം. അതിനെ കേവലം ബലഹീനതയുടെ ഒരു ലക്ഷണമായി ഗണിക്കുകയും, നിസ്സാരമായ ഒരു വികാരമായി വ്യാഖ്യാനിക്കുകയും ചെയ്യുമായിരിക്കാം. എന്നാൽ അഹംഭാവത്തിന്റെ ആധിക്യത്തിൽതന്നെ, അതിനോടു തനിക്കുള്ള വിരോധം ഏത്രയും കഠിനവും, അതിന്റെ നേരെ താൻ അയയ്ക്കുന്ന അസ്ത്രങ്ങൾ അത്യന്തം ക്രൂരവും ആയിരിക്കുന്ന അവസരത്തിൽത്തന്നെ, ആ മനുഷ്യനു പെട്ടെന്നു് ഒരു സുഃബോധമുണ്ടാകുന്നു. തന്റെതന്നെ അന്തർഭാഗത്തുള്ള ഉൽകൃഷ്ടവും അനശ്വരവും ആയ ആ അമൂല്യചൈതന്യത്തെ ഹനിക്കുന്നതു് ഏററവും നികൃഷ്ടമായ ആത്മഹത്യയാകുന്നു എന്നുള്ള യഥാൎത്ഥബോധം അയാളിൽ ഉൽഭൂതമാകുന്നു. വ്യവസ്ഥിതവും സുരക്ഷിതവും ആകുന്ന രാഷ്ട്രീയമായ സ്വാർത്ഥതല്പരതയും, വൎഗ്ഗീയമത്സരവും, വ്യാപാരസംബന്ധമായ ധനേച്ഛയും അവയുടെ നീചങ്ങളായ സ്വരൂപങ്ങളെ നഗ്നമായി പ്രദർശിപ്പിച്ചുതുടങ്ങുമ്പോൾ, മനുഷ്യരുടെ മോക്ഷസാധനം—ലോകത്തിന്റെ മുക്തിമാൎഗ്ഗം—രാജ്യഭരണസംബന്ധമായ സ്ഥാപനങ്ങളോ വിസ്തൃതങ്ങളായ കച്ചവടസൌകര്യങ്ങളോ കൃത്രിമങ്ങളായ സാമുദായികഘടനകളോ അല്ലെന്നു പ്രസ്പഷ്ടമായിത്തീരും. ആ മുക്തിമാൎഗ്ഗം ജീവിതരീതിയെ അടിയോടുകൂടി പരിഷ്കരിക്കുന്നതാകുന്നു. സഹോദരസ്നേഹത്തിന്റെ സ്വതന്ത്രമായ ഉൽബോധനമാകുന്നു ആ മോക്ഷസാധനം. ജഗൽപിതാവായ സർവ്വേശ്വരനെത്തന്നെ സൎവ്വമനുഷ്യരിലും കാണുന്നതാകുന്നു ആ പരിശുദ്ധപരിണാമം അതാകുന്നു വൎഗ്ഗീയമത്സരത്തിന്റെ അവസാനവും.

# ഇന്ത്യൻ വിദ്യാർത്ഥികളും പാശ്ചാത്യ ഗുരുനാഥന്മാരും

പള്ളിക്കൂടങ്ങളെ വിട്ടു കോളേജിലേയ്ക്കു പ്രവേശിക്കുന്ന വിദ്യാൎത്ഥികൾ എപ്പോഴും ഒരു ദശാപരിവൎത്തനത്തിൽ പെട്ടുഴലുന്നവരാണു്. അതു് അവരുടെ ജീവിതത്തിലെ ഒരു ദുർഘടഘട്ടത്തെ തരണംചെയ്യുന്ന കാലമാണു്. പള്ളിക്കൂടങ്ങളിലെ ആപാദചൂഡം നിയന്ത്രിതമായ **അസ്വതന്ത്രത**യിൽനിന്നു് അവർ ഇദംപ്രഥമമായി വിമുക്താവസ്ഥയെ പ്രാപിച്ചിരിക്കുന്നു. ഈ സ്വാതന്ത്ര്യലബ്ധി കേവലം ബാഹ്യമായിട്ടുള്ളതു മാത്രമല്ലാ; കൈകാലുകൾക്കു മാത്രമല്ലാ, മനസ്സിന്നുംകൂടി സ്വാതന്ത്ര്യം സിദ്ധിച്ചിരിക്കുന്നു. വ്യാകരണസിദ്ധാന്തങ്ങൾക്കു് അടിമപ്പെട്ടുകിടക്കുന്ന പരിമിതമായ വാക്യഖണ്ഡത്തെയല്ലാ, അപരിമിതവും അനിയന്ത്രിതവുമായ ആശയാന്തരീക്ഷത്തെയാകുന്നു അവർ ഇപ്പോൾ നിരീക്ഷിക്കുന്നതു്. അഴിയിട്ടു് ഇടുങ്ങിയ കൃത്രിമക്കൂടുകളിലല്ലാ, വിസ്തൃതവും വിശൃംഖലവും ആയ ആകാശവീഥികളിലാകുന്നു അവർ വളൎന്നുവരുന്ന അവരുടെ ചിന്തനങ്ങളാകുന്ന ചിറകുകളെ ചലിപ്പിക്കുന്നതു്, അവർ നിയന്ത്രിതജീവിതത്തിന്റെ ക്രമീകരണവൈശിഷ്ട്യത്തെയല്ലാ, സ്വതന്ത്രജീവിതത്തിന്റെ സുമനോഹരതയെയാകുന്നു ആഗ്രഹിക്കുന്നതു്. സംശയിപ്പാനും തീരുമാനിപ്പാനും ഉള്ള അധികാരം അവൎക്കു സിദ്ധിച്ചിരിക്കുന്നു. സ്വന്തമായി ആലോചനകൾക്കും തീർപ്പുകൾക്കും അവർ അൎഹന്മാരായിരിക്കുന്നു. കല്പനകളെ നിശ്ശബ്ദമായി അനുസരിച്ചിരുന്ന കാലത്തെ പിന്നിട്ടു് അവർ കല്പിപ്പാനധികാരമുള്ള സമുജ്ജ്വലമായ ഒരു കാലത്തിൽ എത്തിയിരിക്കുന്നു.

ഈ പരിവൎത്തനകാലം വികാരസമ്പൂൎണ്ണമായിട്ടുള്ളതാണു്. മനസ്സും ശരീരവും ഒരുപോലെ ഒരു പുതിയ ജീവിതശക്തിയെ

അംഗീകരിച്ചിരിക്കുന്നു. പരാഭിപ്രായങ്ങളുടെ സംഘട്ടനത്തേയോ അന്യകരസ്പർശത്തേയോ, ആ മനസ്സും ശരീരവും സ്വയമേവ ഇഷ്ടപ്പെടുന്നില്ല തന്നിമിത്തം ഏററവും നിസ്സാരങ്ങളായ ആക്ഷേപങ്ങളും ലഘുതരങ്ങളായ ശാസനകളും കൂടി അവരെ അത്യന്തം വ്യാകുലപ്പെടുത്തുന്നു; അവരുടെ മനഃകായങ്ങളെ ചഞ്ചലിപ്പിക്കുന്നു നേരേമറിച്ച്, ഏററവും സാധാരണമായ ഒരു സ്നേഹപ്രദർശനംപോലും അഭിമാനസമ്പൂർണ്ണങ്ങളായ അവരുടെ ഹൃദയങ്ങളെ സന്തോഷപൂരിതങ്ങളാക്കിത്തീർക്കുന്നു. മനുഷ്യസമ്പർക്കത്തിന്നു് അതിശക്തിയുള്ള കാലം അതാണു്. സംസർഗ്ഗവ്യത്യാസംകൊണ്ടു ഗുണദോഷങ്ങൾക്കു ദാർഢ്യം സംഭവിക്കുന്നതും അന്നാണു്; മനുഷ്യസ്വഭാവം മനുഷ്യരാൽ രൂപീകരിക്കപ്പെടുന്ന കാലമാണു് അതു്.

ഇതു സർവ്വരാലും സമ്മതിക്കപ്പെട്ടിട്ടുള്ള ഒരു പരമാർത്ഥതത്വമാണു്. "പ്രാപ്തേ ഷോഡശവർഷേ ച പുത്രം മിത്രവദാചരേൽ" എന്നു നമ്മുടെ പുരാണഗ്രന്ഥങ്ങൾ ഘോഷിക്കുന്നതിൻെറ അടിസ്ഥാനവും ഇതാകുന്നു. ഈ പ്രായത്തിൽ എത്തീട്ടുള്ള ഒരു യുവാവു് തൻെറ പ്രിയപിതാവിനെ, കുട്ടികളുടെ വികാരങ്ങളേയും വിക്രിയകളേയും നിയന്ത്രിക്കുന്നതിന്നുള്ള നിർജ്ജീവമായ ഒരു "യന്ത്ര"സാമഗ്രിയെപ്പോലെയല്ലാ, ഉത്തമനായ "ഒരു മനുഷ്യനെ"പ്പോലെയാണു കണ്ടറിയേണ്ടതു്.

ഇക്കാരണത്താൽത്തന്നെയാണു്, ലോകത്തിൽ എവിടേയും സർവ്വകലാശാലാ വിദ്യാർത്ഥികളെ, അവരുടെ ഗുരുവരന്മാരുടെ സജീവങ്ങളായ സാമീപ്യസമ്പർക്കങ്ങൾക്കു പൂർണ്ണസൌകര്യം സിദ്ധിക്കാവുന്ന വിധത്തിൽ ഒരു ഉന്നതപദവിയിൽ, കയററിനിർത്തിയിരിക്കുന്നതു്. വിദ്യാഭ്യാസത്തിലെ പ്രാഥമികപാഠങ്ങൾ ഉരുക്കഴിച്ചു കഴിഞ്ഞതിന്നുശേഷം. വിദ്യാർത്ഥികൾ വിശുദ്ധമായ മനുഷ്യജീവിതത്തെ—മാനുഷികമഹാഗ്രന്ഥത്തെ—ഹൃദിസ്ഥമാക്കുവാൻ ആദ്യമായി ആരംഭിക്കു

ന്നതു് ഇക്കാലത്താണു്. "മനുഷ്യനാകുവാ"നുള്ള ആ മഹനീയമാർഗ്ഗത്തെ തരണം ചെയ്യുന്നതിന്നു സ്വാഭിമാനവും സ്വാതന്ത്ര്യവും കൂടാതെ ഒരിക്കലും സാധിക്കുന്നതല്ല.

കാര്യസ്വഭാവം ഇപ്രകാരമായിരിക്കുന്നതുകൊണ്ടു്. ഈ പ്രായത്തിലുള്ള കുട്ടികൾ പ്രത്യേകിച്ചും, അവരുടെ ആത്മാഭിമാനത്തെക്കുറിച്ചു് അത്യധികം നിഷ്കർഷയുള്ളവരായി കാണപ്പെടുന്നു. കടിഞ്ഞൂൽ * ചിറയുള്ള ഒരു പശുവിൻെറ മേട്ടുരമായ അകിടെന്നപോലെ, തരളവും നവീനവുമായ സ്വാതന്ത്ര്യാഭിമാനങ്ങളാൽ വിങ്ങി വീൎത്തുനിൽക്കുന്ന അവരുടെ ബാഹ്യാന്തരപ്രകൃതികൾ സൎവ്വത്ര ഒരു "കിക്കിളി" നിറഞ്ഞിട്ടുള്ളവയാകുന്നു. ദന്തമുകുളങ്ങളുടെ പ്രഥമാവിർഭാവം ഒരു ബാലൻെറ തൊണ്ണുകളെ വീർപ്പിച്ചു വേദനപ്പെടുത്തിക്കൊണ്ടാണല്ലോ. അതുപോലെത്തന്നെ വിദ്യാർത്ഥികളുടെ "വിജ്ഞാനദന്ത"ത്തിൻെറ മുളക്കാലമായ ഈ പ്രായത്തിൽ അവരുടെ അഭിമാനത്തൊണ്ണുകൾ വിപുലങ്ങളും വിസ്തൃതങ്ങളും ആയിത്തീരുന്നു. അവരുടെ സ്വാഭിമാനം, വേദനപ്പെടത്തക്കവണ്ണം അതിൻെറ അതിർത്തികളെ അതിലംഘിക്കുകയും കൂടി ചെയ്യുന്നു.

അവിചാരിതങ്ങളായ ഉപരിപ്ലവങ്ങൾക്കു് ഈ വിദ്യാർത്ഥികൾ വശംവദന്മാരായേക്കാവുന്ന കാലവും ഇതുതന്നെയാകുന്നു. പഠിക്കുന്നവനും പഠിപ്പിക്കുന്നവനും തമ്മിലുള്ള പരസ്പരബന്ധം അകൃത്രിമരമണീയമായിരിക്കുന്നതായാൽ, വിദ്യാൎത്ഥികളുടെ ഈവക വികൃതിത്തങ്ങൾ എല്ലാം അനാവശ്യങ്ങളായ ആപൽശങ്കകൾക്കു നിദാനങ്ങളാകാതെ സാധാരണ സംഭവങ്ങളോടുകൂടിച്ചേൎന്നു് ഒലിച്ചുകന്നുപോകുന്നതാണു്. ഒരു നദിയിലെ അശുദ്ധികളും അഴുക്കുകളും എല്ലാം ഏററത്തിലെ അധികവെള്ളത്തിൽ ആമഗ്നമായി ആൎക്കും അസൌകൎയ്യത്തിന്നിടയാക്കാതെ ദൂരത്തേയ്ക്കു് ഒലിച്ചുപോകുന്നു.

---

* "കടിഞ്ഞിൽ" എന്നും പറയാറുണ്ടു്.

കല്പിച്ചുകൂട്ടി വലിച്ചുവാരി പുറത്തിടുന്നതായാൽ മാത്രമേ അവ ആക്ഷേപാർഹങ്ങളും അസൌകര്യപ്രദങ്ങളും ആയി പരിണമിക്കുന്നുള്ളൂ.

കുട്ടികളുടെ ഹൃദയകുഡ്മളങ്ങൾ സ്വതന്ത്രങ്ങളായ അഭിപ്രായപ്രകടനങ്ങൾകൊണ്ടു വികസിതങ്ങളായി ശോഭിക്കുന്ന ഒരു വിവേകസ്ഥിതിയിൽ എന്നെങ്കിലും ഒരിക്കൽ എത്തിച്ചേരുന്നതാണു്. ലോകസാധാരണമായ ഈ നിയമശക്തി ഹൈന്ദവവിദ്യാർത്ഥികൾക്കും ബാധകമായിട്ടുള്ളതുതന്നെയാകുന്നു. മഹനീയമായ മാനുഷികമാഹാത്മ്യത്തെ അനുഭവപ്പെടുത്തുന്നതിനു് അവർ ആന്തരമായി ആഗ്രഹിക്കുന്നു. യഥാർത്ഥമായ മഹത്വത്തെ എവിടെക്കണ്ടാലും ആരാഞ്ഞറിഞ്ഞു് ആദരിക്കുന്നതിനു് ഉൽക്കണ്ഠയോടുകൂടി അവരുടെ ആത്മാവു് എപ്പോഴും ഉഴറുന്നു. സ്വകീയങ്ങളായ ആശയവിശേഷങ്ങളെ ഊക്കോടുകൂടി ഉദീരണം ചെയ്യുന്നതിനും, അതോടുകൂടിത്തന്നെ ബാഹ്യങ്ങളായ അഭിപ്രായഗതികളെ അംഗീകരിക്കുന്നതിനും അവർ സദാ സന്നദ്ധന്മാരാകുന്നു. അവർ അനുകമ്പയേയും, പ്രോത്സാഹനത്തേയും, സ്വതന്ത്രജീവിതത്തേയും ആവശ്യപ്പെടുന്നു. അതിനു പകരം, മഹത്തായ മനുഷ്യാത്മാവിനെ തല്ലിച്ചതച്ചു വിദ്യാർത്ഥികളെ അചേതനങ്ങളായ കൃത്രിമതന്തുക്കളാക്കി വിവർത്തനം ചെയ്യുന്നതിനുള്ള നീചയന്ത്രങ്ങളായ നിയമപരമ്പരകളെ നിർമ്മിക്കുന്നതു ദൈവകോപത്തെ അർഹിക്കുന്ന ഒരു മഹാപാപമാകുന്നു.

ജെയിൽനിയമങ്ങളെ അനുസരിക്കാത്ത ഒരു തടവുകാരനെ കഠിനമായി ശിക്ഷിക്കുന്നതിൽ ആർക്കുംതന്നെ മനോവേദനയുണ്ടാകുന്നില്ല. കാരണം, അയാൾ ഒരു കുററക്കാരൻ മാത്രമാകുന്നു. അവനെ ആരും ഒരു മനുഷ്യൻെറ നിലയിൽ നിന്നുംകൊണ്ടു വീക്ഷണം ചെയ്യാത്തതുകൊണ്ടു്, അവനു നൽകപ്പെടുന്ന ശിക്ഷകൾ അവൻെറ ഹൃദയത്തെ പൂർവ്വാധികം

കഠിനമാക്കിത്തീക്കുന്നുണ്ടോ എന്ന സംഗതിയെക്കുറിച്ചു് ആലോചിക്കുന്നതിന്നുതന്നെ ആരും ക്ലേശിക്കുന്നില്ല. ത്തുങ്കിലെ നിയമങ്ങളുടെ ഏററവും നിസ്സാരമായ ഒരു ലംഘനത്തെപ്പോലും, തന്നിമിത്തം സൂക്ഷിപ്പുകാർ സഗൌരവം ഗണിക്കുകയും, നിയമലംഘനം ചെയ്ത ആ തടവുകാരന്നു് അവർ കഠിനശിക്ഷ നൽകുകയും ചെയ്യുന്നു. അതുപോലെതന്നെ, പട്ടാളനടപടികരം പരിശീലിപ്പിച്ച സൈന്യവകുപ്പിൽ ചേക്കപ്പെടുവാനുള്ള അപേക്ഷകന്മാരെ കവാത്തു പഠിപ്പിക്കുന്നതിന്നു ബാദ്ധ്യസ്ഥനായ സൈനികോദ്യോഗസ്ഥൻ, വളരെ സങ്കുചിതവും പരിമിതവുമായ ഒരു നിലയിൽ നിന്നുകൊണ്ടാണു്, ആ കൂട്ടരെ പ്രായേണ നിരീക്ഷണം ചെയ്യുന്നതു്. അതുകൊണ്ടു്, അദ്ദേഹം, ആ വകക്കാർ മനുഷ്യരാണെന്നുള്ള ബോധംതന്നെ തീരെ കൂടാതെ, തൻെറ നിയന്ത്രണശക്തിയേയും അധികാരപ്രമത്തതയേയും അവക്കു സവിശേഷം അനുഭവപ്പെടുത്തിക്കൊടുക്കുന്നു.

എന്നാൽ, വിദ്യാർത്ഥികളെ കേവലം ജെയിൽപുള്ളികളെപ്പോലെയോ, സൈന്യയൂഥത്തിൽപ്പെട്ട ശിപായിമാരെപ്പോലെയോ പരിഗണിക്കുന്നതിന്നു നമുക്കു നിവ്വാഹമില്ല. അവരെ നമുക്കു പൂണ്ണമായ വളച്ച് പ്രാപിച്ചവരായ "മനുഷ്യർ" ആക്കിത്തീക്കണം. മനുഷ്യൻ അതിലോലങ്ങളും ചൈതന്യപൂണ്ണങ്ങളും ആയ അനേകം ദിവ്യതന്തുക്കളാൽ നിമ്മിക്കപ്പെട്ട ഒരു ഉൽകൃഷ്ടസൃഷ്ടിയാണെന്നുള്ള വാസ്തവം എപ്പോഴും മുൻനിറുത്തിക്കൊണ്ടുതന്നെ നാം പ്രവത്തിക്കേണ്ടതാകുന്നു. തലവേദനയാൽ പീഡിതനായ ഒരാളുടെ രോഗശമനത്തിന്നു അയാളുടെ ശിരസ്സിൽ കൂടംകൊണ്ടു് അടിക്കുന്നതായാൽ യാതൊരു ഗുണവും സിദ്ധിക്കുന്നതല്ല. തലവേദന മാറുന്നതിന്നു തലച്ചോറിനെ ആവരണം ചെയ്യുന്ന അതിസൂക്ഷ്മങ്ങളായ സിരാപടലങ്ങരക്കു് അശേഷവും അനക്കം തട്ടാതെ പ്രത്യേകം മനസ്സുവെച്ചു ചികിത്സിക്കതന്നെ വേണം.

രോഗകാരണങ്ങളെ എത്രയും ലഘൂകരിച്ചു ദീനങ്ങൾ എല്ലാം ദേവതോപദ്രവങ്ങൾ നിമിത്തം സംഭവിക്കുന്നവയാണെന്നു ശഠിക്കുന്ന ചികിത്സകന്മാർ ഈ ആധുനികകാലങ്ങളിൽപോലും അപൂർവ്വമല്ല. അവർ, നമ്മുടെ കാളേജുകളിലെ പാശ്ചാത്യന്മാരായ ചില അദ്ധ്യാപകന്മാരെപ്പോലെ, പ്രഹരാദികളെക്കൊണ്ടും, അസംബന്ധങ്ങളായ ഉച്ചാടനങ്ങളെക്കൊണ്ടും ഉന്മാദപ്രകടനങ്ങളെക്കൊണ്ടും മററും രോഗങ്ങളെ അകററിക്കളയുവാൻ ഒരുമ്പെടുന്നു; ദേവതകളെ ഒഴിപ്പിക്കുവാൻ ഒരുങ്ങുന്നു. രോഗനിവാരണത്തിന്നു് അതു കൈകണ്ട വിദ്യതന്നെയാണു്. പക്ഷേ, രോഗം മാത്രമല്ലാ, രോഗിയുടെ ജീവൻെറ ഏററവും ശ്രേഷ്ഠമായ ഒരു അംശവും അതോടുകൂടി നശിച്ചുപോകുന്നു!

ഇതു തീരെ അസംബന്ധമായിഷ്ടമാണെന്നു പറയേണ്ടതില്ലല്ലോ. ബുദ്ധിമാന്മാരും വൈദ്യശാസ്ത്രനിപുണന്മാരും ആയ ഭിഷഗ്വരന്മാർ ആരും ഒരു രോഗത്തെ പൂർവ്വാപരബന്ധമില്ലാതെ ശരീരത്തിൻെറ ഒരു ഭാഗത്തെ മാത്രം സംബന്ധിക്കുന്ന ഒരു പ്രത്യേകസംഭവമായി കരുതുന്നതല്ല. മർത്ത്യശരീരത്തിൻെറ ആകെപ്പാടെയുള്ള അതിസൂക്ഷ്മങ്ങളായ ബന്ധവൈചിത്ര്യങ്ങളെ അവർ വിസ്മരിക്കുന്നില്ല. പ്രത്യേകമായ ഏതെങ്കിലും ഒരു രോഗത്തെ വേരറുക്കുവാനുള്ള അവരുടെ പരിശ്രമത്തിൽ ജീവചൈതന്യത്തിൻെറ മൂലത്തിൽതന്നെ അവർ കത്തി വെയ്ക്കാറുമില്ല.

അതുകൊണ്ടു ഞാൻ പറയുന്നതു് ഇതാണു്. പ്രകൃത്യാ ജെയിൽസൂക്ഷിപ്പുകാരോ, കവാത്തുദ്യോഗസ്ഥന്മാരോ, മന്ത്രവാദികളോ ആകുന്നതിന്നു് അവകാശപ്പെട്ടവരായ അദ്ധ്യാപകന്മാർക്കു വിദ്യാർത്ഥികളെ ചുമതലപ്പെടുത്തി ഏൽപ്പിച്ചുകൊടുക്കുവാൻ ഒരിക്കലും പാടില്ലാത്തതാകുന്നു. പ്രായംകൊണ്ടും വിജ്ഞാനംകൊണ്ടും ചെറുപ്പക്കാരായവരോടുപോലും സ്നേഹാദരങ്ങൾ പ്രദർശിപ്പിക്കുന്നതിന്നു സ്വാഭാവികമായി

ത്തന്നെ വാസനയുള്ളവരെ അല്ലാതെ ആരേയും ഭാരപ്പെട്ട ആ മഹൽകൃത്യം ഏല്പിച്ചുകൂടുന്നതല്ല. "ശക്താനാം ഭൂഷണം ക്ഷമാ", എന്നുള്ള സംസ്കൃതകവിവാക്യത്തെ ധരിച്ചിട്ടുള്ള വരും, തങ്ങളുടെ കീഴിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സ്വന്തം സ്നേഹിതന്മാരെപ്പോലെ കരുതുവാൻ ഒട്ടും മടിയില്ലാത്തവരും ആയ മഹാശയന്മാർ മാത്രമേ അദ്ധ്യാപകസ്ഥാനത്തിന്നു് അർഹന്മാർ ആകുന്നുള്ളു.

"ചെറിയ കുട്ടികളെ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുക, അവരെ തടഞ്ഞുനിർത്തരുതു്; എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു" എന്നു യേശുക്രിസ്തു ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ടു്. യേശുക്രിസ്തുവിന്റെ ഹൃദയത്തിൽ കുട്ടികളെക്കുറിച്ചുള്ള ബഹുമാനം നിറഞ്ഞിരുന്നു; കാരണം, പരിപൂർണ്ണതയുടെ അസ്പഷ്ടാങ്കുരങ്ങൾ ബാലഹൃദയങ്ങളിൽ അന്തർല്ലീനങ്ങളായിരുന്നു. പ്രായപൂർത്തിയോടുകൂടി, നടപടികൾക്കും അഭിപ്രായങ്ങൾക്കും അഹംഭാവങ്ങൾക്കും ദാർഢ്യം സംഭവിക്കുമ്പോൾ, മനുഷ്യഹൃദയങ്ങളിൽനിന്നു് അതിപാവനങ്ങളായ ആ മുളകൾ നിശ്ശേഷം നശിച്ചുപോകുന്നു. അപ്പോൾ അവർക്കു് ആ ലോകഗുരുവിന്റെ സന്നിധാനത്തിൽ എത്തിച്ചേരുന്നതും ശ്രമസാദ്ധ്യമായിത്തീരുന്നു.

വിദ്യാർത്ഥികളുടെ മനസ്സു സർവ്വഥാ വളന്നുകൊണ്ടിരിക്കുന്നു. അവരുടെ ജീവിതകോരകങ്ങളുടെ അന്തർഭാഗത്തു വളർച്ചയുടെ ശക്തി അശ്രാന്തം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. "വളരുക" എന്നുള്ള പ്രവൃത്തി അവരിൽ നിലച്ചിട്ടില്ല. വളർച്ച നിലയ്ക്കുന്നതിന്നു മുമ്പു് ആ പരിപൂർണ്ണതയുടെ അങ്കുരങ്ങൾ ഒരിക്കലും നശിക്കുന്നതല്ല. തന്നിമിത്തം ഒരു യഥാർത്ഥ ഗുരുനാഥൻ, "അവരെ അടുക്കൽ വരുവാൻ അനുവദിക്കുക; അവരെ തടഞ്ഞുനിർത്തരുതു്;" എന്നു് ആജ്ഞാപിക്കുകയും, സ്നേഹപുരസ്സരം അവരെ സ്വീകരിക്കുകയും ചെയ്യുന്നു. അദ്ദേഹം അവരുടെ വീഴ്ചകളെയെല്ലാം സ്നേഹബുദ്ധ്യാ എളവു

ചെയ്യുന്നു; സ്വാതന്ത്ര്യവും ജ്ഞാനപ്രകാശവും അകത്തു കടക്കുന്നതിന്നു ഹൃദയകവാടങ്ങളെ തുറന്നിടുവാൻ "ക്ഷമാഭൂഷണനായ" അദ്ദേഹം അവരെ കൂടെനിന്നു സഹായിക്കുന്നു. എന്നാൽ, തങ്ങളുടെ ഉപരിജ്ഞാനത്താലോ, സാമുദായികമായോ രാഷ്ട്രീയമായോ വർഗ്ഗീയമായോ തങ്ങൾക്കുള്ള സ്ഥാനവലിപ്പത്താലോ അഹങ്കാരത്തിൽ മുങ്ങിമറിയുന്നവരും, തിരിഞ്ഞാൽ തിരിഞ്ഞേടത്തെല്ലാം വിദ്യാർത്ഥികളെ അധിക്ഷേപിച്ച് അവമാനിക്കുന്നവരും ആയ "ഗുരുഭൂത"ന്മാർ ഒരു കാലത്തും തങ്ങളുടെ ശിഷ്യന്മാരുടെ സ്നേഹാദരങ്ങൾക്ക പാത്രീഭവിക്കുന്നതല്ല. അപ്പോൾ അവർ വളരെ കണിശമായ നിയമശൃംഖലകളെക്കൊണ്ടു ബന്ധിച്ചും, സക്കാർ ഉദ്യോഗസ്ഥന്മാരുടെ അധികാരപ്പെരുങ്കോലുകൾകൊണ്ടു താഡിപ്പിച്ചും വിദ്യാർത്ഥികളുടെ ഭക്തിബഹുമാനങ്ങളെ ബലാൽക്കാരേണ കയ്യിലാക്കുവാൻ ശ്രമിക്കുന്നു. അവരുടെ ആ പ്രവൃത്തി തീരെ നിഷ്ഫലമാണു്.

ക്രമീകരണത്തിന്നുള്ള നിയമപരമ്പരകളാകുന്ന ശീമവലയുടെ കണ്ണികളിൽ വിദ്യാർത്ഥികളുടെ കരപാദങ്ങൾ ബന്ധിക്കപ്പെടണമെന്നു വിചാരിക്കുന്നവർ, അവരുടെ പ്രവൃത്തിമൂലം അദ്ധ്യാപകവർഗ്ഗത്തിന്നുതന്നെയാണു് ഏററവും അധികരിച്ചതായ ആപത്തുണ്ടായിത്തീരുന്നതു് എന്നു് അറിഞ്ഞിരിക്കേണ്ടതാണു്. ആന്തരമായ ബോധശക്തി ഒന്നുകൊണ്ടു മാത്രം ധമ്മമാർഗ്ഗത്തിൽനിന്നു് അണുവും വ്യതിചലിക്കാതെ നേരേ നടക്കുന്നതിന്നു സാധിക്കുന്നവരായ ഉത്തമന്മാർ ഈ ലോകത്തിൽ വളരെ ദുർല്ലഭംതന്നെയാകുന്നു. ബാഹ്യങ്ങളായ പ്രേരണകളുടെ പ്രവൃത്തിയിലാണു് അധികംപേരും മാർഗ്ഗഭ്രംശം കൂടാതെ കഴിക്കുന്നതു്. തങ്ങൾക്ക നേരിട്ടു് ഇടപഴകേണ്ടതായ പൊതുജനങ്ങളോടുള്ള ബാദ്ധ്യതകളെക്കുറിച്ചുള്ള നിതാന്തസ്മരണയാണു് അധികംപേരേയും അധമ്മഭീരുക്കളാക്കുന്നതു്; ആത്മവഞ്ചനത്തെ ഭയപ്പെടുന്നതുകൊണ്ടു മാത്രമല്ല

എപ്പോഴെല്ലാം എവിടെയെല്ലാം "അടിമത്വ"മുണ്ടോ, അപ്പോഴെല്ലാം അവിടെയെല്ലാം അതു യജമാനന്മാക്കും അവമാനകരമാകുന്നു. എവിടെ ശൂദ്രന്മാർ വെറും ശൂദ്രന്മാർ മാത്രമായിക്കിടക്കുന്നുവോ അവിടെ ബ്രാഹ്മണക്കു് അധഃപ്പതനം തീർച്ചയാണു്.

എന്നാൽ, വിദ്യാത്ഥികളുടെ എല്ലാത്തരം വികൃതിഭ്രാന്തുകളേയും ഗുരുനാഥന്മാർ സഹിക്കേണ്ടതാണോ എന്നുള്ള ഒരു പ്രശ്നത്തിന്നു് ഇവിടെ അവകാശമുണ്ടു്. അതിന്നുള്ള എന്റെ സമാധാനം ഇതാണു്: കുട്ടികരം ഒരിക്കലും വികൃതിഭ്രാന്തന്മാർ ആകുന്നതല്ല. അവർ അർഹിക്കുന്ന സ്നേഹാദരങ്ങളെ ഗുരുവരന്മാരിൽനിന്നു ലഭിക്കുന്നതായാൽ, അവർ തീർച്ചയായും സ്നേഹബഹുമാനങ്ങളോടുകൂടിത്തന്നെ അങ്ങോട്ടും പെരുമാറാതിരിക്കയില്ല. നേരേമറിച്ചു വിദ്യാത്ഥികളുടെ വഗ്ഗത്തേയോ, ജാതിയേയോ, മതത്തേയോ അദ്ധ്യാപകന്മാർ അധിക്ഷേപിക്കുന്നപക്ഷം, ഗുരുനാഥന്മാരുടെ അടുക്കൽനിന്നു തങ്ങരംക്കു ശരിയായ നീതിന്യായലബ്ധി ഉണ്ടാകുന്നതല്ലെന്നു വിദ്യാത്ഥികരംക്കു തോന്നുന്നപക്ഷം, സ്വവഗ്ഗക്കാരായ അദ്ധ്യാപകന്മാരെക്കുറിച്ചു പാശ്ചാത്യഗുരുവരന്മാർ സ്ബഹുമാനം വിചാരിക്കാത്തപക്ഷം, വികൃതിഭ്രാന്തുകരംക്കു ചാടിപ്പുറപ്പെടുന്നതിന്നു വിദ്യാർത്ഥികരം നിർബ്ബന്ധിതരായിത്തീരുന്നു. എന്നുമാത്രമല്ല, അവർ അപ്രകാരം ലഹളയ്ക്കൊരുങ്ങാതിരുന്നാൽ അതുതന്നെ കഷ്ടാൽകഷ്ടതരമായിരിക്കുകയും ചെയ്യും.

ഈ സംഗതിയിൽ പ്രൊഫസ്സർമാക്കും അവരുടെ ഭാഗത്തേയ്ക്കു ചില ന്യായങ്ങരം പറയുവാനുണ്ടു്.

"യൂറോപ്യന്മാക്കു്" ഇന്ത്യ ഒരു അന്യരാജ്യമാണു്. നാടുകടത്തപ്പെടുവാനുള്ള ഒരു ദൂരദേശമാണു്! അവിടത്തെ കാലദേശാവസ്ഥകരം വളരെ ദുസ്സഹങ്ങരം ആണു്. ഉഷ്ണകാലങ്ങളിൽ പാശ്ചാത്യന്മാർ കഴിക്കുന്ന ഭക്ഷണപാനീയങ്ങരം സ്തോഭജനകങ്ങളായിട്ടുള്ളവയാണു്. ഇന്ത്യാക്കാരുടെ നിറവും, ഭാഷ

യും, മതവും, ആചാരവും ഏറ്റവും നീരസജനകമായ വിധത്തിൽ പാശ്ചാത്യരുടേതിൽനിന്നു വ്യത്യസ്ഥങ്ങളാണു്. അതിന്നും പുറമേ രാഷ്ട്രീയശക്തിയുടെ മുദ്രകളെ സവ്വഥാ പ്രദശിപ്പിച്ചുംകൊണ്ടാണു് പാശ്ചാത്യാദ്ധ്യാപകന്മാരുടെ നില. തന്നിമിത്തം, ഗുരുവയ്യന്റെ പീഠം ചക്രവത്തിയുടെ സിംഹാസനമായിത്തീരുന്നു. അതേ കാരണത്താൽതന്നെ, പാശ്ചാത്യനായ ഒരു അദ്ധ്യാപകൻ അദ്ദേഹം അംഗീകരിച്ചിരിക്കുന്ന തൊഴിലിനെ കേവലം ഒരു അദ്ധ്യാപകവൃത്തിയായി മാത്രം കരുതിപ്പോരുന്നില്ല. അദ്ദേഹം ഇന്ത്യയിലെ ഭരണകത്താക്കന്മാരിൽ ഒരാളുംകൂടിയാണു്, ഒരു രാജാവുതന്നെയാണു്. അദ്ദേഹം ഒരു യൂറോപ്യനും, അതുംപോരെങ്കിൽ "ഇമ്പീരിയൽ സവ്വീസിൽ"പെട്ട ഒരു ഉയന്ന ഉദ്യോഗസ്ഥനും ആണു്. "ഇന്ത്യക്കാക്കു വല്ല നന്മയും ചെയ്തുകൊടുപ്പാൻ" ദയാബുദ്ധിയോടുകൂടി വന്നിരിക്കുന്നവനാണു താൻ എന്നുള്ള ധാരണയ്ക്കു പലപ്പോഴും അവർ വശംവദന്മാരാണു്. ആ ധാരണ അവരുടെ ഇടയിലുള്ള സാംക്രമികരോഗമാകുന്നു. കായ്യസ്വഭാവങ്ങൾ ഇപ്രകാരമെല്ലാം ആയിരിക്കേ, തങ്ങളുടെ സ്വഭാവദോഷങ്ങളേയും "വായിലെ നാവി"നേയും നിയന്ത്രിക്കുന്നതിന്നുള്ള ആവശ്യകത എപ്പോഴും അവക്കു് അനുഭവപ്പെട്ടില്ലെന്നു വരാം. അതുകൊണ്ടു വിദ്യാത്ഥികളോടു് ഇന്നിന്നവിധത്തിലെല്ലാം പെരുമാറണമെന്നു നാം അവരെ ഉപദേശിക്കുന്നതു് അശേഷം മയ്യാദയായിരിക്കുന്നതല്ല. നേരേമറിച്ചു, നിഷ്കർഷയോടുകൂടി നടത്തപ്പെടുന്ന ക്രമീകരണനിയമങ്ങൾക്കു് അധീനന്മാരായി, പ്രൊഫസ്സർമാരുടെ അപമയ്യാദകളേയും അനീതികളേയും കണ്ണടച്ചു സഹിക്കുന്നതിന്നുള്ള പഠിപ്പും പരിചയവും സമ്പാദിക്കുന്നതിന്നു നമ്മുടെ വിദ്യാർത്ഥികളെ ഉപദേശിക്കുന്നതായിരിക്കും അധികം മയ്യാദയായിരിക്കുക!

പാശ്ചാത്യന്മാരായ ഗുരുനാഥന്മാക്കു് ഇന്ത്യക്കാരായ വിദ്യാർത്ഥികളോടുകൂടി പെരുമാറുന്ന കായ്യത്തിൽ അനവധി

അസൗകര്യങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടെന്നുള്ള സംഗതി, നമുക്കു കാഴ്ചതന്നെ സമ്മതിച്ചുകളയാം. "ഓക്സ്ഫോർഡ്", "കേംബ്രിഡ്ജ്" മുതലായി ഇംഗ്ലണ്ടിലുള്ള സർവ്വകലാശാലകളിൽ പ്രൊഫസ്സർമാരും കോളേജുവിദ്യാൎത്ഥികളും തമ്മിൽ പെരുമാറുന്ന രീതികളെക്കുറിക്കുന്ന പല കഥകളും നാം അപ്പപ്പോൾ കേൾക്കുക ഉണ്ടായിട്ടുണ്ട്. പക്ഷെ അവിടത്തേയും ഇവിടത്തേയും സ്ഥിതികൾ ഒരുപോലെയല്ല. അവിടത്തെ ഗുരുശിഷ്യസംബന്ധം പ്രകൃത്യനുസാരമാണ്; ഇവിടത്തേതു തീരെ കൃത്രിമമാണ്. തന്നിമിത്തം. പ്രകൃതി നിയമങ്ങളെ മാററിനിൎത്തീട്ടുള്ള ഒഴിവുകളിൽ എല്ലാം ഭരണനിയമങ്ങളാകുന്ന ഇഷ്ടികത്തുണ്ടുകൾ ഇട്ടു നിറയ്ക്കേണ്ടി വന്നിരിക്കുന്നു!

ഈ ഒരു സംഗതികൊണ്ടാണു നമ്മുടെ കാൎയ്യങ്ങൾ ഇത്രയും വിഷമാവസ്ഥയിലായിട്ടുള്ളതു്. "കൃത്രിമത്തിലായിഷ്ടമാണെങ്കിലും വല്ലവിധത്തിലും പരീക്ഷകളിൽ കടന്നു കൂടുവാൻ ശ്രമിക്കുക; മനുഷ്യസഹജങ്ങളായ അധികാരാവകാശങ്ങളെക്കുറിച്ചൊന്നും ഇപ്പോൾ ചിന്തിക്കേണ്ടാ" എന്നിങ്ങനെ, പഠിപ്പും പരിചയവും ഉള്ള നാട്ടുകാരെല്ലാം തങ്ങളുടെ കുട്ടികളെ ഉപദേശിക്കുന്നതിനുള്ള കാരണവും ഇതു തന്നെയാകുന്നു.

ഇതു വളരെ ബുദ്ധിപൂർവ്വമായ ഒരു ഉപദേശമാണ്! നിർഭാഗ്യവശാൽ അതു് അപ്രകൃതവും കാൎയ്യസിദ്ധിക്കു പൎയ്യാപ്തമല്ലാത്തതും ആണെന്നേ ഉള്ളു. നയബുദ്ധിയാകുന്ന ദൃഢമായ അസ്ഥിവാരത്തിന്മേലല്ല മനുഷ്യപ്രകൃതിയെ ജഗദീശ്വരൻ ഉറപ്പിട്ടുള്ളതു്. മനുഷ്യപ്രകൃതി എപ്പോഴും വളൎന്നുകൊണ്ടിരിക്കുന്നതും തന്നിമിത്തം എപ്പോഴും അപകടമായിട്ടുള്ളതും ആണ്. ഒരു ഘട്ടംവരെയെല്ലാം കൃത്രിമ നിയമങ്ങളെ ആ പ്രകൃതി സഹിച്ചേക്കും. അതിനെ അതിലംഘിച്ചാൽ നിയമക്കോട്ടകളെല്ലാം പൊട്ടിത്തകരും. അപ്പോൾ, നാം തീരെ

ഉദ്ദേശിക്കാത്ത അവസരങ്ങളിൽ, അമർത്തപ്പെട്ടുവാൻ വയ്യാത്ത ജീവിതശക്തിയുടെ ബഹിർഗ്ഗമനം സംഭവിക്കും.

പ്രകൃതിശക്തിയെ നാം നമ്മളിൽ മാത്രം ആദരിക്കുകയും, അതു വിദ്യാർത്ഥികളിൽ പ്രവർത്തിക്കുന്നില്ലെന്നോ ഉണ്ടെങ്കിൽ തന്നെ അതു നിസ്സാരവും നിയന്ത്രിക്കപ്പെടേണ്ടതും ആണെന്നോ വിചാരിക്കുകയും ചെയ്യുന്ന പക്ഷം, ഏകപക്ഷമായുള്ള ആ ഏർപ്പാട് ഏതാനും കാലം നിലനിന്നു എന്നുവരാം. എന്നാൽ അചിരേണ ആ വ്യവസ്ഥയ്ക്ക് അചേതനത്വം സംഭവിച്ചതായി നമുക്ക് ബോധപ്പെടും. അപ്പോൾ നമ്മുടെ ഈർഷ്യാകോപങ്ങൾക്ക് അതൃത്തിയില്ലാതായിത്തീരും. അതുവരെ നിശ്ശേഷമായി അടങ്ങിയിരിക്കുന്നതുകൊണ്ട് ചൈതന്യത്തിൻെറ നിസ്സാരങ്ങളായ ലക്ഷണങ്ങൾപോലും ആ അവസരത്തിൽ നമുക്ക് അസഹ്യങ്ങളും, ശിക്ഷാർഹങ്ങളും ആയിത്തോന്നും. അതിനാൽ ആ ചൈതന്യപ്രദർശനത്തിന്നു നാം നൽകുന്ന ശിക്ഷ അതിൻെറ ശരിയായ അതിരുകളെ അനൽപ്പമായി അതിലംഘിച്ചേയ്ക്കും അപ്പോൾ "പഞ്ചായത്തു കമ്മിററിക്കുപോലും നേർമാർഗ്ഗം കണ്ടറിവാൻ നിർവ്വാഹമില്ലാത്ത വിധത്തിൽ കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞു ഭയങ്കരമായിത്തീരും. ആ കൊട്ടുകാട്ടിൽ നിന്നു സുഖകരമായ ഒരു മാർഗ്ഗം കാണാതെ കുഴങ്ങുകയും തീയ്യിട്ടുചുട്ടും കൂടങ്ങളും, കോടാലികളും ഉപയോഗിച്ചു വെട്ടിക്കളഞ്ഞും ഭാരമേറിയ യന്ത്രങ്ങൾ ഉപയോഗിച്ചു നിരപ്പാക്കിയും ഒരു പുതിയ മാർഗ്ഗം വെട്ടിത്തുറക്കുന്നതിന്നു നാം നിർബന്ധിതരായിത്തീരുകയും ചെയ്യും.

ഹൈന്ദവവിദ്യാർത്ഥികൾക്കു പ്രത്യേകമായി നീക്കിവെയ്ക്കപ്പെട്ടിട്ടുള്ള "സ്വർഗ്ഗരാജ്യം", കടന്നുകൂടുവാൻ അധികച്ചിലവും മാർഗ്ഗക്ലേശവുമില്ലാത്തതായ "കറപ്പുതീനി" കളുടെ "സ്വർഗ്ഗരാജ്യ"മാണെന്നു് അധികൃതന്മാർ നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നതു കേട്ടുകേട്ടു നമ്മുടെ കണ്ണുകൾ വളരെ

മുമ്പുതന്നെ തഴമ്പിച്ചിരിക്കുന്നു. യാത്രാസൗകയ്യത്തിന്നു ഹാനികരമായ, ചേതനാത്മാവായ സമാനക്കെട്ടിൻെറ അതിഭാരത്തെ പുറപ്പെട്ടപ്പോൾ തന്നെ താഴെ എറക്കിവെപ്പിച്ചു, വിദ്യാത്ഥികളെ സീമാതീതവും നിർജ്ജീവവും ആയ അടിമത്വത്തിലേക്ക് നയിക്കുന്നതിന്നുള്ള സകല പ്രാരാബ്ധങ്ങളും കയ്യേൽക്കുവാൻ കാത്തിരക്കുന്നവരായ ഉത്തമ സ്നേഹിതന്മാർ നമ്മുടെ വിദ്യാത്ഥികൾക്ക് ഉണ്ടെന്നു് അധികാരസ്ഥന്മാർ അപ്പഴപ്പോൾ നമ്മെ അറിയിക്കാറുണ്ടു്. അവരുടെ ആ ഏർപ്പാടുകൾ സുഖപയ്യാവസായികളായിത്തീരുമെങ്കിൽ അവരുടേ തന്നെ ഉദ്ദേശസിദ്ധിക്ക് അതു പയ്യാപ്തമാകുമെങ്കിൽ—ഞാൻ ഒട്ടുപോലും ആക്ഷേപിക്കയില്ലായിരുന്നു.

എന്നാൽ, അപജയം അനിവാൎയ്യമാകുന്നു. അധികാരികളുടെ ആവശ്യം നടക്കുന്നതല്ലെന്നു തീർച്ചയാണു്. നമ്മുടെ കായ്യത്തിലും അവക്ക് അതു സാധിച്ചിട്ടില്ല. എന്തുകൊണ്ടെന്നാൽ, "ഇൻഡ്യക്ക് നന്മ വരുത്തുക" എന്നുള്ള മഹൽകൃത്യത്തിന്നുള്ള ഒരുമ്പാടിൻെറ മഹാഭാരം വഹിച്ചു നാട്ടു വളഞ്ഞിട്ടുള്ള മഹാശയന്മാരിൽ നിന്നോ, നമ്മുടെ കോളേജുകളിലെ യൂറോപ്യന്മാരായ പ്രിൻസിപ്പാളന്മാരിൽ നിന്നോ മാത്രമല്ല നമുക്കു നമ്മുടെ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളതു്. നാം നമ്മുടെ പാഠങ്ങൾ അധികവും ഇംഗ്ലണ്ടിൽ നിന്നുതന്നെ നേരിട്ടാണു പഠിച്ചിരിക്കുന്നതു്. നമുക്ക് അതിലേയ്ക്കു് ഒരു നൂററാണ്ടിൽ അധികം നീണ്ടതായ കാലവും ഉണ്ടായിരുന്നു. ആ പാഠങ്ങൾ ഒന്നും നിഷ്ഫലങ്ങൾ ആയിട്ടില്ല. അവ നമ്മുടെ ചൈതന്യത്തെ ഉജ്ജ്വലമാക്കിത്തീൎത്തു. തിരസ്കരിക്കപ്പെട്ടുവാനോ, മറയ്ക്കപ്പെട്ടുവാനോ വയ്യാത്ത ചില അധികാരാവകാശങ്ങൾ ജീവിതത്തിന്നുണ്ടു്.

എൻെറ ബാല്യകാലത്തു് എനിക്കു ചില ഇംഗ്ലീഷുവാക്കുകളുടെ പയ്യായങ്ങൾ പഠിക്കുവാനുണ്ടായിരുന്നതിനെപ്പററി

ഞാൻ ഇപ്പോഴും നല്ലപോലെ ഓൎമ്മിക്കുന്നുണ്ടു്. "ഞാൻ"എന്ന ൎത്ഥമുള്ള "ഐ" എന്ന ഇംഗ്ലീഷുപദത്തിന്റെ അൎത്ഥംഹൃദിസ്ഥമാക്കുന്നതിന്നു് എന്നോടു ഗുരുനാഥൻ ആവശ്യപ്പെട്ടു. അൎത്ഥം ഇപ്രകാരം വിവരിക്കപ്പെട്ടു—"Myself—I by myself I the first personal pronoun?" ഈ വിവരണം പഠിക്കുന്നതിന്നു് എനിക്കു കുറച്ചധികം സമയം വേണ്ടിവന്നു; അതു ധരിക്കുന്നതിന്നു് ഇന്ത്യക്കും വളരെ നീണ്ടതായ ഒരു കാലം തന്നെ ആവശ്യമായിത്തീൎന്നു. അത്രയും ക്ലേശിച്ചു പഠിച്ചതിന്നു ശേഷം ഇതാ ഇപ്പോൾ നമ്മുടെ ഇന്നത്തെ അദ്ധ്യാപകന്മാർ വന്നു "ഞാൻതന്നെ" (Myself) എന്ന വാക്കു കറുത്ത മഷികൊണ്ടു് വെട്ടിക്കളയുവാനും റബ്ബർകൊണ്ടു് അതിനെ തുടച്ചുകളയുവാനും ശ്രമിക്കുന്നു. അതേ, "ഇന്ത്യാറബ്ബർ" കൊണ്ടുതന്നെ!

" "ഐ" എന്ന ഇംഗ്ലീഷുവാക്കിന്റെ അൎത്ഥം ഇംഗ്ലണ്ടിലും ഇന്ത്യയിലും ഒന്നല്ല; ഇവിടെ അതിന്നു വേറെയാണു് അൎത്ഥം—"എന്നിങ്ങനെയാകുന്നു നമ്മുടെ അദ്ധ്യാപകന്മാർ ഇപ്പോൾ നമ്മെ പഠിപ്പിക്കുവാൻ ഉത്സാഹിക്കുന്നതു്.

നമുക്കു നമ്മുടെ ആദ്യപാഠം പഠിച്ചുറവിട്ടു് ഉറപ്പിക്കുന്നതിന്നു് നൂറാണ്ടു വേണ്ടിവന്നാൽ, തീൎച്ചയായിട്ടും അതു മറന്നുകളയുന്നതിന്നു ചുരുങ്ങിയതു് അതിൽ എരട്ടിച്ച കാലം വേണ്ടിവരുന്നതാണു്. "ഐ" എന്ന ഇംഗ്ലീഷ് പദത്തിന്റെ അനിവാൎയ്യമായ ആകൎഷകത്വം അസാമാന്യമാകുന്നു. അതിന്റെ ശക്തി അത്യുൽക്കടമാകുന്നു. ആ ശബ്ദത്തെ നമ്മുടെ ഗുരുപ്രവരന്മാർ നമ്മുടെ കൎണ്ണരന്ധ്രങ്ങളിൽ മന്ത്രിച്ചു തന്നിരുന്നില്ലെങ്കിൽ വലിയ അത്യാപത്തുകൾ ഒന്നും തന്നെ സംഭവിക്കയില്ലായിരുന്നു. എന്നാൽ ഇപ്പോൾ ആ ശബ്ദശക്തി നമ്മുടെ കൎണ്ണദ്വാരങ്ങളിൽ കൂടി അകത്തു പ്രവേശിച്ചു നമ്മുടെ ജീവനോടുകൂടി ലയിച്ചിരിക്കുന്നു. ജീവന്റെ തന്നെ അടിവേരുകളെ അറുത്തല്ലാതെ

ഇനി അതിനെ പുറത്തു വലിച്ചിടുന്നതിനു സാധിക്കുന്നതല്ല. ജീവൻ, നിർഭാഗ്യവശാൽ, കുറെ കക്കശമായിട്ടുള്ളതുമാണു്.

ഇംഗ്ലണ്ടു് ഇന്ത്യയെ പിടിച്ചിരിക്കുന്ന പിടുത്തം വിടാതിരിക്കുന്നിടത്തോളം കാലം ഇംഗ്ലീഷുകാക്കു് സ്വകീയമായുള്ള ജീവിതസ്വഭാവത്തെ ഇന്ത്യാക്കാരിൽ നിന്നു മറച്ചുവെയ്ക്കുവാൻ പാടുള്ളതല്ല. അറിഞ്ഞിട്ടായാലും അറിയാതെയായാലും ഇംഗ്ലണ്ടിന്റെ ഉത്തമാംശങ്ങൾ ഇന്ത്യയ്ക്കു നല്കാതെ കഴിപ്പാൻ ഇനി നിവ്വാഹമില്ല. ഇതു ദൈവേച്ഛയാണു്. കോളേജുദ്യോഗസ്ഥന്മാരുടെ അഭിപ്രായങ്ങൾക്കു് അനുകൂലമായാലും വേണ്ടില്ല, പ്രതികൂലമായാലും വേണ്ടില്ല.

ആകയാൽ, വെറും പ്രസംഗനോട്ടുകളെക്കൊണ്ടോ, തക്കത്തിലും വ്യാകരണത്തിലും നല്കപ്പെടുന്ന പാഠാവലികളെക്കൊണ്ടോ മാത്രം, നമ്മുടെ വിദ്യാത്ഥികൾ ഒരിക്കലും സന്തൃപ്തരാകുന്നതല്ല. ആത്മാഭിമാനമാകുന്ന ജീവചൈതന്യത്തിൽ അവർ പൌരുഷത്തോടുകൂടി നിവന്നു നില്ക്കുക തന്നെ ചെയ്യും. വെറും സാലഭഞ്ജികകളായിത്തീരുവാൻ അവർ അനുവദിക്കുന്നതല്ല. അനീതിയായി അടിമത്വത്തിലേക്കു് അടിച്ചിറക്കുന്ന ഏർപ്പാടുകൾക്കു് അവർ ഒരു കാലത്തും വഴിപ്പെടുന്നതല്ല. ഈ മനോഭാവം ഇന്നത്തെ ഒരു പ്രത്യക്ഷപരമാത്ഥമായിത്തീന്നിരിക്കുന്നു. അതു കേവലം ഒരു മായാമോഹമാണെന്നു സമാധാനപ്പെടുവാൻ സാധിച്ചേക്കും. എന്നാൽ അതിനെ വിസ്മരിക്കുന്നതു് അസാദ്ധ്യമാകുന്നു. അതിന്മേൽ അടിക്കുന്നതുകൊണ്ടു്, സുസ്ഥിരമായ അതിന്റെ യഥാത്ഥ ദാർഢ്യത്തെ സ്ഥാപിച്ചു് തെളിയിക്കുന്നതിന്നു് ഒരു അവസരം ലഭിക്കുന്നതേയുള്ളു; അതു് ഉടഞ്ഞു തകരുന്നതല്ല.

മനുഷ്യചരിത്രം ഓരോ രാജ്യങ്ങളിൽ ഓരോ വിധത്തിലാണു് പ്രത്യക്ഷപ്പെട്ടു കാണുന്നതു്. ഇന്ത്യക്കു് സ്വന്തവും പ്രത്യേകവും ആയ ഒരു ചരിത്രമുണ്ടു്. ആ ചരിത്രത്തിന്റെ

ആരംഭകാലംമുതൽക്കുതന്നെ അതു് എങ്ങിനെ ഏതെങ്കിലും ഒരു പ്രത്യേക വർഗ്ഗത്തിൻേറയോ പരിഷ്കാരഗതിയുടേയോ പ്രത്യേക ചരിത്രമല്ലാതിരുന്നു എന്ന സംഗതി, നമുക്കു് ആരാഞ്ഞറിയാവുന്നതാണു്. ആര്യപരിഷ്കാരത്തെപ്പോലെതന്നെ ദ്രാവിഡ പരിഷ്കാരവും നമ്മുടെ ഒരു പ്രധാനനാംശം തന്നെയാകുന്നു. ഇന്ത്യാരാജ്യം എത്രമാത്രം ഹിന്ദുക്കളുടെ രാജ്യമാകുന്നുവോ അത്രതന്നെ അതു് മുഹമ്മതീയരുടേയും രാജ്യമാകുന്നു. അതുകൊണ്ടാണു് ഇന്ത്യാചരിത്രം, അതു വിവിധ ശക്തികളുടെ പാരസ്പര സമ്മേളത്തിൻെറ ചരിത്രമായിരുന്നിട്ടും, ഇതുവരെ ആകാശംപോലെ അവ്യവസ്ഥിതാകാരത്തോടുകൂടിയിരുന്നതു്. വിഭിന്നങ്ങളായ മൂലശക്തികളുടെ മത്സരങ്ങളും, പൊട്ടലും, തകരലും, കീഴ്മേൽ മറിച്ചിലും എല്ലാം ഇന്ത്യയിൽ ഉണ്ടായിട്ടുണ്ടു്; എന്നാലും അതിൻെറ, ആകൃതി വ്യവസ്ഥിതവും ദൃഢവുമായിത്തീൎന്നിരുന്നില്ല. സർവ്വദിക്കിലും വ്യാപിച്ചുകിടക്കുന്ന ആ അരൂപമായ പരപ്പിൽനിന്നു് അതിൻെറതെല്ലാം യഥാർത്ഥ പ്രാതിനിത്യം വഹിക്കത്തക്ക ഒരു ഓറ സ്വരൂപമോ ശബ്ദമോ ഇതുവരെ ഇന്ത്യയിൽ ഉത്ഭവിച്ചുയൎന്നുവന്നിട്ടില്ല.

ഘനീഭവിക്കുന്നതിനുമുമ്പു് ദ്രവാവസ്ഥയിൽ കിടക്കുന്ന പദാർത്ഥത്തിൻെറ സ്വരൂപം അവ്യവസ്ഥിതമാകുന്നു. വളരെ നൂറാണ്ടുകളായിട്ടു് ഇന്ത്യാചരിത്രത്തിൻെറ സ്ഥിതിയും അപ്രകാരമായിരുന്നു. ഒടുവിൽ, ഭൂലോകമഹാർണ്ണവത്തിൻെറ പശ്ചിമ തീരങ്ങളിൽനിന്നുള്ള ഒരു കോളിളക്കം ഇന്ത്യയെ പ്രാപിച്ചു. ദ്രവരൂപത്തിൽ കിടന്നിരുന്ന ഇന്ത്യയുടെ ഒരററം മുതൽ മറേറ അററംവരെ ആ നൂതന പ്രവാഹം അടിഞ്ഞുകയറി. ഇന്ത്യ മുഴുവനും ഒന്നിളകിവശായി. ഇന്ത്യയിലെ അണുജാലങ്ങൾക്കെല്ലാം ഒരു പുതിയ ജീവൻ സിദ്ധിച്ചു. ദൃഢാവസ്ഥയെ പ്രാപിക്കുന്നതിന്നു മുമ്പുള്ള സാർവ്വത്രികമായ ഒരു ചലനമാകുന്നു ഇന്ത്യയിൽ ഇപ്പോൾ നടക്കുന്നതു്.

ഇതെല്ലാം എൻെറ മുൻപറഞ്ഞ വാദത്തെത്തന്നെയാണു സമത്ഥിക്കുന്നതു്. ഇന്ത്യ ആൎയ്യന്മാരുടേയും, ദ്രാവിഡന്മാരുടേയും, മുസൽമാന്മാരുടേയും—ഇപ്പോഠം അതുപോലെ തന്നെ ഇംഗ്ലീഷുകാരുടേയും ഇന്ത്യയാകുന്നു. പരസ്പരസംബന്ധം പ്രത്യക്ഷപ്പെടാതെ ചിന്നിച്ചിതറിക്കിടക്കുന്ന അംശങ്ങളെ സംഗ്രഹിച്ചു യഥാസ്ഥാനങ്ങളിൽ കൂട്ടിച്ചേൎത്തു സജീവമായ ഒരു ദിവ്യ വിഗ്രഹത്തെ നിൎമ്മിക്കുന്നതിനുള്ള ഭാരം നമുക്കാണു്. ഇതിൽ ഏതെങ്കിലും ഒരംശത്തെ ഇല്ലായ്മ ചെയ്യുന്നതിന്നോ പുറത്തു തള്ളുന്നതിന്നോ നമ്മളാൽ സാദ്ധ്യമല്ല. മുഹമ്മദീയരെ വിട്ടുകളയുന്നതിന്നു നമുക്കു സാധിച്ചിട്ടില്ല. ഇംഗ്ലീഷുകാരെ വിട്ടുകളയുന്നതിന്നും നമുക്കു സാധിക്കുന്നതല്ല. നമുക്കു് അതിന്നുവേണ്ട കായികബലം പോരാത്തതുകൊണ്ടല്ലാ അതു സാധിക്കാത്തതു്. നമ്മാൽ നിൎമ്മിക്കപ്പെടേണ്ടതായ ആ പരിശുദ്ധവിഗ്രഹത്തിൻെറ ആന്തരപ്രകൃതി ആയതുകൊണ്ടാണു്. അപരിച്ഛേദ്യങ്ങളായ അംശങ്ങളെ അകററിനിൎത്തുന്നതു് എങ്ങിനെയാകുന്നു!

വിവിധങ്ങളായ വർഗ്ഗങ്ങളേയും, കാലങ്ങളേയും, പരിഷ്കാരപദ്ധതികളേയും അന്യോന്യം കൂട്ടിച്ചേൎത്തുകൊണ്ടു് ഉണ്ടാകുവാൻ പോകുന്ന പവിത്രമായ ചരിത്രോദ്ദേശ്യത്തെ നമുക്കു് അംഗീകരിക്കാതെ നിൎവ്വാഹമില്ല. അതിന്നു് അനുഗുണമായവിധത്തിൽ നാം നമ്മുടെ ഉൽബോധനകളെ ക്രമപ്പെടുത്തേണ്ടതാണു്. നമ്മുടെ ഈ രാജ്യം ഇംഗ്ലണ്ടോ, ഇററലിയോ, അമേരിക്കയോ അല്ലെന്നും അതു ഇന്ത്യയാണെന്നും നാം എപ്പോഴും ഓൎത്തുകൊണ്ടിരിക്കണം. അന്യരാജ്യചരിത്രങ്ങഠം ഇന്ത്യക്കു് ഒരിക്കലും സംയോജിക്കുന്നവയല്ല. വേരിന്മേൽതന്നെയാണു വ്യത്യാസമുള്ളതു്. ആ അന്യരാജ്യങ്ങഠംക്കു ചരിത്രാരംഭത്തിൽതന്നെ ആന്തരമായ ഏതാനും ഐക്യമുണ്ടായിരുന്നു, ആ ഐക്യമാണു് അവരുടെ ചരിത്രമന്ദിരത്തിൻെറ അടിസ്ഥാനം.

ഇന്ത്യയിൽ ആദ്യം മുതൽക്കുതന്നെ നാനാത്വമാണു നിറഞ്ഞിരുന്നതു്. വിദേശീയങ്ങളായവയെ നിരാകരിക്കുന്നതിന്നു് അവർ ചെയ്ത പരിശ്രമങ്ങളുടെ കഥയാകുന്നു ആ അന്യരാജ്യക്കാരുടെ ചരിത്രം; അവയ്ക്കു അവിടെ മറെറാരു പരിശ്രമവും വേണ്ടിവന്നിട്ടില്ല. അന്യരാജ്യങ്ങളിൽനിന്നു് അടിച്ചു കയറുന്നവയെ അംഗീകരിച്ചു സ്വകീയങ്ങളാക്കിത്തീക്കുന്നതിന്നായിരുന്നു ഇന്ത്യയിലെ പരിശ്രമങ്ങൾ മുഴവനും, അതാണു് ഇന്ത്യയിൽ ആവശ്യമായിത്തീന്ന പ്രവൃത്തിയും. വിദേശീയങ്ങളായവയെ സ്വീകരിപ്പാൻ ഇന്ത്യാക്കാർ ചെയ്ത ഉത്സാഹത്തിൻെറ കഥയാകുന്നു ഇന്ത്യയുടെ ചരിത്രം. അതാണു് ഇന്ത്യാചരിത്രത്തിൻെറ ഉൽകൃഷ്ടതയും.

ആംഗ്ലേയർ ഇന്ത്യയിൽ അന്യവും ബാഹ്യവും ആയ ഒരംശംമാത്രമായിരിക്കുന്നേടത്തോളംകാലം, ഇന്ത്യ അരിഷ്ടിക്കാതെ നിവൃത്തിയില്ല. ഇന്ത്യാഗവമ്മേണ്ടു പ്രകൃതിവിരുദ്ധവും കൃത്രിമവും ആയ ഒരു പുറംശക്തിമാത്രമായിരിക്കുന്നേടത്തോളംകാലം—ഗവമ്മേണ്ടു് ശക്തിയേറിയ ഒരു യന്ത്രസാമഗ്രിമാത്രമായിരിക്കുന്നേടത്തോളംകാലം—ബ്രിട്ടീഷുഭരണം ഇന്ത്യയിൽ യുദ്ധങ്ങളുടെ അഭാവത്തിന്നു പര്യാപ്തമായേയ്ക്കാമെങ്കിലും ജീവൻെറ പരിപൂണ്ണതയെ നിറവേററുന്നതിന്നു പ്രാപ്തമായിത്തീരുന്നതല്ല. അതായതു്, അത്യുൽകൃഷ്ടമായ ഏതോ ഉദ്ദേശസാദ്ധ്യത്തിന്നുവേണ്ടി ഇന്ത്യയെ യഥാവിധി രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആ മഹനീയശക്തിക്കും ഇംഗ്ലീഷുകാക്കും തമ്മിൽ ഐക്യം സംഭവിക്കുന്നതല്ല. അവർ ഒരു വലിയ കെട്ടിടത്തിൻെറ നിമ്മാണത്തിന്നുള്ള സാധനസാമഗ്രികളെ കാൎയ്യബോധമില്ലാതെ ചുമന്നെത്തിച്ചു ക്രമംകൂടാതെ "മീതയ്ക്കുമീതെ" കയററിവെയ്ക്കുന്ന വെറും കൂലിവേലക്കാർമാത്രമായിത്തീരുന്നു. ഈ ഒടുവിൽ പറഞ്ഞ കൂലിപ്രവൎത്തിയെയാകുന്നു ഒരു ഇംഗ്ലീഷുകവി "വെള്ളക്കാരുടെ ഭാര"മായി വൎണ്ണിച്ചിട്ടുള്ളതു്. (White man's Burden)

എന്നാൽ ഇതു് എന്നെന്നും ഒരു "ഭാര"മായിത്തന്നെ നിൽക്കുവാനുള്ളതാണോ? സൃഷ്ടിയിൽനിന്നുള്ള സന്തോഷം ഒരിക്കലും ഉണ്ടാകുന്നതല്ലായിരിക്കുമോ? സൃഷ്ടികർത്താവു താൻ തന്നെയാണു പാശ്ചാത്യരെ ഇന്ത്യയിലേയ്ക്കു വിളിച്ചയച്ചിട്ടുള്ളതു്. അദ്ദേഹത്തിൻെറ ആ സൃഷ്ടിവിശേഷത്തിൽ തങ്ങടെ പങ്കുകൊള്ളുവാൻ ഭാവമില്ലെങ്കിൽ "നൈരാശ്യ രാജ്യത്തി (Land of Regrets)ലെ" തപിച്ചുകൊണ്ടിരിക്കുന്ന ശൂന്യമാർഗ്ഗങ്ങടെ ഇംഗ്ലീഷുകാരുടെ ശവകുടീരങ്ങടെകൊണ്ടു നിറയപ്പെട്ടതായിത്തീരും. "വെള്ളക്കാരൻെറ ഭാരത്തെ" എടുക്കു് ഏറ്റുവാങ്ങുന്നതിനു ആളില്ലാതെ, എറക്കുന്നതിനു് ആത്താണിയില്ലാതെ, അവസാനംവരെ അവർക്കു തന്നെത്താൻ ചുമക്കേണ്ടതായും വരും. ഇന്ത്യാരാജ്യചരിത്രത്തിൽ അവർ അവരുടെ ജീവചൈതന്യത്തെ സംഘടിപ്പിക്കാത്തപക്ഷം, അതിനുപകരം, ഇന്ത്യയിൽ അവർക്കുള്ള പ്രവൃത്തിയെ ചില ചടങ്ങുകടെ അനുസരിച്ചുള്ള ഒരു കൃത്യനിർവ്വഹണം മാത്രമായി അവർ കരുതുന്നപക്ഷം, നമ്മുടെ മാതൃഭൂമിയുടെ പാവനാത്മാവു ദണ്ഡപ്പെടുകയും തന്നിമിത്തം അവർക്കുതന്നേ സങ്കടത്തിനു സംഗതിയായിത്തീരുകയും ചെയ്യും.

അതുകൊണ്ടു് ഇന്ത്യയുടെ ആധുനികചരിത്രത്തിൽ, ആലോചനയെ അർഹിക്കുന്ന വിഷയം, ഇംഗ്ലീഷുകാരെ ആട്ടി അകററിക്കളയേണ്ടതു് എങ്ങിനെയാണെന്നുള്ളതല്ലാ. എന്നാൽ, ഇംഗ്ലണ്ടും ഇന്ത്യയും തമ്മിലുള്ള പരസ്പരസംബന്ധം പ്രകൃത്യാനുസാരവും സജീവവും ആക്കിത്തീർക്കേണ്ടതു് എങ്ങിനെയാണു് എന്നുള്ളതാകുന്നു.

ഇതുവരെ, ഹിന്തുക്കടെ മുഹമ്മദീയർ മുതലായി ഇന്ത്യയിൽ അധിവസിക്കുന്ന വിവിധവർഗ്ഗക്കാരും ഇന്ത്യയുടെ ഭാവിചരിത്രത്തെ തങ്ങടെ അശേഷം അറിയാതെതന്നേ ക്രമേണ രൂപപ്പെടുത്തിക്കൊണ്ടുവന്നു. ആംഗ്ലേയരുടെ ആഗമനത്തോടുകൂടി ആ രൂപീകരണത്തിൽ നമുക്കുള്ള പ്രത്യേകമായ ചുമ

തലകളെക്കുറിച്ചു നമുക്കുതന്നേ ബോധം വന്നിരിക്കുന്നു. ആ സ്വരൂപനിർമ്മാണത്തിൽ യഥാക്രമം പങ്കുകൊള്ളുന്നതിന്നു നമ്മുടെ ഇച്ഛാശക്തി പ്രവൎത്തിച്ചും തുടങ്ങിയിരിക്കുന്നു. ഈ രണ്ടു ഇച്ഛാശക്തികളും തമ്മിൽ—ഇംഗ്ലീഷുകാരുടേയും ഹിന്ദുക്കളുടേയും ആദർശങ്ങൾ തമ്മിൽ—കൂട്ടിമുട്ടിയേക്കും. അപ്പോൾ ഭയങ്കരമായ ഒരു വ്യാമർദ്ദംതന്നെ സംഭവിച്ചേക്കും. എന്നാൽ നമ്മുടെ വിചിത്രചരിത്രത്തിൻെറ വിശേഷാന്തരമായ വിശിഷ്ടോദ്ദേശത്തെക്കുറിച്ചുള്ള ജ്ഞാനം സമ്പാദിച്ചിട്ടുള്ളവക്കൎക്കും അതിൽ അശേഷം പരിഭ്രമത്തിന്നു് അവകാശമില്ല. ഈ ഉഗ്രമായ മാനസികമത്സരങ്ങളിൽ നാം പൂർണ്ണമായ വിശ്വാസത്തോടുകൂടിയവരായിരിക്കണം. നാനാത്വത്തിൽനിന്നുതന്നേ ഏകത്വത്തെ ഉണ്ടാക്കിത്തീൎക്കുവാൻ പരിശ്രമിക്കണം. പരസ്പരം വ്യത്യാസപ്പെടുത്തുന്ന സംഗതികളിൽതന്നെ രസാവഹമായ രഞ്ജിപ്പിന്നുള്ള ബീജങ്ങളെ ആരാഞ്ഞറിയണം.

നമുക്കു് ഇംഗ്ലീഷുകാരെ കൂടാതെ ഗത്യന്തരമില്ല; അല്ലാത്തപക്ഷം ഇന്ത്യാചരിത്രം പരിപൂർണ്ണമാകുന്നതല്ല. ചരിത്രോദ്ദേശ്യം നിറവേററപ്പെടുന്നതുമല്ല. ഇംഗ്ലീഷുകാരെ നമുക്കു് ആവശ്യമുള്ളതുകൊണ്ടു്, അവരുടെ ആപ്പീസുമുറികളിലേക്കു മാത്രമല്ലാ, അവരുടെ ഹൃദയാന്തർഭാഗങ്ങളിലേക്കുതന്നെ നമുക്കു പ്രവേശം ലഭിക്കാതെ കഴിയുന്നതല്ല. നമ്മെ യഥേഷ്ടം അവമാനിക്കുന്നതിന്നും നിന്ദിക്കുന്നതിന്നും നാം ഇംഗ്ലീഷുകാൎക്കു് അനുമതി നൽകുന്നതായാൽ അവരുടെ ഹൃദയങ്ങളെ വശീകരിക്കുന്നതിന്നു് ഒരിക്കലും നാം പ്രാപ്തന്മാരായിത്തീരുന്നതല്ല. നാം ആദരത്തേയും അനുകമ്പയേയും അവരോടു് അവകാശപ്പെട്ടു കരസ്ഥമാക്കുകതന്നെ വേണം. മിഷ്യൻകോളേജിലെ ഒരു പ്രിൻസിപ്പാൾസായ്പു് എടത്തേ ചെകിടത്തു് അടിക്കുമ്പോൾ വിദ്യാൎത്ഥികൾ വലത്തേ ചെകിടു തിരിച്ചു കാണിച്ചുകൊടുക്കുവാനുള്ള അവസരം ഇതല്ലാ.

എന്നാൽ എവിടെയാണു് ഇംഗ്ലീഷുകാരും ഇന്ത്യാക്കാരും

തമ്മിലുള്ള പരസ്പരബന്ധം പ്രകൃത്യനുകൂലവും നിർമ്മലവും ആയി കാണേണ്ടതു്; അതു ചന്തസ്ഥലങ്ങളിലുമല്ലാ, തന്ത്രപ്പുരകളിലുമല്ല. വിജ്ഞാനശകലങ്ങളെ വിതരണം ചെയ്യുന്ന വിശുദ്ധാലയങ്ങളായ വിദ്യാമന്ദിരങ്ങളിലാണു പാശ്ചാത്യ പരസ്ത്യസമ്പർക്കം ഹൃദയംഗമമായി കാണപ്പെടേണ്ടതു്. ആശയങ്ങൾ ആത്മാവിനെ തുറന്നു കാണിക്കുന്നു; ഹൃദയങ്ങളെ വിസ്തൃതങ്ങളാക്കിത്തീർക്കുന്നു. അതാണു ഹൃദയങ്ങളെ ആകർഷിക്കുന്നതിനുള്ള അവസരം; അപ്പോഴാണു മനസ്സിണങ്ങുന്നതിനുള്ള സൗകര്യം. കോളേജുകളാണു ചരിത്രമൂശാരിയുടെ വാർപ്പുപണിക്കുള്ള സ്ഥലം.

സരസങ്ങളും സാരഗർഭങ്ങളും ആയ സാമീപ്യസമ്പർക്കങ്ങൾക്കുള്ള ഈടുറ്റങ്ങളായ സന്ദർഭങ്ങൾ നമ്മുടെ സർവ്വകലാശാലകളിൽ ഉള്ളുവതന്നെയാകുന്നു. ഒരു മഹാചക്രവർത്തിയുടെ മഹനീയസിംഹാസനത്തേക്കാൾ മാഹാത്മ്യമേറിയവയായ മാന്യസ്ഥാനങ്ങൾ പാശ്ചാത്യന്മാരായ പണ്ഡിതപ്രവരന്മാർക്കുവേണ്ടി നമ്മുടെ കലാലയങ്ങളിൽ ഒഴിച്ചുവെച്ചിരിക്കുന്നു. അത്തരം ആസനങ്ങളെ അലങ്കരിച്ചുംകൊണ്ടു്, അന്യോന്യം അറിയപ്പെട്ടുവാനുള്ള അതിപാവനങ്ങളായ അനവധി അവസരങ്ങളെ ആംഗ്ലേയന്മാർ അശുദ്ധപ്പെടുത്തുന്നതു കാണുമ്പോഴാണു് അസഹനീയമായ ആത്മദുഃഖം അനുഭവപ്പെടുന്നതു്.

പരിതാപകരമായ ഈ പരമനഷ്ടത്തിനു കാരണഭൂതന്മാർ നമ്മുടെ വിദ്യാർത്ഥികൾ മാത്രമാണെന്നു പറഞ്ഞാൽ വിശ്വസിക്കുന്നതിനു് എങ്ങിനെയായാലും, ഞാൻ ഒരുക്കമില്ല. എനിയ്ക്കു നമ്മുടെ വിദ്യാർത്ഥികളെ സാമാന്യം അടുത്തു പരിചയമുണ്ടു്. അവർക്കും, പാശ്ചാത്യരാജ്യങ്ങളിലെ കോളേജു വിദ്യാർത്ഥികൾക്കും തമ്മിൽ ഈ ഒരു വ്യത്യാസമുണ്ടു്— ഹൈന്ദവവിദ്യാർത്ഥികൾ അവരുടെ ഗുരുവരന്മാരെ വന്ദിക്കുന്നതിനു് അത്യുത്സുകന്മാരും, അവരുടെ ഹൃദയങ്ങൾ എത്രയും എളുപ്പത്തിൽ സ്വാധീനപ്പെടുത്താവുന്നവയുമാണു്.

"ബോലപുര"ത്തുള്ള എൻെറ സ്വന്തംവക വിദ്യാലയത്തിൽ ചില പാശ്ചാത്യപണ്ഡിതന്മാർ ഉണ്ടായിരിക്കേണമെന്നു ഞാൻ എപ്പോഴും നിർബ്ബന്ധമായി നിഷ്കർഷിക്കാറുള്ളതിൻെറ പരമരഹസ്യം ഇതാണ്. ഇന്ത്യയിലെ ചിരകാലവാസംകൊണ്ടു ദൂഷിതസ്വഭാവക്കാരനായി, കോപിഷ്ഠനായിത്തീന്നിരുന്ന ഒരു വെള്ളക്കാരൻ മുമ്പൊരിക്കൽ എൻെറ പാഠശാലയിൽ ഉപാദ്ധ്യായനായിരുന്നു. അദ്ദേഹം വിദ്യാത്ഥികളുടെ വർഗ്ഗീയവൈജാത്യത്തെപ്പററി പലപ്പോഴും അധിക്ഷേപിച്ചിരുന്നു. ബങ്കാളിമാതാപിതാക്കന്മാരുടെ സന്താനങ്ങളായി പിറന്നുപോയ ആ കുററത്തിന്നു യഥാത്ഥ ഉത്തരവാദികരം ആ വിദ്യാത്ഥികരം അല്ലെന്നു് എന്തായിട്ടും അദ്ദേഹത്തിന്നു് അറിയുവാൻ സാധിച്ചില്ല. വിദ്യാത്ഥികരം നന്നേ ചെറുപ്രായക്കാരായിരുന്നു. എങ്കിലും, ഗത്യന്തരമില്ലാതെ, അവർ "വേല മുടക്കം ചെയ്തു" ക്ലാസ്സിൽ കയറാതെ ചെറുത്തുനിന്നു. ഹെഡ്മാസ്റ്ററുടെ ശാസനകരംക്കുപോലും അവരെ തിരികെ വരുത്തുന്നതിന്നു സാധിച്ചില്ല. ഒടുവിൽ ഞാൻതന്നെ കടന്നു പ്രവേശിച്ചു "വെള്ളക്കാരൻെറ ഭാരത്തെ" ഏറെറടുക്കേണ്ടിവന്നു.

എന്നാൽ, ഞാൻ പാശ്ചാത്യന്മാരെ സംബന്ധിച്ചുള്ള എൻെറ ആശയെ ഒരിക്കലും കൈവെടിഞ്ഞില്ല. എൻെറ പ്രത്യാശകരം എല്ലാം അചിരേണ സഫലീകൃതങ്ങളുമായി. ഇംഗ്ലീഷുകാരായ ഗുരുക്കന്മാരുടേയും ഇന്ത്യക്കാരായ വിദ്യാത്ഥികളുടേയും സരസങ്ങളായ സമാഗമങ്ങരംകൊണ്ടു് എൻെറ ആശ്രമസ്ഥലം ഇപ്പോരം പരിശുദ്ധമായിത്തീന്നിരിക്കുന്നു. പരിപാവനമായ ഈ പരമൈക്യം—ഇന്ത്യയിൽ ഉണ്ടായിക്കാണുന്നതിന്നു സർവ്വേശ്വരൻ വളരെക്കാലമായി ആഗ്രഹിച്ചുകൊണ്ടിരുന്ന പാശ്ചാത്യപൌരസ്ത്യഹൃദയങ്ങളുടെ ഈ ഏകീകരണം—അതിവിശാലമായ ഇന്ത്യാരാജ്യത്തിലെ ഒരു മൂലയിൽ ഒരു മനോഹരപുഷ്പത്തെ ഉല്പാദിപ്പിച്ചിട്ടുണ്ടെന്നതു നിസ്സംശയ

മാണ്. എൻെറ അടുക്കൽ വന്നുചേന്നിട്ടുള്ളവരായ രണ്ടു് ഇംഗ്ലീഷുപാദ്ധ്യായന്മാർ, സ്വമതപ്രചരണത്തിനുവേണ്ടിയോ അധഃപതിച്ചിരിക്കുന്നവരെ ഉയത്തുന്നതിനുവേണ്ടിയോ എത്തിച്ചേർന്നിട്ടുള്ളവരല്ല. തങ്ങൾ അപരിഷ്കൃതവർഗ്ഗക്കാരുടെ പരിഷ്കരണത്തിനുവേണ്ടി അവതരിച്ചിട്ടുള്ളവരാണെന്നുള്ള അഹങ്കാരവും അവക്കില്ല. എന്നാൽ അവർ അവരുടെ മതസ്ഥാപകനായ വന്ദ്യഗുരുവിനെപ്പോലെ അവരുടെ പാണികളെ കുട്ടികളുടെ നേരേ നീട്ടിക്കൊണ്ടു് ആ കുട്ടികൾ ബങ്കാളിക്കുട്ടികളായിരുന്നിട്ടുംകൂടി "കുട്ടികളെ അടുക്കൽ വരുവാൻ അനുവദിക്കുക" എന്നു മന്ദഹാസപൂർവ്വം ഉച്ചരിക്കുന്നവരാണ്. ആ കുട്ടികളോ, തങ്ങളെ വിളിക്കുന്നവർ ഇംഗ്ലീഷുകാരായിരുന്നിട്ടുംകൂടി, അവരുടെ സമീപത്തു ചെല്ലുന്നതിന്നു് ഒരു നിമിഷംപോലും സംശയിക്കുന്നതുമില്ല.

ആ കുട്ടികൾക്കും അവരുടെ ഇംഗ്ലീഷ്ഗുരുനാഥന്മാക്കും തമ്മിൽ വളന്നുവന്നിട്ടുള്ളതായ നിമ്മലവും നൈസർഗ്ഗികവുമായ ഈ സ്നേഹസംബന്ധം, അനശ്വരമായിട്ടുള്ളതാണെന്നു് എനിക്കു നല്ല തീർച്ചയുണ്ടു്. ആംഗ്ലേയരോടുള്ള വെറുപ്പാകുന്ന വിഷദ്രവ്യത്തെ അകത്തു നിറച്ചുകൊണ്ടായിരിക്കയില്ല ആ വിദ്യാർത്ഥികൾ ലോകരംഗത്തിൽ പ്രവേശിക്കുന്നതു് എന്നുള്ളതും നിർവ്വിവാദമാണു്.

ആദ്യത്തിൽ എൻെറ അടുക്കൽ വന്നിരുന്ന ആ വെള്ളക്കാരൻ വളരെ പഴക്കവും തഴക്കവും ഉള്ള മിടുക്കനായ ഒരു അദ്ധ്യാപകനായിരുന്നു. അദ്ദേഹം എൻെറ സ്കൂളിൽ കുറേക്കാലംകൂടി ഉണ്ടായിരുന്നു എങ്കിൽ അവിടത്തെ കുട്ടികൾ ശുദ്ധമായ ഇംഗ്ലീഷ് ഉച്ചാരണക്രമവും ഇംഗ്ലീഷ്വ്യാകരണവും പരിശീലിക്കുമായിരുന്നു. ആ സംഗതി, ആ വിദ്യാർത്ഥികളെ ശാസിച്ചും ശിക്ഷിച്ചും അദ്ദേഹത്തിൻെറ ക്ലാസ്സിലേയ്ക്കു് അയയ്ക്കുന്നതിന്നു് എന്നെ ഒരുവേള നിർബന്ധിക്കുമായിരുന്നു. അദ്ദേഹം എത്ര അനീതിയും അപമര്യാദയും പ്രവത്തിക്കുന്നവ

നായിരുന്നാലും, ഗുരുനാഥനായിരുന്നതുകൊണ്ടു്, അതെല്ലാം നിശ്ശബ്ദമായി അനുഭവിച്ചു് അടങ്ങിനിൽക്കുന്നതു വിദ്യാർത്ഥികളുടെ അലംഘ്യമായ കർത്തവ്യമാണെന്നും ഞാൻ ഒരു സമയം വിശ്വസിച്ചു പ്രവർത്തിച്ചുപോകുമായിരുന്നു. അല്പദിവസങ്ങൾക്കു കുട്ടികളുടെ അവസ്ഥ വളരെ ദയനീയമായിരിക്കും. അനന്തരാവസ്ഥ അതിലും മോശമായിരിക്കും. അചിരേണ അവരുടെ ഉച്ചാരണക്രമം വിശേഷപ്പെട്ടുവരുന്നുണ്ടെങ്കിലും അവർ വികാരശൂന്യന്മാരും നിരുത്സാഹികളും ആയിത്തീരുമായിരുന്നു. ഹാ! ഈ ചെറിയ കുട്ടികൾക്കു ദൈവം അവരുടെ ഭാഗത്തില്ലയോ? നമ്മുടെ തലരോമങ്ങൾക്കു നര ബാധിച്ചിട്ടുണ്ടു് എന്നുള്ള കാരണത്താൽ മാത്രം അവരുടെ ജീവിതത്തിൽ സർവ്വേശ്വരനാൽ നിർവ്വഹിക്കപ്പെടേണ്ടതായ ചുമതലകൾ ഏറ്റെടുക്കുന്നതിനു നാം അർഹന്മാരായിത്തീരുമോ? ഇംഗ്ലീഷുവാക്കുകളെ ശരിയായവിധം ഉച്ചരിക്കുവാൻ ശീലിച്ചിട്ടുണ്ടു് എന്നു പറഞ്ഞാൽ അതു ദൈവകോപത്തിനു തക്കതായ സമാധാനമായിത്തീരുന്നതാണോ?

പാശ്ചാത്യന്മാരായ ഗുരുക്കന്മാരും ഇന്ത്യാക്കാരായ വിദ്യാർത്ഥികളും തമ്മിലുള്ള പരസ്പരബന്ധം ഇത്രമാത്രം ദുഷ്കരമായിത്തീർന്നിരിക്കുന്നതിനുള്ള ശരിയായ കാരണം എന്താണെന്നു മുമ്പൊരിക്കൽ ഞാൻ ഇംഗ്ലണ്ടിൽവെച്ചു് ഒരു തീവണ്ടിയാത്ര ചെയ്യുന്ന അവസരത്തിൽ എനിക്കു നേരിട്ടുതന്നെ മനസ്സിലായി. എന്റെ അന്നത്തെ കൂട്ടുയാത്രക്കാരനായിരുന്ന ഇംഗ്ലീഷുകാരൻ എന്റെ ഉടുപ്പും ആകൃതിയുംകണ്ടു് എന്റെ നേരേ അനുകൂലാഭിപ്രായത്തോടുകൂടിയവനായിത്തീർന്നു. ഞാൻ വല്ല പുതിയ മതവും പ്രചരിപ്പിക്കുന്നതിനു ഭാവിച്ചിരിക്കുന്നവനായിരിക്കുമെന്നു ശങ്കിച്ചുപോയി; ഞാൻ ഇന്ത്യയിലെ ഏതു വിഭാഗത്തിൽനിന്നു വരുന്നവനാണെന്നു് അദ്ദേഹം അമർത്തുവാൻ വയ്യാത്ത ജിജ്ഞാസയോടുകൂടി പെട്ടെന്നു് എന്നോടു് അന്വേഷണം ചെയ്തു. ഞാൻ ബങ്കാളത്തുകാരനാണെന്നു പ

റഞ്ഞുകേട്ടപ്പോഠം ആ വത്തമാനം അദ്ദേഹത്തെ അത്യന്തം വേദനപ്പെടുത്തിയതായി എനിക്കു തോന്നി. ബങ്കാളികളെ ആക്ഷേപിക്കുവാനും അപമാനിക്കുവാനും ഉതകുന്നവയായി അദ്ദേഹത്തിൻെറ കയ്യിരിപ്പിലുണ്ടായിരുന്ന മ്ലേച്ഛമായ വാഗ്ധോരണിയുടെ അത്ഭുതകരമായ അവസാനമില്ലായ്മയെ അദ്ദേററം എനിക്ക് ഉടനെ അനുഭവപ്പെടുത്തിത്തന്നു.

വല്ല കാരണവശാലും മനുഷ്യവർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്നിനോടു നമുക്ക് അനിഷ്ടം തോന്നിക്കഴിഞ്ഞാൽ പിന്നീട് ആ വർഗ്ഗത്തിൽ ഉഠപ്പെട്ട ഓരോ മനുഷ്യനേയും ആ വർഗ്ഗത്തിൻെറ ഒരു പ്രതിനിധിയെന്ന നിലയിൽ മാത്രമേ നാം നിരീക്ഷിക്കുന്നുള്ളു. ഞാൻ ഒരു ബങ്കാളിയാണെന്നു പറഞ്ഞു കേട്ടപ്പോഴേയ്ക്കുതന്നെ എൻെറ സഹയാത്രക്കാരനെ സംബന്ധിച്ചിടത്തോളം ഒരു മനുഷ്യൻെറ നിലയിൽ എനിക്കുള്ള പ്രത്യേകതകളോ ഗുണവിശേഷങ്ങളോ എല്ലാം നാമാവശേഷങ്ങളായിത്തീരുകയും ഞാൻ "ബങ്കാളി"ശബ്ദത്തിൻെറ മൂത്തിമത്തായ ഒരു സ്വരൂപം മാത്രമായി കാണപ്പെടുകയും ചെയ്തു. അതോടുകൂടി ഞാൻ അത്യന്തം ആക്ഷേപകരമായ ഒരു സാധനമായിത്തീൻ. അപ്രകാരമുള്ള ഒന്നിനോടു മനുഷ്യസഹജങ്ങളായ സാധാരണമയ്യാദകഠ അനുസരിച്ചു പെരുമാറേണ്ടുന്ന ആവശ്യകതയില്ലല്ലോ!

ഇംഗ്ലീഷുകാർ റഷ്യക്കാരെ തീരെ ഇഷ്ടപ്പെടാതിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്ന് ഇംഗ്ലീഷുകാക്കു റഷ്യക്കാരൻ എന്നുവെച്ചാൽ നീചമായ ഒരു വിശേഷണം, ആക്ഷേപാർഹങ്ങളായ ദോഷപരമ്പരങ്ങളുടെ ഒരു പ്രത്യക്ഷരൂപം, എന്നർത്ഥമായിരുന്നു. എന്നാൽ ഇപ്പോഠ റഷ്യക്കാരെക്കുറിച്ചുള്ള പ്രശംസകഠ * അല്ലാതെ ഇംഗ്ലീഷുപത്രങ്ങളിൽ ഒന്നും തന്നെ കാണപ്പെടുന്നില്ല. വെറും വിശേഷണങ്ങളുടെ സമൂ

---

*ഈ ഉപന്യാസം റഷ്യയിൽ ബോഠംഷവിസം പ്രചരിക്കുന്നതിന്നു മുമ്പെഴുതിയതാണ്.

PUBLIC LIBRARY KOTTAYAM

റത്തിൽനിന്നു മനുഷ്യനെ വിശേഷ്യങ്ങളുടെ സംഘത്തിലേയ്ക്കു നീക്കിനിർത്തുമ്പോൾ അയാൾ ഒരു മർത്ത്യന്റെ നിലയിൽ ദൃശ്യനായിത്തീരുകയും, മുമ്പുണ്ടായിരുന്ന ദുരഭിപ്രായങ്ങളെല്ലാം നീങ്ങി അയാൾ മനുഷ്യസഹജങ്ങളായ മര്യാദകൾക്കു അർഹനായിത്തീരുകയും ചെയ്യുന്നു.

ബംഗാളികൾ, ഇംഗ്ലീഷുകാരുടെ അധിക്ഷേപങ്ങൾക്കു മാത്രം പാത്രീഭവിച്ചു് ഒരു വെറും സ്വഭാവവിശേഷമായിത്തീർന്നിട്ടുള്ളതുകൊണ്ടാണു നമ്മുടെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ബോധമുണ്ടാകുന്നതിന്നു് അവക്കു സാധിക്കാതെ വരുന്നതു്. ഇയ്യിടെ കഴിഞ്ഞ മഹായുദ്ധത്തിൽ ബങ്കാളിയുവാക്കന്മാർ "വളൻറിയർമാർ" ആക്കി ചേർക്കപ്പെട്ടുമെന്നു ഞാൻ ആശിച്ചിരുന്നു. അങ്ങിനെ ചെയ്തിരുന്നു എങ്കിൽ—എന്നു ഞാൻ വിചാരിച്ചു—ആംഗ്ലേയയോദ്ധാക്കളോടൊപ്പം ഒരേ കാര്യത്തിന്നുവേണ്ടി പ്രയത്നപ്പെടുന്നതുകൊണ്ടു ബങ്കാളികളുടെ യാഥാർത്ഥ്യം—ബങ്കാളിശബ്ദം നീചമായ ഒരു സ്വഭാവിശേഷത്തിന്റെ പര്യായമല്ലെന്നുള്ള ബോധം—സുസ്ഥാപിതമാകുവാനും, തന്നിമിത്തം ഇംഗ്ലീഷുകാരോടു ന്യായമായ അവകാശങ്ങളെ പിന്നീടു ചേർച്ചപ്പെടുവാനും സാധിക്കുമായിരുന്നു.

എന്നാൽ, അതിന്നുള്ള ശുഭാവസരങ്ങളെ അധികൃതന്മാർ അനുഭവയോഗ്യങ്ങളാക്കിത്തീർത്തില്ല. നാം ഇപ്പോഴും അസ്പഷ്ടവും അജ്ഞാതവും ആയ തിരസ്കരണിയുടെ പിന്നിൽത്തന്നെ നിൽക്കുന്നു. അജ്ഞാതമായിട്ടുള്ളതിലെല്ലാം ആപത്തുണ്ടെന്നു മനുഷ്യർ ശങ്കിക്കുന്നു. അധികൃതന്മാരുടെ ഈ ആപൽശ്ശങ്കയ്ക്കു പാത്രീഭവിക്കാത്തവനായ ഒരു ഒററ ബങ്കാളിപോലും എന്റെ അറിവിൽ ഇല്ല. ആപൽശ്ശങ്കയാകുന്ന ഈ സന്ധ്യാവെളിച്ചത്തിൽ നിഴലുകൾ വിപുലങ്ങളായും, യഥാർത്ഥങ്ങൾ വെറും നിഴലുകളായും കേവലം ഛായാമാത്രങ്ങളായവ വാസ്തവസ്വരൂപങ്ങളായും കാണപ്പെടുകയും പരസ്പരമുള്ള തെററിദ്ധാരണകൾ വേഗത്തിൽ വൎദ്ധിച്ചു വളൎന്നുവരികയും ചെയ്യുന്നു.

വീണ്ടും വീണ്ടും നൽകപ്പെടുന്ന ശിക്ഷകളാകുന്ന പൊടിപടലങ്ങളെ പരത്തുന്നതുകൊണ്ട ഈ അന്ധകാരത്തെ അകറ്റുവാൻ സാധിക്കുന്നതാണോ? ഇരുട്ടിനെ ഇല്ലാതാക്കുന്നതിന്ന പ്രകാശത്തെയല്ലയോ ഉണ്ടാക്കിത്തീക്കേണ്ടതു്;—അന്യോന്യം നേരിട്ടു കാണുന്നതിന്നും അറിയുന്നതിന്നും അത്യാവശ്യമായ സ്നേഹമാകുന്ന വെളിച്ചത്തേയും, അനുകമ്പയാകുന്ന പ്രകാശത്തേയും അല്ലയോ സമ്പാദിക്കേണ്ടതു്? മിഷ്യൻ കോളേജുകളിലെ "പ്രിൻസിപ്പാളന്മാർ" അവരുടെ ആദർശപുരുഷനായ ഗുരുവയ്യൻെറ ജീവിതരീതിയേയും ഉപദേശഗതിയേയും ഓമ്മവെച്ചു പ്രവൎത്തിക്കുന്നതിന്നുള്ള സന്ദർഭം ഇതല്ലയോ? "ഭൂതാനുകമ്പ"യാണു് ഈ ലോകത്തിൽ ഏററവും ഉൽകൃഷ്ടമായിട്ടുള്ളതു് എന്നല്ലയോ പറയപ്പെടുന്നതു്. സ്ഥാനംകൊണ്ടു നമ്മുടെ മീതെ ഇരിക്കുന്നവൎക്കല്ലാതെ പരമാർത്ഥത്തെ അലങ്കോലപ്പെടുത്തുന്ന തെററിദ്ധാരണകളാകുന്ന നിഴലുകളെ നീക്കിക്കളയുന്നതിന്നു സാധിക്കുന്നതല്ല. മൂടൽമഞ്ഞിനെ മാററുന്നതിന്നു മാൎത്താണ്ഡദേവൻതന്നെ വേണം. മഴപെയ്യിക്കേണ്ടതായ അവസരങ്ങളിൽ ഇടിവെട്ടും മിന്നലും ഉണ്ടാക്കുന്നതിന്നു അധികാരികളെ പ്രേരിപ്പിക്കുന്ന ഉപദേഷ്ടാക്കന്മാർ, അവരുടെ അപാരമായ ഔദാൎയ്യക്കുറവിനേയും ഔചിത്യജ്ഞാനമില്ലായ്മയേയും മാത്രമല്ലാ, അസാമാന്യമായ ഭീരുതയത്തെക്കൂടി പ്രത്യക്ഷപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ, ഈ ലോകത്തിലുള്ള മിക്ക ക്രൂരഭരണങ്ങളുടേയും അടിസ്ഥാനം ഭയമാകുന്നു.

സൎവ്വകലാശാലകളിൽവെച്ചു പാശ്ചാത്യപണ്ഡിതന്മാരുമായി അടുത്തു പരിചയിക്കുവാൻ സാധിച്ചിട്ടുള്ള ഇന്ത്യയിലെ വിദ്യാർത്ഥികൾ; ഇംഗ്ലീഷുകാരോടു തങ്ങൾക്കുള്ള സ്നേഹബഹുമാനങ്ങളെ ലോകസമക്ഷത്തിൽ പ്രചരിപ്പിക്കുവാനുള്ളവരാണെന്നു് ആശിക്കാമെന്നുള്ള ആ വലിയ സംഗതി വിസ്മരിച്ചുപോകരുതെന്നാണു് അധികാരസ്ഥലോകത്തോടു് എനി

ക്കു് ഈ അവസരത്തിൽ അപേക്ഷിക്കുവാനുള്ളതു്. സ്നേഹത്തിൻെറ പ്രവേശത്തിനു കാത്തിരിക്കുന്ന ഹൃദയങ്ങളോടുകൂടിയ യുവവിദ്യാൎത്ഥികളുടെ സ്നേഹാദരങ്ങളെ, യഥാൎത്ഥഗുരുക്കന്മാരെപ്പോലെ, ഈ അദ്ധ്യാപകന്മാൎക്ക സമ്പാദിക്കുവാൻ സാധിക്കുന്നതായാൽ, മേല്പറഞ്ഞ പരിതോഷകരമായ പൎയ്യവസാനം സംഭാവ്യമായിരിക്കും. നേരെമറിച്ചു്, ഈ ഗുരുശിഷ്യസംബന്ധം, ഭീതി, വെറുപ്പു്, ശിക്ഷ മുതലായവയെയാണു് ആശ്രയിച്ചിരിക്കുന്നതെങ്കിൽ, രോഗബീജമായ ഉഗ്രവിഷം രക്തത്തിൽ മാത്രമല്ല സൎവ്വമൎമ്മങ്ങളിലും പ്രവേശിക്കുന്നതായിരിക്കും; ഇംഗ്ലീഷുകാരോടുള്ള അവിശ്വാസം സഹജമായ ഒരു ജന്തുധൎമ്മംപോലെ പരമ്പരയായി നിലനിന്നുപോരികയും ചെയ്യും.

തന്നിമിത്തം, രാജ്യഭരണം സുകരമല്ലാതായിത്തീരുമെന്നുള്ള സംഗതിയല്ലാ എനിക്കു വളരെ സാരമായി തോന്നുന്നതു്. രണ്ടു വൎഗ്ഗക്കാരും തമ്മിൽ സ്വതന്ത്രമായി നടന്നുപോരേണ്ടതായ സുഖസംസൎഗ്ഗത്തിനു സാരങ്ങളായ തടസ്സങ്ങൾ നേരിടുവാനും അതുകൊണ്ടു് അനല്പങ്ങളായ ആപത്തുകൾ സംഭവിപ്പാനും സംഗതിയുണ്ടു് എന്നുള്ളതാണു്. അങ്ങിനെ ആയാൽ, പാശ്ചാത്യരിൽനിന്നു നമുക്കു് അവശ്യം സിദ്ധിക്കേണ്ടതായ അനുഗ്രഹങ്ങൾ ലഭിയാതെ പോകയേക്കും. ദാനം ചെയ്യുന്നതു ബഹുമാനപുരസ്സരമാണെങ്കിൽ അതു സ്വീകരിക്കുന്നതും ആദരവോടുകൂടിയായിരിക്കും. കയ്യാമങ്ങളോടുകൂടി ഭക്ഷണത്തിന്നിരിക്കുന്ന ഒരു തടവുകാരനോടു് അയാൾ അന്നത്തെ സദ്യയ്ക്കു് ആഗതനായിട്ടുള്ള സ്വതന്ത്രനും മാന്യനും ആയ വിരുന്നുകാരനാണെന്നു പറഞ്ഞാൽ അയാൾക്കു് അതു ബോധപ്പെടുന്ന കാൎയ്യം കുറെ വിഷമത്തിലാണു്. ജ്ഞാനസമ്പാദനം സന്തോഷസമ്പൂൎണ്ണമായ ഒരു മഹോത്സവമാകുന്നു. ആ മഹാസത്രത്തിനു ക്ഷണിക്കപ്പെട്ടിട്ടുള്ള അതിഥികളെ ഉപചരിക്കുന്നതിന്നു കയ്യാമങ്ങളോടുകൂടി തയ്യാറാക്കീട്ടുള്ള സത്രഉടമസ്ഥൻ തൻെറ ഉചിതമായ ആ സൽക്കാരത്തെ

ക്കുറിച്ചു പിന്നെറന്നാം അഭിമാനപുരസ്സരം കൊട്ടിഘോഷി ക്കാതിരിക്കയില്ല. ആ യുവാക്കന്മാരുടെ കൃതജ്ഞതയെ സമ്പാദിക്കുന്നതിന്നു് എത്ര കഷ്ടപ്പെട്ടിട്ടും സാധിച്ചിട്ടില്ലെന്നു് ആവലാതിപ്പെടാതിരിക്കയുമില്ല. അവരുടെ അന്തരംഗാന്തർ ഭാഗങ്ങളിൽനിന്നു ദിവസംപ്രതി "കത്താവേ! ക്ഷമിക്കപ്പെടാതിരിക്കേണമേ!" എന്നുള്ള പ്രാത്ഥന തന്നെ അധികമധിക മായി പുറപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും.

## സ്ത്രീകളുടെ സ്ഥാനം

പാശ്ചാത്യപരിഷ്കാരത്തിൻെറ വദ്ധനയോടുകൂടി പടി ഞ്ഞാറൻ രാജ്യങ്ങളിൽ സ്ത്രീകാം അധികമധികം ഭാഗ്യഹീന കളായിത്തീരുകയാണു ചെയ്യുന്നതു്. സമുദായാംഗങ്ങളെ സമുദായമദ്ധ്യത്തിലേയ്ക്കു വലിയ്ക്കുന്നതും, ഇന്നതെന്നു ക്ളിപ്ത മായി വിവക്ഷിക്കപ്പെടുവാൻ വയ്യാത്തതും ആയ ഒരു മഹാ ശക്തിയാകുന്നു സ്ത്രീകാം. പണം, മാനം, സ്ഥാനലബ്ധി മുതലായ ഓരോന്നിനേയും ആരാഞ്ഞു ലോകം മുഴുവൻ അല ഞ്ഞുനടക്കുന്നതിന്നു പുരുഷന്മാരെ പ്രേരിപ്പിക്കുന്നതു യാതൊ ന്നോ അതാണു മുൻപറഞ്ഞതിന്നു വിരോധമായി പ്രവത്തി ക്കുന്ന ശക്തി. ഈ രണ്ടാമതു പറഞ്ഞ ശക്തിയാണു പാ ശ്ചാത്യസമുദായങ്ങളിൽ അധികം പ്രവത്തിച്ചുകാണുന്നതു്. "തെെട്ടി അററാൽ കടയ്ക്കൽ", "പൊട്ടിത്തെറിച്ചാൽ നാലുഭാഗ ത്തും" എന്നല്ലേ പ്രമാണം. പുരുഷന്മാരാണെങ്കിൽ ലോകം മുഴുവൻ ചിന്നിച്ചിതറിക്കിടക്കുന്നു; പരിഷ്കാരം ദിനംപ്രതി എന്നപോലെ മനുഷ്യരുടെ ഓരോ ആവശ്യങ്ങളേയും കൃത്രിമ മായും അനാവശ്യമായും വദ്ധിപ്പിക്കുന്നു. ഭാരം കൂടിയ ചട്ട ഒരു യോദ്ധാവിൻെറ കൃത്യനിവ്വഹണത്തിന്നു തടസ്സമാകുന്നു; തലയിൽ ഒരു ചുമടുണ്ടെങ്കിൽ വഴിനടക്കുന്നതിന്നു് ഒരു യാത്ര ക്കാരന്നു് സൗകര്യമില്ല. ഏതാണ്ടു് ഇതുപോലെതന്നെ

യൂറോപ്പിലെ പുരുഷന്മാർ കുടുംബഭാരം വഹിക്കുന്നതിൽ വിമുഖന്മാരാകുന്നു. സ്ത്രീസാമ്രാജ്യം, തന്നിമിത്തം, മേഘപടലങ്ങളാൽ വ്യാപിക്കപ്പെട്ടും പ്രഭ കുറഞ്ഞും വരുന്നു. ഭർത്താവിനെ കിട്ടുന്നതിന്നു് ഒരു സ്ത്രീക്കു് കാലവിളംബം നേരിടുന്നു. ദൂരത്തെങ്ങോ ജോലിക്കു പോയിരിക്കുന്ന ഭർത്താവിനെക്കാത്തു സ്ത്രീ അക്ഷമയായിത്തീരുന്നു. മുതിർന്നുവരുന്ന ആൺകുട്ടികളെല്ലാം മാതാപിതാക്കന്മാരെ വിട്ടു് എങ്ങോട്ടെങ്കിലും പാഞ്ഞു പോകുന്നു. പറക്കാറായ പക്ഷികൾ തള്ളയുടെകൂടെ കൂട്ടിലിരിക്കാറു പതിവില്ലല്ലോ! ജീവിതായോധനത്തിൽ ഏകാകിനിയായി ഏർപ്പെടുന്നതിന്നു് ഒരു സ്ത്രീ നിർബന്ധിതയാകുന്നു. സ്ത്രീസ്വഭാവത്തിന്നും അർഹതയ്ക്കും ഈ നിർബന്ധം പ്രതികൂലവും ആകുന്നു.

ഇപ്രകാരം സമുദായത്തിലെ ഐക്യതയും സമുദായാംഗങ്ങളുടെ സ്വരച്ചേർച്ചയും തീരെ നശിച്ചതുകൊണ്ടാണു, പുരുഷന്മാരെപ്പോലെതന്നെ തങ്ങൾക്കും സമുദായത്തിൽ സമാവകാശമുണ്ടെന്നു പാശ്ചാത്യസ്ത്രീകൾ വാദിക്കുന്നതു്. സമുദായത്തെ ഉടച്ചുവാർക്കണമെന്നു് അനിയന്ത്രിതശക്തിയോടുകൂടി സ്ത്രീകളും, അതു് ഒരിക്കലും പാടില്ലെന്നു തന്നിഷ്ടക്കാരായ പുരുഷന്മാരും ശഠിക്കുന്നു. പാശ്ചാത്യസമുദായത്തിൽ സ്ത്രീകളുടെ ഇപ്പോഴത്തെ സ്ഥിതി തീരെ അസംബന്ധമാകുന്നു. സ്ത്രീകൾക്കു ഭവനസുഖം അനുഭവിക്കുന്നതിന്നു പുരുഷന്മാർ അവരെ സഹായിക്കുന്നില്ലെന്നു മാത്രമല്ല, നേരിട്ടിറങ്ങി തന്നത്താനെന്തെങ്കിലും പ്രവർത്തിക്കുന്നതു വിരോധിക്കയും ചെയ്യുന്നു. നാശോത്സുകകളായ ഘോരയക്ഷികളെപ്പോലെ അടുത്ത കാലത്തുതന്നെ പാശ്ചാത്യസ്ത്രീകൾ ലോകർക്കു പ്രത്യക്ഷപ്പെടുമെന്നാണു തോന്നുന്നതു്.

ഊക്കു്, ഉറപ്പു്, പൌരുഷം, വേഗത, ധീരത, ക്ഷുസലില്ലായ്മ എന്നിങ്ങിനെയുള്ള ചില വിശേഷങ്ങളോടുകൂടിയ ഒരു ശക്തിയാകുന്നു ഇന്നത്തെ യൂറോപ്യൻ പരിഷ്കാരം. ബല

ഹീനതയ്ക്കും, നിസ്സഹായത്വത്തിനും അവിടെ സ്ഥലമില്ല; സ്ഥാനവുമില്ല. ആണായാലും വേണ്ടില്ല, പെണ്ണായാലും വേണ്ടില്ല ഊക്കും ഉശിരും ഇല്ലെങ്കിൽ കാൎയ്യം തീരെ പരുങ്ങലാണ്. സഹതാപം, ദയ, കരുണ, സ്നേഹം മുതലായ ചില ഉത്തമഗുണങ്ങളുടെ വിളഭൂമികൾ മാത്രമായി, പ്രയത്നത്തിനും പ്രതാപത്തിനും ജാത്യാ പ്രാപ്തി ഇല്ലാത്തവരായ സ്ത്രീകൾക്ക് ഇങ്ങനെയുള്ള ഒരു സമുദായത്തിൽ കഴിച്ചുകൂട്ടുവാൻ തീരെ പ്രയാസമാകുന്നു. അതുകൊണ്ടാണു പാശ്ചാത്യ സ്ത്രീകൾ അവരുടെ "സ്ത്രീത്വം" വിസ്മരിക്കുവാനും "പൌരുഷം" നടിക്കുവാനും തുടങ്ങിയിരിക്കുന്നതു്. സാധുജീവികൾ! അവൎക്കു വേറെ ഗത്യന്തരമില്ല.

ഇങ്ങനെയിരിക്കുന്നു അവരുടെ സ്ഥിതി. എന്നിട്ടും, അവർ പൌരസ്ത്യവനിതകളുടെ ശോചനീയാവസ്ഥ ഓൎത്തു യഥാൎത്ഥമായി വ്യസനിക്കുകയും സഹതപിക്കുകയും ചെയ്യുന്നുവത്രെ! കഷ്ടം! അത്രയും സഹതാപവും മാനഃസോല്ലാസവും വെറുതെ കളഞ്ഞു! അതുകൊണ്ടു യാതൊരാവശ്യവുമില്ല. അതു മണലാരണ്യത്തിൽ പെയ്ത മഴപോലെ ആയിപ്പോയി. അതു സ്വന്തം സ്ഥിതി ഓൎത്തായിരുന്നു എങ്കിൽ അതുകൊണ്ടു വല്ല ഫലവും ഉണ്ടായേനേ. എത്രയും അപൂൎവ്വമായി മാത്രം ഒരു ഇംഗ്ലീഷുകാരനിൽനിന്നു പുറപ്പെടുന്ന "സഹതാപം" ഇത്രയും നിരൎത്ഥവും അനാവശ്യവും ആയ വിധത്തിൽ ചിലവായിപ്പോകുന്നുവല്ലോ എന്നു ഞാൻ പലപ്പോഴും വ്യാകുലപ്പെടാറുണ്ടു്.

ചില്ലറ ചില ആഭരണങ്ങൾ അണിഞ്ഞും, ഒരു ഇളം പുഞ്ചിരിയാൽ മുഖകമലം വിടൎത്തി, സ്നേഹം തെളിയുന്ന കുവലയനേത്രങ്ങളാൽ കുതൂഹലം വളൎത്തി ദയ, കരുണ, അനുരാഗം മുതലായ ചില ഉൽകൃഷ്ടവികാരങ്ങളോടുകൂടി സേവനജോലികളിൽ നമ്മുടെ സ്ത്രീകൾ ഏൎപ്പെടുന്നതു നാം നിത്യം കാണുന്നു. ഓമനയായ ഒരു കുട്ടിയെ കൈത്തണ്ടുകളിൽ

എടുത്തു് അവർ താലോലിക്കുമ്പോൾ അവരുടെ കണ്ണുകളിൽ സന്തോഷാശ്രുക്കൾ നിറയുന്നു; വല്ല സംഗതിയിലും സൌന്ദര്യപ്പിണക്കത്തിന്നിടവരുമ്പോൾ ദുഃഖസമ്മിശ്രമായ ഒരു വിളർച്ച അവരുടെ കവിൾത്തടങ്ങളിൽ കാണപ്പെട്ടമെങ്കിലും അവരുടെ കണ്ണുകളിൽ അപ്പോഴും തെളിഞ്ഞുകാണുന്നതു് ക്ഷമയും, അടക്കവും, ഒതുക്കവും, സ്നേഹവും ആകുന്നു. നിഷ്ഠുരന്മാരായ ഭർത്താക്കന്മാരും, കൃതഘ്നന്മാരായ മക്കളും ആകുന്നു സ്ത്രീകൾക്കു് ഏററവും വ്യസനവും നിരാശയും ഉണ്ടാക്കുന്ന രണ്ടു സംഗതികൾ. ഇവ രണ്ടും പാശ്ചാത്യരാജ്യങ്ങളേക്കാൾ തുലോം കുറവാകുന്നു ഇന്ത്യയിൽ. മത്സ്യങ്ങൾക്കെല്ലാം പെട്ടെന്നു് വിശേഷബുദ്ധിയും ആലോചനാശക്തിയും നൽകപ്പെടുന്നതായാൽ അവ ഇപ്രകാരം ആലോചിക്കുമായിരിക്കും. "കഷ്ടം! മനുഷ്യരെല്ലാം എന്തിനാണു് ഈ കരയിൽ കിടന്നു്, വെള്ളം കുടിക്കാതെയും, നീന്തിക്കളിക്കാതേയും, ചൂടുകൊണ്ടു ബുദ്ധിമുട്ടുന്നതു്; അവൎക്കെല്ലാം കുളങ്ങളിലും, പുഴകളിലും, സമുദ്രങ്ങളിലും ഇറങ്ങി അവിടെ സ്ഥിരതാമസം ഉറപ്പിച്ചു ഞങ്ങളെപ്പോലെ ജീവിതസുഖം അനുഭവിക്കരുതോ!" ഇന്ത്യാക്കാരുടെ സ്ഥിതി ഓൎത്തു വ്യസനിച്ചു് അവരെ അങ്ങോട്ടു ക്ഷണിക്കുന്ന പാശ്ചാത്യന്മാരുടെ സഹതാപവും ക്ഷണനവും ഏകദേശം ഇതുപോലെതന്നെ ആകുന്നു.

നാടും വീടും വിടുന്നതിൽ വിമുഖന്മാരാണു് ഇന്ത്യക്കാർ എന്നു് ഒരു ആക്ഷേപമുണ്ടു്. വളരെ ശരിയാണു്. ഇന്ത്യാക്കാൎക്കു് യഥാൎത്ഥമായി ഒരു വീടും നാടും ഉണ്ടു്. ഭവനവും ഭരദേവതയും ഇന്ത്യാക്കാൎക്കു് ഒരിക്കലും മറക്കുവാൻ വയ്യാത്ത രണ്ടുവലിയ കാൎയ്യങ്ങളാകുന്നു. പാശ്ചാത്യന്മാരെ ഭൂമിയുടെ നാനാഭാഗത്തേക്കും പിടിച്ചുവലിക്കുന്ന ആ ശക്തിയെപ്പോലെതന്നെ, പക്ഷെ അതിലും ബലം കൂടുന്നതും പാവനത്വം ഏറിയതും ആയ ഒരു ശക്തി, ഇന്ത്യാക്കാരെ നാട്ടിന്റേയും, ഭവനത്തിന്റേയും, അന്തഃപുരത്തിന്റേയും, നേരെ പിടിച്ചു വലിക്കുന്നു.

51288

ഒരു ഹൈന്ദവഭവനത്തിൽ കയറിച്ചെല്ലുന്ന പാശ്ചാത്യൻ കാണുന്നതെന്താണു്? ചെറിയ മുറികാം, അത്യന്തം ചെറിയ കിളിവാതില്പുകാം, മഷിപിടിച്ച ചുമരുകാം, പരവതാനി വിരിക്കാത്ത നിലം, ചില പഴയ കണ്ണാടികാം, ചളിയണിഞ്ഞ കുട്ടികാം ഇവയെല്ലാമാകുന്നു. ഇതെല്ലാം കണ്ടു്. "ഭയങ്കരം, കഠിനം, ശുദ്ധമൃഗങ്ങാം, കാടന്മാർ, കന്നുകാലികാം" എന്നൊക്കെ വെള്ളക്കാരൻ പിറുപിറുക്കുകയും, അഥവാ ഉറച്ചു പറകയും ചെയ്യുന്നു. പക്ഷെ അവർ മുഴുവൻ കണ്ടിട്ടില്ല. "രാപ്പകൽ പ്രൌഢശോഭം" ആയ ഒരു സാധനം ആ ഭവനത്തിൽ ഉണ്ടു്. അതിൻെറ പ്രഭകൊണ്ടു് മററുള്ളതൊന്നും നാം അറിയുന്നില്ല. ഷേക്സ്പീയറും, മിൽട്ടനും, മില്ലും റസ്കിനും നാമും വായിക്കുന്നുണ്ടു്. വലിയ ഉദ്യോഗങ്ങാം നാം ഭരിക്കുന്നുണ്ടു്. കടലാസ്സുകളിലേക്കു് എഴുതുകയും പുസ്തകങ്ങാം നിമ്മിക്കയും നമ്മളും പതിവുണ്ടു്. എന്നാലും, നാം കൊളുത്തിവയ്ക്കുന്നതു് ഒരു നിലവിളക്കും, ഉടുക്കുന്നതു് ഒരു ഓററമുണ്ടും, കിടക്കുന്നതു പായയിലും, താമസിക്കുന്നതു ഈ വീട്ടിലും ആകുന്നു. പണത്തിൻെറ അവസ്ഥപോലെ ഭാര്യ്യയ്ക്കു പണ്ടം പണിയിക്കുകയും മററും ഇന്ത്യാക്കാരും ചെയ്യാറുണ്ടു്. ഒരു വെറും പായയിൽ നമുക്കു് പൊന്നോമനയായ ഒരു കൊച്ചു കുട്ടിയെ കിടത്തി, രണ്ടുവശത്തുമായി അച്ഛനും അമ്മയും കിടന്നു്, പൊളിഞ്ഞ ഒരു ഓല വിശറികൊണ്ടു് അന്യോന്യം വീശി സുഖനിദ്ര പ്രാപിക്കുന്ന ഇന്ത്യയിലെ ദമ്പതികാംക്കു് അവരുടെ ഭവനങ്ങാം ഒരിക്കലും നരകങ്ങാം എന്നു തോന്നാറില്ല.

ഇന്ത്യാക്കാക്കു് ബംഗ്ലാവുകളും പൂച്ചെടികളും ഇല്ലായിരിക്കാം. ഇവിടെ സോഫയും പരവതാനിയും അപൂവ്വമായിരിക്കാം. എന്നാൽ, ഞങ്ങാംക്കു സ്നേഹം, വിശ്വാസം, ദയ മുതലായ ചില വിശിഷ്ടഗുണങ്ങാം ഇല്ലായ്കയില്ല. ഒരു തടുക്കുപായയിൽ കാലു പിണച്ചിരുന്നായിരിക്കാം, ഞങ്ങാം ഇംഗ്ലീഷുപുസ്തകങ്ങാം വായിക്കുന്നതു്. എന്നാലും ഞങ്ങാം

ക്കും അതിൻെറ ഗുണാഗുണങ്ങൾ അറിയുവാൻ സാധിക്കുന്നുണ്ടു്. ഒരു നിലവിളക്കത്തിരുന്നു, അർദ്ധനഗ്നന്മാരായിട്ടായിരിക്കാം ഞങ്ങൾ ഇംഗ്ലീഷുകാരുടെ ശാസ്ത്രീയ ഗ്രന്ഥങ്ങൾ പഠിക്കുന്നതു്. എന്നിട്ടും അതിലെ കാൎയ്യങ്ങൾ ഞങ്ങൾക്കു വേണ്ടതിൽ അധികം മനസ്സിലാകുന്നുണ്ടെന്നതിന്നു ഹിന്ദു ബാലന്മാരിലും കൂടി കുറേശ്ശ അങ്കുരിച്ചു കാണുന്ന അവിശ്വാസവും നാസ്തികത്വവും തന്നെ മതിയായ ലക്ഷ്യങ്ങളാകുന്നു.

ഇന്ത്യാക്കാരുടെ മനോഗതികൾ യൂറോപ്യന്മാൎക്കു് ധരിക്കുവാൻ സാദ്ധ്യമല്ല. അതുപോലെതന്നെ അവരുടെ പ്രവൃത്തികളുടെ തത്വം നമുക്കും മനസ്സിലാകുന്നില്ല. ഒരു യൂറോപ്യൻ അവൻെറ വീട്ടുസാമാനങ്ങളേയും, നായാട്ടിനേയും സഭകളേയും സ്വന്തം ഭാൎയ്യയേക്കാളും കുട്ടിയേക്കാളും ഭവനത്തേക്കാളും അധികം ഇഷ്ടപ്പെടുന്നു എന്നല്ലേ, മുൻപറഞ്ഞവയെല്ലാമുണ്ടായാൽ മറ്റുള്ളവയൊന്നും ഇല്ലെങ്കിലും കഴിക്കാമെന്നു വിചാരിക്കുന്നതിൻെറ ശരിയായ അൎത്ഥം. ഒരു പാശ്ചാത്യന്നു സുഖം ആദ്യവും സ്നേഹവും അനുരാഗവും രണ്ടാമത്തും ആകുന്നു. ഒരു ഇന്ത്യാക്കാരന്നു സ്നേഹമാണു പ്രധാനവും പ്രഥമവും ആയ ആവശ്യം. വിവാഹം കൂടാതെ ഒരു ഇന്ത്യാക്കാരന്നു കഴിച്ചുകൂട്ടുവാൻ സാദ്ധ്യമല്ല. തിമിങ്ങലം പ്രായേണ സമുദ്രത്തിൻെറ അഗാധതയിൽ ജീവിക്കുന്നു എങ്കിലും, എടക്കിടക്കു് ശ്വാസം കഴിക്കുന്നതിന്നു പുറത്തുവന്നില്ലെങ്കിൽ അതു ചത്തുപോകും. കച്ചേരികാൎയ്യങ്ങൾ നടത്തുകയോ, പുസ്തകങ്ങൾ എഴുതുകയോ വായിക്കുകയോ ഏതെങ്കിലും ചെയ്യാം. പക്ഷെ അവയ്ക്കെല്ലാമിടയ്ക്കു് ഒന്നു രണ്ടു കുറിയെങ്കിലും അന്തഃപുരത്തിൽ കടന്നു ചെന്നു് അവിടെ കഴിയുന്നതെല്ലാം കണ്ടാനന്ദിക്കാതെയൊ, കുട്ടികളെ ഒന്നു ഓമനിക്കാതെയോ, ഭാൎയ്യയോടു് ഒന്നു സല്ലപിക്കാതെയോ, ഇരിക്കുന്നതു് ഒരു ഇന്ത്യാക്കാരന്നു തീരെ അസാദ്ധ്യമാകുന്നു. ടെന്നീസ്സ കളിക്കുവാനും, വിശേഷാവസരങ്ങളിൽ കണ്ടവരോടുകൂടി ആടുവാനും, സാ

ധിക്കാത്ത സ്ത്രീകൾ ഭാഗ്യവതികളല്ലെന്ന് ഒരു പാശ്ചാത്യൻ വിചാരിക്കുന്നു. സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്താൽ മതി, മറ്റൊന്നും വേണ്ടാ, ഒരു സ്ത്രീയുടെ ഭാഗ്യ പൂർത്തിക്കെന്നും, ഇന്ത്യയിൽ വിശ്വസിക്കപ്പെടുന്നു.

ഹിന്ദുസമുദായത്തിന്നു പരിഷ്കാരം പലതും വരാനുണ്ടായിരിക്കാം. അതൊന്നും ഞാൻ നിഷേധിക്കുന്നില്ല. ആ കപ്പാടെ പറയുന്നതായാൽ ഹിന്ദുസ്ത്രീകൾ ഭാഗ്യഹീനകളാണെന്നോ, പുരുഷന്മാരോടൊപ്പം ഓടിച്ചാടി അവകാശവാദങ്ങൾ പുറപ്പെടുവിച്ച "കഌ്ലറു"ണ്ടാക്കാനോ മറ്റോ അവർ തുടങ്ങാത്തതുകൊണ്ട് അവരെല്ലാം പാശ്ചാത്യ വനിതകളേക്കാൾ താഴെയാണെന്നോ, ഞാൻ വിശ്വസിക്കുന്നില്ല. എന്തു പരിഷ്കാരം വന്നാലും "സ്ത്രീത്വം" നശിക്കാതെയും ഭവനത്തിൻെറ ശ്രേഷ്ഠതയും ആവശ്യവും വിസ്മരിക്കപ്പെടാതെയും ഇരിക്കേണ്ടതാകുന്നു.

നമ്മുടെ സമുദായത്തിൻെറ സ്ഥിതിയും വളർച്ചയും, കൂട്ടവകാശത്തോടുകൂടിയുള്ള ഒരു പ്രത്യേക നിലയിലായതുകൊണ്ടാണ്, ഇന്ത്യാ, പാശ്ചാത്യരാജ്യങ്ങളെപ്പോലെ ശക്തിയും പ്രബലതയും നേടാഞ്ഞത്. ഇന്ത്യയിൽ ഉണ്ടായിട്ടുള്ളത് ഉത്തമമാതൃകകളായ മാതാക്കന്മാരും, പിതാക്കന്മാരും പുത്രന്മാരും സഹോദരന്മാരും, കളത്രങ്ങളും ആകുന്നു. അതാണ് സമുദായസ്ഥാപകന്മാർ ഉദ്ദേശിച്ചിട്ടുള്ളതും. സന്ന്യാസികളും, താപസന്മാരും ഇന്ത്യയിൽ ധാരാളം ഉണ്ടായിട്ടുണ്ട്. എന്നാൽ, രാജ്യത്തിനുവേണ്ടി ജീവൻ ബലികഴിക്കുവാൻ ഒരുങ്ങി മുന്നണിയിലേക്ക് ഓടിച്ചാടിച്ചെല്ലുന്ന വീരന്മാരായ പ്രതാപകാംക്ഷികളെ ഇന്ത്യാമാതാവ് അധികം പ്രസവിച്ചിട്ടില്ല. കാരണമെന്താണ്? ഒന്നാമതായി ഒരു ഹിന്ദുവിൻെറ "ലോകം" അവൻെറ കുടുംബമാകുന്നു; രണ്ടാമതു, ലൌകികാഡംബരത്തിലല്ല ഹിന്ദുക്കളുടെ മനസ്സു സ്ഥായിയായി പതിഞ്ഞിട്ടുള്ളതു്.

യൂറോപ്പിൽ ഭവനം നിസ്സാരമാകുന്നു. ഒരുത്തനെ ഭവനത്തോടു ബന്ധിക്കുന്ന കെട്ട് എത്രയും ബലം കുറഞ്ഞതാകുന്നു. അതുകൊണ്ടു, മുൻപ്രസ്താവിച്ച തരത്തിലുള്ള സ്വദേശസ്നേഹികളും ധീരയോദ്ധാക്കളും അവിടെ ധാരാളം ഉണ്ടായിട്ടുണ്ടു്. "പാതിയും മനുഷ്യന്റെ ഭാൎയ്യയെന്നറിഞ്ഞാലും" എന്നാണു് നാം പറയുന്നതു്. ഏതെങ്കിലും ഒരു "ക്ലബ്ബി"ലെ അംഗമല്ലാത്തവൻ അപൂൎണ്ണനാണെന്നു പാശ്ചാത്യന്മാർ പറയുന്നു. ചെറുകുട്ടികളില്ലാത്ത ഭവനങ്ങൾ വിജനസ്ഥലങ്ങൾ എന്നു നാം വിശ്വസിക്കുന്നു. നല്ലനല്ല വീട്ടുസാമാനങ്ങൾ ഇല്ലാത്ത ഭവനങ്ങൾ കേവലം ശൂന്യസ്ഥാനങ്ങൾ എന്നു യൂറോപ്യന്മാർ ശഠിക്കുന്നു. ഇതാണു് ഇന്ത്യയും യൂറോപ്പും തമ്മിലുള്ള വ്യത്യാസം. പാശ്ചാത്യ പരിഷ്കാരംകൊണ്ടുള്ള അവസാനഫലം, നിൎജ്ജീവമായ ഒരു മഹാ മരുഭൂമിയെ കൃത്രിമമായുണ്ടാക്കി, അതിന്നടിയിൽ, മനുഷ്യരുടെ ആദിസുഖത്തിന്നു പ്രധാന കാരണമായതും, പരസ്പരവിശ്വാസത്തിന്നും സഹജീവിസ്നേഹത്തിന്നും ആദ്യത്തെ ഉല്പത്തിസ്ഥാനമായതും, മററു അനേക വിശിഷ്ടോദ്ദേശങ്ങളെ സാധിച്ചിട്ടുള്ളതും, ഇനിയും സാധിക്കുവാനുള്ളതും ആയ "ഭവന"ത്തെ, കുഴിച്ചുമൂടുകയായിരിക്കുമോ?

ഭവനങ്ങൾ ക്രമേണ ഇല്ലാതാകുകയും, ഹോട്ടലുകൾ അതിന്നു പകരം വൎദ്ധിക്കുകയും, എല്ലാവരും അവരവൎക്കുവേണ്ടി മാത്രം പ്രയത്നിക്കയും സമ്പാദിക്കയും, ഒന്നോ രണ്ടോ മുറികളും ഒരു ചാരു കസേരയും, ഒരു കുതിരയും, ഒരു നായയും, ഒരു തോക്കും, ഒരു ക്ലബ്ബും ഉണ്ടായാൽ സൎവ്വസുഖവും തികഞ്ഞു എന്നു സകലരും വിശ്വസിക്കയും ചെയ്യുന്നതായാൽ, ആ രാജ്യത്തെ സ്ത്രീകൾക്കു് സ്ഥാനം എവിടെ ആകുന്നു? പാൎക്കുകളിൽവെച്ചു സംസാരിക്കുവാനോ, വിരുന്നു സ്ഥലങ്ങളിൽ കൂടിയാട്ടത്തിന്നോ, നാടകശാലകളിൽ വിനോദിപ്പാനോ അല്ലാതെ അവരെ ആർ ആവശ്യപ്പെടുന്നു. "ഒരു സ്ത്രീ ഒരു

സ്ത്രീയാണു്, എന്നാൽ ഒരു സിഗർററു് ഒരു "വലിയാണു്" എന്നു് അഭിപ്രായപ്പെട്ടിരിക്കുന്ന കിപ്ലിംഗിൻെറ വാക്കുകൾ ഇതിലേക്കു് നല്ല ഒരു തെളിവാകുന്നു.

മനുഷ്യഭവനങ്ങൾ തേൻകൂട്ടുകൾ പോലെ ആണെന്നു പറയാം. മുമ്പെല്ലാം പെണ്ണീച്ചകൾ കൂട്ടിൽനിന്നു പുറത്തിറങ്ങാറില്ല. ആണീച്ചകൾ തേൻ സമ്പാദിച്ചുകൊണ്ടുവന്നു രണ്ടു പേരും അനുഭവിച്ചു തൃപ്തിപ്പെടുകയാണു് പതിവു്. ഇപ്പോഴത്തെ സ്ഥിതി അങ്ങിനെയല്ല. തന്നിഷ്ടക്കാരായ ആണീച്ചകൾ സമ്പാദിക്കുന്ന തേൻ മുഴുവനും വല്ല സ്ഥലത്തും കൊണ്ടുവന്നു സൂക്ഷിച്ചു ഇഷ്ടംപോലെ തന്നത്താൻ അനുഭവിക്കുന്നു. പെണ്ണീച്ചകൾക്കു് അതുകൊണ്ടു പുറത്തു വരാതെ നിവൃത്തിയില്ലാതായി. മിണ്ടാതിരുന്നാൽ പട്ടിണിപററാതെ കഴിവില്ലാതായി. പെട്ടന്നുണ്ടായ ഈ സ്ഥിതിഭേദത്തിനനുസരിച്ചു പ്രവൎത്തിക്കുന്നതിന്നുവേണ്ടതായ പരിചയവും പഠിപ്പും അവൎക്കു് സിദ്ധിച്ചിട്ടില്ലാത്തതുകൊണ്ടു്, അവർ അങ്ങും ഇങ്ങും ചെന്നു മുട്ടി ബുദ്ധിമുട്ടേണ്ടിവരുന്നു. ഇതാണു് പാശ്ചാത്യ സമുദായത്തിലെ താൽക്കാലികാവസ്ഥ. എന്നാൽ, ഇന്ത്യയിൽ ഇന്നും ഭവനം പരിപാലിക്കുന്നതും ഭരിക്കുന്നതും സ്ത്രീകളാകുന്നു. അവർ മഹാരാജ്ഞികളെപ്പോലെ അവരുടെ ചെറിയരാജ്യം ഭവനം—ഭരിച്ചു പൂൎണ്ണസുഖത്തോടും സംതൃപ്തിയോടും കൂടി കാലം കഴിക്കുന്നു. പുറത്തിറങ്ങി ഇരതേടി നടക്കേണ്ടതിന്നു് അവൎക്കു് ഇപ്പോൾ ആവശ്യമില്ല. പരിഷ്കാരഭ്രമം ഈ വലിയ അനുഗ്രഹത്തെ ഇല്ലായ്മ ചെയ്യാതിരിക്കട്ടെ

കാലംകൊണ്ടു നമ്മുടെ സമുദായത്തിന്നും മാററം വേണ്ടിവന്നിരിക്കുന്നു. ഭൎത്താവിനെ ജീവിതായോധനത്തിൽ സഹായിക്കേണ്ടതിന്നു ഭാൎയ്യ കടപ്പെട്ടവളാകുന്നു. അതുകൊണ്ടു സ്ത്രീകൾ തീരെ പുറത്തിറങ്ങാതെയും അശേഷം ലോകപരിചയം നേടാതേയും ഇരിക്കുന്നതു് ഒട്ടും തൃപ്തികരമല്ല. ഭാൎയ്യാഭൎത്താക്കന്മാർ തമ്മിൽ നല്ല ചേൎച്ചയും യോജിപ്പും ഉണ്ടാ

കേണമെങ്കിൽ ഭത്താവിന്നുള്ളപോലെ കുറേയെങ്കിലും വിദ്യാഭ്യാസം ഭാൎയ്യക്കും ഉണ്ടായിരിക്കേണ്ടതാകുന്നു. അതിനാണു സ്ത്രീവിദ്യാഭ്യാസത്തിന്നു പ്രചാരം ഇനിയും വേണമെന്നു പറയുന്നതു്. ഈ അത്യാവശ്യത്തെ നല്ലവണ്ണം ജനങ്ങൾ ധരിച്ചിട്ടുള്ളതിനാൽ ബാഹ്യങ്ങളായ നിബന്ധനകൾ കൂടാതെ തന്നെ അധികാരികൾ പെൺകുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്നുണ്ടു്. ഇപ്പോൾ സ്കൂളുകളിൽനിന്നു നമ്മുടെ പെൺകുട്ടികൾക്കു ലഭിക്കുന്ന വിദ്യാഭ്യാസം അവരുടെ ഉത്തരോത്തരമുള്ള അഭിവൃദ്ധിക്കും സ്ത്രീസ്വഭാവത്തിന്നും പററിയതാണോ എന്നു എല്ലാവരും വളരെ മനസ്സിരുത്തി ആലോചിക്കേണ്ടതാണു്.

ഹിന്തുസമുദായം അങ്ങിനെതന്നെ ഉടച്ചുവാൎക്കണമെന്നും, അതു വേണ്ടാ എല്ലാം പഴയരീതിയിൽതന്നെ ഇരുന്നാൽ മതി എന്നും രണ്ടുപക്ഷക്കാരുണ്ടു്. രണ്ടും രണ്ടററമായിപ്പോയി. മദ്ധ്യംപിടിച്ചു പ്രവൎത്തിക്കുന്നതാണു് ആവശ്യവും യുക്തവും. അത്യാവശ്യങ്ങളായ സംഗതികളിൽ തീർച്ചയായും കുറേശ്ശ വിട്ടു പ്രവൎത്തിക്കാഞ്ഞാൽ ജീവിതമത്സരത്തിൽ നാം വളരെ പിന്നിലായിപ്പോകും. എന്തൊരു പരിഷ്കാരത്തെ അംഗീകരിക്കുമ്പോഴും അതിന്നു യഥാൎത്ഥമായ ആവശ്യകതയുണ്ടോ എന്നു നാം വിവരമായി അന്വേഷിക്കണം. ഇംഗ്ലീഷുവിദ്യാഭ്യാസം നാം സ്വീകരിക്കുന്നതും പ്രചാരപ്പെടുത്തുന്നതും ഇന്ത്യാക്കാരെ എല്ലാം ഇംഗ്ലീഷുകാരാക്കുന്നതിന്നല്ല. അതു സാദ്ധ്യമാണെങ്കിൽകൂടി അതിന്നു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മനോവികാസവും ലോകവ്യുല്പത്തിയും സമ്പാദിക്കാനാണു ശ്രമിക്കേണ്ടതു്. പരമാൎത്ഥം എവിടെ കണ്ടാലും അതു സ്വീകാരയോഗ്യമാണു്. സത്യത്തിന്നു ജാതിഭേദമോ ദേശഭേദമോ ഇല്ല. അവിടവിടെയായി ചിന്നിച്ചിതറിയും ചളിപിടിച്ചും കിടക്കുന്ന "സത്യശകലങ്ങളെ" കൂട്ടിച്ചേൎത്തു നോക്കുന്നതായാൽ മനുഷ്യജന്മോദ്ദേശം വെളിപ്പെടും. ഈ ഉദ്ദേശത്തോടു

കൂടി നാം നമ്മുടെ സകല പ്രവൃത്തികളേയും നിയമനം ചെയ്യേണ്ടതാകുന്നു.

## ഹൈന്ദവസമുദായഹൃദയം

ഇന്ത്യയിൽ പണ്ടുകാലങ്ങളിൽ രാജാക്കന്മാർ ഘോര സമരങ്ങളിൽ ഏർപ്പെട്ടുകയും സ്വരാജ്യങ്ങൾ സംരക്ഷിക്കുകയും നീതിന്യായങ്ങൾ പരിപാലിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ജലശേഖരം മുതൽ വിജ്ഞാനവിതരണംവരെയുള്ള സകല കാര്യങ്ങളും സനിഷ്കർഷം സാധിച്ചിരുന്നതു സാമുദായികശക്തിമൂലമായിട്ടായിരുന്നു. അന്നത്തെ ഹൈന്ദവസമുദായം സജീവവും അതിൻെറ ഘടന ദൃഢവും ആയിരുന്നു. തുടരെത്തുടരെ സംഭവിച്ചിരുന്ന രാജ്യവിപ്ലവങ്ങളോ, മലവെള്ളംപോലെ അടിച്ചുകയറിക്കൊണ്ടിരുന്ന അന്യശക്തികളുടെ ആക്രമണങ്ങളോ, ഒന്നുംതന്നെ ആ ഘടനയുടെ രാമണീയകത്തെയോ, പ്രവൃത്തികളുടെ വിവിധത്വത്തേയോ അശേഷം സ്പർശിച്ചിരുന്നില്ല. ആ വക കലാപങ്ങൾ ഒന്നും ധർമ്മവിസ്മൃതിയിൽ മുക്കി മനുഷ്യരെ കേവലം മൃഗങ്ങളാക്കിത്തീർത്തില്ല; അതുകൊണ്ടൊന്നും ജനങ്ങൾ സാമുദായികബന്ധങ്ങളെ വലിച്ചുപൊട്ടിച്ചു നിരാലംബരായ അഗതികളായിത്തീർന്നില്ല. രാജാക്കന്മാർ അശ്രാന്തം മത്സരിച്ചുകൊണ്ടിരുന്നു; എങ്കിലും കാറേററു മർമ്മരധ്വനി മുഴക്കുന്ന മുളകളുടെ സമീപങ്ങളിലും പൂത്തേന്തുന്നുന്ന പുംസ്കോകിലങ്ങൾ പാടുന്ന രസാലവൃക്ഷങ്ങളുടെ എടയിലും മനോഹരങ്ങളായ മഹാക്ഷേത്രങ്ങളും വഴിപോക്കർക്കുള്ള വലിയ സത്രങ്ങളും ജനസാമാന്യത്തിൻെറ ഉപയോഗത്തിന്നുള്ള വമ്പിച്ച ജലാശയങ്ങളും വഴിപോലെ വളൎന്നുകൊണ്ടുവന്നു. ഗ്രാമഗുരുക്കന്മാർ പുരാണകഥകൾ യഥാക്രമം പഠിപ്പിച്ചുകൊണ്ടിരുന്നു. ഉയർന്നതരം തത്വജ്ഞാനപരങ്ങളായ വിഷയങ്ങൾ അക്കാലത്തു് അവ്യൂച്ഛ

ങ്ങളായിരുന്നതുമില്ല. ഗ്രാമവീഥികളിലും സഭാസ്ഥലങ്ങളിലും രാമായണപാരായണവും നാമസങ്കീർത്തനവും മുഴങ്ങിക്കൊണ്ടിരുന്നു. അന്നത്തെ സാമുദായികജീവിതം, ആ സമുദായത്തിൽ നിന്നു വിട്ടതായോ വിഭിന്നമായോ ഉള്ള ഒരു അന്യശക്തിയെ ഒരിക്കലും ആശ്രയിച്ചിരുന്നില്ല. അന്യശക്തികളുടെ ആക്രമണം, തന്നിമിത്തം, ആ സമുദായത്തിന്റെ മനോഹരജീവിതത്തെ അത്രമേൽ വ്യത്യാസപ്പെടുത്തിയതുമില്ല.

രാഷ്ട്രീയകാര്യങ്ങളെക്കുറിച്ചുള്ള നമ്മുടെ ഇന്നത്തെ ആവലാതികൾ കേവലം നിസ്സാരങ്ങളാകുന്നു. അതിനെക്കുറിച്ചു നാമത്ര സന്തപിക്കയും കണ്ണീരൊഴിക്കയും ചെയ്യേണ്ടതില്ല. അതിന്നെല്ലാം ആദ്യകാരണമായി, അടിസ്ഥാനമായി, ഏക നിമിത്തമായി, ഒരു സംഗതിയുണ്ടു്. ആ സംഗതി നമ്മെ അത്യന്തം വ്യസനിപ്പിക്കേണ്ടതാണു്. അതു ചിന്തിച്ചാണു നാം കുണ്ഠിതപ്പെടേണ്ടതു്. അതു മറ്റൊന്നുമല്ല, നമ്മുടെ ദൃഷ്ടികൾ ഇപ്പോൾ നമ്മുടെ സാമുദായകേന്ദ്രത്തെ ദർശിക്കുന്നില്ല. ആ ദൃഷ്ടികൾ സമുദായത്തിന്നു പുറത്തുള്ള അന്യവസ്തുക്കളുടെ നേരെയാണു തിരിഞ്ഞിരിക്കുന്നതു്.

ഒരു ഗ്രാമത്തിന്റെ സമീപത്തിൽക്കൂടി ഒഴുകിയിരുന്ന നദിയുടെ ഗതിക്കു പെട്ടെന്നു് ഒരു മാറ്റം സംഭവിക്കയും അതു് ആ സ്ഥലംവിട്ടു മറ്റൊരു ദിക്കിൽക്കൂടി ഒഴുകിത്തുടങ്ങുകയും ചെയ്താൽ തീർച്ചയായും ആ ഗ്രാമത്തിലെ തോട്ടങ്ങളും ഫലവൃക്ഷങ്ങളും, കൃഷിയും കച്ചവടവും, സുഖവും സൌകര്യവും, എല്ലാം അതോടുകൂടി താനേ ഒലിച്ചുനശിച്ചുപോകുന്നതായിരിക്കും. ആ ഗ്രാമം കാലാന്തരത്തിൽ ജനശൂന്യമായിത്തീരുകയും ചെയ്യും. അവിടത്തെ തോട്ടങ്ങൾ വെറും മരുസ്ഥലങ്ങളും, ആ പഴയ ഫലപുഷ്ടിയുടെ അവശിഷ്ടങ്ങളായി അവിടവിടെ കാണപ്പെടുന്ന കാടും പടലുമെല്ലാം കടവാതലുകളുടേയും മൂങ്ങകളുടേയും വസതികളും ആയി പരിണമിക്കും.

മനുഷ്യൻെറ മനസ്സാകുന്ന നദിയുടെ പ്രവാഹത്തിൻെറ സ്ഥിതിയും ഏതാണ്ട് അതുപോലെതന്നെ ആകുന്നു. പുരാണകാലം മുതൽ ആരംഭിച്ചതും തടസ്സം കൂടാതെ ഒഴുകിക്കൊണ്ടിരിന്നതുമായ ഈ പ്രവാഹം—അംഗങ്ങളിൽനിന്നും സമുദായകേന്ദ്രത്തിലേയ്ക്കും ആ കേന്ദ്രത്തിൽനിന്ന് അനുസൃതമായി ഓരോ വ്യക്തിയിലേയ്ക്കും അംഗത്തിലേയ്ക്കും പ്രവേശിച്ചുകൊണ്ടിരുന്ന സജീവമായ ആ ചിന്താപ്രവാഹം—ഇന്ത്യയിലെ ഗ്രാമങ്ങളെയെല്ലാം പരിശുദ്ധങ്ങളും, ഫലപ്രദങ്ങളും, മനോഹരങ്ങളും ആക്കിച്ചെയ്തു. എന്നാൽ ഇപ്പോൾ ഇന്ത്യയുടെ മനസ്സ്—ഹൈന്ദവഹൃദയം—ഗ്രാമങ്ങളിൽനിന്ന് എന്നെന്നേയ്ക്കുമായി പുറത്തുപോയിരിക്കുന്നു. ആ ഹൃദയം അന്യവസ്തുക്കളിൽ പററിക്കൂടിയിരിക്കുന്നു. ഹൈന്ദവഹൃദയമാകുന്ന നദിയുടെ ഗതി മാറിയിരിക്കുന്നു. ആ നദിക്കു പണ്ടുകാലങ്ങളിലെപ്പോലെ ഹിന്ദുസമുദായത്തെ കുളിർപ്പിക്കുവാനും കൊഴുപ്പിക്കുവാനും ശക്തിയില്ലാതായിത്തീന്നിരിക്കുന്നു. തന്നിമിത്തം, ഹിന്ദുദേവാലയങ്ങൾ അററകുററങ്ങൾ തീക്കുവാൻ ആളില്ലാതെ, ജീണ്ണിച്ചുകിടക്കുന്നു. ചളിയും ചവറും നീക്കി നന്നാക്കുന്നതിനുടമസ്ഥന്മാരില്ലാതെ ജലാശയങ്ങൾ എല്ലാം രോഗബീജങ്ങൾ നിറഞ്ഞു പൊട്ടക്കുളങ്ങളായിത്തീന്നിരിക്കുന്നു. ധനികന്മാരുടെ വസതികളെല്ലാം യാതൊരു ആഘോഷങ്ങൾക്കും അതിഥിസൽക്കാരങ്ങൾക്കും സദ്യകൾക്കും അവസരമില്ലാതെ ശൂന്യങ്ങളായിരിക്കുന്നു. അതുകൊണ്ട്, ഇപ്പോൾ നമുക്കു വെള്ളം വേണമെങ്കിൽ അതു ഗവമ്മേണ്ടു തരണം; നമുക്ക് ആരോഗ്യം വേണമെങ്കിൽ അതു ഗവമ്മേണ്ടു നൽകണം; നമുക്കു വിദ്യാഭ്യാസം വേണമെങ്കിൽ അതിനും ഗവമ്മേണ്ടിൻെറ തഴതിട്ട വാതിൽക്കൽ നാം കെട്ടിക്കാത്തുനിൽക്കണം. ഏതുകാലത്തും ഏററവും ഹൃദയാനന്ദകരമായ വിധത്തിൽ സ്വയമേവ പുഷ്പും കായ്ച്ചും ശോഭിച്ചിരുന്ന ആ മരംതന്നെ—പുരാതനവും ശ്രേഷ്ഠവുമായ ഹിന്ദുസമുദായവൃക്ഷംതന്നെ—ഇപ്പോൾ ചില്ലകളെല്ലാം ഉണങ്ങിയും ഇലക

ളെല്ലാം കൊഴിഞ്ഞും നിസ്സഹായഭാവത്തിൽ മേല്പോട്ടു നോക്കി, "പുഷ്പം തരേണമേ", "തളിരുണ്ടാക്കേണമേ" എന്നു യാചിച്ചുകൊണ്ടു നില്ക്കുന്നു! ആ പ്രാർത്ഥന അംഗീകരിക്കപ്പെട്ടാൽതന്നെ എന്താണു് ഒരു പ്രയോജനമുള്ളതു്? കെട്ടിച്ചമച്ച ഫലപുഷ്ടി എന്തിന്നുള്ളതാകുന്നു? എത്രമേൽ നിലനില്ക്കുന്നു?

"സൎക്കാരാ"ണു് ഇംഗ്ലണ്ടിലെ സൎവ്വപ്രധാനമായ ശക്തി. പണ്ടുകാലങ്ങളിൽ നമ്മുടെ രാജ്യത്തുണ്ടായിരുന്ന രാജശക്തിയുടെ സ്ഥിതി വളരെ വ്യത്യസ്തമായിരുന്നു. ഇംഗ്ലണ്ടിലെ ജനങ്ങളുടെ ക്ഷേമത്തിന്റെ പ്രധാനമായ അധികാരിയും ചുമതലക്കാരനും ഭരണകൎത്താവാകുന്നു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം മുഴുവനും അങ്ങിനെയല്ല. ജനങ്ങളെ സംരക്ഷിക്കേണ്ട ഭാരം രാജാവിന്നില്ലെന്നോ, പ്രജകളെ വേദശാസ്ത്രങ്ങളിൽ വിദഗ്ദ്ധന്മാരാക്കിത്തീൎക്കുന്നതിന്നു ധൎമ്മമായി പ്രവൎത്തിക്കുന്ന ആചാൎയ്യന്മാരെ രാജാക്കന്മാർ യഥാവിധി മാനിക്കാനും പ്രോത്സാഹിപ്പിക്കാനും പതിവില്ലെന്നോ അല്ല, ഈ പറയുന്നതിന്റെ അൎത്ഥം. എന്നാൽ അതൊന്നുമല്ല സാരമായുള്ളതു്. യഥാൎത്ഥമായ ചുമതല മുഴുവൻ വഹിച്ചിരുന്നതു ഗൃഹസ്ഥനാണു്. രാജാവു ധനസഹായം നിൎത്തിയതുകൊണ്ടോ, അഥവാ രാജ്യത്തു രാജാവുതന്നെ ഇല്ലാതായതുകൊണ്ടോ, അവസാനമായി രാജ്യത്തു രാജാവുതന്നെ ഇല്ലാതായതുകൊണ്ടോ ഒന്നും, സാമുദായികമായി നടത്തപ്പെടുന്ന ഈവക ധൎമ്മാനുഷ്ഠാനങ്ങൾക്കു—ചുമതലകൾക്കു—പറയത്തക്ക വിഘ്നങ്ങളൊന്നും ഒരിക്കലും സംഭവിച്ചിരുന്നില്ല. ജനങ്ങളുടെ ഉപയോഗത്തിന്നു രാജാക്കന്മാർ ജലാശയങ്ങളും മററും നിൎമ്മിക്കാതിരുന്നില്ല; ധനികന്മാരും, അതു തങ്ങളുടെ ഒഴിച്ചുകൂടാത്ത കടമയാണെന്നു ധരിച്ചു പ്രവൎത്തിച്ചിരുന്നു; ധൎമ്മിഷ്ഠനായ ഒരു ധനികനെപ്പോലെ രാജാവും പ്രവൎത്തിച്ചിരുന്നു; അഥവാ, ധനികന്മാരെല്ലാം രാജാക്കന്മാരുടെ ചുമതലകൾ

ഏറെറടുത്തിരുന്നു. രാജാവിൻെറ അലസതകൊണ്ടോ, അന്ധതകൊണ്ടോ ഒന്നും രാജ്യത്തുള്ള ജലാശയങ്ങൾ വററിപ്പോകുന്നതല്ലായിരുന്നു.

ഇംഗ്ലണ്ടിൽ ഓരോരുത്തൎക്കും അവരവരുടെ സ്വേച്ഛപോലെ സുഖസൌകൎയ്യങ്ങളേയും ക്ഷേമാവൃദ്ധിയേയും വിനോദമാൎഗ്ഗങ്ങളേയും തേടുന്നതിനും സമ്പാദിക്കുന്നതിനും അനുഭവിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടു്. സാമുദായികബന്ധങ്ങളോ ചുമതലകളോ അവൎക്കു് ആ കാൎയ്യത്തിൽ ഒരു ഭാരമോ പ്രതിബന്ധമോ ആയിത്തീരുന്നില്ല. പ്രധാനപ്പെട്ട എല്ലാ ചുമതലകളുടേയും ഭാരവാഹിത്വം സൎക്കാറിന്നുതന്നെയാണു്. "ധൎമ്മം കൊടുക്കുന്നതിന്നുംകൂടി ഒററയ്ക്കു് ഓരോരുത്തൎക്കു് അധികാരമോ ആവശ്യമോ ഇല്ല. അതിന്നുംകൂടി നിയമപ്രകാരമുള്ള ഉത്തരവാദിത്വം ഗവമ്മേണ്ടിന്നുതന്നെയാകുന്നു. നമ്മുടെ രാജ്യത്തു രാജാക്കന്മാരാണു താരതമ്യേന സ്വതന്ത്രന്മാരും ചുമതലകൾ കുറഞ്ഞവരും ആയിരുന്നതു്. സാമുദായികങ്ങളും രാഷ്ട്രീയങ്ങളും ആയ ബാദ്ധ്യതകളുടെ നിദാനം ജനസമൂഹം തന്നെയായിരുന്നു. രാജാവു യുദ്ധങ്ങളിലും നായാട്ടുകളിലും ഏർപ്പെട്ടുവന്നു. അദ്ദേഹം രാജ്യകാൎയ്യങ്ങൾ ശരിയാംവണ്ണം നിൎവ്വഹിക്കുന്നുണ്ടോ എന്നും, അലസനായും അന്ധാളിയായും സ്വാൎത്ഥതല്പരതയാൽ വിനോദിച്ചു വസിക്കുന്നുണ്ടോ എന്നും ഉള്ള സംഗതികൾ ഒന്നും ജനങ്ങളേയോ, രാജ്യത്തേയോ അശേഷം പീഡിപ്പിച്ചിരുന്നില്ല. അത്ര സഗൌരവം ഗൌനിക്കേണ്ടുന്ന ഒരു വിഷയവുമായിരുന്നില്ല. രാജാവു ധൎമ്മതല്പരനല്ലെങ്കിൽ അതിന്നുള്ള സമാധാനം ധൎമ്മസ്വരൂപനായ ഭഗവാൻെറ അടുക്കൽ അദ്ദേഹം പറഞ്ഞുകൊള്ളും. അധൎമ്മത്തിന്നുള്ള ശിക്ഷ അദ്ദേഹത്തിന്നു ലഭിയാതെ പോകുന്നതുമല്ല. രാജാവിൻെറ ധൎമ്മനിഷ്ഠയോ, അധൎമ്മഭീതിയോ അല്ല ജനങ്ങളുടെ ക്ഷേമസുഖാദികൾക്കു കാരണവും അവലംബവും ആയിരുന്നതു്. അതിന്നു ജനങ്ങൾ സമ്മതിച്ചിരുന്നതുമില്ല.

ജനങ്ങളുടെ ക്ഷേമത്തിനുള്ള വഴികളെ ആരാഞ്ഞറിഞ്ഞു യഥാകാലം അതനുസരിച്ച് പ്രവൎത്തിക്കുന്നതിനുള്ള സകല ഭാരവും ജനങ്ങൾ തങ്ങൾതന്നെ വഹിച്ചിരുന്നു. അത്ഭുതകരമായ ആ ക്രമീകരണം വിപുലവും വിശേഷാത്തരവും ആയിരുന്നു.

തന്നിമിത്തം നാം "ധൎമ്മം ധൎമ്മം" എന്നു പറഞ്ഞു വരുന്ന ആ ദിവ്യചൈതന്യം അന്നത്തെ സാമുദായികജീവിതത്തിന്റെ ഹൃദയം തന്നെയായിരുന്നു. ആ ധൎമ്മശക്തി സമുദായശരീരത്തെ ആപാദചൂഡം സജീവവും ശക്തിയുക്തവും മനോഹരവും ആക്കിച്ചെയ്തിരുന്നു. ഓരോരുത്തരും ഏറെക്കുറെ ആത്മസംയമനം പരിശീലിക്കുന്നതിന്നു നിൎബ്ബന്ധിതന്മാരായിരുന്നു; "ധൎമ്മം" അനുസരിച്ച് നടക്കുന്നതിന്നു് ഏവരും ബാദ്ധ്യതപ്പെട്ടവരായിരുന്നു. ധൎമ്മത്തിന്റെ അൎത്ഥം അന്നു സുഗ്രാഹ്യവും ധൎമ്മാനുഷ്ഠാനം സുപരിചിതവുമായിരുന്നു.

പാശ്ചാത്യ പൌരസ്ത്യപരിഷ്കാരങ്ങളിൽ ഓരോന്നിലും സമുദായശരീരത്തിന്റെ ഓരോ ദിക്കിലാണു് അതാതിന്റെ ക്രമമായ വളൎച്ചയ്ക്കും പ്രവൃത്തിക്കും അടിസ്ഥാനമായ ജീവചൈതന്യം സ്ഥിതിചെയ്യുന്നതു് എന്നു സ്പഷ്ടമാകുന്നു. പുരാതനേന്ത്യയിലെ രാഷ്ട്രീയജീവിതം രാജ്യത്തിന്റെ ഹൃദയമായ ജനസമുദായത്തെത്തന്നെയും, പാശ്ചാത്യരാജ്യങ്ങളിലെ സാമുദായിക ജീവിതം രാഷ്ട്രാധിപതിയായ മഹാരാജാവിനേയും കേവലം അവലംബിച്ചുനിന്നിരുന്നു. ജനങ്ങളുടെ ഭൂരിസുഖത്തിന്നു വേണ്ടതു പ്രവൎത്തിക്കുന്നതിന്നുള്ള പൂൎണ്ണമായ ഉത്തരവാദിത്വം എവിടേയോ, ഏതിന്നോ, അവിടെയാകുന്നു, അതാകുന്നു, രാഷ്ട്രത്തിന്റെ ഹൃദയം. ആ ഹൃദയത്തിന്നു് എപ്പോൾ പരുക്കേൽക്കുന്നുവോ, എത്രത്തോളം ശക്തിക്ഷയം സംഭവിക്കുന്നുവോ, അപ്പോൾ അത്രത്തോളം രാഷ്ട്രീയജീവിതം ആപൽക്കരവും ബലഹീനവും ആയിത്തീരുന്നു. ഇംഗ്ലണ്ടിൽ, രാജാവിന്റെ പരാജയംതന്നെയാകുന്നു രാജ്യത്തിന്റെ നാശ

വ്വം. രാഷ്ട്രനാഥന്റെ തോൽമ സമുദായത്തെ നിർജ്ജീവമാക്കിച്ചെയ്യുന്നു. കാരണം, സമുദായത്തിന്റെ ജീവനാഡിയായ രാജാവു നിശ്ചേഷ്ടനായിത്തീർന്നുതന്നെ. എന്നാൽ, ഇന്ത്യയിലെ സ്ഥിതി നേരേ വിപരീതമാകുന്നു. അവിടെ സമുദായകേന്ദ്രത്തിന്റെ വ്രണാവസ്ഥകൊണ്ടു മാത്രമേ, രാഷ്ട്രീയജീവിതത്തിന്നു ഹാനിതട്ടുകയുള്ളു. രാജാക്കന്മാരുടെ വരവോ പോക്കോ, അന്യകോയ്മകളുടെ സ്ഥാപനമോ പഴയ രാജവംശങ്ങളുടെ നാശമോ ഒന്നും സാമുദായിക ജീവിതക്രമത്തെ ക്രമത്തിലധികം സ്പർശിച്ചിരുന്നില്ല. മീതെ സഞ്ചരിക്കുന്ന കപ്പലുകളുടെ വലിപ്പമോ എണ്ണമോ, തിക്കോ തിരക്കോ സമുദ്രത്തിലെ അഗാധജീവിതത്തിന്നു് അശേഷവും ഹാനി വരുത്തുന്നില്ല. ഹൈന്ദവജീവിതത്തിന്റെ ഹൃദയം സമുദായമായിരുന്നു; രാജാവായിരുന്നില്ല. ആ ഹൃദയം തകരാറാകുന്ന അവസരത്തിലല്ലാതെ, സാമുദായികജീവിതം ജീർണ്ണമായിത്തീരുമ്പോഴല്ലാതെ ആ ശരീരത്തിന്നു് ഒരു ന്യൂനതയും സംഭവിച്ചിരുന്നില്ല. ഇംഗ്ലണ്ടിലുള്ള എല്ലാ നന്മകൾക്കും കാരണഭൂതനും, എല്ലാ ക്ഷേമാഭിവൃദ്ധിക്കും ഉത്തരവാദിയും രാജാവായതും, ഇന്ത്യയിൽ അപ്രകാരമുള്ള എല്ലാ ഭാരവാഹിത്വത്തിന്നും അധികാരിയും അവകാശിയും സമുദായംതന്നെ ആയതും ആകുന്നു; ഇംഗ്ലണ്ടിൽ രാജാവിനെ രക്ഷിക്കുക എന്നുവെച്ചാൽ രാജ്യത്തെ രക്ഷിക്കുക എന്നാണർത്ഥമെന്നും, ഇന്ത്യയിൽ രാജ്യത്തെ രക്ഷിക്കുക എന്നുപറഞ്ഞാൽ സമുദായത്തെ രക്ഷിക്കുക എന്നാണുദ്ദേശമെന്നും, ഞാൻ ദൃഢമായി പ്രസ്താവിക്കുന്നതിന്നുള്ള കാരണം.

ആകയാൽ, എന്നെന്നും രാഷ്ട്രത്തെ—രാജശക്തിയെ—ജാഗ്രദവസ്ഥയിലും പൂർണ്ണബലത്തിലും നിലനിർത്തിപ്പോരുന്നതിന്നു് ഇംഗ്ലണ്ടു് അശ്രാന്തം പരിശ്രമിക്കുന്നു. നേരേമറിച്ചു നാമാകട്ടെ, ഹൈന്ദവശാസ്ത്രസിദ്ധാന്തങ്ങളിൽ തത്തിക്കളിച്ചു വളർന്നുവന്നിട്ടുള്ള നാമാകട്ടെ, അഗാധമായ അലസതയിൽ

അടിപ്പെട്ടു കിടക്കുന്ന നമ്മുടെ ഗവമ്മേണ്ടിനെ ഉണത്തുന്നതിന്നുള്ള നിരന്തരശ്രമം മാത്രമാണു് ഒരു ഇന്ത്യക്കാരന്റെ ഏക കത്തവ്യമെന്നു വിശ്വസിച്ചുപോരുന്നു! നമ്മുടെ വ്രണം പൊറുക്കുവാൻ മററൊരാളുടെ ശരീരത്തിൽ പൊള്ളിച്ചാൽ മതിയെന്നു മനസ്സിലാക്കുവാൻ എങ്ങിനേയോ എന്തോ നമുക്കു് അസാദ്ധ്യമായിത്തീന്നിരിക്കുന്നു!

വാഗ്വാദത്തിന്നു നമുക്കു വലിയ വാസനയാണു്. നമുക്കു് ഈ പതനത്തിലും ഒന്നു വാദപ്രതിവാദം ചെയ്തുനോക്കുക. പൊതുജനങ്ങളുടെ ക്ഷേമപരിപാലനത്തിന്നുള്ള പൂണ്ണബാദ്ധ്യത ക്രമീകരിക്കപ്പെട്ട ഒരു സംസ്ഥാനഗവമ്മേണ്ടിൽ മാത്രമായി സമർപ്പിക്കപ്പെടുന്നതല്ലേ, ആ ബാദ്ധ്യത ആരും ഏതും ഇല്ലാതെ അനാഥമായ നിലയിൽ സമുദായാംഗങ്ങളിൽ ഓരോരുത്തരുടേയും ചുമതലയായി സങ്കല്പിക്കപ്പെടുന്നതിനേക്കാൾ വളരെ ഉചിതവും ഉപകാരപ്രദവും ആയിട്ടുള്ളതു്? കൊള്ളാം, അതു വിദ്യാത്ഥികളുടെ സാഹിത്യസമാജങ്ങളിൽ തക്കത്തിന്നെടുക്കുന്നതിന്നു പററിയതായ ഒരു വിഷയമാണു്. അല്ലാതെ, അതുസംബന്ധമായുള്ള വാഗ്വാദംകൊണ്ടു നമുക്കു യാതൊരു ഫലവും സിദ്ധിക്കുന്നതല്ല. ഇംഗ്ലണ്ടിലെ "ഗവമ്മേണ്ടു്" എന്നു പറയുന്നതു പൊതുജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളെ അനുസരിച്ചു പ്രവത്തിക്കുന്ന ഒരു സ്ഥാപനമാണു്. അതു പല പരിണാമങ്ങൾക്കു ശേഷമാണു് ഇന്നത്തെ നിലയെ പ്രാപിച്ചിട്ടുള്ളതും, വാദപ്രതിവാദങ്ങൾകൊണ്ടുമാത്രം നമുക്കാക്കും പെട്ടെന്നു് ആ നിലയിൽ എത്തിച്ചേരുവാൻ സാധിക്കുന്നതല്ല. അതു പരിപൂണ്ണതയുടെ പരമകാഷ്ഠതന്നെയായിരുന്നാലും അതുകൂടാതെ കഴിക്കുവാനല്ലാതെ ഇപ്പോൾ നമുക്കു ഗത്യന്തരമില്ല.

ഈ രാജ്യത്തെ സക്കാരിന്നു—ഗവമ്മേണ്ടിന്നു—നമ്മുടെ സാമുദായികജീവിതവുമായി—നമ്മളുമായിത്തന്നെ—ഒരു സംബന്ധവുമില്ലാതിരിക്കുന്നു. തന്നിമിത്തം നാം ആ സക്കാരി

നോട്ട് ആവശ്യപ്പെടുന്നതെല്ലാം വില കൊടുത്തു വാങ്ങേണ്ടതായിരിക്കുന്നു. നമുക്കുള്ള സ്വാതന്ത്ര്യസമ്പത്തിൽനിന്നാണു് നാം അവക്കു വില കൊടുക്കുന്നതു്. ഈ ക്രയവിക്രയത്തിന്റെ പര്യവസാനം നമ്മുടെ പൂൎണ്ണമായ സ്വാതന്ത്ര്യശൂന്യതയാകുവാനേ നിൎവ്വാഹമുള്ളു. സമുദായം നിൎവ്വഹിക്കേണ്ടതായ —പണ്ടുകാലങ്ങളിൽ നിൎവ്വിഘ്നം നിൎവ്വഹിച്ചുപോന്നിരുന്നതായ — ഒരു ഭാരത്തെയോ, ചുമതലയേയോ, നാം സൎക്കാരിനെ ഏല്പിച്ചുകൊടുക്കുന്നതായാൽ പഴയകാലത്തു ഹിന്ദുസമുദായത്തിന്നുണ്ടായിരുന്ന പ്രാപ്തിക്കും ശേഷിക്കും അത്രത്തോളം ഇടിച്ചൽ തട്ടിക്കഴിഞ്ഞു എന്നുള്ളതു നിൎവ്വിവാദമാകുന്നു. സമുദായം സസന്തോഷം നടത്തേണ്ടതായ നാനാവിധങ്ങളായ എല്ലാ നടപടികളേയും ഗവൎമ്മെണ്ടു് ഏറെറടുക്കുന്നതിന്നുള്ള പരിശ്രമങ്ങളാണു് നാം നമ്മുടെ അന്ധതയാൽ ഇപ്പോൾ സ്വയമേവ ചെയ്തുവരുന്നതു്. വിഭിന്നങ്ങളായ അഭിപ്രായഗതികളോടും ആദൎശങ്ങളോടും കൂടിയ പല കക്ഷികളും വ്യക്തികളും ഇന്നുവരെയായി ഹിന്ദുസമുദായത്തിൽ അപ്പപ്പോൾ ഉത്ഭവിച്ചു വളൎന്നുവന്നിട്ടുണ്ടു്. ഇന്നുവരെ അപ്രകാരമുള്ള വളൎച്ചകൾ തടയപ്പെടുകയോ, പരസ്പരം മത്സരിച്ചു നശിക്കുന്നതിന്നു കാരണമാകുകയോ ഉണ്ടായിട്ടില്ല. മാതൃസമുദായത്തിന്റെ അപ്രീതിക്കും വിദ്വേഷത്തിന്നും പാത്രമാകാതെ തന്നെ അനന്തമായ ഉൾപ്പിരിവുകളും ഉൾവിഭാഗങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ, ഇംഗ്ലീഷുകാരന്റെ നിയമശക്തി ആ വിഭാഗങ്ങളേയും വ്യക്തികളേയും എല്ലാം പാരസ്പൎയ്യസംബന്ധമില്ലാത്ത ദൃഢീഭൂതങ്ങളായ പ്രത്യേകരൂപങ്ങളാക്കിത്തീൎത്തിരിക്കുന്നു. "ഹിന്ദു" എന്നും "അഹിന്ദു" എന്നും ഉള്ള വിഭാഗവിശേഷം എല്ലാ വ്യക്തികളിലും മുദ്രിതമാക്കിത്തീൎത്തിരിക്കുന്നു. നാം നമ്മുടെ സമുദായശരീരത്തിന്റെ അന്തൎഭാഗത്തു ഹൃദയകുഹരങ്ങളിൽ അതിഭദ്രമായി ഇത്ര നീണ്ട കാലത്തോളം അടക്കി സൂക്ഷിച്ചിരുന്ന നമ്മുടെ ചൈതന്യബീജം ഇതാ ഇപ്പോൾ ബാഹ്യങ്ങളായ കൎമ്മരംഗങ്ങൾക്കു ലാക്കായി

തീൎന്നിരിക്കുന്നു. നമ്മുടെ സമുദായശരീരത്തിൻ്റെ ഹൃദയം ഇതാ പുറത്തുനിന്നു കൊണ്ടതായ ഒരു കല്ലേറോറു വ്രണപ്പെട്ടിരിക്കുന്നു. ആ ഹൃദയത്തിൻ്റെ സ്പന്ദനം മന്ദീഭവിച്ചിരിക്കുന്നു. ഇതാണു നമുക്കു നേരിട്ടിരിക്കുന്ന അത്യാപത്തു്. അതാണു നമ്മെ ബാധിച്ചിരിക്കുന്ന മഹാരോഗം.

# സ്വാതന്ത്ര്യസാരം

യഥാൎത്ഥമായ സ്വാതന്ത്ര്യം ആത്മീയമായ ഒരു ഉൽബോധനമാകുന്നു. ആ ബോധം നമ്മുടെ സകലവിധ സംരംഭങ്ങളേയും ചൈതന്യപൂൎണ്ണങ്ങളും സൃഷ്ടികളെ വിശിഷ്ടങ്ങളും വിചാരങ്ങളെ വിസ്തൃതങ്ങളും ആക്കിത്തീൎക്കുന്നു. സ്വാതന്ത്ര്യം ബാഹ്യമായ ഒരു ആവരണം മാത്രമാണെങ്കിൽ, അതു കേവലം പുറംപൂച്ചായ ഒരു പരിഷ്കാരമാണെന്നു വരികിൽ, അതു് അചേതനവും വികാരശൂന്യവും ആകുന്നു; അതുകൊണ്ടുള്ള ഫലം, കണ്ണുരണ്ടും മൂടിക്കെട്ടിയ ഒരുവനെ വിശാലമായ ഒരു മൈതാനത്തിൽ പ്രവേശിപ്പിക്കുന്നതുപോലെയാകുന്നു.

പാശ്ചാത്യരാജ്യങ്ങളിൽ മേൽപ്രകാരമുള്ള ശരിയായ സ്വാതന്ത്ര്യബോധത്തിനു ക്രമേണ അവലംബമില്ലാതെയും ബലം കുറഞ്ഞും ആകുന്നു വരുന്നതു്. തന്നിമിത്തം, അവിടത്തെ ജനങ്ങളുടെ രാഷ്ട്രീയവും സാമുദായികവും ആയ പരസ്പരസംബന്ധങ്ങളിൽ പ്രകടമായ കയ്യൂക്കും, നിൎദ്ദയമായ ബലപ്രയോഗവും സൎവ്വസാധാരണമായിരിക്കുന്നു. സകലത്തിലും കൎക്കശമായ നിയന്ത്രണം പൂൎവ്വാധികം പ്രബലപ്പെട്ടു വരുന്നു.

രാജാക്കന്മാരുടെ ഭരണശക്തി നിരങ്കുശമായിരുന്ന ആദ്യകാലത്തു്, രാജധാനികളെല്ലാം സേവകന്മാരുടെ ഏഷണി

പ്രയോഗങ്ങളാൽ തീരെ ദൂഷിതങ്ങളായ പ്രദേശങ്ങളായിരുന്നു. അവിടത്തെ വായു മുഴുവൻ ദുർജ്ജിഹ്വന്മാർ നിരന്തരം വമിച്ചുകൊണ്ടിരുന്ന വിഷക്കാറ്റുകൊണ്ടു മലിനപ്പെട്ടതായിരുന്നു. രാജാവു തങ്ങൾക്കു അധീനരായിരിക്കണമെന്നുള്ള ഏകോദ്ദേശത്തോടുകൂടി പരസ്പരം മത്സരിച്ചുകൊണ്ടിരുന്ന കർണ്ണേജപന്മാരായ രാജസേവകന്മാരുടെ കുടിലനയങ്ങളാലും, അവാസ്തവസ്തുതികളാലും, തന്ത്രപ്രയോഗങ്ങളാലും, കൊട്ടാരം മുഴുവനും അത്യന്തം അലങ്കോലപ്പെട്ടിരുന്നു; രാജാവു്, അവരുടെ അവസാനമില്ലാത്ത പ്രയോഗചാതുരികളാകുന്ന തിരതല്ലുകളിൽപെട്ടു ചാഞ്ചാടിക്കൊണ്ടിരുന്നു.

എന്നാൽ, "പരിഷ്കൃത"മായ ആധുനികകാലത്താവട്ടെ, ആ വക കുനയങ്ങൾക്ക വ്യാപ്തിയും വളർച്ചയും വർദ്ധിച്ചിരിക്കുന്നു. രാജ്യം മുഴുവനുംതന്നെ കൊട്ടാരമായി പരിണമിച്ചിരിക്കുന്നു! അന്നത്തെ രാജാവിൻെറ സ്ഥാനം ഇന്നത്തെ "രാജ്യം" കയ്യേറിയിരിക്കുന്നു. അവാസ്തവങ്ങളും അടിസ്ഥാനരഹിതങ്ങളും ആയ ആശാവലികളെക്കൊണ്ടു ജനതതിയെ ഏററവും വ്യാമോഹിപ്പിച്ചോ, അതുപോലെതന്നെ അസത്യപരങ്ങളായ ഭയഹേതുക്കളെക്കൊണ്ടു് അവരെ അത്യന്തം പരിഭ്രമിപ്പിച്ചോ, രാജ്യവാസികളുടെ മനോവികാരങ്ങളെ സർവ്വസമയത്തും സാധാരണയിൽനിന്നു വിട്ടതായ ഒരു നിലയിൽ കൃത്രിമമായി കയററിനിർത്തുന്നതാകുന്നു ഇന്നത്തെ പ്രജാധിപത്യഭരണത്തിൻെറ ശ്രദ്ധതന്ത്രം. സഹജമായ ശാന്തതയിൽനിന്നു വിട്ടു ഭയവിഹ്വലമോ, ആശാപൂരിതമോ ആയ ഒരു മനോഭാവത്തോടുകൂടിയല്ലാതെ യാതൊന്നിനേയും വീക്ഷിക്കുന്നതിന്നു ജനങ്ങളെ സൗകര്യപ്പെടുത്തുന്നില്ല. വിരുദ്ധങ്ങളായ സ്വാർത്ഥലാഭങ്ങൾക്കുവേണ്ടി മത്സരിക്കുന്ന സേവകന്മാരുടെ സംഘങ്ങളുടെ മദ്ധ്യത്തിൽ പണ്ടത്തെ രാജാക്കന്മാർ എന്നപോലെ, വിഭിന്നങ്ങളായ ആദർശങ്ങളോടുകൂടിയ കക്ഷികളുടെ പരസ്പരവിരുദ്ധങ്ങളായ ഭാഷണങ്ങൾ വശപ്പെടുത്തുന്നതിന്നുള്ള പ്രയോഗ

ങ്ങാംക്കും എടയ്ക്കു് ഇന്നത്തെ ജനതതിയും, അങ്ങോട്ടും ഇങ്ങോട്ടും പിടിച്ചുവലിക്കപ്പെടുന്നു! ഭൂരിപക്ഷം കരസ്ഥപ്പെടുന്നതിന്നു് ഉതകുന്നതായ കാരണങ്ങളേയും സംഗതികളേയും കൃത്രിമമായി നിർമ്മിക്കുകയും, അവയെ അതിശയോക്തിയാൽ അലങ്കരിച്ചു പൊതുജനസമക്ഷം പ്രദർശിപ്പിക്കയും ചെയ്യുന്നതു കക്ഷിനേതാക്കന്മാരുടെ കർത്തവ്യമായിത്തീർന്നിരിക്കുന്നു. അവരുടെ ആശകാംക്ഷം നൈരാശ്യത്തിന്നും അനുസരിച്ചു ഭരണീയർ ചഞ്ചലചിത്തന്മാരായി ഭവിക്കുന്നു. ജനങ്ങളുടെ വികാരങ്ങാം കക്ഷിനേതാക്കന്മാരുടെ ക്ഷുദ്രങ്ങളായ "ക്ഷാര" പ്രയോഗങ്ങളാൽ ക്ഷുഭിതങ്ങളായിത്തീരുന്നു; മുഖസ്തുതിയാകുന്ന മായാപ്രയോഗത്താൽ അവരുടെ പണക്കിഴികാം നാന്യശ്ശൂന്യങ്ങളായിത്തീരുന്നു; ക്രമേണ അവരുടെ മനസ്സു മുഴുവനുംതന്നെ നീചവും നേതാക്കന്മാരുടെ മനോവൃത്തികളെ ഉജ്ജ്വലിപ്പിച്ചു് അതിഫലിപ്പിക്കുന്ന നിർജ്ജീവമായ ഒരു കണ്ണാടിയും ആയിത്തീരുന്നു. സ്വതന്ത്രമായ ചിന്തയ്ക്കു് അവർ അപ്രാപ്തരായി ഭവിക്കുന്നു. മുൻകാലങ്ങളിൽ രാജാവു സ്വാതന്ത്ര്യത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന—ലോകത്തിലെ ഏററവും സ്വതന്ത്രനായ—ഒരു പുണ്യപുരുഷനാണെന്നാണു പറയപ്പെട്ടിരുന്നതു്. ബാഹ്യമായ സ്വാതന്ത്ര്യത്തിന്റെ ലക്ഷണങ്ങാം, സാധാരണമനുഷ്യരേക്കാം, ഒരു രാജാവിങ്കൽ അധികമായി കാണപ്പെട്ടിരുന്നു എന്നതു നിർവ്വിവാദമാണു്. എന്നാൽ, ജനങ്ങാം അദ്ദേഹത്തിന്നുവേണ്ടി നിർമ്മിച്ചിരുന്നതു് അയഥാർത്ഥത്താൽ പടുക്കപ്പെട്ട ദുഷ്കരമായ ഒരു ദുർഗ്ഗത്തെയായിരുന്നു. രാജാവിന്റെ സ്വാതന്ത്ര്യം നാമമാത്രമായിരുന്നു.

പാശ്ചാത്യന്മാക്കു് ഉണ്ടായിക്കൊണ്ടിരിക്കുന്ന അനുഭവവും ഏതാണ്ടു് അതുപോലെതന്നെയാകുന്നു. യൂറോപ്പു സ്വാതന്ത്ര്യത്തിന്റെ രംഗഭൂമിയാണെന്നും, സ്വാതന്ത്ര്യം പാശ്ചാത്യരുടെ ജന്മാവകാശവും അമൂല്യസമ്പത്തുമാണെന്നും, സകലരും

സ്തുതിക്കുന്നതുകൊണ്ടു്, അവർ സ്വതന്ത്രരാണെന്നു് അഭിമാനപ്പെടുന്നു. രാജകീയശക്തി മുഴുവനും തങ്ങളുടെ കയ്യിലാണെന്നു് അവർ വിശ്വസിക്കുന്നു. അവരുടെ ആ വിശ്വാസവും അഭിമാനവും അവലംബശൂന്യവും അയാഥാർത്ഥവും ആകുന്നു. അവരുടെ ആ ശക്തി സ്വാർത്ഥതല്പരന്മാരുടെ അസംഖ്യം സംഘങ്ങളാൽ അനവരതം അപഹരിക്കപ്പെടുന്നു. കാൽവേഗമുള്ള കുതിരകളെ, അവ സ്വാതന്ത്ര്യേച്ഛുക്കളാകുക കാരണത്താൽ, വിസ്താരമുള്ള മൈതാനത്തിൽനിന്നു കുടുക്കിട്ടു പിടിക്കുകയും, ലായങ്ങളിൽ ബന്ധിക്കുകയും ചെയ്യുന്നു! ജനതതിയുടെ സമൂഹബുദ്ധിക്കു പ്രത്യക്ഷമായ ഒരു സ്വാതന്ത്ര്യഭാവത്തെ അനുഭവപ്പെടുത്തിക്കൊടുക്കുന്നു; ആ അവസരത്തിൽതന്നെ, അതിൻെറ യഥാർത്ഥമായ സ്വാതന്ത്ര്യം നാലുഭാഗത്തുനിന്നും നിഷ്ക്കരുണം കത്രിക്കപ്പെടുകയും ചെയ്യുന്നു. ജനങ്ങളുടെ ചിന്തകൾ നിയന്ത്രിതങ്ങളായ സംഘങ്ങളുടെ സ്വാർത്ഥപരമായ അഭിപ്രായപ്രകാരം മാത്രം രൂപീകരിക്കപ്പെടുന്നു. അവരുടെ അഭിപ്രായങ്ങൾ, ആദർശങ്ങൾ, ആഗ്രഹങ്ങൾ, അഭിലാഷങ്ങൾ എന്നിവയെല്ലാം ഭയഹേതുക്കളായ വല്ല പ്രേരകശക്തികളുടേയോ, നിത്യേന കുത്തിക്കയററപ്പെടുന്ന അസത്യബീജങ്ങളാൽ വിഷമയമായിത്തീർന്നിട്ടുള്ള ഏകപക്ഷപ്രസക്തിയുടേയോ, സന്താനങ്ങളല്ലാതെ, ഒരിക്കലും സ്വതന്ത്രങ്ങളായ വികാരവിശേഷങ്ങൾ അല്ലതന്നെ. ചില ശബ്ദങ്ങൾക്കും, വാക്യങ്ങൾക്കുംവേണ്ടി മാത്രം ജീവിക്കുന്ന മായാമോഹിതരാകുന്ന ജനങ്ങളെല്ലാം. വാസ്തവത്തിൽ, ജനങ്ങൾ,—രാജ്യം—ശക്തികളുടെ അവലംബവും കലവറയും ആയ രാജ്യം—സ്വാർത്ഥികളായ വീരന്മാരുടെ കേളീരംഗം മാത്രമായിത്തീർന്നിരിക്കുന്നു; താന്താങ്ങളുടെ സ്വന്തങ്ങളായ അഭ്യുദയമാർഗ്ഗങ്ങളിൽ മാത്രം ചോടുവെച്ചു കളിക്കുന്നവരും, അതിനുവേണ്ടി ഊടു നോക്കിയും ഒററുവെച്ചും നടക്കുന്നവരും ആയ അന്നന്നത്തെ നായകന്മാക്കു യഥേഷ്ടം എടുത്തു പെരുമാറുന്ന

തിന്നുള്ള ഒരു നിർജ്ജീവശക്തിയായിത്തീൎന്നിരിക്കുന്നു! ആയുധശക്തി, അതു കരസ്ഥമാക്കിട്ടുള്ളവനെ ആശ്രയിക്കുന്നു.

യഥാൎത്ഥമായ സ്വാതന്ത്ര്യം യൂറോപ്പിലെ നഭോമണ്ഡലത്തിൽ ഏറ്റവും ശ്രേഷ്ഠമായ ഒരു അംശമായിരിക്കുന്നു. അടിമകളുടെ ഉടമസ്ഥന്മാരുടെ മനോഭാവമാകുന്നു യൂറോപ്പിൽ സാധാരണ കാണപ്പെടുന്നതു്. അംഗഹീനന്മാരായ അനേകം ആശ്രിതന്മാരോടുകൂടിയ ഒരു എജമാനന്റെ ഭാവമത്രെ പ്രത്യക്ഷപ്പെടുന്നതു്. യൂറോപ്പിലെ കച്ചവടയന്ത്രത്തിന്റെയും രാഷ്ട്രീയയന്ത്രത്തിന്റെയും ചക്രങ്ങളിൽ ചേൎത്തുകെട്ടിയിരിക്കുന്ന അനവധി ജനങ്ങളുടെ ചരിത്രം അടിമകളുടെ ചരിത്രത്തേക്കാൾ വിചിത്രമാകുന്നു. പരസ്പരമുള്ള അവിശ്വാസവും ഭയവുമാകുന്നു ആ മനോഭാവത്തിന്റെ പ്രത്യക്ഷലക്ഷണങ്ങൾ. അതിക്രൂരവും അത്യന്തം അന്യായവും ആയ അനവധി സംഭവങ്ങൾ യൂറോപ്പിൽ ദിനംപ്രതി നടന്നുകൊണ്ടിരിക്കുന്നു. അപ്രകാരമുള്ള നിഷ്ഠുരകൎമ്മങ്ങളുടെ സുലഭത്വം ആ പ്രവൃത്തികളുടെ ക്രൂരതയുടെ മൂൎച്ചയെത്തന്നെ നന്നേ കുറച്ചുതുടങ്ങിയിരിക്കുന്നു. അതിപരിചയംകൊണ്ടു് അവയുടെ രാക്ഷസത്വത്തെക്കുറിച്ചു് ആളുകൾ അധികം ആലോചിക്കാതെയിരിക്കുന്നു. ഈ നിഷ്കണ്ടകത്വം ഭയവിഹ്വലമായ മനസ്സിന്റെ ഒരു പരിച്ഛേദമാകുന്നു. ഒരു ഭീരുവിന്റെ ക്രൂരത, വിരൂപവും നിന്ദ്യവുമായ ക്രൂരതയുടെ മൂൎദ്ധന്യമാകുന്നു. ദ്രവ്യസമ്പാദനത്തിനുവേണ്ടിയും, അധികാരം കയ്യടക്കുന്നതിനുവേണ്ടിയും തങ്ങളുടെ അനശ്വരമായ പാവനാത്മാവിനെപ്പോലും നിൎദ്ദാക്ഷിണ്യം ബലികഴിക്കുന്ന നീചമനസ്സുകൾക്കു് എന്തും ഏതും ഭയഹേതുക്കളാകുന്നു. ഭയം അവരെ ഒരു പ്രേതോപദ്രവംപോലെ എപ്പോഴും പിന്തുടരുന്നു; കാണുന്നതും കേൾക്കുന്നതും എല്ലാം, അവ യഥാൎത്ഥത്തിൽ എത്ര നിൎദ്ദോഷങ്ങളും നിൎമ്മലങ്ങളും ആയിരുന്നാലും വേണ്ടില്ല, അവരെ പരിഭ്രമിപ്പിക്കുന്നു. ഏതിനേയും ആരേയും അവർ അവിശ്വസി

ക്കുന്നു; എല്ലാററിനേയും അവർ ശത്രുഭാവത്തിൽ ദർശിക്കുന്നു. മററുള്ളവൎക്ക് സ്വാതന്ത്ര്യം അനുവദിക്കുന്നതിനു് അവർ അപ്രാപ്തന്മാരായിത്തീരുന്നു. ശക്തിമാന്മാരുടെ ദുർവൃത്തികളെ അവർ സ്വാൎത്ഥലാഭത്തിനുവേണ്ടി പുകഴ്ത്തുന്നു. ബലവാന്മാരുടെ സേവ സമ്പാദിക്കുന്നതിനു് അവൎക്കു് ഒരു മാൎഗ്ഗവും നീചമായി കാണപ്പെടുന്നില്ല. തന്നിമിത്തം അവർ, രാഷ്ട്രീയമായ "പാശികളി"യിൽ തങ്ങളുടെ കൂട്ടുകാരായവരുടെ കുനയങ്ങളിലും ദുഷ്കൎമ്മങ്ങളിലും അരുനിന്നു സഹായിക്കുക മാത്രമല്ല, കൂട്ടുചേൎന്നു പങ്കുകൊള്ളുകതന്നെ ചെയ്യുന്നു! തങ്ങളുടെ സമ്പാദ്യങ്ങളെ — അനീതിയായും അക്രമമായും സിദ്ധിച്ചിട്ടുള്ള തങ്ങളുടെ സമ്പാദ്യങ്ങളെ എന്തുചെയ്തും നിലനിൎത്തുന്നതിനു്, എങ്ങിനെയെങ്കിലും രക്ഷിക്കുന്നതിനു്, അവർ സദാ സന്നദ്ധരായിത്തീരുന്നു. ആ സന്നദ്ധത സദാചാരത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും കോടാലിയായിഭവിക്കുന്നു. സ്വാതന്ത്ര്യം നശിച്ചാലും സമ്പാദ്യം നിലനില്ക്കണമെന്നു് അവർ ആഗ്രഹിക്കുന്നു. അതോടുകൂടി തങ്ങൾക്കും മററുള്ളവൎക്കും സ്വാതന്ത്ര്യനാശം സംഭവിക്കുന്നു.

പടിഞ്ഞാറൻരാജ്യങ്ങളിൽ, ധനത്തിൻെറ അപാരശക്തിയും, ക്രമീകരിക്കപ്പെട്ടിട്ടുള്ള പ്രചാരപ്രവൎത്തിയുടെ വിപുലതയും കൊടുമ്പിരിക്കൊണ്ടു നിൽക്കുന്നു. ബാഹ്യമായ തിരസ്കരണിയുടെ മനോഹരതയുടെ ഉള്ളിൽനിന്നു പ്രവൎത്തിക്കുന്നതു് ഈ രണ്ടു രാക്ഷസശക്തികളാകുന്നു; ആ ശക്തികൾ അവിടത്തെ അന്തരീക്ഷത്തെ അവിശ്വാസത്താലും, ഭീരുതയാലും, അമിത്രഭാവത്താലും കലുഷിതമാക്കിത്തീൎത്തിരിക്കുന്നു. ഇതാണു യൂറോപ്പിനെക്കുറിച്ചു് എനിക്കു തോന്നീട്ടുള്ളതു്. ഇതിൽനിന്നു യഥാൎത്ഥമായ സ്വാതന്ത്ര്യം മാനസികവും ആത്മീയവുമായ ഒരു വികാരവിശേഷമാണെന്നുള്ള എൻെറ പൂൎവ്വാഭിപ്രായം ഒന്നുകൂടി ദൃഢീഭവിച്ചിരിക്കുന്നു. യഥാൎത്ഥമായ സ്വാതന്ത്ര്യം ഒരിക്കലും പുറത്തുനിന്നു സമ്പാ

ദിക്കപ്പെടാവുന്ന ഒരു വസ്തുവല്ല. സ്വാതന്ത്ര്യാദർശത്തെ ഹൃദയപൂർവ്വകം സ്നേഹിക്കുന്നവനും, ആ അനുഗ്രഹത്തെ മററുള്ളവക്കു പ്രദാനം ചെയ്യുവാൻ ആഗ്രഹിക്കുന്നവനും, മററുള്ളവരുടെ സ്വാതന്ത്ര്യത്തിൽ സന്തോഷിക്കുന്നവനും ആരോ, അവനാകുന്നു യഥാൎത്ഥമായ സ്വതന്ത്രൻ. അടിമകളെ വളത്തുവാൻ ആഗ്രഹിക്കുന്നവൻ ആ അടിമകളോടു തന്നെത്താൻ ബന്ധിക്കപ്പെട്ടവനാകുന്നു. മററുള്ളവരുടെ സ്വാതന്ത്ര്യത്തെ സങ്കുചിതമാക്കുവാൻ ശ്രമരുകൾ തീക്കുന്നവൻ അവൻെറ സ്വന്തം സ്വാതന്ത്ര്യത്തിന്നുതന്നെ അതിൎത്തികൾ നിൎമ്മിക്കുകയാകുന്നു ചെയ്യുന്നതു്. മററുള്ളവരുടെ സ്വാതന്ത്ര്യത്തിൽ സംശയിക്കുന്നവൻ, അവിശ്വസിക്കുന്നവൻ, അനർഘമായ ആ അനുഗ്രഹത്തിനു തീരെ അനർഹനാകുന്നു. അചിരേണ അവൻതന്നെ കായികവും മാനസികവുമായ അടിമത്വത്തിലേയ്ക്കു് അധഃപതിക്കാതിരിക്കയില്ല.

ഇന്ത്യക്കാർ ഒരു സംഗതി പ്രത്യേകം ആലോചിക്കേണ്ടതുണ്ടു്. ബാഹ്യങ്ങളായ നിയന്ത്രണങ്ങളിൽനിന്നുള്ള വിമുക്താവസ്ഥയെയാണോ ഇന്ത്യ സ്വാതന്ത്ര്യമായി ഗണിച്ചിരിക്കുന്നതു്? ഇന്ത്യയുടെ അശ്രാന്തപരിശ്രമങ്ങൾക്കു ലാക്കായിരിക്കുന്ന ആ സ്വാതന്ത്ര്യം എപ്രകാരമുള്ളതാണു്? അതു കേവലം ക്രയവിക്രയം ചെയ്യാവുന്ന ഒരു പദാൎത്ഥമാണോ? സ്വാതന്ത്ര്യത്തെ ഇന്ത്യക്കാർ വാസ്തവമായി സ്നേഹിക്കുന്നുണ്ടോ? അതിൽ അവക്കു ദൃഢമായ വിശ്വാസം ജനിച്ചിട്ടുണ്ടോ? ന്യായരഹിതങ്ങളും അബദ്ധപരങ്ങളും ആയ ശാസനകളാലും നിബന്ധനകളാലും അശേഷം തടയപ്പെടാതെ, മാനുഷികമഹിമയുടെ മനോഹരമായ മാഹാത്മ്യത്താൽ പൂൎണ്ണമായി വളരുന്നതിന്നു്, അവരുടെ സമുദായത്തിലെ എല്ലാ അംഗങ്ങൾക്കും അനുവാദവും സ്ഥലവും കൊടുക്കുന്നതിന്നു് ഇന്ത്യക്കാർ തയ്യാറുണ്ടോ? അചേതനങ്ങളായ ആചാരപരമ്പരകളുടേയും നിരൎത്ഥകങ്ങളും അനൎത്ഥകരങ്ങളും ആയ മതസിദ്ധാന്തങ്ങളുടേയും

പിന്നിൽ ഒളിച്ചുനിന്നു, സ്വാതന്ത്ര്യത്തെ സ്വാൎത്ഥസമ്പത്താക്കാതിരിപ്പാൻ അവർ ഒരുക്കമുണ്ടോ? വളരുവാനുള്ള അവകാശത്തെ എല്ലാവൎക്കും അനുവദിക്കുന്നതു് ആവശ്യമാണെന്നു് അവൎക്കു ബോധപ്പെട്ടിട്ടുണ്ടോ?

നാം നമ്മുടെ സമുദായത്തിലെ എടലിത്തികളെ പൂൎവ്വാധികം ഉറപ്പിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടില്ലേ? പരസ്പരമുള്ള ആ വേർതിരിക്കലിൽ നാം അന്തമില്ലാതെ ആഹ്ലാദിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നില്ലേ? സമുദായാംഗങ്ങളെ തരം തിരിച്ചു, പ്രത്യേക വ്യക്തികളാക്കിത്തീൎക്കുന്നതിൽ ഇത്ര പ്രാഗത്ഭ്യം സിദ്ധിച്ചിട്ടുള്ള ഒരു സമുദായം നമ്മുടെ സമുദായം പോലെ വേറെ ഒന്നില്ലെന്നു നാം തന്നത്താൻ കൃതാൎത്ഥത നേടുന്നില്ലേ? എന്നാൽ, നമ്മുടെ രാഷ്ട്രീയ കാൎയ്യങ്ങളിലാവട്ടെ, ഭരണകൎത്താക്കന്മാരും ഭരണീയരും തമ്മിലുള്ള പരസ്പര സംബന്ധത്തിൽ പ്രകൃതിവിരുദ്ധമായുള്ള വ്യത്യാസത്തെ—നമുക്കു് ഏററവും അപമാനകരമായി തോന്നുന്നതായ കൃത്രിമ വ്യത്യാസത്തെ—സൈന്യശക്തികൊണ്ടു വീണ്ടും വ്യവസ്ഥപ്പെടുത്തുവാനോ ഉറപ്പിക്കുവാനോ ഉത്സാഹിക്കുന്നതു, ക്ഷന്തവ്യമല്ലാത്ത അതിക്രമമാണെന്നു് നാം ഉച്ചത്തിൽ ആക്ഷേപിക്കുന്നുമില്ലേ?

ഇന്ത്യയുടെ ആരോഗ്യവും ശക്തിയും പരിപൂൎണ്ണമായിരുന്ന കാലത്തു്, ഇന്ത്യാ അനശ്വരങ്ങളും അനൎഘങ്ങളും ആയ അപൂൎവ്വാശയങ്ങളെ ലോകസമക്ഷത്തിൽ വിതരണം ചെയ്തിരുന്ന ആ യൌവ്വനകാലത്തു്, ഇന്ത്യയിലെ സന്താനങ്ങൾക്കു് യഥാൎത്ഥമായ സത്യാന്വേഷികളിൽ മാത്രം കാണപ്പെടുന്നതായ ധീരതയും സ്വാതന്ത്ര്യബോധവും ധാരാളമായിരുന്നു. അന്നത്തെ ഹൈന്ദവഹൃദയത്തിൻെറ സ്പന്ദനങ്ങളുടെ സംഗ്രഹമായ ആ മഹാ ഗ്രന്ഥം—വിശ്വവിശ്രുതമായ ആ മഹാഭാരതം—സ്വതന്ത്രങ്ങളായ പരിശോധനകളെക്കൊണ്ടും അന്വേഷണങ്ങളെക്കൊണ്ടും അത്യന്തം രമണീ

KOTTAYAM PUBLIC LIBRARY KOTTAYAM.

യമായ വിധത്തിൽ പരിപൂർണ്ണമായിരുന്ന ഒരു വിശിഷ്ട ജീവിതത്തിൻെറ വിശുദ്ധ ചിത്രമാകുന്നു. ബുദ്ധദേവൻെറ അവതാരത്തോടുകൂടി ഇന്ത്യയിൽ “മനുഷ്യത്വം” അതിൻെറ അടിവരെ ഇളക്കപ്പെട്ടു. “മാനുഷികബോധം” അതിൻെറ പരമകാഷ്ഠയെ പ്രാപിച്ചു. മാനസ്സികമായ പൂർണ്ണസ്വാതന്ത്ര്യം ബുദ്ധമതത്തിൻെറ ഒരു ഉൽകൃഷ്ടസന്താനമാകുന്നു. ആ സ്വാതന്ത്ര്യബോധം അന്നത്തെ സൃഷ്ടിപരങ്ങളായ അനേകം പ്രവൃത്തികളിൽ സവിശേഷം പ്രത്യക്ഷപ്പെട്ടു. ആ സൃഷ്ടിപരമായ ശക്തി ഇന്ത്യയിൽ മാത്രം പററി നിൽക്കാതെ ഏഷ്യാഭൂഖണ്ഡം മുഴുവനും വ്യാപിക്കുകയും അതിൻെറ സ്പർശമുണ്ടായ ഭാഗങ്ങളെയെല്ലാം മനോഹരങ്ങളാക്കിത്തീർക്കുകയും ചെയ്തു. അചിരേണ, ഇന്ത്യയിലെ ജീവിതത്തിലെ ആ വേലിയേററം നിലക്കുകയും, ഇറക്കം തുടങ്ങുകയും, സ്വതന്ത്രമായ ആ സൃഷ്ടിശക്തി നാമാവശേഷമായിത്തീരുകയും ചെയ്തു. കാലം കീഴ്മേൽ മറിഞ്ഞു; സ്വതന്ത്രമായ സൃഷ്ടിക്കു പകരം അചേതനമായ നിർമ്മാണം കാലസ്വഭാവമായിത്തീന്നു. വിവിധസ്വഭാവങ്ങളോടു കൂടിയവയാണെങ്കിലും, പരസ്പരബന്ധങ്ങൾ അസാദ്ധ്യങ്ങളല്ലാത്ത വിധത്തിൽ, സജീവമായ ഒരു ഐക്യബോധത്തോടുകൂടിയ അന്നത്തെ സമുദായങ്ങൾ കേവലം കൃത്രിമങ്ങളും നിർജ്ജീവങ്ങളും ആയ ആചാര പദ്ധതികളെ അവലംബിച്ചു. അന്യോന്യ സമ്പക്ക്ങ്ങൾക്കു അശേഷം സൗകര്യപ്പെടുത്താത്ത വിധത്തിൽ വിഭിന്ന വ്യക്തികളായിത്തീന്ന സമുദായങ്ങളുടെ നിയമശൃംഖലകളുടെ അലംഘ്യത അന്നത്തെ ജീവിതത്തിൻെറ ശോചനീയമായ കൃത്രിമാവസ്ഥയെ പ്രത്യക്ഷപ്പെടുത്തുന്നു!

ജീവിതം നിമ്നോന്നതമാണെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ, ആ നിമ്നോന്നതത്വം പ്രകൃത്യാനുസാരമാകുന്നു. അതു നമ്മുടെ സഹജങ്ങളായ പ്രവൃത്തിമാഗ്ഗങ്ങൾക്കു അനുസരിച്ചതാകുന്നു. ശിരസ്സു പാദങ്ങളിൽ നിന്നു

വേറിട്ടും സ്വതന്ത്രമായും സ്ഥിതിചെയ്യുന്നുവെങ്കിലും, അതു് അങ്ങിനെ നിൽക്കുന്നതു് ബാഹ്യമായ ഏതെങ്കിലും വ്യവസ്ഥകളുടെ ഫലമായിട്ടോ, ചില വിപരീതശക്തികളുടെ ഗൂഢമായ കൂടിയാലോചനയെ ഭയപ്പെട്ടിട്ടോ അല്ലെന്നു തീർച്ചയാണു്. ആയിരക്കണക്കായി ഒരുവൻ മുമ്പും പിമ്പും മറിഞ്ഞാലും അവന്റെ തല കാലും കാലു തലക്കലുമായി മാറുന്നില്ല. ശിരസ്സിന്റെ പ്രവൃത്തികൾ പാദവും, പാദത്തിന്റെ ജോലികൾ ശിരസ്സും നിർവ്വഹിക്കുന്നതുമില്ല. നമ്മുടെ സാമുദായിക വ്യവസ്ഥകൾക്കു് ഏതിനെങ്കിലും, നമ്മുടെ വിഭിന്ന സമുദായങ്ങൾക്കു് തമ്മിൽ തമ്മിൽ—ഇപ്രകാരമുള്ള ഒരു അനിവാര്യത്വം—സജീവങ്ങളായ പ്രകൃതി നിയമങ്ങളെപ്പോലുള്ള അകൃത്രിമത്വവും സുദൃഢതയും ഒരിക്കലും കാണപ്പെടുന്നില്ല. "ഉവ്വ്" എന്നു് ഉത്തരം പറയുവാൻ മാത്രമുള്ള ഹൃദയകാഠിന്യം നമുക്കുണ്ടാകുന്നു, എങ്കിൽ ഒരു വിദേശീയ ശക്തി നമ്മെ അടിമപ്പെടുത്തി ഭരിച്ചുവരുന്നതിൽ—നിത്യവും നിരാക്ഷേപവുമായ വർഗ്ഗവ്യത്യാസമാണു് അതിനു കാരണമെന്നു് തന്നെ ഞാൻ വിശ്വസിക്കുവാൻ ശ്രമിക്കുന്ന ഒരു വിദേശീയക്കോയ്മ നമ്മുടെ എജമാനത്വം വഹിക്കുന്നതിൽ.—നമുക്കു് അവരെ കുററപ്പെടുത്തുവാനോ ;ആക്ഷേപിക്കുവാനോ എന്തവകാശമാണുള്ളതു്? തീരേ കർക്കശങ്ങളായ സാമുദായിക വ്യവസ്ഥകളാകുന്ന ഇരുമ്പു ചട്ടകളിൽ, വളൎന്നുകൊണ്ടിരിക്കുന്ന മനുഷ്യരെ ബലാൽക്കാരമായി പിടിച്ചടച്ചു് അമർത്തി വെക്കുന്നതിൽ വളർച്ചയുടേയും ജീവിതത്തിൻേറയും പ്രാഥമിക തത്വങ്ങളെപ്പോലും നാം തിരെ വിസ്മരിച്ചും അഗണ്യമാക്കിയും പ്രവൎത്തിക്കുന്നു. ചേതനങ്ങളായ ആത്മാക്കളെ നാം എന്നെന്നേയ്ക്കുമായി ബന്ധനത്തിൽ നിൎത്തുന്നു. അവരവരുടെ സഹജങ്ങളായ വാസനകൾക്കോ ആഗ്രഹങ്ങൾക്കോ അനുസരിച്ച വിധത്തിൽ തങ്ങളുടെ പരിതസ്ഥിതികളെ നിയന്ത്രിക്കുന്നതിനും, ഭാവിയെ രൂപീകരിക്കുന്നതിന്നും അവരെ

അപ്രാപ്തരാക്കിത്തീക്കുന്നു. ഏററവും അന്ധകാരമയമായിരുന്ന ഒരു അധഃപതിച്ച കാലത്തിലെ ജീവിതാദർശങ്ങളെ നാം കടം വാങ്ങിയതുകൊണ്ടു്, നമ്മുടെ ഇന്നത്തെ ആത്മീയ ചൈതന്യം ആ ഭൂതകാലത്തിൻെറ അപാരമായ കനംകൊണ്ടു നിശ്ശേഷം അമത്തപ്പെട്ടിരിക്കുന്നു. കൂട്ടകളിൽ നമുക്കുള്ള വമ്പിച്ച ഭ്രമം നിമിത്തം, നാം പഞ്ജരസേവകന്മാരായി ഭവിക്കുകയും, ജനങ്ങളുടെ സജീവമായ സ്വാതന്ത്ര്യത്തിൻെറ ചിറകുകളിലെ അഴകുള്ള തൂവലുകളെ നാം നിർദ്ദയം പറിച്ചെടുക്കുകയും ചെയ്തിരിക്കുന്നു. അവസാനമെന്തായി? വളരെ നൂററാണ്ടുകളായി നാം അനുഭവിച്ചുവരുന്ന അധഃപതനവും അവമാനവും, നമ്മുടെ രാഷ്ട്രീയ ജീവിതത്തെ സർവ്വോപരി ബാധിച്ചിരിക്കുന്ന അനൈക്യവും അനാദരവും പുറത്തുനിന്നു് ഏല്പിക്കപ്പെടുന്നതും വന്നു ചേരുന്നതും ആയ ആക്രമണങ്ങളെ അമത്തുന്നതിനു നമുക്കുള്ള നിസ്സഹായതയും അകാരണമായും അനാവശ്യമായും നാം തന്നെ അകത്തുനിന്നുണ്ടാക്കിത്തീക്കുന്ന പ്രതിബന്ധങ്ങളും—ഹാ! നാം അനുഭവിച്ചുവരുന്ന ശിക്ഷകൾ അസംഖ്യങ്ങളും അതിഭയങ്കരങ്ങളും ആകുന്നു. നാം എത്ര അടിയിലോളം അധഃപതിച്ചിരിക്കുന്നു! നമ്മുടെ വിസ്മൃതി എത്ര കനത്തതും കട്ടത്തതും ആയിരിക്കുന്നു. നമ്മുടെ ഈ നിർഭാഗ്യത്തിൻെറ ശോച്യാവസ്ഥയെക്കുറിച്ചുള്ള ബോധം തന്നെ നമുക്കുണ്ടാകുന്നില്ല. ശതാബ്ദങ്ങളായി നമ്മെ വിടാതെ പിൻതുടരുന്ന ഈ ഭാഗ്യഹീനത ഒരു വെറും യാദൃച്ഛിക സംഭവമല്ലെന്നു നാം അറിയുന്നില്ല. അതു് അതുപോലുള്ള മറെറാരു സംഭവംകൊണ്ടു മാറുന്നതല്ലെന്നും മാറേണ്ടതല്ലെന്നും നാം ധരിക്കുന്നില്ല. എങ്ങിനെയോ വന്നു ചേർന്നതു് അങ്ങിനെ തന്നെ ഇല്ലാതാകുമെന്നു നാം വിശ്വസിച്ചു് അനാസ്ഥയോടെ അടങ്ങിയിരിക്കുന്നു.

സ്വാതന്ത്ര്യത്തിൽ നമുക്കു് ആന്തരമായ പൂണ്ണവിശ്വാസം

ഉണ്ടാകുന്നതു വരെ, അതു സൃഷ്ടിപരമായ ഒരു വിശിഷ്ടചൈതന്യമാണെന്നുള്ള അഭേദ്യമായ ബോധം ദൃഢീഭവിക്കുന്നതു വരെ, സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി ഏതു ആപത്തും അപകടവും സഹിക്കുന്നതിനുള്ള സന്നദ്ധതയും ധീരതയും നമുക്കുണ്ടാകുന്നതുവരെ, ആ ദിവ്യാനുഗ്രഹത്തെ അവകാശപ്പെടുന്നതിനു നാം അർഹന്മാരായി ഭവിക്കുന്നതല്ല; അന്നുവരെ, അതിനെ നമ്മുടെ പൂർണ്ണ ശക്തിയോടുകൂടി പരിപാലിക്കുന്നതിനുള്ള പ്രാപ്തിയും നമുക്കു സിദ്ധിക്കുന്നതല്ല. അല്ലാത്തപക്ഷം നമ്മുടെ ആ സ്വാതന്ത്ര്യലാഭം, ദൃഢചിത്തനായ ഒരു നാസ്തികനെ ദൈവപൂജയ്ക്കു നിയമിക്കുന്നതുപോലെയായിരിക്കുന്നതാണു്. തങ്ങളുടെ സ്വന്തം സഹോദരീസഹോദരന്മാരെ കേവലം ശിശുക്കളെപ്പോലെ മാത്രം എന്നെന്നും കരുതുന്ന മനുഷ്യർ, അവരുടെ നിത്യങ്ങളും സാധാരണങ്ങളും ആയ ചില്ലറക്കാര്യങ്ങളിൽ പോലും അവരെ വിശ്വസിച്ചു തനിയേ വിടുവാൻ മനസ്സില്ലാത്തവരായ മനുഷ്യർ തീരെ ശൂന്യതയിലേയ്ക്കല്ലാതെ സുഖകരമായ യാതൊരു സങ്കേതത്തിലേയ്ക്കും എത്തിക്കാത്തതായ ഇരുട്ടടഞ്ഞ ഊടുവഴികളിൽക്കൂടെ മാത്രം അവരെ നിർബന്ധിച്ചും കഠിനമായി ഭയപ്പെടുത്തിയും കൊണ്ടു നടത്തുന്നതിന്നു് ആഗ്രഹിക്കുന്ന മനുഷ്യർ—തങ്ങളുടെ പ്രവൃത്തിമൂലം മററുള്ളവരിൽ കാപട്യത്തേയും സദാചാരവൈരുദ്ധ്യത്തേയും സാന്മാർഗ്ഗികമായ അനാസ്ഥയേയും അസംതൃപ്തിയേയും വളർത്തുന്ന മനുഷ്യർ—തീർച്ചയായും അവരുടെ ശരിയായ ബാദ്ധ്യതകളെ അറിയുന്നവരോ, ബാദ്ധ്യതകൾക്കനുസരിച്ചു പ്രവൃത്തിക്കുന്നവരോ, അവരുടെ സഹജമായ ഔന്നത്യത്തെ പ്രാപിക്കുന്നവരോ അല്ല. അവർ രാഷ്ട്രീയകാര്യങ്ങളിൽ ന്യായമായ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുവാൻ പ്രാപ്തന്മാരായിരിക്കയില്ല; അവർ സ്വാതന്ത്ര്യത്തിനുവേണ്ടി മല്ലിടുവാൻ മുതിരുകയുമില്ല.

പാശ്ചാത്യ പരിഷ്ക്കാരത്തിൽ സ്ഥായിയായി കാണപ്പെട്ട

ന്നതു യന്ത്ര സാമിഗ്രികളുടേതുപോലുള്ള ഒരു ചലനശക്തിയാകുന്നു. പരിഷ്കാരയന്ത്രത്തെ തിരിക്കുന്ന ആവിയുടെ ശക്തി നിലനിർത്തുന്നതിന്നു് അതിൻെറ അഗ്നികുണ്ഡത്തിൽ എരിയപ്പെടുന്ന വിറകുകൊള്ളികൾ മാത്രമാകുന്നു മനുഷ്യർ! ആ പരിഷ്കാരം അചേതനത്വത്തിൻെറ ചൈതന്യാവസ്ഥയെ പ്രത്യക്ഷപ്പെടുത്തുന്നു. അതിന്നു സ്വാതന്ത്ര്യത്തിൻെറ ഭാവം മാത്രമേ ഉള്ളു. യഥാർത്ഥമായ സ്വാതന്ത്ര്യത്തിൻെറ സ്പർശം പോലുമില്ല; തന്നിമിത്തം അതിൻെറ പരിസരങ്ങൾക്കു് അകത്തും പുറത്തും ഒരുപോലെ അടിമത്വം വളൎന്നുവരുന്നു.

ഇന്ത്യയിലെ ഇന്നത്തെ പരിഷ്കാരത്തിന്നു് ഒരു മൂശയുടെ രൂപീകരണശക്തിയുണ്ടു്; ആ പരിഷ്കാരത്തിൻെറ ആകൃതി മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാകുന്നു. മനുഷ്യരെ ആ മൂശയ്ക്കുള്ളിൽ പിടിച്ചുവലിച്ചിട്ടു രൂപാന്തരപ്പെടുത്തുന്നു. ആചാരങ്ങളും അനുഷ്ഠാനങ്ങളും അവിശ്വാസങ്ങളും ഹൈന്ദവജീവിതത്തെ കൃത്രിമങ്ങളായ അച്ചുകളിലിട്ടു് വാർത്തെടുക്കുന്നു. ഇപ്രകാരമുള്ള സ്വാതന്ത്ര്യലംഘനം—ഓരോരുത്തരേയും ബാധിച്ചുനിൽക്കുന്ന ഈ അസ്വതന്ത്രത—മനുഷ്യരെ ഏതിലും എന്തിന്നും അടിമപ്പെടുത്തുന്നതു് അക്കം എപ്പോഴും ക്ഷണസാദ്ധ്യമായിത്തീൎന്നിരിക്കുന്നു. “അടിബുദ്ധി”യുടെ അടിസ്ഥാനം ഇതാകുന്നു.

ഈ രണ്ടു് ആദർശങ്ങളിലും—പാശ്ചാത്യരാജ്യങ്ങളിലെ പരിഷ്കാരയന്ത്രത്തിലും, ഇന്ത്യയിലെ ആചാരനിർബന്ധത്തിലും—മനുഷ്യജീവിതം തീരെ അയഥാൎത്ഥമായ ഒന്നിന്നുവേണ്ടി നിശ്ശങ്കം ബലികഴിക്കപ്പെടുന്നു; നിൎജ്ജീവമായ ഒന്നിന്നുവേണ്ടി സജീവമായ ചൈതന്യം അർപ്പിക്കപ്പെടുന്നു. ആ ബലിപൂജ ഒരിക്കലും ഈശ്വരന്നുവേണ്ടി ചെയ്യപ്പെടുന്നതല്ല; അതിൽ ദൈവീകമായ ഒരംശവും സംബന്ധപ്പെട്ടിട്ടുമില്ല. അതു് ആപാദമസ്തകം അസംബന്ധമായ ഒരു ആഡംബരമാകുന്നു.

ആത്മീയമായ നിയമനത്തിന്നോ നിയന്ത്രണത്തിന്നോ സാധി ക്കുന്നതിൽ അധികമായ യന്ത്രശക്തിയെ പാശ്ചാത്യന്മാർ ദിനംപ്രതി നിർമ്മിച്ചുവിടുന്നു. ഇന്ത്യയോ? അതിൻെറ ശക്തി ക്കും ചൈതന്യത്തിന്നും കവിഞ്ഞ കൃത്രിമമായ ഒരു സാമുദാ യികഭരണയന്ത്രത്തെ പരിപുഷ്ടമാക്കിയിരിക്കുന്നു!

യഥാൎത്ഥമായ സ്വാതന്ത്ര്യം ആത്മീയമായ ഒരു ഉൽ ബോധനമാണെന്നു് ഇന്നത്തെ ഇന്ത്യയും യൂറോപ്പും അറിയു ന്നില്ല!

# ഇന്ത്യാചരിത്രതത്വം

ഇന്ത്യയുടെ ചരിത്രം! അതു് ആരുടെ ചരിത്രമാണു്?

സുകുമാരകളേബരന്മാരായ ആൎയ്യപുരാതനന്മാർ, മാനുഷി കവും പ്രാകൃതവുമായ എല്ലാ പ്രതിബന്ധങ്ങളേയും അതി ലംഘിച്ചു്, ഇന്ത്യാരാജ്യത്തിൽ ഒന്നാമതായി പ്രവേശിച്ചതായ ആ സുദിനംമുതൽ ഇന്ത്യാചരിത്രം ആരംഭിച്ചിരിക്കുന്നു. ഇന്ത്യ യുടെ പശ്ചിമസീമകളിൽനിന്നു പൂൎവ്വതീരങ്ങൾവരെ ഭാരത ഭൂമിയെ ആവരണം ചെയ്തിരുന്ന നിബിഡമായ കാടുകളാകുന്ന തിരശ്ശീലയെ തട്ടിനീക്കി അവർ, ആ അരണ്യഭാഗങ്ങളെല്ലാം ധാന്യസമൃദ്ധിയും ഫലപുഷ്ടിയുമുള്ള ശോഭനമായ വയൽപ്രദേ ശങ്ങളാക്കിത്തീൎത്തു. അങ്ങിനെ അവരുടെ പരിശ്രമവും സാമൎത്ഥ്യവും ഇന്ത്യയുടെ ഭാവിചരിത്രത്തിൻെറ അടിസ്ഥാന ങ്ങളെ സുപ്രതിഷ്ഠിതങ്ങളാക്കി. എന്നാൽ ആ ഇന്ത്യാരാജ്യം അവരുടെമാത്രം സ്വന്തം ഇന്ത്യയാണെന്നു പറയുവാൻ അവൎക്കു സാധിച്ചില്ല.

അനാൎയ്യന്മാർ ആൎയ്യന്മാരുമായി കൂടിക്കലൎന്നു. ആൎയ്യന്മാ രുടെ വിജയപതാക അത്യുച്ചത്തിൽ പാറിക്കൊണ്ടിരുന്ന കാലത്തുപോലും അവർ അനാൎയ്യന്മാരുടെ യുവതികളുമായി

വിവാഹബന്ധത്തിൽ ഏർപ്പെട്ടിരുന്നു. ബുദ്ധമതകാലത്തു്, അപ്രകാരമുള്ള പരസ്പരവിവാഹങ്ങൾ അതിധാരാളങ്ങളായിരുന്നു. പിൻകാലങ്ങളിൽ ബ്രാഹ്മണസമുദായത്തിന്റെ അതിർത്തിമതിലുകളുടെ അററകുററങ്ങൾ തീർക്കുവാനും, ബ്രാഹ്മണേതരന്മാരെ തിരിച്ചകററിനിർത്തുന്ന ഉന്നമ്രക്കോട്ടകളെ പൂർവ്വാധികം അലംഘ്യങ്ങളാക്കിത്തീർക്കുവാനും ഉള്ള പരിശ്രമങ്ങൾ ആരംഭിച്ചപ്പോൾ, ആര്യവർത്തത്തിൽ പല പ്രദേശങ്ങളിലും, വൈദികാചാരങ്ങളെ ശരിയാംവണ്ണം നിർവ്വഹിക്കുന്നതിന്നു് അർഹന്മാരായ കലർപ്പില്ലാത്ത ബ്രാഹ്മണർ തീരെ ഇല്ലാതിരിക്കത്തക്കവണ്ണം, അനാര്യന്മാരുമായുള്ള വർഗ്ഗീയസംഘട്ടനം അത്ര പരിപൂർണ്ണവും പരപ്പുള്ളതും ആയി കാണപ്പെട്ടു. തന്നിമിത്തം, പല സ്ഥലങ്ങളിലും അന്യദിക്കുകളിൽനിന്നു ശരിയായ ആര്യബ്രാഹ്മണരെ ഇറക്കുമതിചെയ്കയോ, തദ്ദേശവാസികളിൽ ചിലരെത്തന്നെ ബ്രാഹ്മണരാക്കി യജ്ഞോപവീതം ധരിപ്പിച്ചു് അഭിവാദ്യംചെയ്കയോ ചെയ്യേണ്ടിവന്നു. ശൂദ്രരിൽനിന്നു ബ്രാഹ്മണരെ വേർതിരിച്ചു നിർത്തിയിരുന്ന ആര്യവർണ്ണമായിരുന്ന വെളുത്ത നിറം ഈ കാലത്തിന്നിടയ്ക്കു് "ഇരുനിറ"മായി ഭേദപ്പെട്ടിരുന്നു. വിഭിന്നങ്ങളായ ആചാരങ്ങളോടും, ആദർശങ്ങളോടും, ദേവന്മാരോടും, പൂജാക്രമങ്ങളോടും കൂടിയ അനാര്യന്മാർ ആര്യസമുദായത്തിന്റെതന്നെ ഒരു അംശമായി അംഗീകരിക്കപ്പെട്ടു. ക്രമേണ വൈദികകാലത്തെ ആര്യസമുദായത്തോടു തീരെ യോജിക്കാത്തതും, പല വിധത്തിലും അതിൽനിന്നു വളരെ വ്യത്യാസപ്പെട്ടതും, അതിന്നെതിരായുള്ളതും ആയ ഒരു വലിയ "ഹിന്ദു"സമുദായം, അഥവാ "ഹൈന്ദവസമാജം" രൂപീകരിക്കപ്പെട്ടു.

എന്നാൽ, ഭാരതരാജ്യചരിത്രത്തിന്റെ അതിരുകളെ അവിടെയും സുസ്ഥിരമായി ഉറപ്പിക്കുന്നതിന്നു സാധിച്ചില്ല. ഇന്ത്യാചരിത്രം ഹിന്ദുക്കളുടെ ചരിത്രം മാത്രമാണെന്നു് അഭിമാനപ്പെടുന്നതിന്നു സർവ്വജ്ഞനായ ജഗദീശ്വരൻ ഭാരതഭൂമിക്കു്

അനുവാദം നൽകിയില്ല; ഇല്ല, ഒരിക്കലുമില്ല. എന്തുകൊണ്ടെന്നാൽ, "ഹിന്തുക്കളുടെ ഇന്ത്യ"യിൽ രജപുത്രരാജാക്കന്മാർ അവരുടെ ക്ഷത്രിയപ്രഭാവത്തേയും ധീരതയേയും പരസ്പരം മത്സരിച്ചു പ്രദർശിപ്പിച്ചുകൊണ്ടു് ആത്മനാശകരങ്ങളായ അത്യന്തകലഹങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്നപ്പോൾ, അവരുടെ ആ മത്മത്സരങ്ങളാൽ സുരക്ഷിതങ്ങളല്ലാതായിത്തീന്ന "ഹിന്തുദുർഗ്ഗ"ത്തിൻെറ വിടവുകളിൽകൂടി മുഹമ്മദീയർ ഭാരതഭൂമിയിൽ കടന്നുകൂടുകയും, രാജ്യം മുഴുവനും വ്യാപിക്കുകയും ചെയ്തു. അവരും ഇന്ത്യയുടെ മണ്ണിൽതന്നെ ജീവിക്കയും മരിക്കയും ചെയ്തു് ഇന്ത്യാരാജ്യത്തെ തങ്ങളുടേയും സ്വന്തമാക്കിത്തീർത്തു.

ഈ ഘട്ടത്തിൽവെച്ചും ഇന്ത്യാചരിത്രത്തിന്നു് ഒരു അറുതിയോ അതിർത്തിയോ കല്പിക്കുമ്പതിന്നു നിവ്വാഹമില്ല. "ഇനി ഇവിടെ നിറുത്താം; ഭാരതീയചരിത്രം ഹിന്തുക്കളുടേയും മുഹമ്മദീയരുടേയും മാത്രംചരിത്രമാകുന്നു," എന്നു് ഉൽഘോഷിക്കുന്നതിന്നു് ഈ അവസരത്തിലും കഴിവില്ലാതിരിക്കുന്നു. നാം അങ്ങിനെ ഒരതിരുറപ്പിക്കുവാൻ ശ്രമിക്കുന്നതായാൽ, മാനുഷികചരിത്രത്തെ പൂവ്വാധികം വിസ്തൃതങ്ങളായ വൃത്തങ്ങളിൽ വളർത്തിക്കൊണ്ടുവരുന്ന പ്രപഞ്ചശില്പി—ആ പെരുന്തച്ചൻ—നമ്മുടെ ചിലരുടെ ദുരഭിമാനത്തെ സംരക്ഷിക്കുന്നതിന്നുവേണ്ടി മാത്ര , അവിടത്തെ സൃഷ്ടിയുടെ രീതിയെ—ഉദ്ദിഷ്ടമാർഗ്ഗത്തെ ഭേദപ്പെടുത്തുന്നതാണോ?

ഭാരതഭൂമി നിങ്ങളുടേയോ എൻേറയോ ആയിരിക്കേണ്ടതു്? അതിൽ അധികഭാഗത്തിന്നുള്ള അവകാശികൾ ഹിന്തുക്കളോ മുഹമ്മദീയരോ, അതോ, ഇതു രണ്ടുമല്ലാതെ മൂന്നാമതൊരു വർഗ്ഗക്കാരോ ഇവരെക്കാളെല്ലാമധികം അധികാരവും അവകാശവും ഇന്ത്യയിൽ സ്ഥാപിക്കുവാൻ പോകുന്നതു്, എന്നു തുടങ്ങിയ സംഗതികളൊന്നുമല്ലാ ഈശ്വരൻെറ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുള്ളവ. സർവ്വരക്ഷകനായ ജഗദീ

ശ്വരൻെറ സന്നിധിയിൽ ഭാരതഭൂമിയുടെ കൈവശാവകാശ ങ്ങളെപ്പററി ഹിന്തുക്കളും, മുഹമ്മദീയരും, പാശ്ചാത്യരും മററും തമ്മിൽ ഉഗ്രമായ ഒരു വ്യവഹാരം നടക്കുമെന്നും ആ വ്യവഹാരാവസാനത്തിൽ അനുകൂലമായ വിധി കിട്ടുന്ന കക്ഷി ഇന്ത്യയുടെ അനശ്വരമായ ഉടമസ്ഥാവകാശത്തേയും ദൃഢമായ കൈവശത്തേയും വിളംബരപ്പെടുത്തുന്ന വിജയക്കൊടി ഇന്ത്യയിൽ പ്രതിഷ്ഠിക്കുമെന്നും നമുക്കു് അഭിപ്രായമുള്ളതുപോലെ തോന്നുന്നു. അന്യോന്യം മത്സരിച്ചുനില്ക്കുന്ന വിരുദ്ധാങ്ങളായ അവകാശങ്ങൾ തമ്മിലാണു യഥാൎത്ഥമായ വ്യാമല്ലം നടക്കുന്നതെന്നു നാം വിചാരിക്കുന്നതിനുള്ള കാരണം നമ്മുടെ ദുരഭിമാനം ഒന്നുമാത്രമാണു്. പരമാൎത്ഥത്തിൽ മത്സരം, എവിടേയും എന്നും ഒന്നുമാത്രമേയുള്ളു; അതു സത്യവും അസത്യവും—യഥാൎത്ഥവും അയഥാൎത്ഥവും തമ്മിലുള്ള അനശ്വരമായ മത്സരംതന്നെയാണു്.

പരമമായിട്ടുള്ളതും, പരിപൂൎണ്ണമായിട്ടുള്ളതും, "സർവ്വ"ത്തിനെ മാത്രമേ പരാമർശിക്കുന്നുള്ളു; അതു്, എല്ലാ പ്രതിബന്ധങ്ങളേയും വിപരീതശക്തികളേയും അതിലംഘിച്ചു ക്രമമായി വളൎന്നുവരികയും ചെയ്യുന്നു. പ്രകൃത്യനുസൃതമായ ഈ ക്രമോന്നതിയിൽ, ലോകസാമാന്യമായ ഈ പരിണാമകാൎയ്യത്തിൽ നമ്മുടെ പ്രവൃത്തികൾ എത്രത്തോളം അനുകൂലങ്ങളും സഹായകരങ്ങളും ആയിത്തീരുന്നുവോ, അത്രത്തോളം മാത്രമേ നമ്മുടെ കൎമ്മങ്ങൾ ഫലപ്രദങ്ങളും വിജയകരങ്ങളും ആയിത്തീരുകയുള്ളു. ഒരുത്തനെത്തന്നെ ഉന്തിക്കയററുവാനുള്ള പരിശ്രമം, അതു് ഒരാളുടെയായാലും വേണ്ടില്ല, ഒരു രാഷ്ട്രത്തിൻെറയായാലും വേണ്ടില്ല, ഈശ്വരകല്പിതമായ പ്രപഞ്ചത്തിൻെറ പരിണാമാവസ്ഥയിൽ, തീരെ നിസ്സാരവും നിഷ്ഫലവും ആകുന്നു. മഹാനായ അലക്സന്തൎക്കു ഭൂലോകം മുഴുവനും യവനസാമ്രാജ്യമാക്കി ഏകച്ഛത്രാധിപത്യം ഉറപ്പിക്കുന്നതിനു സാധിക്കാഞ്ഞതിൽ അഹങ്കാരപൂൎണ്ണമായ അത്യാ

ത്തി പ്രദർശിപ്പിച്ച അലെക്സന്തറുടെ ഇച്ഛാഭംഗത്തെ മാത്രമേ
ലോകം ദർശിക്കുന്നുള്ളു. തന്നിമിത്തം ആ സംഭവത്തെ
ക്കുറിച്ചു ലോകം സഗൗരവം വിചാരിക്കാതായിരിക്കുന്നു.
അതിൻെറ പ്രാധാന്യം എത്രയോ മുമ്പുതന്നെ തീരെ നശിച്ചു
കഴിഞ്ഞിരിക്കുന്നു. ലോകം മുഴുവനും ഒതുങ്ങുന്നതായ ഒരു
മഹാസാമ്രാജ്യം സ്ഥാപിക്കുന്നതിന്നു പരിശ്രമിച്ച റോമൻ
കാരുടെ രാജ്യശക്തി അപരിഷ്കൃതന്മാരായ പുറംദിക്കു
കാരുടെ ദുഷ്കരമായ ആക്രമണങ്ങൾക്കു് അടിമപ്പെട്ടു മറിഞ്ഞു
ഛിന്നഭിന്നമായിപ്പോയി. എന്നിട്ടും, റോമിന്നു സംഭവിച്ച
തായ പരിതാപകരമായ ആ മഹാനാശത്തെ ഓർത്തു് ആരും
ഇപ്പോൾ ആവലാതിപ്പെടുന്നില്ല. കാലമാകുന്ന പെരുംകപ്പ
ലിൽ തങ്ങളുടെ കനകച്ചരക്കുകൾ—പരിഷ്കാരഫലങ്ങൾ—
കയററിവിട്ട ഗ്രീസ്സിന്നും റോമിന്നും ആ കപ്പലിൽതന്നെ
കയറി യാത്ര ചെയ്യുന്നതിന്നു സൌകര്യപ്പെടാതിരുന്നതിനാൽ
അപരിഹാര്യമായ ഒരു നഷ്ടം സംഭവിച്ചതായി നാമാരും കരു
തുന്നില്ല. നേരേമറിച്ചു്, അത്രയും ഭാരം കുറഞ്ഞതുകൊണ്ടു്
ആ യാത്ര അധികം സൌകര്യപ്പെടുകയാണുണ്ടായതു്. ഗ്രീസ്സി
നേയും റോമിനേയുമല്ലാ അവരുടെ ഉൽകൃഷ്ടസംസ്കാരത്തെ
മാത്രമേ ലോകത്തിന്നു് ആവശ്യമുണ്ടായിരുന്നുള്ളു.

അതുപോലെതന്നെ, ഇന്ത്യാചരിത്രത്തിൻെറ യഥാർത്ഥ
മായ വളർച്ചയിൽ, പരമമായ പരിണാമത്തിൽ, അടിസ്ഥാന
മായി പ്രവർത്തിക്കുന്ന തത്വം, ഹിന്ദുക്കളുടേയോ മറേറതെ
ങ്കിലും വർഗ്ഗത്തിൻേറയോ അഭിമാനസംരക്ഷണമോ, അധികാര
സമ്പത്തിയോ അല്ലതന്നെ. ഭാരതഭൂമിയിൽ, മനുഷ്യചരിത്രം
പ്രത്യേകമായ ഒരു ആദർശത്തെ വളർത്തിയുണ്ടാക്കുന്നതിന്നുള്ള
ശ്രമമാണു നടക്കുന്നതു്. സകല മനുഷ്യർക്കും ഒരുപോലെ
ഉപകാരപ്രദവും അനുകരണയോഗ്യവുമായ ഒരു പ്രത്യേക
വ്യക്തിയുടെ പ്രവൃദ്ധമായ പരിപൂർണ്ണാവസ്ഥയെ സനിഷ്കർഷം
രൂപീകരിക്കുകയാണു ചെയ്യുന്നതു്. ഇന്ത്യാചരിത്രത്തിൻെറ

പരിപാവനമായ ഉദ്ദേശ്യവും അതുതന്നെയാണ്. ഈ രൂപീകരണത്തിൽ, ആദർശപരമായ ആ വ്യക്തിയുടെ നിർമ്മാണത്തിൽ, ഹിന്ദുവിന്നോ, മുഹമ്മദീയന്നോ, ക്രിസ്ത്യന്നോ അവരവരുടെ വിജൃംഭിച്ചുനിൽക്കുന്ന പ്രത്യേക ദുരഭിമാനങ്ങളെ തീരെ പരിത്യജിച്ച സാമാന്യന്മാരായിത്തീരുന്നതു്, അവരവരുടെ വർഗ്ഗീയമോ, ദേശീയമോ; ജാതീയമോ ആയ അഹങ്കാരത്തിന്ന ക്ഷയമുണ്ടാക്കുന്നതാണെങ്കിലും, ആകെയുള്ള വളർച്ചയിൽ അതു് ഒരിക്കലും ഒരു നാശമായി കാണപ്പെടുന്നതല്ല. ധർമ്മം, സത്യം എന്നീ തോതുകൾവെച്ചു നോക്കിയാൽ ആ നാശങ്ങൾ ഒരിക്കലും നഷ്ടങ്ങൾ ആയിരിക്കുന്നതല്ല. വലുതായ ഒന്നിനെ സമ്പാദിപ്പാൻ നിസ്സാരമായ ഒന്നിനെ ത്യജിക്കുന്നതു ലോകം അറിഞ്ഞിട്ടില്ലാത്ത പ്രമാണവുമല്ലാ.

മനോഹരമായ ആ "മഹാഇന്ത്യ"യുടെ നിർമ്മാണത്തിൽ അശ്രാന്തം സഹകരിക്കുന്നതു് നമ്മുടെ ഒഴിച്ചുകൂടാത്ത കടമയാകുന്നു. ഏതെങ്കിലും ഒരംശം അഹങ്കരിച്ചു മതിമറന്നു കൊട്ടമ്പിരിക്കൊള്ളുന്നതായാൽ, അതു പൊതുവിലുള്ള അഭ്യുദയത്തിന്നു തീരെ ഹാനികരമായിരിക്കും. കൂട്ടത്തിൽ ചേർന്നു, തന്നത്താൻ മറന്നു പൊതുവിലുള്ള അഭിവൃദ്ധിക്കു പരിശ്രമിക്കുവാൻ മനസ്സില്ലാത്തവർ—സ്വാർത്ഥം വിചാരിച്ചും, അഭിമാനം നടിച്ചും, സ്വന്തം വ്യക്തിയേയോ വർഗ്ഗത്തെയോ പരിപാലിപ്പാൻ ആഗ്രഹിച്ചും, അകന്നുനില്ക്കുന്നവർ—അചിരേണ ദ്രവിച്ചു പിന്നിട്ടു നാമാവശേഷരായിത്തീരുകതന്നെ ചെയ്യും. ഒന്നിച്ചുചേർന്നും, അവസാനമായ ആ ആദർശരൂപത്തിൽ താനും ഒരു ഭാഗമാക്കാണെന്നു് അഭിമാനിച്ചും സഹകരിക്കുന്നവരാകട്ടെ അവരുടെ പ്രത്യേകമായ നിസ്സാരവ്യക്തിക്കു നാശം സംഭവിച്ചാലും, സാമാന്യമായ സംയോഗത്തിൽ അവരുടെ അനശ്വരത്വം സ്ഥാപിക്കുന്നതാകുന്നു.

ഇന്ത്യ, ഹിന്ദുക്കളായ നമ്മുടെ ചരിത്രത്തെ മാത്രമല്ലാ രേഖപ്പെടുത്തുന്നതെന്നുള്ള സംഗതി നാം എപ്പോഴും ഓർമ്മ

വമേറ്റുണ്ടതാകുന്നു. ഇന്ത്യയെ ഒരു പ്രവൃത്തിരംഗമായി അംഗീകരിച്ചിട്ടുള്ള "ധമ്മം"—ലോകോത്തരമായ ആ മഹാധമ്മ—ത്തിന്റെ ഉദ്ദേശസിദ്ധിയിൽ പങ്കുകൊള്ളുന്നതിനു നാം ഓരോരുത്തരും കടപ്പെട്ടവരാകുന്നു. ആ ധമ്മശക്തി അതിന്നായി നമ്മോട് ആജ്ഞാപിക്കുകയും ചെയ്യുന്നു. ആ രംഗത്തിൽ പ്രവേശിച്ച് അവസരോചിതമായ വിധത്തിൽ പ്രവൃത്തിക്കുന്നതിനു നാം സസന്തോഷം ഒരുമ്പെടാത്തപക്ഷം നമുക്കു സ്ഥാനഭ്രംശം നിശ്ചയമാണ്. ഭൂതകാലത്തിലെ അഭൂതപൂർവ്വമായ അത്ഭുതസമ്പാദ്യങ്ങളിൽ അഭിമാനപ്പെട്ട് അഹങ്കരിച്ചും, നാലുപുറത്തും മീതെക്കുമീതെ പ്രതിബന്ധങ്ങളെ അനാവശ്യമായി നിർമ്മിച്ചും നാം സംതൃപ്തരായി അകലത്തകന്നു നിൽക്കുന്നതായാൽ ഈശ്വരൻ നമ്മെ കഠിനമായി ശിക്ഷിക്കാതിരിക്കയില്ല. മററുള്ളവരുടെ നിലയിൽ നാം എത്തുന്നതുവരെ, നാം ആരെക്കാൾ ഉന്നതന്മാരും ഉൽകൃഷ്ടന്മാരും ആണെന്നു നടിച്ച് മാറിനിൽക്കുന്നുവോ അവരും നാമും ഒരേ ഒരു നിലയിൽ ആവുന്നതുവരെ, അശ്രാന്തമായ കഠിനദുഃഖം നാം അനുഭവിക്കേണ്ടിവരും. അല്ലെങ്കിൽ, ഒരുവേള, "വെറും തടസ്സങ്ങൾ" മാത്രമായിത്തീരുന്ന നാം തീരെ ത്യാജ്യകോടിയിൽത്തന്നെ തള്ളപ്പെട്ടു എന്നും വരാം. സർവ്വേശ്വരൻ നമ്മുടെ പ്രത്യേകമായ വ്യക്തിയിൽ മാത്രം ശ്രദ്ധിക്കയും അതിന്റെ മാത്രം വളർച്ചയിൽ സഹായിക്കുകയും ചെയ്യുന്നു എന്ന് അന്തസ്സാരമില്ലാതെ നാം തെററിദ്ധരിച്ചും ദുരഭിമാനപ്പെട്ടും നമ്മുടെ പ്രത്യേകത നിലനിർത്തുവാൻ ഉത്സാഹിക്കുകയും പരസ്പരം തിരിച്ചുനിർത്തുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു എങ്കിൽ, നമ്മുടെ "ധമ്മം" നമ്മെ മാത്രം ബാധിക്കുന്നതാണെന്നു നാം വിചാരിക്കുന്നു എങ്കിൽ, നമ്മുടെ സ്ഥാപനങ്ങളും ഏർപ്പാടുകളും എല്ലാം നമുക്കുമാത്രം വേണ്ടി നിർമ്മിക്കപ്പെട്ടവയാണെന്നു നാം കരുതുന്നു എങ്കിൽ, നമ്മുടെ ആരാധനസ്ഥലങ്ങളെല്ലാം ഈശ്വരാരാധനയിൽ തല്പരന്മാരായ അന്യന്മാരുടെ ശാന്തമായ പ്രവേശത്തിൽനിന്നു

രക്ഷിക്കപ്പെടുവാനുള്ള സന്നിധാനങ്ങൾ ആണെന്നു നാം വിശ്വസിക്കുന്നു എങ്കിൽ, സുരക്ഷിതങ്ങളായ ഈട്ടുവെപ്പു പുരകളിൽ കാററും വെയിലും തട്ടാതെ പ്രത്യേകം സൂക്ഷിക്കപ്പെടുന്നതുകൊണ്ടാണു് നമ്മുടെ ജ്ഞാനസമ്പത്തു നിലനിൽക്കുന്നതെന്നുള്ള ധാരണ നമുക്കുണ്ടെങ്കിൽ, നാം നമ്മാൽതന്നെ നിമ്മിക്കപ്പെട്ടതായ ആ മഹാ കാരാഗൃഹത്തിൽ സ്വാർത്ഥപഞ്ജരമായ ആ ഇരുട്ടറയിൽ, ലോകം നമ്മുടെ കായ്യത്തിൽ ഉച്ചരിപ്പാൻപോകുന്ന ആ അവസാനത്തെ വിധിയെ പ്രതീക്ഷിച്ചുംകൊണ്ടു് കണക്കില്ലാതെ കാത്തിരിക്കുക തന്നെ വേണ്ടിവരും. ലോകമാകുന്ന ന്യായാധിപതി നമ്മുടെ കുററത്തിനു നമുക്കു നൽകുവാൻ പോകുന്ന ശിക്ഷ മരണശിക്ഷ തന്നെയായിരിക്കുമെന്നതിന്നു സംശയമില്ല.

## II

അടുത്തകാലത്തുവച്ചു് ആംഗ്ലേയരും ഇന്ത്യയിൽ എത്തിക്കൂടുകയും ഇന്ത്യയുടെ ചരിത്രത്തിൽ പ്രധാനപ്പെട്ട ഒരു സ്ഥാനം ഉറപ്പിക്കുകയും ചെയ്തിട്ടുണ്ടു്. അതു് അവിചാരിതവും ആകസ്മികവും അനാവശ്യവും ആയ ഒരു സംഭവമല്ല. പാശ്ചാത്യസമ്പക്കം ഇന്ത്യക്കു ലഭിക്കാതെപോയിരുന്നുഎങ്കിൽ ഭാരതചക്രത്തിന്റെ പരിപൂണ്ണതയിൽനിന്നു വളരെ സാരമായ ഒരു അംശം പോയ്പ്പോകുമായിരുന്നു; ഇന്ത്യ പൂണ്ണാവസ്ഥയെ പ്രാപിക്കുന്നതല്ലായിരുന്നു. ഇപ്പോൾ യൂറോപ്യദീപമാണു കത്തിഎരിഞ്ഞുകൊണ്ടിരിക്കുന്നതു്. കാലമാകുന്ന ആ മഹൽപന്ഥാവിൽകൂടി വീണ്ടും യാത്ര തുടരുവാൻ ആഗ്രഹിക്കുന്ന നാം നമ്മുടെ ദീവട്ടികളെല്ലാം ആ വിളക്കിൽനിന്നുതന്നെ കൊളുത്തിതെളിയിക്കണം. മൂവ്വായിരം സംവത്സരങ്ങൾക്കു മുമ്പു മഹാശയന്മാരായ നമ്മുടെ പ്രപൂവ്വികർ; ഈ പ്രപഞ്ചത്തിൽ വിലപോരുന്നതായിട്ടുള്ളതെല്ലാം ആരാഞ്ഞറിഞ്ഞു കരസ്ഥപ്പെടുത്തീട്ടുണ്ടെന്നു നാം സമാധാനപ്പെടുന്നതിന്നു ഒരു

വിലയുമില്ല. നാം അത്ര നിർഭാഗ്യവാന്മാരുമല്ല; പ്രപഞ്ച സ്ഥിതി അത്ര ദാരിദ്ര്യവുമല്ല! ചെയ്യേണ്ടവയെല്ലാം പണ്ടുതന്നെ ചെയ്തുകഴിഞ്ഞിരുന്നു എങ്കിൽ നമ്മുടെ ജീവിതം ഭൂമിക്കു് ഒരു വെറും ഭാരം മാത്രമാകുന്നതാണു്; അതു് അസംഭവ്യ മായ ഒരവസ്ഥയാണു്; ആകയാൽ, നമുക്കും ചിലതു പ്രവൎത്തി പ്പാനുണ്ടെന്നു നിർവ്വിവാദമാകുന്നു.

തങ്ങളുടെ പ്രപൂർവ്വികന്മാരുടെ കാലത്തുതന്നെ എല്ലാം പരിപൂർണ്ണതയുടെ പരിപൂർത്തി പററിക്കഴിഞ്ഞിരിക്കുന്നു എന്നു വിചാരിക്കുന്നവൎക്കു ഇന്നത്തെ വല്ല പ്രവൃത്തികളോടോ, നാളത്തെ വല്ല ആശകളോടോ ഏതെങ്കിലും പ്രകാരത്തിൽ സംബന്ധപ്പെടുന്നതിനവകാശമുണ്ടോ? നിർജ്ജീവങ്ങളും ജീർണ്ണ ങ്ങളും ആയിത്തീൎന്നിട്ടുള്ള ആചാരപരമ്പരകളുടെ പിന്നിൽ നിന്നു, ദുർബലങ്ങളായ ദുൎഗ്ഗങ്ങളുടെ പുറകിൽ പററിക്കൂടി ആധുനിക പരിഷ്കാരത്തിൻെറ പ്രവേശത്തിൽനിന്നു തന്നെ ത്താൻ രക്ഷപ്പെടുകയുള്ളതല്ലാതെ അവൎക്കെന്താണു് ഒന്നു ചിന്തിപ്പാനോ പ്രവൎത്തിപ്പാനോ ഉള്ളതു്?

ഇടിഞ്ഞുവീണു തുടങ്ങിയ നമ്മുടെ ദുൎഗ്ഗങ്ങളുടെ എടയിൽ കൂടിയാണു് ഇംഗ്ലീഷുകാരൻ ഇന്ത്യയിൽ കടന്നുകൂടിയതു്. മഹത്തരമായ "ലോകസത്ര" (world-festival) ത്തിൻെറ ഉടമസ്ഥനാൽ അയയ്ക്കപ്പെട്ട ദൂതനായിട്ടാണു് ഇംഗ്ലീഷുകാരൻ ഇന്ത്യയിൽ പ്രവേശിച്ചിട്ടുള്ളതു്. ലോകത്തിനു് ഇന്ത്യയെ ക്കൊണ്ടു് ഇനിയും ആവശ്യമുണ്ടെന്നു് അറിയിപ്പാനാണു് അയാാം വന്നിട്ടുള്ളതു്. "സ്വാതന്ത്ര്യം"ത്തിലല്ലാ ഇന്ത്യയെ ക്കൊണ്ടു് ലോകത്തിനു് ആവശ്യമുള്ളതു്. ജ്ഞാനത്തിലും സ്നേഹത്തിലും, കൎമ്മത്തിലും ലോകത്തെ ഒന്നുന്നത്തിവിടണം; ആത്മചൈതന്യത്തിലും പരസ്പരവിശ്വാസത്തിലും ലോക ത്തിനു് ഒരു വളർച്ചയുണ്ടാകണം; അതിനു്, ഇന്ത്യയുടെ പ്രാചീനവും ശക്തിയുക്തവും ആയ ജീവചൈതന്യം കൊണ്ടു മാത്രമേ സാധിക്കയുള്ളു. അതിലേക്കു ക്ഷണിപ്പാനാണു്, ആ

സഹായം ആവശ്യപ്പെട്ടവാനാണു്, ഇംഗ്ലീഷുകാരൻ ഇന്ത്യയിൽ എത്തീട്ടുള്ളതു്. പാവനമായ യാതൊരു സന്ദേശവും കൊണ്ടു് ഇംഗ്ലീഷുകാരൻ ഇന്ത്യയിൽ പ്രവേശിച്ചിരിക്കുന്നുവോ ആ ദൌത്യത്തെ നമ്മുടെ പ്രവൃത്തികാംകൊണ്ടു് നാം സാഫല്യകരിക്കുന്നതുവരെ, ആ ക്ഷണനത്തെ നാം അർഹിക്കുന്നതുവരെ, ലോകത്തിൻെറ അപേക്ഷയെ നിറവേററുന്നതിന്നു് സർവ്വഥാ പ്രാപ്തന്മാരായി സസന്തോഷം അവരോടുകൂടി പുറപ്പെടുന്നതിന്നു നാം സന്നദ്ധന്മാരായിത്തീരുന്നതുവരെ, ഇംഗ്ലീഷുകാൎക്കു നമ്മെ പിടികൂടാതെയും, അചട്ടാതെയും സാധിക്കുന്നതല്ല; അതുവരെ ഇംഗ്ലീഷുകാർ ഇന്ത്യാക്കാരുടെ സ്വൈരജീവിതത്തിന്നു തടസ്സക്കാരായിരിക്കുന്നതാണു്; പാർശ്വശൂലങ്ങളാകുന്നതാണു്.

ഭൂതകാലമാകുന്ന ആ വിത്തിന്നു മുളവന്നു്, ഭാവിയിലെ ഫലസമൃദ്ധിയെ കാണിക്കുന്ന അങ്കുരങ്ങാം പൊട്ടിപ്പുറപ്പെട്ടുതുടങ്ങീട്ടുള്ള ഒരു ഇന്ത്യയിലേക്കാണു് ഇംഗ്ലീഷുകാർ ലോകോപകാരാൎത്ഥമായ അവരുടെ ദൌത്യവുംകൊണ്ടു് പ്രവേശിച്ചിട്ടുള്ളതു്. ഈ മുളച്ചുവരുന്ന ഇന്ത്യ ഹിന്ദുവിൻേറയുമല്ല, മുഹമ്മദിയൻേറയുമല്ല, "മനുഷ്യ"ൻേറയാണു്. ഇന്നിന്നവൎക്കു അവിടെ സ്ഥാനമുള്ള എന്നോ, ഇന്നിന്നവൎക്കു് അവിടെ അവകാശമില്ലെന്നോ കൽപ്പിക്കുന്നതിന്നു നാമാരാണു്; അതിന്നു നമുക്കെന്തധികാരമാണുള്ളതു്? ഈ "നാം" തന്നെ ആരാണു്; ബങ്കാളിയോ മറാട്ടിയോ, പഞ്ചാബിയോ, ഹിന്ദുവോ, മുഹമ്മദീയനോ, ആരാണു്? ആ പരമമായ "നാം" മാത്രമേ,—ഹിന്ദുവും, മുഹമ്മദീയനും, ഇംഗ്ലീഷുകാരനും, എന്നു വേണ്ട സൎവ്വരും അടങ്ങീട്ടുള്ളതായ ആ മഹാ "നാം" മാത്രമേ, ഇന്നവൎക്കു് നിൽക്കാം, ഇന്നവൎക്കു് പോകാം, എന്നു കല്പിക്കുന്നതിന്നു് അധികാരമായിത്തീരുകയുള്ളു.

ആ "മഹാ ഇന്ത്യ"യുടെ—യഥാൎത്ഥമായ ആ വലിയ

ഇന്ത്യയുടെ നിർമ്മാണത്തിനുള്ള ഭാരം ഇപ്പോൾ നമ്മുടെ ചുമലുകളിലാണ് സ്ഥിതിചെയ്യുന്നതു്. ആ കാര്യത്തിൽ നമ്മുടെ തൽക്കാലത്തെ പ്രധാനപ്പെട്ട ചുമതല ഇംഗ്ലണ്ടും ഇന്ത്യയും തമ്മിലുള്ള സമ്പക്കത്തെ സാധൂകരിക്കുന്നതാണു്. ഞങ്ങൾ പിൻമാറി നിന്നുകളയാം, ഞങ്ങൾ അലസന്മാരായി അചേതനന്മാരായി ഈ മഹാരംഭത്തിൽ പങ്കുകൊള്ളാതെ ഒഴിഞ്ഞു നിന്നേക്കാം; "ഞങ്ങളെക്കൊണ്ടൊന്നും കഴികയില്ല" എന്നു പറഞ്ഞു കൊള്ളുക്കൊട്ടുക്കയ്യും മനസ്സില്ലാത്തവരായി പുറംതട്ടായി മാറിനിൽക്കുന്നതിന്നും, തന്നിമിത്തം ഇന്ത്യയെ ഉണ്ടാക്കുവാൻ പോകുന്ന ആ വലിയ ഇന്ത്യയെ, ഗർഭത്തിലിരിക്കുന്ന ആ മഹാ ഇന്ത്യയെ, അത്രയുമാത്രമെങ്കിലും അപൂർണ്ണമാക്കുന്നതിന്നും നമുക്കു് ഒരിക്കലും സാധിക്കുന്നതല്ല. ഭാവിയിലെ ഇന്ത്യയുടെ നിർമ്മാണത്തിൽ നമുക്കു് പങ്കുകൊള്ളാതെ ഗത്യന്തരമില്ല. മനുഷ്യൻെറ ഏതു ശക്തിയും കാലഗതിക്കു് അധീനമാണു്.

തന്നിമിത്തം, ആധുനികേന്ത്യയിലെ യഥാർത്ഥ മഹാന്മാരെല്ലാം, യൂറോപ്പും ഇന്ത്യയും തമ്മിലുള്ള സൌഹാർദ്ദസംബന്ധത്തെ ദൃഢപ്പെടുത്തുന്നതിന്നാകുന്നു ആജീവനാന്തം പരിശ്രമിച്ചിട്ടുള്ളതു്. ആ വർഗ്ഗത്തിൽ പ്രഥമഗണനീയൻ "രാജറാമമോഹൻറാ"യിയായിരുന്നു. "മനുഷ്യത്വം" എന്ന ശൃംഖലകൊണ്ടു് ഇന്ത്യയെ ഇതര രാജ്യങ്ങളോടു് സംഘടിപ്പിക്കുന്നതിന്നുള്ള അദ്ദേഹത്തിൻെറ പ്രയത്നത്തിൽ അദ്ദേഹം ഏകനും അനന്യസഹായനും ആയിരുന്നു. അന്ധമായ വല്ല വിശ്വാസമോ, പരമ്പരയായി നിലനിന്നുപോരുന്ന വല്ല നടപടിയോ, ഒന്നും തന്നെ ദീർഘദർശിത്വമുണ്ടായിരുന്ന അദ്ദേഹത്തിൻെറദൃഷ്ടികൾക്കു് ഒരിക്കലും മങ്ങലുണ്ടാക്കിയില്ല. വിശാലാന്തരംഗനും അതിബുദ്ധിമാനും ആയിരുന്ന അദ്ദേഹം, പൌരസ്ത്യാദർശങ്ങളെ വഞ്ചിക്കാതെ തന്നെ, പാശ്ചാത്യമാതൃകകളെ സോല്ലാസം അംഗീകരിച്ചു. ഇന്നത്തെ ബങ്കാള

ത്തിൻെറ അടിക്കല്ലുറപ്പിച്ചതു് അദ്ദേഹം തനിച്ച തന്നെയായിരുന്നു.

നമ്മുടെ പ്രവൃത്തിയുടേയും അറിവിൻെറയും അതിർത്തികളെ പൌരസ്ത്യതീരങ്ങളിൽ നിന്നു പാശ്ചാത്യരാജ്യങ്ങളോളം വലുതാക്കുന്നതിന്നു,—സത്യാന്വേഷണത്തിൽ മനുഷ്യൎക്കു് സഹജമായുള്ള അധികാരാവകാശങ്ങളെ ഇന്ത്യാക്കാൎക്കും സമ്പാദിച്ചുകൊടുക്കുന്നതിന്നു, നാമും ഭൂമിയുടെ ഉടമസ്ഥന്മാരും അവകാശികളും ആണെന്നുള്ള പരമാർത്ഥത്തെക്കുറിച്ചുള്ള പൂൎണ്ണജ്ഞാനം നമ്മുടെ ഹൃദയങ്ങളിൽ സാക്ഷാൽക്കരിക്കുന്നതിന്നു,—രാജാറാമമോഹൻറായിക്ക് സഹിക്കേണ്ടിവന്നിട്ടുള്ള കഷ്ടാരിഷ്ടങ്ങൾ കഠോരങ്ങളും അനേകങ്ങളും ആകുന്നു. അതെല്ലാം അദ്ദേഹം ആഹ്ലാദത്തോടുകൂടി അനുഭവിക്കതന്നെ ചെയ്തു. ബുദ്ധനും, ക്രിസ്തുവും, മുഹമ്മദും അവരുടെ പാവനമായ ജീവിതത്തെ നയിച്ചിട്ടുള്ളതു നമുക്കുംകൂടി വേണ്ടിയാണെന്നു ഒന്നാമതായി പ്രസിദ്ധപ്പെടുത്തിയതു്, ആ ധീരാത്മാവാണു്; പുരാണ ഋഷീശ്വരന്മാർ അനൎഘങ്ങളായ അവരുടെ ജ്ഞാനസമ്പത്തുകളെ ശേഖരിച്ചിട്ടുള്ളതു് നമുക്കെല്ലാവൎക്കും വേണ്ടിയാണെന്നു് ആദ്യമായി പ്രസ്താവിച്ചതു് ആ മാന്യനേതാവാണു്; ലോകത്തിൻെറ ഏതു ഭാഗത്തായാലും വേണ്ടില്ല, ജ്ഞാനമാൎഗ്ഗത്തിൽ നിന്നു തടസ്സങ്ങളെ നീക്കിക്കളയുകയും, അചേതനങ്ങളായ ബന്ധങ്ങളെ നശിപ്പിച്ച മനുഷ്യശക്തിയെ സ്വതന്ത്രമാക്കിത്തീൎക്കുകയും ചെയ്തിട്ടുള്ളവരെല്ലാം, നമ്മുടെ ഓരോരുത്തരുടേയും സ്വന്തം ആളുകളാണെന്നും, അവരുടെ ഓരോരുത്തരുടേയും ജീവിതത്തിൽ നമ്മുടേതന്നെ ജീവിതത്തിൻെറ തേജോമയമായ ഒരു പ്രസ്ഫുടാവസ്ഥയെയാകുന്നു നാം ദർശിക്കുന്നതെന്നും, സധൈൎയ്യം, പ്രസംഗിച്ചതും ആ ഗംഭീരാശയനാണു്.

"റാമമോഹൻറായി" ഇന്ത്യയുടെ ജാതിമതിലുകളുടേയോ ആചാരക്കോട്ടകളുടേയോ അററകുററങ്ങൾ തീൎക്കുന്നതി

ന്നോ, അവയുടെ പിന്നിൽ അഭയം പ്രാപിക്കുന്നതിന്നോ ശ്രമിച്ചില്ല. അദ്ദേഹം ഇന്ത്യയെ, ഇടുങ്ങിയ ഗൃഹാന്തർഭാഗങ്ങളിൽ നിന്നു് അത്യന്തമില്ലാതെ പ്രപഞ്ചസന്നിധിയിലെ സ്വതന്ത്രജീവിതത്തിലേക്കു പുറത്തുകൊണ്ടുവന്നു. അദ്ദേഹം ഇന്ത്യയേയും ഇംഗ്ലണ്ടിനേയും മനോഹരമായ ഒരു പാലം കൊണ്ടു കൂട്ടിയിണക്കി. അതുകൊണ്ടാണു് അദ്ദേഹത്തിൻെറ ഉശിരും ഊക്കും ഇന്നും നിലനിൽക്കുന്നതു്. ഇന്ത്യയുടെ നിർമ്മാണശക്തിയെ പോഷിപ്പിക്കുന്നതിന്നു് അദ്ദേഹത്തിനുണ്ടായിരുന്ന ഊക്കു് ഇനിയും നിലച്ചിട്ടില്ല. ചിരപരിചയത്താൽ മനസ്സിന്നുണ്ടാകുന്ന അന്ധതയൊ, വർഗ്ഗീയാഹങ്കാരത്തിൽ നിന്നുത്ഭവിക്കുന്ന സങ്കുചിതാവസ്ഥയോ, കാലത്തിൻെറ സ്പഷ്ടമായ കൽപ്പനയ്ക്കു കീഴ്പെടാതെ പ്രവർത്തിപ്പാൻ കാരണമായി തീൎന്നില്ല. കഴിഞ്ഞ കാലങ്ങളിൽ മുഴമിക്കുവാൻ സാധിക്കാതിരുന്നതും, ഭാവിയിൽ പൂൎണ്ണാവസ്ഥയെ പ്രാപിക്കുന്നതിന്നു ശ്രമപ്പെട്ടുവരുന്നതും ആയ ആ പരിശുദ്ധ പരിണാമത്തിൻെറ പരമ പ്രയാണത്തിൽ അദ്ദേഹം ധീരതയോടുകൂടി മുന്നണിയിൽ കടന്നു ചെന്നു പതാകയും പറപ്പിച്ചു് പാടികൊണ്ടു് നടന്നു.

മദ്ധ്യ ഇന്ത്യയിൽ, പ്രസിദ്ധനായ "റാണഡേ" യൂറോപ്പിനേയും ഇന്ത്യയേയും പരസ്പരം ബന്ധിക്കുന്നതിന്നുള്ള ഒരു ശൃംഖലയ്ക്കായി പ്രയത്നപ്പെട്ടുകൊണ്ടുതന്നെ തൻെറ ജീവിതം മുഴവനും നയിച്ചു. അദ്ദേഹത്തിൻെറ സ്വഭാവ മാഹാത്മ്യം തന്നെ അസാധാരണവും ഉദ്ദേശസിദ്ധിക്കു് ഏററവും അനുഗുണവും ആയിരുന്നു. ജനങ്ങളെ പരസ്പരം രഞ്ജിപ്പിക്കുന്നതിന്നും, സാമുദായിക ജീവിതത്തെ ഏകീകരിക്കുന്നതിന്നും, മതമാത്സൎയ്യങ്ങളുടെ അതിൎത്തികളെ ചുരുക്കിച്ചുരുക്കി ജ്ഞാനത്തേയും, സ്നേഹത്തേയും, മനഃശ്ശക്തിയേയും വൎദ്ധിപ്പിക്കുന്നതിന്നും ജന്മനാ, പ്രാപ്തനായ ഒരു നേതാവായിരുന്നു ആ മഹാനുഭാവൻ. തന്നിമിത്തം തൻെറ കാലത്തുണ്ടായിരുന്ന

എല്ലാ വർഗ്ഗീയ മത്സരങ്ങളിൽ നിന്നും, ജാതിവ്യത്യാസങ്ങളിൽ നിന്നും, ഇംഗ്ളീഷുകാരും ഇന്ത്യാക്കാരും തമ്മിൽ അനവരതം സംഭവിച്ചുകൊണ്ടിരുന്ന വിവിധങ്ങളായ വഴക്കുകളിൽ നിന്നും തീരെ വിമുക്തമായിരുന്ന അദ്ദേഹത്തിൻെറ പരിശുദ്ധഹൃദയം അക്കാലത്തു തീരെ അപൂർവ്വമായിരുന്ന ഒരു മുഗ്ദ്ധാവസ്ഥയേയും പ്രബലതയേയും പ്രാപിച്ചു. ആംഗ്ലേയ ചരിത്രത്തിലെ ഉപയോഗപ്രദങ്ങളും അവശ്യവിജ്ഞേയങ്ങളും ആയ സംഗതികളെ സസന്തോഷം അംഗീകരിക്കുകയും, ഇന്ത്യയുടെ പരമമായ പരിപൂർണ്ണതയ്ക്കു ഹാനികരമായേക്കാവുന്ന എല്ലാ ദോഷാംശങ്ങളേയും ഹൈന്ദവചരിത്രത്തിൽ നിന്നു നീക്കിക്കളയുകയും ചെയ്യുന്നതിന്നു വിശാലാന്തരംഗനായ ആ വിമലാത്മാവു് സ്വഭാവേന നിർബ്ബന്ധിതനായിത്തീർന്നു.

വിശ്വവിശ്രുതനായ വിവേകാനന്ദസ്വാമിയോ?—ആധുനികേന്ത്യയുടെ ജീവനാഡിയായ ആ കർമ്മയോഗിയോ?—അദ്ദേഹം പൌരസ്ത്യത്തെ വലത്തും പാശ്ചാത്യത്തെ ഇടത്തും സ്ഥാപിച്ചുകൊണ്ടു് ഒരു മദ്ധ്യസ്ഥനായിത്തന്നെ പ്രവൃത്തി എടുത്തു. ഹൈന്ദവചരിത്രത്തിലെ ആധുനിക ഘട്ടത്തേയും പാശ്ചാത്യസമ്പർക്കത്തേയും തീരെ വിസ്മരിച്ചു്, ഭാരതഭൂമിയെ, എടക്കാലത്തുവച്ചുണ്ടായിത്തീർന്ന ആ സങ്കുചിതാവസ്ഥയിൽ തന്നെ സംരക്ഷിക്കണമെന്നല്ലാമായിരുന്നു അദ്ദേഹത്തിൻെറ ലോകോത്തരമായ സന്ദേശം. അദ്ദേഹത്തിൻെറ അസാമാന്യമായ പ്രതിഭാവിലാസം, നൂതനാശയങ്ങളെ അംഗീകരിക്കുന്നതിന്നുള്ള ആവശ്യത്തേയും, പഴയതുമായി കൂട്ടിയിണക്കുന്നതിലുള്ള ശക്തിമാഹാത്മ്യത്തെയും, പുതിയതായ സൃഷ്ടിയിലുള്ള വൈചിത്ര്യത്തേയും സ്വയമേവ കണ്ടറിഞ്ഞു. യൂറോപ്പിൽ നിന്നു് ഇന്ത്യയിലേക്കും, ഇന്ത്യയിൽ നിന്നു യൂറോപ്പിലേക്കും ജ്ഞാനചരക്കുകൾ യഥേഷ്ടം കൊണ്ടുപോകുന്നതിന്നു സൌകയ്യപ്പെടുന്നതായ ഒരു രാജപാത

യുണ്ടാകുന്നതിന്നുവേണ്ടിയായിരുന്നു ആ അസാമാന്യപുരുഷൻ അദ്ദേഹത്തിൻെറ ആയുഷ്കാലത്തെ വ്യയം ചെയ്തതു്.

വിഖ്യാതനായ ബാങ്കിമചന്ദ്രചട്ടോപാദ്ധ്യായൻ "വംഗദർശനം" എന്ന തൻെറ പത്രത്തിൻെറ പംക്തികളിൽക്കൂടി, പാശ്ചാത്യരേയും പൌരസ്ത്യരേയും ഒരുപോലെ, ഒരു "ജ്ഞാനമഹാസദ്യ"ക്കു ക്ഷണിച്ചതായ സംഗതിയും ഈ അവസരത്തിൽ സ്മരണീയമാകുന്നു. അന്നു മുതൽക്കാണു് ബങ്കാളസാഹിത്യത്തിന്നു കാലാനുസൃതമായ ഒരു ജീവചൈതന്യം സംഭവിച്ചതു്. അന്നു മുതൽ ബങ്കാളിസാഹിത്യം ദേശീയമായിരുന്ന സങ്കുചിതാവസ്ഥയെ പിന്നിട്ടു, പിന്നോക്കം വലിച്ചുകൊണ്ടിരുന്ന കെട്ടുകളെ വെട്ടിമുറിച്ചു കളഞ്ഞതുകൊണ്ടാണു്,—സ്വതന്ത്രമായ വളർച്ചക്കു് സൌകര്യം സിദ്ധിച്ചതുകൊണ്ടാണു്,—യഥേഷ്ടം പാശ്ചാത്യാദർശങ്ങളെ തോലനം ചെയ്തു് അംഗീകരിക്കുന്നതിന്നും നിരാകരിക്കുന്നതിന്നും സ്വാതന്ത്ര്യം ലഭിച്ചതുകൊണ്ടു് മാത്രമാണു്—ബങ്കാളിസാഹിത്യത്തിന്നു് ഇത്രമാത്രം വളർച്ചയും വർദ്ധനയും ഉണ്ടായിത്തീർന്നതു്. ചട്ടോപാദ്ധ്യായൻ മഹാനായതു് അദ്ദേഹം എഴുതിത്തീർത്തിട്ടുള്ള ഗ്രന്ഥങ്ങളെക്കൊണ്ടു മാത്രമല്ല, മേൽപ്രകാരം ഉന്നതിക്കുള്ള വിശാലമായ മാർഗ്ഗത്തെ വെട്ടിത്തുറന്നു കാണിച്ചതുകൊണ്ടാകുന്നു.

ഇപ്രകാരം ഏതു വിധത്തിൽ പരിശോധിക്കുന്നതായാലും, സർവ്വേന്ത്യാ നേതാക്കന്മാരായിത്തീർന്നിട്ടുള്ള മഹാശയന്മാരെല്ലാം,—തങ്ങളുടെ ജീവിതകാലത്തെ ഇന്ത്യാചരിത്രത്തിലെ ഒരു പ്രത്യേകഘട്ടമാക്കിത്തീർത്തിട്ടുള്ള മനുഷ്യമാഹാത്മ്യത്തിൻെറ ജീവന്നിദർശകന്മാരായ പ്രമാണികളെല്ലാം,—പാശ്ചാത്യപൌരസ്ത്യവ്യത്യാസംകൂടാതെ ഇന്ത്യയുടെ ഭാവിയെ കണ്ടറിഞ്ഞവരായിരുന്നു എന്നു കാണാവുന്നതാണു്. യൂറോപ്പും ഇന്ത്യയും തമ്മിലുള്ള വ്യത്യാസങ്ങൾ പരസ്പരം ഹാനികരങ്ങളോ മത്സരത്തിന്നു മാത്രം വഴിയുണ്ടാക്കുന്നവയോ ആയ

വ്യത്യാസങ്ങളല്ലെന്നും, നേരേമറിച്ച്, അവയെല്ലാം പരമമായ സൌഹാൎദ്ദത്തിനും രഞ്ജിപ്പിന്നും ഉപയുക്തങ്ങളായ അംശങ്ങൾ മാത്രമാണെന്നും, സ്വയമേവ കണ്ടറിയുവാനുള്ള വീക്ഷണാചാതുരിയും തദനുരൂപങ്ങളായ പ്രവൃത്തിമാൎഗ്ഗങ്ങളെ ആരാഞ്ഞറിയുന്നതിനുള്ള ബുദ്ധിശക്തിയും, അപ്രകാരമുള്ള സ്വാഭിപ്രായങ്ങളെ പൊതുജനസമക്ഷത്തിൽ പ്രദർശിപ്പിക്കുന്നതിനുള്ള ധൈൎയ്യവായ്പും ഉണ്ടായിരുന്നവരാണു് ആ പുരുഷപുംഗവന്മാരെല്ലാം.

വിദ്യാസമ്പന്നന്മാരുടെ വൎഗ്ഗത്തിൽപ്പെട്ടവരായ നമ്മളിൽ ചിലർപോലും, ഇന്ത്യയിലുള്ള വിവിധവൎഗ്ഗങ്ങളുടെ ഏകീകരണം, ഇന്ത്യക്കു രാഷ്ട്രീയമായ ശക്തി ലഭിക്കുന്നതിനുവേണ്ടിയാണെന്നു തെററിദ്ധരിച്ചിട്ടുണ്ടു്. ഇക്കാൎയ്യത്തിലും നാം, മററുസംഗതികളിൽ എന്നപോലെതന്നെ, വലിയതിനെ ചെറിയതിന്നു കീഴ്പ്പെടുത്തുകയാണു ചെയ്യുന്നതു്. താൽക്കാലികമായ നമ്മുടെ ഏതെങ്കിലും ലാഭത്തെ, പരമമായ ഉദ്ദേശസിദ്ധിയേക്കാൾ കാൎയ്യമായി നാം കരുതുന്നു. ഇന്ത്യയിലുള്ള വിഭിന്നവർഗ്ഗങ്ങളളെയെല്ലാം ഏകീകരിക്കുന്നതുകൊണ്ടുള്ള ഫലം ഇന്ത്യയ്ക്കല്ലാ; ലോകത്തിനു മുഴുവനുമാകുന്നു. ആ ഏകീകരണത്താൽ ഇന്ത്യയ്ക്കു രാഷ്ട്രീയസ്വാതന്ത്ര്യം സിദ്ധിക്കുന്നു എന്നുള്ളതു നിസ്സാരവും ഇന്ത്യയെ മാത്രം സംബന്ധിക്കുന്നതുമായ ഒരു സംഭവമാണു്. രണ്ടിനേയും വേർതിരിച്ചു അവസ്ഥാനുസരണം ദർശിക്കേണ്ടതാകുന്നു. ആ ഏകീകരണം നമുക്കു ക്ഷണസാദ്ധ്യമായിത്തീരാത്തതു നമ്മുടെ പൌരുഷത്തിനുള്ള ആന്തരമായ ഒരു ന്യൂനതമൂലമാകുന്നു. നാം എവിടെ നോക്കിയാലും ശക്തിക്ഷയംതന്നെ കാണുന്നതിനുള്ള കാരണവും അതുതന്നെയാണു്. നമ്മുടെതന്നെ പാപംകൊണ്ടാണു നമ്മുടെ "ധൎമ്മ"ത്തിന്നു നാശം നേരിടുന്നതു്. ആ ധൎമ്മനാശത്തിലാകട്ടെ, മറെറല്ലാററിനും നാശം സംഭവിക്കുന്നു.

## III

ഇന്ത്യയുടെ ഏകീകരണം ഫലപ്രദമാകേണമെങ്കിൽ അതിന്നുള്ള പരിശ്രമത്തിൻെറ അടിസ്ഥാനവും പ്രേരകശക്തിയും "സത്യവും ധർമ്മവും" തന്നെയായിരിക്കണം. നീചമയാമോനാഭാവത്തിൻെറയോ, നിന്ദ്യമായ ദുരഭിമാനത്തിൻെറയോ സ്പർദ്ധലേശം ആ പ്രയത്നത്തെ വിഫലമാക്കുന്നതാണ്. തല്ക്കാല നിവൃത്തിയെ മാത്രം ഉദ്ദേശിച്ചുള്ള പ്രവൃത്തികളും ആ ഐക്യത്തിന്ന സഹായമായിത്തീരുന്നതല്ല. സത്യത്തിലും ധർമ്മത്തിലും അടിയുറച്ചുനില്ക്കുന്ന സംരംഭങ്ങളിൽ ജാതിഭേദമോ വർഗ്ഗഭേദമോ ഉണ്ടാകുന്നതല്ല. ആ സമാരംഭത്തിൽ ഇന്ത്യാക്കാരനും ഇംഗ്ലീഷുകാരനും വ്യത്യാസവുമില്ല.

എന്നാൽ ഇന്ത്യക്കാരും ഇംഗ്ലീഷുകാരും തമ്മിൽ ഇന്നു കാണപ്പെടുന്നതായ ഈ മത്സരത്തിൻെറ സാരമെന്താണ്? അതു കേവലം ഇല്ലാത്തതാണോ? അത് ഏതെങ്കിലും ചില സ്വാർത്ഥികൾ സ്വാഭിപ്രായസിദ്ധിക്കായിക്കൊണ്ടു കെട്ടിച്ചമച്ചിട്ടുള്ളതാണോ? അഥവാ ആ വ്യാമമും, ഇന്ത്യാചരിത്രനിർമ്മാണകാര്യത്തിൽ അനവരതം നടന്നുകൊണ്ടിരിക്കുന്ന അനുകൂലപ്രതികൂലശക്തികളുടെ സർവ്വസാധാരണമായ മത്സരംതന്നെയായിരിക്കുമോ? ഏതായാലും, ഈ മത്സരത്തിൻെറ ശരിയായ ഒരു ജ്ഞാനം സമ്പാദിക്കുന്നതു് അത്യന്താപേക്ഷിതമാകുന്നു.

നമ്മുടെ പുരാണഗ്രന്ഥങ്ങളിൽ വൈരം ഐക്യത്തിന്നു് ഒരു മാർഗ്ഗമാണെന്നു വിവരിച്ചുകാണുന്നുണ്ട്. ശ്രീരാമനോടുണ്ടായിരുന്ന അഗാധമായ വൈരം നിമിത്തം രാവണൻ എപ്പോഴും രാമനെത്തന്നെ ഓർക്കുകയും, രാമനോടു് ഉള്ളുറച്ചു യുദ്ധം നടത്തുകയും ചെയ്തു. തന്നിമിത്തം രാവണൻ ഒടുവിൽ മുക്താവസ്ഥയെ പ്രാപിച്ചു. അതിൻെറ സാരം മറെറാന്നുമല്ല. സത്യത്തിനോടും ധർമ്മത്തിനോടും നിരന്തരമായി പോരാടുകയും ഒടുവിൽ ഗത്യന്തരമില്ലാതെ പരാജിതനാകുകയും ചെയ്താൽ സത്യത്തേയും ധർമ്മത്തേയും പരാജി

തൻ എന്നെന്നേക്കുമായി അംഗീകരിക്കുകയും, അസത്യവും അധർമ്മവും അത്തോടുകൂടി നശിക്കയും ചെയ്യുന്നു. പറയുന്ന തോടുകൂടി വിശ്വസിക്കുന്നതു ശരിയായും പൂർണ്ണമായും ഉള്ള വിശ്വാസമല്ല. അവിശ്വാസവും സംശയവും ആകുന്നു, പൂർത്തിയായ ജ്ഞാനത്തിൻെറയും നിശ്ചഞ്ചലമായ ദൃഢതയുടേയും നിദാനം.

നാം ആദ്യത്തിൽ കേവലം വിചാരഹീനന്മാരായി, നമ്മുടെ സ്ഥിതി മറന്നു, തീരെ ദരിദ്രന്മാരും അലസന്മാരും ആയ പിച്ചക്കാരെപ്പോലെ, യൂറോപ്യൻെറ പടിക്കൽചെന്നു യാചിക്കുവാൻ തുടങ്ങി. യാചനകൊണ്ടു യഥാർത്ഥമായ സമ്പാദ്യമോ ലാഭമോ ഉണ്ടാകുന്നതല്ല. ജ്ഞാനമായാലും വേണ്ടില്ല, രാഷ്ട്രീയസ്വാതന്ത്ര്യമായാലും വേണ്ടില്ല, അതൊന്നും യാചിച്ചു വാങ്ങേണ്ടുന്ന കാര്യങ്ങളല്ല; പ്രയത്നപ്പെട്ടു സമ്പാദിക്കേണ്ട വസ്തുക്കളാണു്; പ്രതിബന്ധങ്ങളോടു മല്ലടിച്ചും തടസ്സങ്ങളെ തട്ടിനീക്കിയും സ്വശക്തി പ്രയോഗിച്ചു കരസ്ഥപ്പെടുത്തേണ്ടവയാണു്. ദയാലുക്കളായ അന്യന്മാർക്കു, നിവർത്തിപ്പിടിച്ചിരിക്കുന്ന നമ്മുടെ കരങ്ങളിലേക്കു ഭിക്ഷയായി ഇട്ടുകൊടുക്കാവുന്ന സാധനങ്ങളല്ലാ ജ്ഞാനവും സ്വാതന്ത്ര്യവും. അപ്രകാരം "ധർമ്മം കിട്ടുന്നതു്" ഒന്നും ഒരിക്കലും നമ്മുടെ ആയിത്തീരുന്നതുമല്ല. ആത്മാഭിമാനത്തെ ഹനിക്കുന്നതായ ദാനം വാങ്ങൽ അവസാനത്തിൽ മഴുവനുമായ നാശത്തിനുള്ള വഴിയാകുന്നു. നാം കണ്ണുംചിമ്മി വേണ്ടതും വേണ്ടാത്തതും എല്ലാം യൂറോപ്പിനോടു "ധർമ്മം വാങ്ങാൻ" പുറപ്പെട്ടു. അതിൻെറ ഫലമാണു് ഇന്നത്തെ ഈ പ്രതികൂലാവസ്ഥ. ക്രിയയ്ക്കു പ്രതിക്രിയ അനിവാര്യമാകുന്നു. ക്ഷതം തട്ടിയതായ അഭിമാനത്തിൻെറ പിടച്ചിലാണു്—തിരിച്ചടിക്കലാണു്—ഇന്നത്തെ ഈ മത്സരം. ഈ പരിഭവം.

ഈ "തിരിച്ചടിക്കൽ"; ഞാൻ അഭിപ്രായപ്പെട്ടതുപോലുള്ള ഇന്ത്യാചരിത്രനിർമ്മിതിക്കു് അത്യാവശ്യമാകുന്നു. കാല

മാകുന്ന മൂശാരി വിഭിന്നവർഗ്ഗങ്ങളാകുന്ന പല ലോഹങ്ങളും ഉടച്ചുരുക്കി പുതിയ ഇന്ത്യാചരിത്രമാകുന്ന മനോഹരമായ ഒരു സാധനം വാർത്തുവരുന്നുണ്ട്. അതിലെ സംയോഗപൂർത്തിക്ക് ഈദൃശമായ ഒരു ആത്മസ്മരണ ഒഴിച്ചുകൂടാത്തതാകുന്നു. നമുക്കു നിരാക്ഷേപമായും, നിരന്തരമായും ലജ്ജാവഹമായ ദാരിദ്ര്യഭാവത്തിലും ലഭിച്ചുകൊണ്ടിരുന്ന വസ്തുക്കളുടെ ശരിയായ വില നിർണ്ണയിക്കുന്നതിന്നു നാം അന്നു തീരെ അശക്തന്മാരായിരുന്നു. വിലമതിക്കുവാൻ സാധിക്കാതിരുന്നതുകൊണ്ടു വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുവാനും നാം പ്രാപ്തരായില്ല. അതു്, അനാവശ്യമായ ഒരു അലങ്കാരമെന്നപോലെ നമ്മോടു സംബന്ധപ്പെടാത്ത ഒരന്യവസ്തുവായിത്തീൻ. അതിനെക്കുറിച്ചുള്ള ശരിയായ ബോധം ഉദിച്ചുതോടുകൂടി അതിൽനിന്നു വിട്ടൊഴിയുന്നതിന്നുള്ള ആഗ്രഹം കലശലായിത്തുടങ്ങി. അതു പ്രകൃത്യാനുസാരമായ ഒരു വികാരവുമാണു്.

രാമമോഹൻറോയി പാശ്ചാത്യാദർശങ്ങളുടെ അപാരദീപ്തിയിൽ കണ്ണു മഞ്ഞളിച്ചു് അന്ധനായിത്തീന്നില്ല. അവയുടെ ശക്തി അദ്ദേഹത്തെ കീഴ്പ്പെടുത്തിയതുമില്ല. തന്നിമിത്തം ആ ആദർശങ്ങളെ അദ്ദേഹം ഗുണദോഷവിവേചനയോടുകൂടി സ്വാധീനപ്പെടുത്തി. അദ്ദേഹത്തിൻറ കാര്യത്തിൽ ബലഹീനതയോ ദാരിദ്ര്യമോ ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. അദ്ദേഹം "നിലയില്ലാത്ത മലയ്ക്കുതുല്യ"നായിരുന്നു. ഇന്ത്യയുടെ യഥാർത്ഥസമ്പത്തു് അദ്ദേഹം അറിയാത്തതല്ലായിരുന്നു. അതിന്നു മുഴുവനും അദ്ദേഹം പൂർണ്ണ ഉടമസ്ഥനായിരുന്നു. തന്നിമിത്തം അന്യന്മാരുടെ സ്വത്തുക്കളെ ഉരച്ചുനോക്കുന്നതിന്നു് അദ്ദേഹത്തിന്നു സാധിച്ചു. അദ്ദേഹം ഒരു പിച്ചക്കാരൻറ കൈകളെ നീട്ടിക്കാണിച്ചു തന്നെത്താൻ അടിമപ്പെടുത്തിയില്ല. തൂക്കിനോക്കിയും ഉരച്ചുനോക്കിയും ശരിയായ വില നിജപ്പെടുത്തിയ ചരക്കുകളെയാണു് അദ്ദേഹം കൈക്കൊണ്ടതു്.

നമ്മുടെ ഒന്നാമത്തെ നായകന്നു ജന്മസിദ്ധമായിരുന്നതും, രാജ്യത്തിന്നു പൊതുവിൽ അത്യാവശ്യമായതും ആയ ഈ ശക്തിമാഹാത്മ്യത്തിന്നു നമ്മുടെ എടയിൽ ക്രമമായ ഉന്നതിതന്നെ ഉണ്ടായിക്കൊണ്ടുവരുന്നുണ്ടു്. നമുക്കു ചുററും കാണുന്ന വ്യാമർദ്ദങ്ങളും മത്സരങ്ങളും എല്ലാം ആ വളർച്ചയെ സഹായിക്കുന്ന സംഭവങ്ങളാകുന്നു. നമ്മുടെ പരിശ്രമങ്ങൾ, യന്ത്രഉഴിഞ്ഞാലിന്റെ തട്ടുകൾ എന്നപോലെ, ചിലപ്പോൾ അങ്ങേ അററത്തും മററു ചിലപ്പോൾ ഇങ്ങേ അററത്തും എത്തുന്നു. നമ്മുടെ ചലനത്തിന്നു സ്ഥിരതയോ മാർഗ്ഗത്തിന്നു വ്യവസ്ഥയോ വന്നുകഴിഞ്ഞിട്ടില്ല. അന്യവസ്തുക്കളെ അംഗീകരിക്കുന്നതിൽ നാം ചിലപ്പോൾ ആശാസ്യമല്ലാത്ത ആവേശത്തോടുകൂടിയവരായി കാണപ്പെടുന്നു. മററു ചിലപ്പോൾ നാം വേണ്ടതിനേയും വേണ്ടാത്തതിനേയും എല്ലാം വിവേകംകൂടാതെ വലിച്ചെറിയുന്നതിൽ ജാഗരൂകന്മാരായിത്തീരുന്നു. രണ്ടും നമ്മളിൽ വളരെ ശക്തിയോടുകൂടി പ്രവർത്തിക്കുന്നു. എന്നാലും ആകപ്പാടെ നമ്മുടെ ഗമനം ഉദ്ദിഷ്ടസ്ഥാനത്തിലേയ്ക്കുതന്നെയാണു്. നാം ക്രമേണ പ്രാപ്യസ്ഥാനത്തിന്നു് അടുത്തടുത്തു വരുന്നുണ്ടു്. ആലോചന കൂടാതെ അംഗീകരിക്കപ്പെട്ട പാശ്ചാത്യാദർശങ്ങളുടേയും ചരക്കുകളുടേയും വമ്പിച്ചതായ ഭാരംകൊണ്ടു വിവശന്മാരായിത്തീർന്നിട്ടുള്ള നാം ഇപ്പോൾ ബ്രിട്ടീഷുകാരുടെ ഏതഭിപ്രായത്തെയും എന്തു സാധനത്തേയും ബഹിഷ്കരിക്കുന്നതിന്നു സന്നദ്ധരായിരിക്കുന്നു! ഇന്നത്തെ ഈ "സുഖവിരോധ"ത്തിന്റെ നിദാനം ഇതുമാത്രമല്ലതാനും.

പാശ്ചാത്യന്മാർ ഇന്ത്യയിൽ വന്നതു നമ്മുടെ അതിഥികളായിട്ടാണു്. വന്ന കാര്യം നിറവേററുന്നതിന്നു മുമ്പു് ആഗതന്മാരെ തിരിച്ചയയ്ക്കുന്നതു ശരിയല്ല. അതിഥിക്കു വേണ്ടുന്ന സുഖസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതു ഗൃഹസ്ഥന്റെ ചുമതലയാണു്. ലോകോത്തരമായ ഒരു പരിണാമപൂർത്തിക്കു

വേണ്ടിയുള്ള ഈ കാലപ്രവാഹത്തിന്നു നാം ഏതെങ്കിലും വിധത്തിൽ തടസ്സമോ താമസമോ വരുത്തിത്തീക്കുന്നതായാൽ, അത്യന്തം ആപൽക്കരമായ ഒരു മഹാവിപ്ലവമായിരിക്കും അതിൻെറ പര്യവസാനം എന്നതു തക്കമററ സംഗതിയാണു്. ആ തടസ്സത്തിൻേറയൊ താമസത്തിൻേറയോ ഹേതു, ഗുണദോഷവിവേചനത്തിന്നു നമുക്കുള്ള അശക്തിയോ, പരമാത്ഥത്തെ പ്രസിദ്ധപ്പെടുത്തുന്നതിൽ പാശ്ചാത്യക്കുള്ള വിരക്തിയോ, എന്തായാലും ഫലം ഒന്നുതന്നെയാകുന്നു.

ഇംഗ്ലീഷുകാരനുള്ള ഗുണങ്ങളിൽ ഏററവും യഥാത്ഥമായിട്ടുള്ളതിനോടും ഏററവും നല്ലതായിട്ടുള്ളതിനോടും നാം സംബന്ധപ്പെടാതിരിക്കുന്നുവെങ്കിൽ, ഇംഗ്ലീഷുകാരനിൽ ഒരു കച്ചവടക്കാരനേയോ, ഒരു പട്ടാളക്കാരനേയോ, അധികാരപ്രമത്തനായ ഒരു ഉദ്യോഗസ്ഥനേയോ മാത്രമേ നമുക്കു കാണുവാൻ സാധിക്കുന്നുള്ളുവെങ്കിൽ, ഇംഗ്ലീഷുകാരൻ, സാധാരണന്മാക്കു് അപ്രാപ്യമാക്കിത്തീത്തിട്ടുള്ള തൻെറ ഉന്നതാവസ്ഥയിൽനിന്നു താഴത്തിറങ്ങി മനുഷ്യക്കു മനുഷ്യരെപ്പോലെ പരസ്പരം വിശ്വസിച്ചും സ്നേഹിച്ചും പെരുമാറുവാൻ സൌകര്യപ്പെടുത്താതിരിക്കുന്നുവെങ്കിൽ, ചുരുക്കത്തിൽ, ഇന്ത്യാക്കാരും ഇംഗ്ലീഷുകാരും കൂടിച്ചേരുവാൻ നിവ്വാഹമില്ലാത്ത രണ്ടു വിഭിന്നശക്തികളൊ, വ്യക്തികളോ ആയിത്തന്നെ കഴിയേണമെന്നു വരുന്നുവെങ്കിൽ, അവർ അവസാനമില്ലാത്ത ആപത്തുകൾക്കും, അശ്രാന്തമായ ആതങ്കത്തിന്നും പരസ്പരം കാരണമായി ഭവിക്കുന്നതാണു്. ഇരുകൂട്ടരും കര കാണാതെ കഷ്ടപ്പെടേണ്ടിവരും. അപ്പോൾ, ഭരണാധികാരത്തിലിരിക്കുന്ന ശക്തന്മാർ ബലഹീനന്മാരായ ഭരണീയന്മാരുടെ സാതൃപ്തിയേയും അസന്തോഷത്തേയും അമത്തിക്കളയുന്നതിന്നുള്ള ബലപ്രയോഗങ്ങൾ ആരംഭിക്കുന്നതായിരിക്കും; നിയമക്കോടാലികൾ നിമ്മിക്കുന്നതായിരിക്കും. എന്നാൽ, അതുകൊണ്ടൊന്നും രോഗത്തിന്നു ശമനം വരുന്നതല്ല, ഒരിക്കലും നാശം സംഭവിക്കുകയില്ല. അ

ധികാരസ്ഥന്മാരുടെ സ്ഥിതിയും അശേഷം ആശ്വാസപ്രദമായിരിക്കയില്ല; തനിക്ക് ഒരു ഉപദ്രവഹേതു മാത്രമായിത്തീൎന്നിട്ടുള്ള ഇന്ത്യാക്കാരനെ ഇംഗ്ലീഷുകാരൻ സ്വപ്നത്തിലും ജാഗ്രതവസ്ഥയിലും ഭയപ്പെട്ടുകൊണ്ടിരിക്കും. ഇന്ത്യക്കാരൻ എന്നൊരു വ്യക്തിതന്നെ ഇല്ലെന്നു വിശ്വസിപ്പാൻ അയാൾ ശ്രമിക്കുകയും, ഇന്ത്യയുടെ കാൎയ്യം തൻെറ സ്മൃതിപദത്തിൽ നിന്നു തീരെ നീങ്ങിപ്പോകുവാൻ പ്രയത്നപ്പെടുകയും ചെയ്യും.

"ഡേവിഡ് ഹെയറി" (David Hare) നെപ്പോലെയുള്ള അസാധാരണ മനഃശുദ്ധിയോടുകൂടിയ ചില ഇംഗ്ലീഷുകാർ ചില കാലങ്ങളിൽ നമ്മുടെ ഹൃദയങ്ങൾക്കു സമീപം വരെ എത്തിക്കൂടി ആംഗ്ലേയസംസ്കാരത്തിൻെറ മഹത്വത്തെ നമ്മുടെ മനോമുകുരത്തിൽ പ്രതിഫലിപ്പിച്ചു കാണിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അന്നത്തെ ഹൈന്ദവ വിദ്യാൎത്ഥികൾ അവരുടെ വിശ്വാസപൂൎണ്ണമായ ഹൃദയത്തെ ആംഗ്ലേയബന്ധുത്വത്തിനുവേണ്ടി അവരുടെ സന്നിധിയിൽ സോല്ലാസം സമൎപ്പിച്ചിട്ടുമുണ്ട്. ഇന്നത്തെ പാശ്ചാത്യന്മാരായ അദ്ധ്യാപകന്മാർ ആംഗ്ലേയരുടെ സ്വഭാവവൈശിഷ്ട്യത്തെ പ്രസ്പഷ്ടമാക്കുന്നില്ലെന്നു മാത്രമല്ല, പലവിധത്തിലും അതിൻെറ നിന്ദ്യതയെ ദിനംപ്രതി നമുക്കു പരിചയപ്പെടുത്തുന്നുണ്ട്. തന്നിമിത്തം വിദ്യാൎത്ഥികൾക്ക് ഇപ്പോൾ പണ്ടത്തെപ്പോലെ ആംഗ്ലേയസാഹിത്യത്തിൻെറ അന്തസ്സാരത്തെ ആസ്വദിക്കുവാൻ സാധിക്കുന്നില്ല. അവർ ഇപ്പോൾ സാഹിത്യശകലങ്ങളെ വിഴുങ്ങുകയാണു ചെയ്യുന്നതു്; രുചിയറിഞ്ഞു ഭക്ഷിക്കുകയല്ല. ഷേക്സ്പീയർ, ബയറൻ തുടങ്ങിയ ഇംഗ്ലീഷുമഹാകവികളിൽ ഇക്കാലത്തെ ഹൈന്ദവവിദ്യാൎത്ഥികൾക്കു പണ്ടത്തെപ്പോലുള്ള ഒരു അഭിനിവേശവും ആദരവും കാണപ്പെടുന്നില്ല. ഒരേ സാഹിത്യത്തെത്തന്നെ ഇരുകൂട്ടരും അഭിനന്ദിച്ചു് അനുസരിക്കുന്നതിൽ നിന്നുണ്ടാകേണ്ടതായ ഒരു സൌഹാൎദ്ദവും സാഹോദൎയ്യവും, തന്നിമിത്തം, തീരെ ഇല്ലാതായിത്തീൎന്നിരിക്കുന്നു.

ഇതു വിദ്യാഭ്യാസത്തെ മാത്രം സംബന്ധിക്കുന്ന ഒരു സംഗതിയല്ല; എല്ലാ വകുപ്പിലും, എവിടെയും, മജിസ്ട്രേട്ടായാലും വേണ്ടില്ല, വ്യാപാരിയായാലും വേണ്ടില്ല, പോലീസുകാരനായാലും വേണ്ടില്ല ആരായാലും വേണ്ടില്ല ഇന്ത്യയിലെ ഇംഗ്ലീഷുകാരൻ ഒരിക്കലും ആംഗ്ലേയസംസ്കാരത്തിന്റെ മഹത്വത്തെ പ്രദർശിപ്പിക്കുന്നില്ല. അതുകൊണ്ടു്, രണ്ടു സംസ്കാരങ്ങളുടെ സമ്പർക്കത്തിൽനിന്നു് അവശ്യം സംഭവിക്കേണ്ടതായ അഭിനന്ദനീയമായ ആ സമ്മേളനസുഖം ഇന്ത്യയ്ക്കു തീരെ ലഭിയാതെ പോയിരിക്കുന്നു. എന്നു മാത്രമല്ല, ഇംഗ്ലീഷുകാരന്റെ പ്രവൃത്തത്താൽ ഇന്ത്യയുടെ ആത്മാഭിമാനത്തിനു വലിയ പരുക്കേൽക്കുകയും, ഇന്ത്യയുടെ നാനാപ്രകാരേണയുള്ള അഭിവൃദ്ധികളെ എല്ലാം നിശ്ശേഷം തടയുകയും ചെയ്തിരിക്കുന്നു.

## IV

നാം ഇന്നു കാണുന്ന കലാപങ്ങൾ എല്ലാം, കിഴക്കും പടിഞ്ഞാറുംകൂടി ചേരുവാൻ വിസമ്മതിക്കുന്നതുകൊണ്ടുണ്ടായിത്തീരുന്നവയാണു്. അടുത്തിരിക്കാതെ നിർവ്വാഹമില്ലാത്ത രണ്ടു മനുഷ്യർ തമ്മിൽ സ്നേഹവിശ്വാസങ്ങൾ ഉണ്ടാവുകയില്ലെങ്കിൽ, അവരുടെ ജീവിതം ആദ്യവസാനം ദുഃഖഭൂയിഷ്ഠമായിത്തീരുന്നു. അതു ദുസ്സഹമായ ഒരു "യോഗ"മാണു്. അതു പരസ്പരനാശത്തിന്നു കാരണമാകുന്നു. ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ അപ്രകൃതമായ ആ അവസ്ഥയെ ഇല്ലാതാക്കുന്നതിനുള്ള ആഗ്രഹം അതിതീക്ഷ്ണമായിത്തീരാതിരിക്കയില്ല. ആ അവസരത്തിൽ,—ഹൃദയത്തിന്റെ ആ വിപ്ലവദശയിൽ,—വെറും ലാഭലോഭങ്ങളുടെ കണക്കു നോക്കുകയില്ല. രണ്ടും കല്പിച്ചുള്ള ആ പുറപ്പാടിൽ മരണം സംഭവിക്കുന്നതുകൂടി നിസ്സാരമായ ഒരു ത്യാഗമായിരിക്കും.

എന്നാൽ, അപ്രകാരമുള്ള ആക്രമണബുദ്ധി താൽക്കാലിക

മായ ഒരു സ്വഭാവവൈരൂപ്യമാണെന്നതിന്നു സംശയമില്ല. പിൻതിരിപ്പിക്കുന്ന എത്രയെത്ര പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നാലും യൂറോപ്പും ഇന്ത്യയും തമ്മിലുള്ള സംഘട്ടനം അനിവാര്യവും, ഗുണാത്മകമാക്കിത്തീർക്കേണ്ടതുമാണു്. പാശ്ചാത്യപരിഷ്കാരത്തിൽ വല്ല ഗുണഭാഗങ്ങളുമുണ്ടെങ്കിൽ അതെല്ലാം ഇന്ത്യയുടെതന്നെ ഒരു അംശമായിത്തീരുന്നതുവരെ, ഇന്ത്യക്കു ഇംഗ്ലണ്ടിനെ വിട്ടുപിരിയുവാൻ സാധിക്കുന്നതല്ല. പഴുക്കുന്നതുവരെ കായ് ഞെട്ടിനോടു സംബന്ധപ്പെട്ടിരിക്കണം. വിട്ടുപോകുവാനുള്ള ആഗ്രഹം "ഭവഗം പഴുക്കുവാൻ" കാരണമായിത്തീരുന്നില്ല; എല്ലാററിന്നും ഒരേ കാലവും എല്ലാം അതാതിന്റെ കാലത്തും.

ഇംഗ്ലീഷുകാരൻ അയാളുടെ ഗുണാംശത്തെ നമുക്കു് അനുഭവയോഗ്യമാക്കിത്തീർക്കാതിരിക്കുന്നതിന്നു പ്രധാനപ്പെട്ട ഉത്തരവാദികൾ നാംതന്നെയാകുന്നു. നമുക്കു നമ്മുടെ ദരിദ്രഭാവത്തെ ഇല്ലായ്മ ചെയ്യാൻ സാധിക്കുമെങ്കിൽ, അയാൾ അയാളുടെ പിശുക്കും വെടിയാതിരിക്കയില്ല. നാം നമ്മുടെ ശക്തി മുഴുവനും ഉപയോഗിച്ചു പ്രയത്നിച്ചാൽമാത്രമേ ഇംഗ്ലീഷുകാരൻ, താൻ എന്തിനുവേണ്ടി ഇന്ത്യയിലേക്കു അയക്കപ്പെട്ടുവോ, ആ കാര്യം നമുക്കുവേണ്ടി നിർവ്വഹിക്കുകയുള്ളു. നാം അയാളുടെ വാതിൽക്കൽ കയ്യും മലർത്തി യാചിച്ചു നിൽക്കുവാനാണു ഭാവമെങ്കിൽ നമ്മെ അയാൾ വീണ്ടും വീണ്ടും ആട്ടി അകററിക്കളയുന്നതാണു്.

ആംഗ്ലേയപരിഷ്കാരത്തിന്റെ ഏററവും വിലപിടിച്ച നല്ല ഭാഗങ്ങൾ ഒന്നും വെറുതെ കയ്യും വീശി അലസനായി അലഞ്ഞുനടന്നാൽ സമ്പാദിക്കപ്പെടാവുന്നവയല്ല; അതിന്നുവേണ്ടി അക്ഷീണം പരിശ്രമിച്ചു സമ്പാദിക്കുകതന്നെ വേണം. ഇംഗ്ലീഷുകാരന്റെ ദയയേയോ സഹതാപത്തേയോ നാം അർഹിക്കുന്നുവെങ്കിൽ, നമ്മുടെ പ്രവൃത്തികൾ അവരിൽ അപ്രകാരമുള്ള വികാരങ്ങളെ മാത്രം ജനിപ്പിക്കുന്നവയാണെ

ങ്കിൽ, നമുക്ക് അതിൽ കവിഞ്ഞതായ മറെറാരത്യാപത്തും സംഭവിക്കുവാനില്ല. നമ്മുടെ പൌരുഷമാണു് ഇളകേണ്ടതു്, നമ്മെ ഉണർത്തേണ്ടതു്. ഇംഗ്ലീഷുകാരൻ ഇംഗ്ലീഷുകാരനായതു് അനവധികാലത്തെ അശ്രാന്തപരിശ്രമംകൊണ്ടാണെന്നു നാം മറന്നുകളയരുതു്. അതുപോലുള്ള പരിശ്രമബുദ്ധിയേയും സഹനശക്തിയേയും നാമും ഒന്നാമതായി സമ്പാദിക്കണം. ഏററവും നല്ലതിനെ സ്വാധീനപ്പെടുത്തുവാൻ എത്രയും വമ്പിച്ചതായ പരിശ്രമംതന്നെ വേണം. ഇംഗ്ലീഷുകാരൻെറ ദയയും സഹതാപവും നമുക്കാവശ്യമില്ല.

വലിയ തലേക്കെട്ടും കുപ്പായവും ധരിച്ചു് ഇംഗ്ലിഷുകാരുടെ "ഡർബാറിന്നു" ഹാജരായി തലകുനിച്ചു കൈകെട്ടി നിൽക്കുന്ന നാം, ഉദ്യോഗലബ്ധിയേയോ, സ്ഥാനമാനങ്ങളേയോ ആഗ്രഹിച്ചു് അവർ കൊട്ടുന്ന താളത്തിന്നൊപ്പിച്ചു ചോടുവെയ്ക്കുന്ന നാം, അവരിൽ നീചവും നിന്ദ്യവും ആയ ഒരു മനോഭാവത്തെ മാത്രമേ അങ്കുരിപ്പിക്കുന്നുള്ളു. നമ്മുടെ ആ പ്രവൃത്തി ഇന്ത്യയുടെ ശരിയായ സ്വരൂപത്തെക്കുറിച്ചു് അവക്കുള്ള ജ്ഞാനത്തെ അലങ്കോലപ്പെടുത്തുന്നതിന്നു മാത്രമേ പര്യാപ്തമാകുന്നുള്ളു. അതുപോലെതന്നെ ഇഷ്യാകോപങ്ങളോടുകൂടി, ഇംഗ്ലീഷുകാരോടു കണ്ണും കാര്യമില്ലാതെ എതിക്കുന്നവർ ആംഗ്ലേയരുടെ താദൃശങ്ങളായ അംശങ്ങളെ ഉദ്ദീപിപ്പിക്കുന്നു. നമ്മുടെ ബലഹീനതയും ചഞ്ചലാവസ്ഥയുമാണു് അവരുടെ അഹങ്കാരത്തേയും, അത്യാഗ്രഹത്തേയും, ഭീരുത്വത്തേയും, ക്രൂരതയേയും ഇളക്കിവിടുന്നതെങ്കിൽ, നാം പിന്നെ എന്തിനാണു് അതിന്നു് അവരെ കുററക്കാരാക്കുന്നതു്. അതിന്നുള്ള ഭാരവാഹിത്വവും നമ്മിൽതന്നെ ഇരിക്കേണ്ടതാകുന്നു.

ഇംഗ്ലണ്ടിൽ, ഇംഗ്ലീഷ്കാരുടെ സ്വഭാവത്തിലെ നീചാംശങ്ങൾ എല്ലാം സവിശേഷം നിയന്ത്രിതങ്ങളാണു്. അതിലെ ഗുണാംശങ്ങൾക്കെല്ലാം നാലുവശത്തുനിന്നും ആകാവുന്നേടത്തോളം പ്രോത്സാഹനവും സിദ്ധിക്കുന്നുണ്ടു്. അവിടത്തെ

സജീവമായ സാമുദായികജീവിതം, അതിൻെറ പൂണ്ണമായ ആരോഗ്യശക്തിയോടുകൂടി സമുദായാംഗങ്ങളിൽ ഓരോരുത്ത രോടും ഉന്നതമായ ഒരു സ്ഥാനത്തെ അംഗീകരിക്കുവാനും സ്ഥാനഭ്രംശം സംഭവിക്കാതെ ഊന്നി പ്രയത്നിക്കുവാനും, പ്രത്യേകം ആവശ്യപ്പെടുന്നു. ഇന്ത്യയിലുള്ള ഇംഗ്ലീഷ്കാക്ക് അവരെ അതുപോലെ നിലയ്ക്കു നിത്തുന്നതിന്നു് അപ്രകാര മുള്ള ഒരു സാമുദായികജീവിതംതന്നെ ഇല്ല. ഇന്ത്യയിലെ ആംഗ്ലേയസമുദായം സിവിൽസർവ്വീസുദ്യോഗസ്ഥന്മാരുടേയോ, കച്ചവടക്കാരുടേയോ, പട്ടാളക്കാരുടേയോ ഒരു സമൂഹം മാത്ര മാകുന്നു. ആ സമൂഹങ്ങൾ ഓരോന്നും ഓരോ പ്രത്യേക ജീവിതോദ്ദേശത്തോടുകൂടിയവയും പരസ്പരം സംബന്ധപ്പെ ടാതെ വിട്ടുവിട്ടു നിൽക്കുന്നവയും ആകുന്നു. ഓരോന്നിന്നും അതാതിന്നു ചേന്നതായ അന്ധവിശ്വാസങ്ങളും ദുരഭിമാന ങ്ങളും മുറയ്ക്കുണ്ടുതാനും. ആ സാമൂഹ്യജീവിതംകൊണ്ടു് കുറേ ക്കൂടി മുരടിച്ചവരായ "സിവിലിയന്മാരും," കണിശക്കാരായ കച്ചവടക്കാരും, ക്രൂരന്മാരായ പട്ടാളക്കാരും ഉണ്ടായിത്തീരു ന്നതല്ലാതെ അതിൽനിന്നു് ഒരു യഥാത്ഥ ഇംഗ്ലീഷ്കാരൻ ഉത്ഭവിക്കുന്നില്ല. ആ കൂട്ടത്തിൽ "മനുഷ്യ"നെ തീരെ കാണു ന്നില്ല. ഒരു "സിവിലിയൻ" ഹൈക്കോർട്ടു് ജഡ്ജിയായാൽ നാം നിരാശന്മാരായിത്തീന്നു. കാരണം, ഇന്ത്യാക്കാരനും ഇംഗ്ലീഷ്കാരനും തമ്മിലുള്ള അവകാശത്തക്കങ്ങളിൽ ജയം ഇംഗ്ലീഷ്കാരനാണെന്നു നിശ്ചയമാണു്. സിവിലിയന്മാ രുടെ ആരാധനാമൂത്തികൾ ഇന്ത്യയുടെ ഗുണകാംക്ഷികള ല്ലെന്നു മാത്രമല്ല, ഇന്ത്യയുടെ പരമശത്രുക്കളുമാണു്. ആ മൂത്തി കളെ മയ്യാദക്കാരായ ഇംഗ്ലീഷ്കാർതന്നെ, സഹജമായ മനഃശുദ്ധിക്കു മാലിന്യം സംഭവിച്ചിട്ടില്ലാത്ത ഇംഗ്ലീഷ്കാർ ആരുംതന്നെ, ആരാധിക്കുന്നതുമില്ല.

അധഃപതിച്ചുവരുന്ന ഹൈന്ദവ സാമുദായികജീവിത ത്തിൻെറ ജീണ്ണാവസ്ഥയും ബ്രിട്ടീഷ്കാരുടെ ഗുണാംശങ്ങളെ

മന്ദീഭവിപ്പിക്കുന്നതിന്ന് ഒരു കാരണമാകുന്നു. തന്നിമിത്തം, രണ്ടു സമുദായങ്ങൾക്കും സാരമായ നഷ്ടത്തിന്നും സംഗതിയാകുന്നു. അധികാരപ്രമത്തന്മാരായ "സായ്പ്പ"മാരെ അല്ലാതെ ശരിയായ ഒരു ഇംഗ്ലീഷ്കാരനെ, നാമെങ്ങും കാണാത്തതും മിക്കവാറും നമ്മുടെതന്നെ കുററമാണ്. ആകയാൽ നമുക്കു നിരന്തരം അനുഭവിക്കേണ്ടിവരുന്ന അവമാനത്തിന്നും അധിക്ഷേപത്തിന്നുമെല്ലാം ഉത്തരവാദികളും നാം തന്നെയെന്നു വേണം പറയുവാൻ. നമ്മുടെ പാപത്തെക്കുറിച്ചു നമുക്കുതന്നെ ബോധം വന്ന് അതിന്നുള്ള പ്രതിവിധി നാം തന്നെ കണ്ടുപിടിച്ചു വിമുക്തരാകണം "നായമാത്മാ ബലഹീനേന ലഭ്യഃ" ആത്മസാക്ഷാൽകാരം ബലഹീനന്മാക്കുള്ളതല്ല. പരമജ്ഞാനവും അശക്തക്ക് അനുഭവവേദ്യമല്ല.

വായനിറച്ചു സംസാരിക്കുന്നതോ, മുഷ്ടിപ്രയോഗത്തിന്നൊരുമ്പെടുന്നതോ, ശരിയായ ശക്തിയുടെ ലക്ഷണമല്ല. ത്യാഗവും പരോപകാരവും ആകുന്നു, യഥാത്ഥമായ ബലത്തിൻെറ ലക്ഷണം. ഉൽകൃഷ്ടവും ഉത്തമവും ആയതിന്നു വേണ്ടി തങ്ങളുടെ സുഖസൌകയ്യങ്ങളേയും, സ്വാത്ഥങ്ങളേയും തീരെ വെടിയുന്നതിന്നും, തീരെ ഭയരഹിതരാകുന്നതിന്നും ഇന്ത്യാക്കാർ ഒരുങ്ങണം. ഇന്ത്യാമാതാവിന്നുവേണ്ടി എന്തും ബലികഴിക്കുന്നതിന്ന് ഇന്ത്യക്കാർ സദാ സന്നദ്ധരാവണം. അതുവരെ ഇന്ത്യക്കാരുടെ പരിശ്രമങ്ങൾ ഫലപ്രദങ്ങളാകുന്നതല്ല. അന്നുവരെ അധികാരസ്ഥന്മാരോടു നാം ചെയ്യുന്ന അപേക്ഷകൾ കേവലം ഭിക്ഷക്കാരുടെ യാചനകൾ മാത്രമായിരിക്കുന്നതാണ്. അതു നമ്മുടെ പരാശ്രയത്തേയും അപ്രാപ്തിയേയും വദ്ധിപ്പിക്കുകയേയുള്ളു. നമ്മുടെ ത്യാഗങ്ങളെക്കൊണ്ടും പരിശ്രമങ്ങളെക്കൊണ്ടും നാം ഇന്ത്യയെ നമ്മുടെ സ്വന്തമാക്കിത്തീക്കണം; ഇന്ത്യയിൽ നമുക്കുള്ള അലംഘ്യമായ അവകാശത്തെ സ്ഥാപിക്കണം; നമുക്ക് ഇന്ത്യയും ഇന്ത്യക്കു നമ്മളും കൂടാതെ കഴിയില്ലെന്നു വരണം. അപ്പോൾ നമുക്കു നട

നിവൃത്തിയും, ശിരസ്സുയർത്തിയും അവകാശവാദങ്ങൾ പുറപ്പെടുവിക്കുവാൻ സാധിക്കും. അപ്പോൾ നാം ഇംഗ്ലീഷുകാരുടെ പടിവാതില്ക്കലെ പിച്ചക്കാരായിത്തീരുന്നതല്ല. അന്ന് അവർ നമ്മെ സമന്മാരെപ്പോലെ കരുതുന്നതും സ്വീകരിക്കുന്നതും ആയിരിക്കും, നാം കുനിഞ്ഞുനിൽക്കുമ്പോൾ ഇംഗ്ലീഷുകാർക്കും കുനിയേണ്ടിവരുന്നു. നമ്മുടെ കൂടെ നിവർന്നാൽ സഹോദരന്മാരെപ്പോലെയും സമന്മാരെപ്പോലെയും ഇരുകൂട്ടർക്കും പെരുമാറുന്നതിനും വ്യവഹരിക്കുന്നതിനും വിരോധമില്ല.

നമ്മുടെ വർഗ്ഗീയമോ ജാതീയമോ ആയ ദുരഹങ്കാരങ്ങളെ നാം നിലനിർത്തുന്നേടത്തോളം കാലം, മനുഷ്യസഹജങ്ങളായ അവകാശസ്വാതന്ത്ര്യങ്ങളെ നാം നമ്മുടെ നാട്ടുകാർക്കെല്ലാവർക്കും അനുവദിക്കാതിരിക്കുന്നേടത്തോളം കാലം, നമ്മുടെ ജന്മിപ്രവരന്മാർ അവരുടെ കുടിയാന്മാരെ വസ്തുവിൻ്റെതന്നെ ഒരംശമായി കരുതിപ്പോരുന്നേടത്തോളം കാലം, ഉദ്യോഗസ്ഥന്മാരായ നമ്മുടെ നാട്ടുകാർ അധികാരസ്ഥന്മാരായി അവരുടെ കീഴ്ജീവനക്കാരെ ചവിട്ടിത്തേയ്ക്കുന്നതിൽ അഭിമാനപ്പെടുന്നേടത്തോളം കാലം, നമ്മുടെ "ഉയർന്ന ജാതി"ക്കാർ അവരുടെ എടയിലുള്ള "താഴ്ന്ന ജാതി"ക്കാരെ മൃഗങ്ങളെക്കാൾ നീചമായ നിലയിൽ വിചാരിച്ചുപോരുന്നേടത്തോളം കാലം, നമുക്ക് ഇംഗ്ലീഷുകാരോടു സമനിലയിൽ വ്യവഹരിക്കുന്നതിനും മാന്യതയോടെ പെരുമാറുന്നതിനും, അവരെ ശാസിക്കുന്നതിനും, ഉള്ള അവകാശമോ അധികാരമോ സിദ്ധിക്കുന്നതല്ല.

ഇന്ത്യ, തിരിഞ്ഞാൽ തിരിഞ്ഞേടത്തെല്ലാം,—മതവിഷയത്തിലും, സമുദായജീവിതത്തിലും, നിത്യാനുഷ്ഠാനങ്ങളിലുമെല്ലാം അക്രമവും അനീതിയുംതന്നെ പ്രവർത്തിക്കുന്നു. ഇന്ത്യ തപസ്സുകൊണ്ടു് ആത്മശുദ്ധി വരുത്തുന്നില്ല; തന്നിമിത്തം എടത്തും വലത്തും ഇന്ത്യയ്ക്കു പരാജയം സംഭവിക്കുന്നു. ഇന്ത്യയ്ക്കു വിദേശീയരെ സമന്മാരെപ്പോലെ സ്വീകരിക്കുവാൻ അഹ

തയില്ല; ആകയാൽ വിദേശീയരിൽനിന്നു വിലപിടിച്ചതൊന്നും ഇന്ത്യക്കു സമ്പാദിക്കുവാൻ സാധിക്കുന്നില്ല. ഇന്നത്തെ ഈ പരാജയത്തിന്നെല്ലാം, ഈ പരാശ്രയത്തിന്നെല്ലാം, ഇംഗ്ലീഷുകാരൻ വെറും ഒരു കാരണഭൂതൻ മാത്രമാകുന്നു. വാഗ്ധാടികൊണ്ടോ, വാകൊണ്ടോ, അയാളെ അകററിക്കളയുവാൻ കഴിയുന്നതല്ല. തുല്യന്മാരെപ്പോലെ കൈ കോർത്തു പിടിക്കുവാൻ സാധിക്കുന്ന കാലം വരുമ്പോൾ ഈ വൈരവും മത്സരവുമെല്ലാം താനേ നശിക്കും അന്നു കിഴക്കും പടിഞ്ഞാറുംകൂടി ഇന്ത്യയിൽ ശരിയായ ഒരു കൂടിക്കാഴ്ച നടക്കും; രാജ്യവും രാജ്യവും തമ്മിലും, ജനങ്ങളും ജനങ്ങളും തമ്മിലും, വർഗ്ഗവും വർഗ്ഗവും തമ്മിലും, ജ്ഞാനവും ജ്ഞാനവും തമ്മിലും, സംസ്കാരവും സംസ്കാരവും തമ്മിലും, പരിശ്രമവും പരിശ്രമവും തമ്മിലും, അന്നു സൌഹാർദ്ദസമ്പൂർണ്ണമായ ഒരു സംയോഗം ഉണ്ടായിത്തീരും. അന്നു് ഇന്ത്യാചരിത്രം ലോകചരിത്രത്തിൽ മഗ്നമായിത്തീരും; അന്നുമുതൽ ലോകചരിത്രം ആരംഭിക്കുന്നതുമായിരിക്കും.

## ഇന്നത്തെ രാഷ്ട്രീയജീവിതം

മനുഷ്യർ പ്രത്യേകങ്ങളായ വികാരവിശേഷങ്ങളോടുകൂടിയ ജീവജന്തുക്കളാകുന്നു. മനുഷ്യ "വർഗ്ഗങ്ങൾക്കും" സ്വകീയമായ ആ ജീവചൈതന്യം കാണപ്പെടുന്നുണ്ടു്. എന്നാൽ ഇന്നത്തെ രാഷ്ട്രീയവിഭാഗങ്ങൾ, ശക്തിപ്രതാപങ്ങളുടെ അതികേമമായ ഒരു ക്രമീകരണം മാത്രമാകുന്നു. തന്നിമിത്തം, അവയുടെ ബാഹ്യാന്തരപ്രകൃതികൾ, ഒന്നുപോലെ നീരസജനകമായ വിധത്തിൽ, എല്ലാ രാജ്യത്തും ഒരേ ഒരു മട്ടിലായിത്തീർന്നിരിക്കുന്നു. അല്പാല്പമായ വ്യത്യാസങ്ങൾ അവിടവിടെ കാണപ്പെടുന്നതെല്ലാം ശക്തിയുടെയോ, പ്രായോഗികവൈദഗ്ധ്യത്തിൻെറയോ പരിപൂർണ്ണതയിലുള്ള ചില ഏററക്കുറച്ചൽ മാത്രമാകുന്നു. എന്നതിലല്ലാ കനത്തിലാകുന്നു, ഇന്നത്തെ രാഷ്ട്രീയവിഭാഗങ്ങൾ—Nations—തമ്മിൽ വ്യത്യാസം കാണപ്പെടുന്നതു്.

ഒരു ഇംഗ്ലീഷുകാരനുള്ള ഗുണങ്ങൾ ഒന്നും ഇംഗ്ലണ്ടിലെ രാഷ്ട്രീയജീവിതത്തിന്നില്ല. "ആംഗ്ലേയരെ" ഒരു മനുഷ്യവർഗ്ഗമായി ഒന്നിച്ചെടുത്തു പൎയ്യാലോചിക്കുന്നതായാലും, ആ വർഗ്ഗത്തിന്നു സഹജങ്ങളായ സ്വഭാവവിശേഷങ്ങൾ ഒന്നും, അവരുടെ രാഷ്ട്രീയജീവിതത്തിൽ—National life—കാണപ്പെടുന്നില്ല. സജീവമായ മനുഷ്യപ്രകൃതിയും നിർജ്ജീവവും കൃത്രിമവും ആയ രാഷ്ട്രീയജീവിതവും തമ്മിൽ അശ്രാന്തമത്സരം തന്നെ ലോകത്തിൽ എവിടെയും നടന്നുകൊണ്ടിരിക്കുന്നു. ആഫ്രിക്കാ ഭൂഖണ്ഡത്തിന്റെ പല ഭാഗത്തും, മരുഭൂമിയും വിളവു് എററക്കപ്പെടുന്ന കൃഷിസ്ഥലങ്ങളും തമ്മിൽ ഒരു "പന്തയം" നടന്നുവരുന്നുണ്ടു്. ഫലപുഷ്ടിയുള്ള സ്ഥലങ്ങളെ ആക്രമിച്ചു് മരുഭൂമിയുടെ അതിൎത്തികൾ വളൎന്നുവരുന്നു! ഒടുവിൽ മണലാരണ്യത്തിന്നുതന്നെ വിജയം വരികയും ആ ഭൂഭാഗം മുഴുവൻ ഒരു മരുപ്രദേശമായിത്തീരുകയും ചെയ്യുന്നു. ഏതാണ്ടു് അതുപോലെത്തന്നെയുള്ള ഒരു സമരമാണു് എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ഇപ്പോൾ നടന്നുവരുന്നതു്. മനുഷ്യനും യന്ത്രവും തമ്മിൽ, ഉൽകൃഷ്ടങ്ങളായ ആദർശങ്ങളും കൃത്രിമങ്ങളായ ക്രമീകരണശക്തികളും തമ്മിൽ, നടന്നുവരുന്ന ഘോരസമരമാണു് ഇന്നത്തെ രാഷ്ട്രീയജീവിതത്തിന്റെ പ്രത്യക്ഷസ്വഭാവം. "രാജ്യകാൎയ്യ"ത്തിന്നു സൎവ്വപ്രാധാന്യം സിദ്ധിക്കുകയും, രാജശക്തിയുടെ പോഷണംമാത്രം പാവനമായ കൎത്തവ്യമായി ഗണിക്കപ്പെടുകയും, പ്രജകളെല്ലാം അതിന്നു സഹായിക്കുന്നവരും സഹായിക്കുവാൻ മാത്രമായിട്ടുള്ളവരും ആയ ചില യന്ത്രസാമഗ്രികളെന്നു കരുതപ്പെടുകയും ചെയ്യുമ്പോൾ, അവിടത്തെ അവസ്ഥ എന്തായിരിക്കുമെന്നു് ഊഹിക്കാവുന്നതാണു്. ഒരുത്തന്റെ സകല പ്രവൃത്തികളുടേയും ഉദ്ദേശവും ലക്ഷ്യവും രാഷ്ട്രീയശക്തിയുടെ പരിപോഷണം മാത്രമാകുന്നു; ആ ഉദ്ദേശസിദ്ധിക്കുള്ള പ്രയത്നങ്ങളിൽ മനുഷ്യന്റെ ജന്മസഹജമായ യാതൊരു സ്വഭാവവിശേഷത്തേയും പരിഗണിക്കേണ്ടതുമില്ല. ഉൽകൃഷ്ടങ്ങളായ ആദർശങ്ങളുടെ പ്രചാരമോ, വളർച്ചയോ അത്ര വലിയ കാൎയ്യമായ ഒരു സംഗതിയാണെന്നുള്ള വിചാരംകൂടിയില്ലാതെ ചെ

യ്യപ്പെടുന്ന പരിശ്രമങ്ങളിൽ, നിർവ്വികാരമായ "രാജശക്തിക്കു" കനംകൂടിവരികയും, അതിൻെറ തൽക്കാലവിജയത്താൽ ആകൃഷ്ടരായ ജനങ്ങൾ, സാരമായിട്ടുള്ളതും നിലനിൽക്കുന്നതും അതുതന്നെയാണെന്നു തെററിദ്ധരിച്ച് അതിനെത്തന്നെ ആരാധിക്കുവാൻ ആരംഭിക്കുകയും ചെയ്യുന്നു.

എന്നാൽ, അതു്, ഈ ലോകത്തിലെ അനിത്യങ്ങളായുള്ള അനേകം അംശങ്ങളിൽ ഏററവും അനിത്യമായിട്ടുള്ളതാകുന്നു. ഒരേ യന്ത്രത്താൽ നിർമ്മിക്കപ്പെടുന്ന സാധനങ്ങൾ എല്ലാം ഒന്നുപോലെയിരിക്കുന്നപ്രകാരം, ഈ രാഷ്ട്രീയബോധത്തിൻെറ പ്രചാരവും, അതിനുള്ള പരിശ്രമങ്ങളും എല്ലാ രാജ്യത്തും ഏക രൂപത്തിലും ഏക രീതിയിലും ആകുന്നു. അതിൻെറ ഫലത്തിനും ഒരു ദിക്കിലും ഒരു വ്യത്യാസവും കാണപ്പെടുന്നില്ല. ഇന്നത്തെ "പട്ടണങ്ങൾ" ഈ രാഷ്ട്രീയ പരിഷ്കാരത്തിൻെറ ഏററവും പ്രധാനങ്ങളായ നിദർശനങ്ങളാകുന്നു; പട്ടണങ്ങൾ ആ പരിഷ്കാരത്തിൻെറ സന്താനവും മാനദണ്ഡവും ആകുന്നു; ആ പരിഷ്കാരക്കോവിലിൻെറ താഴികക്കുടങ്ങളാകുന്നു പട്ടണങ്ങൾ. അമേരിക്കയിലെ "സാൻഫ്രാൻസിസ്കോ" മുതൽ ഇംഗ്ലണ്ടിലെ "ലണ്ടൻ"വരെയും, ലണ്ടൻ മുതൽ ജപ്പാനിലെ "ടോക്യോ"വരെയും ഒരേ ഒരു രൂപത്തിലും ഭാവത്തിലും ആകുന്നു പട്ടണങ്ങളുടെ സ്ഥിതി. അവ ശരിയായ വദനങ്ങളെയല്ലാ കൃത്രിമമുഖങ്ങളെയാകുന്നു പ്രദർശിപ്പിക്കുന്നതു്.

ജന"വർഗ്ഗ"ത്തിനും ജീവചൈതന്യമുണ്ടു്; സ്വന്തമായ ഒരു ഇച്ഛാശക്തിയുണ്ടു്. തന്നിമിത്തം അവർ സ്വതന്ത്രങ്ങളായ സൃഷ്ടികൾക്കു കാരണക്കാരുമാകുന്നു. സാഹിത്യാദികലാവിദ്യകൾ, സാമുദായിക ജീവിതാദർശങ്ങൾ, ആചാരവിശേഷങ്ങൾ, മുതലായവയെല്ലാം ആ സൃഷ്ടിയുടെ ഫലങ്ങളാകുന്നു. അവയെല്ലാം, ഒരു വലിയ സദ്യയ്ക്കു വിളമ്പുന്ന അനവധി പദാർത്ഥങ്ങളെപ്പോലെ, മനുഷ്യസാമാന്യമായ ആ വലിയ "സത്രത്തിൽ" നമ്മുടെ സുഖാനുഭൂതിക്കും, സന്തോഷസംതൃപ്തിക്കും മേന്മകൂട്ടുന്നതിനും, നമ്മുടെ പരമാത്മജ്ഞാന

ത്തെ വദ്ധിപ്പിക്കുന്നതിന്നും ഉള്ള ഉപകരണങ്ങളാകുന്നു. ഒരു കറിയുടെ സ്വാദും രസവും മറെറാന്നിന്നില്ലെങ്കിലും, ഒരേ ഏലയിൽത്തന്നെ ഭിന്നരസങ്ങളോടുകൂടിയ പല പദാത്ഥങ്ങളും വിളമ്പുകയും, ആവശ്യവും ആഗ്രഹവും അനുസരിച്ച് എല്ലാററിൻേറയും രസം അനുഭവിച്ച വിരുന്നുകാരൻ പൂണ്ണമായ തൃപ്തിയടയുകയും ചെയ്യുന്നു. അതുപോലെത്തന്നെയാകുന്നു വിവിധവഗ്ഗക്കാരും, രാജ്യക്കാരും, ജാതിക്കാരും ചെയ്യുന്ന മേല്പറഞ്ഞ സൃഷ്ടിയുടേയും ഉദ്ദേശവും ഫലവും. ആ സൃഷ്ടികൾ മനുഷ്യലോകത്തെ ഏററവും ഫലപ്രദവും പല വിധത്തിലും മനോഹരവും ആക്കിത്തീക്കുന്നു.

എന്നാൽ, "രാഷ്ട്രീയശക്തിക്കു" സൃഷ്ടിക്കുന്നതിന്നുള്ള കെല്പില്ല. നിമ്മിക്കലും നശിപ്പിക്കലും ആകുന്നു അതിൻെറ പ്രവൃത്തികൾ. നിമ്മാണം സൃഷ്ടിയിൽനിന്നു വ്യത്യസ്തമാകുന്നു. നിമ്മാണത്തിന്നു സംഘങ്ങളുടെ ഏകീകരണവും, ശക്തികളുടെ ക്രമീകരണവും ആവശ്യംതന്നെയാണ്. നശിപ്പിക്കുന്നതിന്നും അതു ചിലപ്പോൾ ഉപയുക്തമായേക്കാം. എന്നാൽ, അത്യാഗ്രഹത്താലും അസൂയയാലും ഈർഷ്യയാലും മാത്രം ഉണ്ടായിത്തീരുന്ന പ്രേരണയിൽപെട്ട്, ആ ശക്തികൾ, സൃഷ്ടിക്കു പ്രാപ്തിയുള്ള ജീവചൈതന്യത്തോടുകൂടിയ "മനുഷ്യ"നെ. ഉന്തിത്തള്ളി ഒരു മൂക്കിൽകൊണ്ടു മുട്ടിച്ച്, കഴുത്തിൽ പിടിച്ചു ഞെക്കി വീർപ്പുമുട്ടിച്ച്, അമത്തിനിത്തുന്നതാണ് ആക്ഷേപാർഹമായിട്ടുള്ളത്". അപ്പോൾ ഐക്യം നശിക്കുകയും, രഞ്ജിപ്പില്ലാതായിത്തീരുകയും, ദിവ്യമായ ഒരു വിശുദ്ധസംഗീതം അപസ്വരസമ്പൂണ്ണമായ ഘോരാരവമായി ഭവിക്കുകയും ചെയ്യുന്നു. അപ്പോൾ മനുഷ്യചരിത്രത്തിന്നു സ്ഥാനഭ്രംശം സംഭവിക്കുന്നു; അതിൻെറ ഗതി വിരുദ്ധമാഗ്ഗത്തിൽക്കൂടെയും, പിടിച്ചാൽ കിട്ടാത്ത വേഗതയോടുകൂടിയും ആയിത്തീരുന്നു; അതിൻെറ പയ്യവസാനം ഭയങ്കരമായ മഹാനാശമാകുന്നു.

ജീവനോടുകൂടിയ "മനുഷ്യത്വം" ആന്തരങ്ങളായ ചില ആദർശങ്ങളാൽ സവിശേഷം അനുഗ്രഹിക്കപ്പെട്ടിട്ടുള്ളതാണ്.

ആവക ആദർശങ്ങളാണു മനുഷ്യരെ "കൊണ്ടുനടന്നതു്." അവയെ അവലംബിച്ചാണു മനുഷ്യരുടെ സകല പ്രവൃത്തികളും. എന്നാൽ, എവിടെ "മനുഷ്യത്വം" എന്നു പറയപ്പെടുന്നതു് ഏതാനും ചില ക്രമീകരണസാമർത്ഥ്യമോ, കൃത്രിമശക്തികളുടെ ഏകീകരണമോ മാത്രമായിത്തീരുന്നുവോ, അവിടെയെങ്ങും മേല്പറഞ്ഞ സജീവങ്ങളായ വിശിഷ്ടാദർശങ്ങളുടെ ബാഹ്യസ്പർശംപോലും ആ മനുഷ്യത്വത്തിന്നുണ്ടാകുന്നില്ല. അവിടെ "മനുഷ്യത്വം" നിർജ്ജീവവും കൃത്രിമവും ആകുന്നു. അവിടെ "മനുഷ്യൻ"തന്നെ ഇല്ലാതായിത്തീരുന്നു. അവിടത്തെ മനുഷ്യത്വം വലിയ യന്ത്രപ്പുരകളും, വ്യാപാരശാലകളും മററുമായിപ്പരിണമിക്കുന്നു; അവയിൽനിന്നു വേറിട്ടതായ മനുഷ്യത്വവുമില്ല, മനുഷ്യനുമില്ല! അവിടത്തെ മാനുഷികപ്രകൃതിയുടെ ആവരണങ്ങളാകുന്ന ഇഷ്ടികച്ചുമരുകളേയും, ഇരുമ്പുതൂണുകളേയും, അതിലംഘിച്ചു് അകത്തു കടക്കുന്നതിന്നോ, അഥവാ, ആവക ദുർഗ്ഗങ്ങളെ ഭേദിച്ചു പുറത്തു പ്രവേശിക്കുന്നതിന്നോ, "മനുഷ്യനു" സാധിക്കുന്നില്ല

ഏതു മനുഷ്യനും "ഒരാളുടെ" നിലയിൽ സ്വന്തമായ ഒരു സ്വഭാവവിശേഷമുണ്ടു്. ആ പ്രത്യേകതയാണു് മനുഷ്യൻെറ അന്തരാത്മാവിന്നു യഥേഷ്ടം വളരുന്നതിന്നുള്ള സ്വാതന്ത്ര്യരംഗം. ഇന്നത്തെ രാഷ്ട്രീയജീവിതത്തിൽ മനുഷ്യക്കു് അന്യോന്യം ഒരു വ്യത്യാസവുമില്ല; എല്ലാവരും രാഷ്ട്രീയയന്ത്രത്തിൽ വാക്കപ്പെട്ട കരുക്കൾതന്നെ. തമ്മിൽ തമ്മിൽ വേർതിരിച്ചറിയുന്നതിന്നു മാർഗ്ഗമില്ലാതെ, അശേഷം പതമില്ലാത്തതും എത്ര വലിച്ചാലും ഒട്ടും നീളാത്തതും ആയ ഒരു ഇരിമ്പുകവചം ധരിച്ചിട്ടുള്ളവരാണു് ഇന്നത്തെ "മനുഷ്യർ". ആ ചട്ടയ്ക്കുള്ളിൽ കുടുങ്ങിക്കിടക്കുന്ന മനുഷ്യശക്തിക്കു ചലനസ്വാതന്ത്ര്യമില്ലാ; വികാരവിശേഷമില്ലാ; ആ മനുഷ്യൻെറ വളർച്ച ആ കവചത്താൽ നിയന്ത്രിതമാണു്. ആകൃതിയിലും പ്രകൃതിയിലും മനുഷ്യൻ ആ ആവരണത്തെത്തന്നെ അനുസരിക്കുന്നു.

ഏതു തൊഴിലിൽ പ്രവേശിക്കുന്ന മനുഷ്യനും ആ തൊഴി

ലിൻെറ പരമകാഷ്ഠയെ മാത്രമേ പ്രതീക്ഷിക്കുന്നുള്ളൂ; എന്നു മാത്രമല്ല, അതിലുള്ള അതിശ്രദ്ധ നിമിത്തം—അതിൻെറ മൂല്യ ന്യത്തെ പ്രാപിക്കുന്നതിന്നുള്ള അശേഷം അഭിലഷണീയ മല്ലാത്ത അത്യാസക്തി നിമിത്തം,—ആ പ്രാഗത്ഭ്യം സമ്പാ ദിക്കുന്നതിൽ മനുഷ്യസഹജങ്ങളായ സാധാരണമര്യാദകളെ പ്പോലും നിർദ്ദാക്ഷിണ്യം നിരാകരിക്കുക നിമിത്തം—ക്രമേണ മനുഷ്യൻതന്നെ ആ തൊഴിലും തൊഴിലുതന്നെ മനുഷ്യനും ആയിപ്പരിണമിക്കുന്നു! പ്രാഗത്ഭ്യസിദ്ധിക്കായിക്കൊണ്ടു കണ്ണും കരയുമില്ലാതെ കിഴക്കാംതൂക്കായ വഴിയിൽകൂടിയുള്ള ആ ഭയ ങ്കരയാത്രയിൽ, "ശക്തി"—മാനസികമോ കായികമോ ആയ ഏതെങ്കിലും "ശക്തി"—മാത്രമേ ശ്രദ്ധേയമായി കാണപ്പെടു ന്നുള്ളൂ. അവിവേകിയായ "സാരഥി"യാൽ ഓടിക്കപ്പെടുന്ന മോട്ടോർവാഹനത്തിൻെറ ഇടയിൽപ്പെടുന്ന സാധുജീവിക ളുടെ അനുഭവംതന്നെയാണു്, ഇന്നത്തെ "ലോകയാത്ര"യിൽ അശക്തന്മാക്കു വന്നുചേരുന്നതു്. നിർദ്ദയമായ ഉന്തും തള്ളും, നിന്ദ്യമായ കുത്തും മുറിയും സഹിപ്പാനും തടുപ്പാനും "ശക്തി" യില്ലാത്തവർ മുന്നോട്ടു കയറുകയില്ലെന്നുതന്നെയല്ല, അവക്കു നിന്ന നിലയിൽ നിൽക്കുവാനുംകൂടി സാധിക്കുന്നതല്ല. ഓരോ തൊഴിലുകളിൽ പ്രത്യേക പ്രാഗത്ഭ്യം സമ്പാദിക്കുന്നതു് ആവശ്യംതന്നെയാണു്. എന്നാൽ, ശരിയായ അതിത്തി കളെ അതിലംഘിച്ചും, പരമമായ മനുഷ്യത്വത്തെ തീരെ വിസ്മരിച്ചും, വിശാലമായ മനുഷ്യബുദ്ധിയെ കൽപ്പിച്ചുകൂട്ടി സങ്കുചിതമാക്കിത്തീത്തും, വളന്നുകൊണ്ടിരിക്കുന്ന മത്ത്യ ഹൃദയത്തെ ദൃഢീഭൂതമാക്കി ചെയ്തും, കൈമിടുക്കു കാണിച്ചു പ്രാഗത്ഭ്യം നേടുന്നതു് അശേഷം ആശാസ്യമല്ലതന്നെ. ആത്മ ചൈതന്യത്തെ യന്ത്രവേദിക്കു ബലികൊടുത്തും, ആദരണീയ ങ്ങളായ അനശ്വരാദർശങ്ങളെ ആദ്യന്തം അഗണ്യമാക്കിയും നേടുന്ന വിജയവും, അപ്രകാരമുള്ള വിജയലബ്ധിക്കുള്ള അതിപ്രയത്നവും, ആരായാലും അഭിനന്ദിക്കത്തക്കതല്ല. മനു ഷ്യത്വത്തെ മറന്നുകൊണ്ടുള്ള മഹാപ്രയത്നങ്ങൾ മനുഷ്യ ലോകത്തെ പരിഷ്കരിക്കുന്നതിന്നല്ല ദേവലോകത്തുനിന്നു ബഹിഷ്കരിക്കപ്പെടുന്നതിന്നാണു് ഇടയാക്കുന്നതു്.

പൌരാണികേന്ത്യയിൽ, വിവിധങ്ങളായ "തൊഴിലു"കൾ എല്ലാം സാമുദായികങ്ങളായ വ്യവസ്ഥകളാൽ സവിശേഷം ക്ലിപ്തങ്ങളായിരുന്നു. തൊഴിലുകൾ പ്രഥമമായി സമുദായത്തേയും, രണ്ടാമതായി ഓരോ സമുദായാംഗങ്ങളേയും സംബന്ധിക്കുന്ന ഏർപ്പാടുകൾ ആയിരുന്നു. അതായത്, ആശാരിയും മൂശാരിയും മററും ഒന്നാമതായി ഹൈന്ദവസമുദായത്തിൻെറ ഒഴിച്ചുകളയുവാൻ വയ്യാത്ത ഒരു അംശവും, രണ്ടാമതായി ആ തൊഴിലുകൾ എടുക്കുന്നവക്കു കഴിച്ചിലിന്നുള്ള ഒരു മാർഗ്ഗവും ആയിരുന്നു. തന്നിമിത്തം ഇന്നത്തെ മാതിരി അതിർത്തിയില്ലാത്തതും അർത്ഥമില്ലാത്തതും ആയ വമ്പിച്ച മത്സരങ്ങൾക്ക് അന്നു സന്ദർഭമോ ആവശ്യമോ ഉണ്ടായിരുന്നില്ല. ഓരോരുത്തരും അവരവക്കു കഴിയുന്നേടത്തോളം നിവൎന്നുനിന്നിരുന്നു. എടുക്കാൻ കഴിയാത്ത ഒരു ഭാരം അവരുടെ കണ്ണുങ്ങളെ അമർത്തിയിരുന്നില്ല.

തൊഴിലുകളും തൊഴിലാളികളും പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി വളൎന്നുവന്നു. ആ സ്വാതന്ത്ര്യം തൊഴിലാളികളുടെ പ്രത്യേകവൈദഗ്ദ്ധ്യത്തിൻെറ പരമകാഷ്ഠയേയും, തൊഴിലുകളുടെ പരമമായ പാവനാവസ്ഥയേയും പ്രസ്പഷ്ടമാക്കി. മത്സരമല്ലാ, സ്വൈരത്തോടുകൂടിയ വളർച്ചയാണു്, ദിവ്യമായ പരിപൂർണ്ണതയിലേയ്ക്കുള്ള ഏകമാർഗ്ഗമെന്നു് അന്നത്തെ അശേഷം മത്സരവിഹീനവും, എന്നാൽ, സവിശേഷം നിയന്ത്രിതവും ആയ സാമുദായികജീവിതം തെളിയിച്ചിരിക്കുന്നു.

ഇന്നത്തെ ജനങ്ങളുടെ രാഷ്ട്രീയബോധം ബാഹ്യമായ ഒരു ആവേശത്തിൻെറ "ബാധ"യായിത്തീൎന്നിരിക്കുന്നു. "കലികൊള്ളു"മ്പോൾ ഉണ്ടാവുന്ന അവസ്ഥപോലെ എന്തോ ഒന്നു കടന്നുകയറി എല്ലാം കീഴമർത്തിപ്പിടിച്ചിരിക്കുന്നു. രാഷ്ട്രം, നിവാസികളിൽനിന്നു വിട്ടതായ എന്തോ ഒന്നു് ആയിത്തീൎന്നിരിക്കുന്നു. ജനങ്ങളുടെ ഒരു "നടിപ്പു" മാത്രമാകുന്നു ഇന്നത്തെ രാഷ്ട്രം. ഈ "രാഷ്ട്രീയബാധ" മഹാഭയങ്കരവും അത്യന്തം നാശജനകവും ആയ ഒരു സാംക്രമികരോഗമായി പരിണമിച്ചിരിക്കുന്നു തീരെ കൃത്രിമവും പ്രകൃതിവിരുദ്ധവും

ആയ ആ രാഷ്ട്രീയജീവിതത്തിൽ ഭൗതികങ്ങളായ വിഷയങ്ങളി ലുണ്ടാകുന്ന അനേകങ്ങളായ വിജയങ്ങൾ നിമിത്തം, ജനങ്ങൾ അക്ഷമന്മാരായിത്തീരുകയും, ഉൽകൃഷ്ടങ്ങളായ ആദർശങ്ങളിൽ തങ്ങൾക്കുള്ള അവകാശങ്ങളേയും ആവശ്യത്തേയും കേവലം വിസ്മരിച്ചുകളയുകയും ചെയ്യുന്നു. ഒരു രാഷ്ട്രത്തിന്നുണ്ടാകുന്ന വിജയം എത്രയധികം വിപുലവും വിശ്രുതവും ആയിരുന്നുവോ, അത്രയധികം ആ രാജ്യത്തിൻെറ "ആർത്തി" വർദ്ധിക്കുകയും, ഉപരിശ്രമങ്ങൾക്കു മൂർച്ച കൂട്ടുകയും, ചെയ്യുന്നു; അത്രയധികം, സാധാരണ രാജ്യക്കാരും ജനവർഗ്ഗങ്ങളും ആ മൂർച്ചയ്ക്ക് ഇടയായിത്തീരുകയും, അത്രയധികം അവരും ആത്മരക്ഷയ്ക്കുവേണ്ടിയെങ്കിലും ശത്രുരാഷ്ട്രത്തിൻെറ ബാഹ്യാന്തരപ്രകൃതികളെ അനുസരിച്ചുറപ്പിക്കുവാൻ നിർബന്ധരായിത്തീരുകയും ചെയ്യുന്നു. ഇങ്ങിനെ ക്രമേണ എല്ലാരാജ്യങ്ങളും രാഷ്ട്രങ്ങൾ ആയത്തീരുന്നു. (ഒരു സമയം, ദംഷ്ട്രങ്ങൾ ഉള്ള രാജ്യങ്ങളായതുകൊണ്ടായിരിക്കുമോ രാജ്യങ്ങൾ "രാഷ്ട്രങ്ങൾ" ആയിത്തീരുന്നെന്നുംകൂടി സംശയിക്കാവുന്നതാണ്) രാഷ്ട്രബോധത്തിൻെറ അനിയന്ത്രിതമായ വർദ്ധനയോടുകൂടി മനുഷ്യൻെറ മഹാശത്രു മനുഷ്യൻതന്നെ ആയിത്തീർന്നിരിക്കുന്നു. ഇടവിടാതെ നാലു പുറത്തുനിന്നും ഭയപ്പെടുത്തുന്ന ശത്രുക്കൾ, എതിർക്കപ്പെടുന്നവരെ "തടവു" പഠിപ്പിക്കാതിരിക്കുന്നതല്ല. അചിരേണ മനുഷ്യരെല്ലാം, എവിടെയായാലും വേണ്ടില്ല, അന്യോന്യം "വിഴുങ്ങു"വാൻ വാ പൊളിച്ച് ഒരുമ്പെട്ടു നിൽക്കുന്ന ഒരുതരം ഘോരജന്തുക്കളുടെ സ്വഭാവം കൈക്കൊള്ളുന്നു.

ജനക്കൂട്ടത്തിൻെറ "വികാരഭേദം" വിസ്മയനീയമായ വിധത്തിൽ ഭയാനകമാകുന്നു. അതു "കണ്ണും കരളുമില്ലാത്ത" ഒരു എതിർശക്തിയാകുന്നു. നദിയുടെ ഒഴുക്കിനേയും അതുപോലുള്ള പ്രകൃതിയിലെ മററു ശക്തികളേയും നാം ശരിയായി സ്വാധീനപ്പെടുത്തുന്ന പക്ഷം അതുകൊണ്ടു പല വമ്പിച്ച കാര്യങ്ങളും നമുക്കു യഥേഷ്ടം സാധിക്കാവുന്നതാണ്. അതിലെല്ലാം അത്രയ്ക്കുമാത്രമുള്ള "ശക്തി" അന്തർഭവിച്ചു കിടപ്പുണ്ട്. തന്നിമിത്തം, ജനാധിപതികൾ—ജനക്കൂട്ടങ്ങ

ളുടെ നേതാക്കന്മാർ (ഭരണാധികാരികൾ) നദീ—പ്രവാഹത്തെപ്പോലെതന്നെ ജനപ്രവാഹത്തേയും യന്ത്രസഹായത്തോടുകൂടി ആവശ്യം പോലെ നിയന്ത്രിക്കുവാനും അതിൽ ലയിച്ചുകിടക്കുന്ന അപരിമിതമായ വെറും "കായികശക്തിയെ"യെ സ്വാത്ഥപരങ്ങളായ തങ്ങളുടെ ഉദ്ദേശങ്ങളുടെ സിദ്ധിക്കുവേണ്ടി കഴിയുന്നിടത്തോളം ഏകീകരിക്കുവാനും പ്രവൃദ്ധമാക്കുവാനും അശ്രാന്തപരിശ്രമം ചെയ്യുന്നു. ക്രമേണ, ആ ജനശക്തി വലിയ ഒരു യന്ത്രശക്തിയായിത്തീരുന്നു. സജീവമായിരുന്ന മനുഷ്യചൈതന്യം നിർജ്ജീവമായ ഒരു യന്ത്രശക്തി മാത്രമായിപ്പരിണമിക്കുന്നു! ജനങ്ങളുടെ അന്തരംഗങ്ങളിൽ സാർവ്വത്രികങ്ങളായ ചില ഭയങ്ങളെ വളത്തി നിലനിത്തുന്നതും, സ്വവഗ്ഗത്തെയോ സ്വരാജ്യത്തെയോ കുറിച്ചുള്ള അടിസ്ഥാനരഹിതമാണെങ്കിലും അപരിമിതമായിട്ടുള്ള ഒരു ദുരഭിമാനത്തെ മുളപ്പിച്ചു സംരക്ഷിക്കുന്നതും, നിരുപദ്രവങ്ങളാണെങ്കിലും സമീപസ്ഥന്മാരായ മററു രാജ്യക്കാരുടെ നേരെ അലംഘ്യവും അനശ്വരവും ആയ ഒരു വിദ്വേഷത്തെ ഉളവാക്കി ഉജ്ജ്വലിപ്പിക്കുന്നതും, കാൎയ്യനിവ്വഹണത്തിനു് അത്യന്താപേക്ഷിതങ്ങളായ കത്തവ്യങ്ങൾ ആണെന്നു് അവക്കു് അഭിപ്രായമുണ്ടു്. വത്തമാനക്കടലാസ്സുകളേയും, മാസികകളേയും, സ്കൂളുകളിലെ പാഠ്യപുസ്തകങ്ങളേയും, ദേവാലയങ്ങളിലെ മതപ്രസംഗങ്ങളെപ്പോലും, ഈ "മഹത്തായ" ഉദ്ദേശ്യം സാധിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളാക്കിത്തീർക്കുന്നു! അതിനികൃഷ്ടങ്ങളും ദൈവകോപത്തെ വിളിച്ചിടുന്നതും ആയ ഇത്തരം സംരംഭങ്ങളേയും നിന്ദ്യങ്ങളും നാശകരങ്ങളും ആയ ഈ വക പ്രയോഗരീതികളേയും ആക്ഷേപിക്കുന്നതിനു മാത്രം "ചങ്കുറപ്പുള്ള" ഒരുവൻ അതിനു് ഒരുങ്ങുന്നതായാൽ, അയാളെ "നീതിന്യായകോടതികൾ" നിർദ്ദാക്ഷിണ്യം ശിക്ഷിക്കുന്നതും "സമുദായ ബഹിഷ്കരണ"ത്തിനുകൂടി അയാൾ പാത്രമായിത്തീരുന്നതും അപൂവ്വമല്ല. ഒരാൾ അയാൾക്കു് ഏതെങ്കിലും ഒരു അനുഭവം വരുമ്പോൾ അതിനെപ്പററി സ്വന്തമായി ആലോചിക്കുന്നു. എന്നാൽ ആ ആൾതന്നെ ഒരു ജനക്കൂട്ടത്തിൽ ചേരുമ്പോൾ, അയാൾ

ജനക്കൂട്ടം എന്ന മഹായന്ത്രത്തിൻെറ ഒരു അംഗം മാത്രമായിത്തീരുമ്പോൾ, അയാളുടെ ആലോചനാശക്തി ശരിയായി പ്രവർത്തിക്കുന്നതിനു് അശക്തമായിത്തീരുകയും, അയാളുടെ സദാചാരബോധം തീരെ മന്ദീഭവിച്ചുപോകയും, അയാൾ ബാഹ്യപ്രേരണകൾക്കു് മേൽകീഴുനോക്കാതെ, വശംവദനായിത്തീരുന്ന ഒരു "ശക്തിശലകം" മാത്രമായി ശേഷിക്കുകയും ചെയ്യുന്നു. ഇപ്രകാരം സ്വതന്ത്രങ്ങളായ മനോഭാവങ്ങളും അഭിപ്രായഗതികളും, സദാചാരബോധങ്ങളും, കൽപ്പിച്ചുകൂട്ടി അമർത്തപ്പെടുന്നതുകൊണ്ടാണു്, അവയുടെ ശരിയായ വ്യാപാരങ്ങൾക്കു സൌകര്യം സിദ്ധിക്കാത്തതുകൊണ്ടാണു്, "സമൂഹമനസ്സിനു"—രാഷ്ട്രബോധത്തിനു—ഇത്ര ഭയങ്കരമായ ഒരു ശക്തിവർദ്ധന സംഭവിക്കുന്നതു്. "സമൂഹമനസ്സു്" അസംസ്കൃതവും അപരിഷ്കൃതവുമാണു്. അതിൻെറ ശക്തികളും വ്യാപാരങ്ങളും വികാരശൂന്യങ്ങളാണു്. ജന്തുസഹജങ്ങളായ ചില പ്രേരണാശക്തികൾക്കു മാത്രമേ അവിടെ സ്ഥാനം കാണുന്നുള്ളു. അന്ധകാരമയമായ ആ ഭയങ്കരശക്തിയെ ആദരിക്കുന്നതിനും, ആവശ്യാപോലെ ഉപയോഗപ്പെടുത്തുന്നതിനും—അഥവാ ദുരുപയോഗപ്പെടുത്തുന്നതിനും—സദാ ജാഗ്രൂകതയോടുകൂടി വർത്തിക്കുന്ന "രാഷ്ട്രബോധം" ഒരിക്കലും ഉപേക്ഷ വരുത്തുന്നില്ല. സമൂഹഹൃദയത്തിൻെറ നിർവ്വികാരത്വവും, സദാചാരസംബന്ധമായി സമൂഹബുദ്ധിക്കുള്ള മന്ദതയും, ആകുന്നു സമുദായത്തിൻെറ ശക്തിയുടെ ഇന്നത്തെ നിദാനങ്ങൾ. അതാകുന്നു ഇന്നത്തെ രാഷ്ട്രീയ ജീവിതത്തിൻെറ അടിസ്ഥാനം.

സ്വയംരക്ഷയ്ക്കുള്ള താല്പര്യം ജന്തുസഹജമായ ഒരു ധർമ്മമാകുന്നു. തന്നെത്താൻ രക്ഷിക്കുന്നതിനുള്ള ആഗ്രഹം ചില ദുർഘടങ്ങളിൽ, ഒരു ജനസമൂഹത്തിൻെറ—ഒരു ജന്തുവിൻെറ എന്നപോലെതന്നെ—സർവ്വപ്രധാനമായ ഉദ്ദേശമായിക്കലാശിക്കാതെ നിവൃത്തിയില്ല. അപ്രകാരമുള്ള വിഷമാവസ്ഥയിലാണു് ഒരു രാജ്യത്തു നിവസിക്കുന്ന ജനസമൂഹത്തിൻെറ ഐക്യബോധം അതിശക്തിയോടുകൂടി ഉണർന്നുവരാവുന്നതു്. ആകസ്മികങ്ങളും താൽക്കാലികങ്ങളും ആയ അപ്ര

കാരമുള്ള ദുരവസ്ഥകളിൽ സംഭവിക്കുന്നതും, അപ്പോഠം അവശ്യം ആവശ്യമായതും ആയ, ആ ഉണർച്ചയേയും ഐക്യബോധത്തേയും, ആത്മരക്ഷയ്ക്കുള്ള സന്നദ്ധതയേയും, കൃത്രിമങ്ങളായ പ്രയോഗങ്ങളെക്കൊണ്ടും അനർത്ഥകരങ്ങളായ പ്രേരണകഠം മൂലവും എന്നെന്നും എപ്പോഴും നിലനിൽക്കുന്ന ഒരു സാധാരണസ്വഭാവമാക്കിത്തീക്കുവാനാകുന്നു രാഷ്ട്രീയായികാരികളുടെ പരിശ്രമം മുഴുവനും. സ്വഗൃഹങ്ങളെ കവർച്ചക്കാർ ആക്രമിക്കുന്ന അവസരങ്ങളിൽ വീട്ടുടമസ്ഥന്മാർ പൊല്ലീസ്സുകാരുടെ പ്രവൃത്തികൂടി എടുക്കേണ്ടതാണെന്നതിന്നു സംശയമില്ല. എന്നാൽ, ഏതുനേരത്തും ആ നിലയിൽതന്നെ മാത്രമേ ഒരാഠംക്ക് അയാളുടെ ഭവനത്തിൽ താമസ്സിക്കുവാൻ പാടുള്ള എന്ന് ആജ്ഞാപിക്കുന്നത് അബദ്ധവും ആപൽക്കരവും ആകുന്നു. "പൊല്ലീസ്സുജീവിതം" ഏതൊരു വീട്ടുടമസ്ഥന്റേയും സാധാരണ ജീവിതരീതിയാക്കിത്തീക്കുമ്പോഴാണ്, "താനൊരു വീട്ടുടമസ്ഥനാണ്" എന്നുള്ള ബോധം മാത്രം സർവ്വപ്രധാനവും സമുജ്ജ്വലവും ആയിത്തീരുന്നത്. അപ്പോഴാണ് അയാഠം അച്ഛനും, ജ്യേഷ്ഠനും, അമ്മാവനും ആരും അല്ലാതെ ഒരു "ഗൃഹപാലകൻ" മാത്രമാകുന്നത്. അതാണ് അയാഠം തന്റെ ഗൃഹത്തിന്റെ അടുത്തെങ്ങാനും എത്തികൂടുന്ന ഏതൊരാളുടെ നേർക്കും—അയാഠം ആരായാലും വേണ്ടില്ല;—ബന്ധുവോ ശത്രുവോ എന്ന് ആലോചിക്കുന്നതിന്നുംകൂടി ക്ഷമയില്ലാതെ—തന്റെ വീട്ടിന്നുനേർക്കുതന്നെയാണോ അയാളുടെ പുറപ്പാട് എന്നുംകൂടിയുള്ള ചിന്തകൂടാതെ—"മെക്കിട്ടുകയറു"ന്നതിന്നു സന്നദ്ധനായിത്തീരുന്നത്. ഈ സന്നദ്ധതയോ, ആത്മരക്ഷയ്ക്കുള്ള ഒരുക്കമോ അശേഷം അഭിനന്ദനീയമായ ഒരു മനോഭാവമല്ല; ഏതായാലും ഒട്ടും ആരോഗ്യകരമായ ഒരു സ്വഭാവമല്ലെന്നു തീർച്ചയാണ്. കള്ളന്മാരെ കാത്തുകൊണ്ട്, അരയും തലയും മുറുക്കി ദ്വാരപാലകന്മാരായി നിൽക്കുന്ന മേല്പറഞ്ഞ വീട്ടുടമസ്ഥന്മാരെപ്പോലെയാകുന്നു ഇന്നത്തെ "രാഷ്ട്ര"ത്തിലെ ജനങ്ങളുടെ സ്ഥിതിയും. രാഷ്ട്രത്തിൽ നിരന്തരമായുള്ള ഈ ആപച്ഛങ്കയും സന്നദ്ധതയും അതിലെ പ്രജകഠംക്കു വളരെ

നാശകരമായിട്ടുള്ളതാണെന്നതിന്നു സംശയമില്ല. രാഷ്ട്രത്തിൻെറ ഉദ്ദേശസിദ്ധിക്കു് അതു പര്യാപ്തമാണെങ്കിലും, അതിന്നു വേണ്ടിവരുന്ന ചിലവു പരിഗണിപ്പാൻകൂടി വയ്യാത്തതാകുന്നു. "മനുഷ്യ"നെ ബലികഴിച്ചിട്ടാകുന്നു രാഷ്ട്ര"ത്തെ നിലനിത്തുന്നതു്. അതു് എന്തിന്നുവേണ്ടിയാണെന്നു് ആരും ആലോചിക്കുന്നതുകൂടിയില്ല.

ഏററവും സങ്കുചിതമായ ഏതെങ്കിലും ഒരു പ്രത്യേക കാര്യസിദ്ധിക്കു മാത്രം വേണ്ടി ഏതാനും ജനങ്ങൾ "രണ്ടും കല്പിച്ചു" "അരയും തലയും മുറുക്കി" ഒരുമ്പെട്ടതായാൽ, എത്ര നിന്ദ്യമായതായാലും വേണ്ടതില്ല, ആ ഏകോദ്ദേശത്തെത്തന്നെ മുൻനിത്തി പ്രവത്തിക്കുന്നതിന്നു് അവർ സ്വച്ഛാനിർബ്ബന്ധിതരായിത്തീരുന്നു; അവരുടെ ആദർശവും ആത്മാവുംതന്നെ ആ കാര്യസിദ്ധി മാത്രമായിപ്പരിണമിക്കുന്നു; അതിന്നു് അനുഗുണമായിരിക്കുന്ന മാർഗ്ഗത്തിൽനിന്നു് അണുവും വ്യതിചലിക്കാതെ സൂക്ഷിക്കുന്നതു് അവരുടെ കത്തവ്യമായിത്തീരുന്നു; അതിൻെറ യോഗ്യതകളെ പുകഴ്ത്തുന്നതും അതിൻെറ മാഹാത്മ്യങ്ങളെ വർണ്ണിക്കുന്നതും അവരുടെ ചുമതലകളായിബ്ഭവിക്കുന്നു. ഇന്നത്തെ രാഷ്ട്രീയജീവിതം, അശേഷം വിശാലമല്ലാത്തതും, കേവലം സ്വാത്ഥപരമായതും ആയ ഒരു ഉദ്ദേശത്തെ ലാക്കാക്കി ഒരു രാജ്യത്തുള്ള ജനങ്ങളെ മുഴുവൻ—ആബാലവൃദ്ധം—സ്ത്രീപുരുഷഭേദമെന്യേ—ആ അഭീഷ്ടസിദ്ധിക്കുവേണ്ടി പ്രയത്നിക്കുന്നതിന്നു തയ്യാറാക്കുന്നതിന്നുള്ള ഒരു അശ്രാന്തപരിശ്രമമാകുന്നു. ആ ആവേശം ബാധിച്ചുകഴിഞ്ഞാൽ അന്നുമുതൽ ജനങ്ങളുടെ സദാചാരബോധം മന്ദീഭവിക്കുകയും, ബുദ്ധിശക്തിക്കു് അന്ധത ബാധിക്കുകയും ചെയ്യുന്നു. അഹങ്കാരത്തിൻെറ അതിത്തികളേയും, തന്നിഷ്ടത്തിൻെറ പരമകാഷ്ഠയേയും പ്രത്യക്ഷപ്പെടുത്തുന്നഇന്നത്തെ ഈ "പരിഷ്കൃതജീവിതം," ലോകത്തിൻെറ പരിവത്തനത്തിൽ—പരിഷ്കാരത്തിൻെറ മറിച്ചലിൽ—ഉണ്ടായിത്തീരുന്ന ഒരു ദശാവിശേഷമാണെന്നു നാം വിശ്വസിക്കുന്നു. എന്നാൽ ഇന്നത്തെ ഈ "കിഴക്കാംതൂക്കായ" ബഹളം എന്നെന്നും നിലനിൽക്കുവാനുള്ള ഒരു വിശിഷ്ടാദർശമാണെന്നു വിചാ

രിക്കുന്നവർ,—അതിന്നു ശാശ്വതസ്ഥാനം നൽകുവാൻ അനവരതം അദ്ധ്വാനപ്പെടുന്ന അസംപ്രേക്ഷ്യകാരികൾ, വരാൻ പോകുന്ന ആ സ്വതന്ത്രജീവിതത്തിൽ,—അചിരേണ വന്നുചേരാതെ നിർവ്വാഹമില്ലാത്ത ആ വിമുക്താവസ്ഥയിൽ,—ആ ആത്മീയസ്വാതന്ത്ര്യത്തിൽ,—സ്ഥാനഭ്രംശം സംഭവിച്ചു നട്ടം തിരിയുന്നതായിരിക്കും; ആ പൂർണ്ണസ്വാതന്ത്ര്യജീവിതത്തിൽ അവക്കു "കൂടിച്ചേരുവാൻ" സാധിക്കുന്നതല്ല.

ഇന്നത്തെ രാഷ്ട്രീയബോധത്തിൻെറ നിർബാധമായ വളർച്ചയിൽ മനുഷ്യൻെറ സദാചാരബോധത്തിന്നു് ആരും അറിയാതെ അനേകം വ്യത്യാസങ്ങൾ സംഭവിക്കുന്നുണ്ടു്. ഒരു സാമുദായികജീവിയുടെ നിലയിൽ മനുഷ്യൻെറ ആദർശം സ്വാർത്ഥപരിത്യാഗമാകുന്നു. എന്നാൽ ഒരു "രാഷ്ട്രീയജന്തുവായ" മനുഷ്യൻെറ ആദർശം മൽസരബുദ്ധിയോടുകൂടിയ ഒരു തൊഴിൽക്കാരൻെറ ജീവിതംപോലെതന്നെ—സ്വാർത്ഥപരിപൂർണ്ണതയാകുന്നു. അതുകൊണ്ടാണു് "ഒരാളുടെ" തന്നിഷ്ടത്തിൽ ജനങ്ങൾക്കു വെറുപ്പും ഒരു രാഷ്ട്രത്തിൻെറ സ്വാർത്ഥതല്പരതയിൽ ആഹ്ലാദത്തോടുകൂടിയ അഭിനിവേശവും കാണപ്പെടുന്നതു്. രാഷ്ട്രീയസ്വാർത്ഥത്തെ ആകാശത്തോളം ഉയർത്തുന്ന "തന്ത്രജ്ഞന്മാർ" തന്നെ മാനസികസ്വാർത്ഥത്തെ അടിയോളം അധിക്ഷേപിക്കുന്നു! രണ്ടും കലർപ്പില്ലാത്ത തന്നിഷ്ടംതന്നെയാകുന്നു; ഒന്നിൻെറ ദൃഢീഭൂതവും വിപുലവും ആയ സ്വരൂപം മാത്രമാകുന്നു മറേറതു്. അഭിപ്രായഗതിയുടെ ഈ പൂർവ്വാപരവൈരുദ്ധ്യം, ഒരാളുടേയും ഒരു രാഷ്ട്രത്തിൻേയും തന്നിഷ്ടങ്ങളെ വ്യത്യാസപ്പെടുത്തുന്ന സങ്കല്പത്തിൻെറ കെല്പില്ലായ്മ, സദാചാരത്തിൻെറ അടിസ്ഥാനങ്ങൾക്കു ചലനമുണ്ടാക്കിത്തീർക്കുന്നു; സദാചാരസൌധത്തിൻെറ അസ്ഥിവാരത്തെ ഇളക്കിത്തുടങ്ങുന്നു; മനുഷ്യൻെറ മതമൊന്നു്, രാജ്യത്തിൻെറ മതം വേറെ ഒന്നു്, എന്നിങ്ങനെ മതങ്ങളെത്തന്നെ ഭേദപ്പെടുത്തിക്കാണിക്കുന്നു. ഈ ഭൂഗോളത്തിൻെറ അധികഭാഗത്തിന്നും അവകാശികളായിത്തീർന്നിരിക്കുന്നതു ക്രിസ്ത്യാനികളാകയാൽ ക്രിസ്തുമതമാണു ലോകോത്തമമായ ഏക മതമെന്നുള്ള അഭിപ്രായത്തിൽ അഹങ്കരിക്കുന്ന അഭിമാനികളെ നാം ധാ

രാളം കണ്ടുവരുന്നു. അതു്—അവരുടെ ആ ന്യായം—കളവു മുതലിന്റെ വിലയും വലിപ്പവും അനുസരിച്ചു ഒരു കള്ളന്റെ മതത്തെ അനുകൂലിക്കുന്നതുപോലെ മാത്രമാകുന്നു. വിജയപ്രദമായി നടത്തപ്പെട്ടിട്ടുള്ള "കൂട്ടക്കൊലയെ— ജനങ്ങൾ അവരവരുടെ ദേവാലയങ്ങളിൽവെച്ചു കൊണ്ടാടുന്നു. വലിയ യുദ്ധങ്ങളുടെ ആണ്ടുദിവസങ്ങളും, എരമ്പിയ തട്ടിപ്പറിയുടെ വാർഷികോത്സവങ്ങളും, ജനങ്ങൾ അവരുടെ പള്ളികളിൽ ഉത്സാഹപൂർവ്വം ആഘോഷിക്കുന്നു. ഇന്ത്യയിൽ മുമ്പുണ്ടായിരുന്ന കൂട്ടായ്മക്കവർച്ചക്കാരും—പിണ്ഡാറികൾ തർഗ്ഗക്കാർ മുതലായ കവർച്ചവർഗ്ഗക്കാർ—അവരുടെ വിജയങ്ങൾക്കു നിദാനം ദേവികടാക്ഷമാണെന്നുതന്നെയാണു ധരിച്ചിരുന്നതു്. കവർച്ചയ്ക്കു പുറപ്പെടുന്നതിനു മുമ്പും കവർച്ചയുടെ വിജയപ്രദമായ പര്യവസാനത്തിനു ശേഷവും അവർ അവരുടെ അധിദേവതകളെ ആരാധിച്ചു് അനുഗ്രഹം വാങ്ങിക്കാറുണ്ടു്. കവർച്ച ചെയ്തു കിട്ടിയ സാധനങ്ങളുടെ വിലയ്ക്കനുസരിച്ചു് ആ ദേവന്മാർക്കു മാഹാത്മ്യം കൽപ്പിക്കാമെങ്കിൽ മാത്രമേ, സാമ്രാജ്യത്തിന്റെ വലിപ്പത്തിന്നനുസരിച്ചു് ക്രിസ്തുമതത്തിനു ഉപരിശ്രേഷ്ഠത കല്പിക്കുവാൻ പാടുള്ളു. അതിൽതന്നെയും കാതലായ ഒരു വ്യത്യാസമുണ്ടു്. "തർഗ്ഗി"കളുടെ ദേവി സ്വതഃതന്നെ ക്രൂരയും രുധിരപ്രിയയും സംഹാരരൂപിണിയും ആയിരുന്നു. ആ ദേവിയുടെ ആശ്രിതന്മാർ ക്രൂരകൃത്യങ്ങളിൽ ഉൽസുകന്മാരായതു ന്യായവും ധർമ്മവും ആകുന്നു. അപരിഷ്കൃതരായ ആ ക്രൂരമനുഷ്യരുടെ നീചങ്ങളായ മനോഭാവത്തിനു് ഒരു രൂപം കൽപ്പിച്ചിട്ടുള്ളതാണു്,—അവരുടെ ആദർശത്തിന്റെ അത്ഭുതാകാരമാണു്—അവരുടെ ആ ദേവിതന്നെ. എന്നാൽ, ക്രിസ്ത്യാനികൾ പരിഷ്കൃതാശയന്മാരിൽ പ്രഥമഗണനീയന്മാരാണു്! അവരുടെ മതസ്ഥാപകനായ ആ പുണ്യപുരുഷൻ സ്നേഹത്തിന്റെ അവതാരമൂർത്തിയുമാണു്! എന്നാലും ക്രിസ്ത്യാനികളുടെ സാമ്രാജ്യസ്ഥാപനം, തർഗ്ഗികളുടെ കവർച്ചകളെപ്പോലെതന്നെയാകുന്നു. തന്നിഷ്ടം, അഹങ്കാരം, വിദ്വേഷം, ക്രൂരത മുതലായി അതിനിന്ദ്യങ്ങളായ നികൃഷ്ടവികാരങ്ങൾ "രാഷ്ട്രീയബോധം" എന്ന വ്യാജേന ഇന്നത്തെ പള്ളികളിൽ

സർവ്വോപരി ശ്രേഷ്ഠങ്ങളായി വിജയിക്കുന്നതും അവക നിന്ദ്യാഭിപ്രായങ്ങളുടെ നിത്യമായ വിജയത്തിന്ന ദൈവസഹായത്തെ അപേക്ഷിക്കുന്നതും കാണുമ്പോഴം, പരിഷ്കാരത്തിന്റെ അധഃപതനത്തിൽ ആക്കാണു വ്യസനം തോന്നാത്തതു്!

തങ്കാര്യം നേടുവാനുള്ള പരിശ്രമം എപ്പോഴും സ്വാത്ഥപരമായിരിക്കണമെന്നില്ല. അതു മററുള്ളവരുടെ "കാര്യ"ത്തിന്ന വിരുദ്ധമായിരിക്കണമെന്നുമില്ല. അതുകൊണ്ടു ശരിയായ രാഷ്ട്രീയബോധം,—ഒരു ആദർശമായി അംഗീകരിക്കാവുന്ന പരമാത്ഥവും പരമവും ആയ രാഷ്ട്രീയജീവിതം,—തന്നെത്താൻ ലജ്ജിക്കത്തക്കവണ്ണം നികൃഷ്ടമോ സ്വാത്ഥപരമോ ആയ്ക്കഴിയു എന്നില്ല. പക്ഷേ ഇന്നത്തെ രാഷ്ട്രങ്ങളുടെ ചരിത്രം പരിശോധിക്കുന്നതായാൽ വിജയം നേടീട്ടുള്ള ഏതു രാജ്യവും ആ സ്ഥാനത്തു് എത്തിച്ചേൎന്നിട്ടുള്ളതു തങ്ങളേക്കാറം ബലം കുറഞ്ഞ അന്യരാജ്യക്കാരേ, കച്ചവടസംബന്ധമായോ, പുറംരാജ്യങ്ങളെ സ്വാധീനപ്പെടുത്തുന്നതിലോ,—കേവലം സ്വാത്ഥപരമായ തന്ത്രപ്രയോഗങ്ങളെക്കൊണ്ടു നിർല്ലജ്ജം തോല്പിച്ചിട്ടാണെന്നു കാണാവുന്നതാണു്. തന്നിഷ്ടത്താൽ സമ്പാദിക്കപ്പെട്ട വിജയം, വിജയലബ്ധിക്കു സഹായിച്ച തന്നിഷ്ടത്തെ ശ്രേഷ്ഠമാക്കിത്തീക്കുകയും, രാഷ്ട്രീയവിജയത്തിന്നു തന്നിഷ്ടം അത്യന്താപേക്ഷിതവും അശേഷം അനാശാസ്യമല്ലാത്തതും ആയ ഒരു "ധമ്മ"മാണെന്നു ജനങ്ങളെ തെററിദ്ധരിപ്പിക്കുകയും, അചിരേണ, ആ തന്നിഷ്ടത്തെ ഉത്തമവും അനുകരണീയവും ആയ ഒരു ആദർശമായി ജനങ്ങറം കൊണ്ടാടുവാൻ എടയാക്കുകയും ചെയ്യുന്നു ദിനംപ്രതി എന്നപോലെ വദ്ധിച്ചുകൊണ്ടുവരുന്ന ശക്തിയോടുകൂടിയ യൂറോപ്പിലെ രാഷ്ട്രങ്ങളുടെ വളർച്ചയാണു് ഇന്നത്തെ മനുഷ്യലോകത്തിന്നു വലിയ "അന്തക"നായിത്തീൎന്നിരിക്കുന്നതു്. രാഷ്ട്രങ്ങളുടെ നേരിട്ടുള്ള പ്രവൃത്തികറംകൊണ്ടു സംഭവിക്കാവുന്ന ദോഷം മാത്രമല്ല, ഈ "രാഷ്ട്രീയബോധ"മെന്ന സാംക്രമികരോഗം ലോകമെങ്ങും പടൎന്നുപിടിച്ചേക്കാമെന്ന ഭീതിയും ജനവൎഗ്ഗത്തിന്നു് അത്യന്തം ആപൽക്കരമായിത്തീൎന്നിരിക്കുന്നു.

മനുഷ്യസ്വഭാവത്തിൽതന്നെ അന്തർല്ലീനങ്ങളായി പല ദോഷങ്ങളും ഒളിഞ്ഞുകിടക്കുന്നുണ്ടെന്നും, നാം എത്രതന്നെ ആത്മസംയമനം ശീലിച്ചവരും, സദാചാരബോധത്തോടുകൂടിയവരും ആയിരുന്നാലും ആ ദുഷ്ടുകൾ അല്പാല്പം അപ്പഴപ്പോൾ പൊട്ടിപ്പുറപ്പെടാതിരിക്കയില്ലെന്നും സമ്മതിക്കാതെ നിവ്വാഹമില്ല. എന്നാൽ, ആ നീചത്വം ഇപ്പോൾ ജനങ്ങളുടെ ലലാടപ്രദേശത്തുതന്നെ പ്രത്യക്ഷത്തിൽ മുദ്രിതങ്ങളായി കാണപ്പെടുന്നു; അവരുടെ വിജയംതന്നെ അവരുടെ ക്രൂരതയ്ക്കു വളമായും തീരുന്നു. മനുഷ്യചരിത്രത്തിൽ ഏതു പതനത്തിലും, ഏതു കാലത്തിലും, ഉപദ്രവത്തിനു് ഒരുങ്ങിയവരായ ചിലരെയും, ഏതുപദ്രവവും സഹിപ്പാൻ സന്നദ്ധരായ മറ്റു ചിലരെയും കാണാതിരിക്കയില്ല. ദോഷത്തെ മുഴുവൻ ജയിച്ചടക്കുക എന്നതു് ഒരിക്കലും സാധിക്കാത്ത ഒരു സംഗതിയാണു്; അതു നമ്മുടെ പരിഷ്കാരത്തിന്റെ അഭിവൃദ്ധിയിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്ന ഒരു സംഭവമാണു്; തീ കത്തിക്കൊണ്ടിരിക്കുന്നതല്ലാതെ ഒരിക്കലും കത്തി അവസാനിക്കുന്നതല്ല.

അനശ്വരമായ പരിപൂർണ്ണതയുടെയും ആ പരിപൂർണ്ണതയെ പ്രാപിക്കുന്നതിനുള്ള അവസാനമില്ലാത്ത പരിശ്രമത്തിന്റെയും പാവനമായ ഒരു സരസസമ്മേളനമാകുന്നു "സൃഷ്ടി" തന്നെ. ആ പരിപൂർണ്ണതയും ആ പരിശ്രമവും ഒരുപോലെ വളർന്നുകൊണ്ടിരിക്കുന്നേടത്തോളം കാലം യഥാർത്ഥമായ നന്മയും അയഥാർത്ഥമായ തിന്മയും ക്രമമായ ഒരു തോതിനെ അതിലംഘിക്കാതെ നിലനിന്നുപോരുന്നേടത്തോളം കാലം കൂട്ടിച്ചേർക്കുവാൻ വഴിയില്ലാത്ത ഒരു വൈരുദ്ധ്യത്താൽ നന്മയും തിന്മയും തീരെ അകന്നുനിൽക്കാതിരിക്കുന്നേടത്തോളം കാലം നമുക്കു ഭയപ്പെടുവാനോ പരിഭ്രമിക്കുവാനോ അവകാശമില്ല: നമുക്കു നഷ്ടവും നാശവും സംഭവിക്കുന്നതുമല്ല.

പുരാതനകാലങ്ങളിൽ, വല്ല ജനവർഗ്ഗവും അക്രമികളും ദ്രോഹികളും ആയിത്തീർന്നു. സമീപസ്ഥന്മാരായ ജനങ്ങളുടെ മനുഷ്യസഹജങ്ങളായ അവകാശാധികാരങ്ങളെ കവർന്നെ

ടുകവാൻ ആരംഭിച്ചാൽ; ചിലപ്പോൾ അവർ വിജയികളാവുകയും മററു ചിലപ്പോൾ അവർ പരാജയപ്പെടുകയും ചെയ്യാറുണ്ടു്. പക്ഷെ, അവരുടെ ആ ജയത്തിന്നും തോൽവിക്കും അതിൽ കവിഞ്ഞതായ ഒരർത്ഥമോ പ്രാധാന്യമോ ഉണ്ടായിരുന്നില്ല. എന്നാൽ, ഇന്നത്തെ രാഷ്ട്രീയശക്തി, സവ്വരാലും അംഗീകരിക്കപ്പെട്ടിട്ടുള്ള ആ പൈശാചികമായ രാഷ്ട്രീയശക്തി,—അതിൻെറ അതിമേദുരമായ സ്വാർത്ഥത്തെ; ആ സ്വാർത്ഥം വളരെ വലിയതും ക്രമീകരിക്കപ്പെട്ടിട്ടുള്ളതും ആണെന്നുള്ള കാരണംകൊണ്ടു മാത്രം; അതു സദാചാരപരമായ ഒരു ഉൽകൃഷ്ടധമ്മമാണെന്ന നിലയിൽ, എല്ലാവരിലും കുത്തിച്ചെലുത്തുവാൻ ഉത്സാഹിക്കുമ്പോൾ, പണ്ടത്തെ ജനവഗ്ഗങ്ങളുടെ ആക്രമങ്ങൾക്കു തീരെ ഇല്ലാതിരുന്ന ഒരു പ്രാമാണ്യവും ശക്തിയും അതിന്നു സിദ്ധിക്കുകയും, മനുഷ്യരുടെ സമ്പത്തുകളേയും സമാധാനത്തേയും മാത്രമല്ല, മനുഷ്യത്വത്തിൻെറ അലംഘ്യങ്ങളായ അതിർത്തികളെപ്പോലും നിർദ്ദാക്ഷിണ്യം ആക്രമിക്കുകയും ചെയ്യുന്നു. ആകയാൽ മനുഷ്യരുടെ ഹൃദയങ്ങളിൽ സദാചാരത്തോടും സാധാരണ മയ്യാദകളോടും അവരവർ അറിയാതെതന്നെ അധികമായ ഒരു അനാദരവും അനാസ്ഥയും വളർന്നുവരുന്നു. രാഷ്ട്രം ജനങ്ങളെക്കാൾ വലിയതാണെന്നും, മനുഷ്യരേക്കാൾ ഉൽകൃഷ്ടമാണെന്നും തരം കിട്ടുമ്പോളെല്ലാം പല തന്ത്രങ്ങൾ പ്രയോഗിച്ചും, ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ രാഷ്ട്രം,—മനുഷ്യനേക്കാൾ ശ്രേഷ്ഠമായ ഈ രാഷ്ട്രം—സകല മനുഷ്യരും സാദരം അനുസരിക്കുന്ന മയ്യാദകളേയും സാഭിമാനം ദീക്ഷിക്കുന്ന സദാചാരത്തേയും നിത്യേന നിരസിക്കുകയും നിരാകരിക്കുകയും തന്നെ ചെയ്യുന്നു!!

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No M954 Acc. No 51288

This book should be returned on or before the date last stamped below.

19 FEB 1990
19 OCT 1990
25 JUL 1994
19 SEP 1994
5 ... 1995
26 JUN 2002

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

M954 51288

രാമമേനോൻ പുത്തേഴത്ത്

ടാഗോർകണ്ടഞ്ഞു

KOTTAYAM PUBLIC LIBRARY
Call No. M95 Acc. No. 51288
Author [illegible]
Title [illegible]

Indic Digital Archive Foundation
gpura.org